# ഭാഷാസാഹിതി

കേരളസർവകലാശാല മലയാളവിഭാഗത്തിന്റെ
ത്രൈമാസികപ്രസിദ്ധീകരണം

PEER REVIEWED JOURNAL

185



# ഭാഷാസാഹിതി

**(Peer reviewed Journal)**

## 185


| | | |
|---|---|---|
| മുഖ്യപത്രാധിപർ | - | പ്രൊഫ. സീമാ ജെറോം |
| സഹപത്രാധിപർ | - | പ്രൊഫ. കെ. കെ. ശിവദാസ് |
| ലക്കം പത്രാധിപർ | - | പ്രൊഫ. സീമാ ജെറോം |



**മലയാളവിഭാഗം, കേരളസർവ്വകലാശാല**

**കാര്യവട്ടം, തിരുവനന്തപുരം - 695 581**

**Department of Malayalam, University of Kerala**
Kariavattom, Thiruvananthapuram - 695 581

# ഭാഷാസാഹിതി

**പിയർ റിവ്യൂഡ് ജേണൽ (ത്രൈമാസികം)**
**2023 ജനുവരി - മാർച്ച് പുസ്തകം - 46 ലക്കം 1**

| | | |
|---|---|---|
| മുഖ്യപത്രാധിപർ | : | പ്രൊഫ. സീമാ ജെറോം |
| സഹപത്രാധിപർ | : | പ്രൊഫ. കെ. കെ. ശിവദാസ് |
| പത്രാധിപസമിതി | : | പ്രൊഫ. സി. ആർ. പ്രസാദ് |
| | | പ്രൊഫ. എസ്. ഷിഫ |
| | | പ്രൊഫ. എം. എ. സിദ്ദീഖ് |
| | | ഡോ. ഷീബ എം. കുര്യൻ |
| | | ഡോ. ടി. കെ. സന്തോഷ്കുമാർ |
| ഉപദേശകസമിതി | : | ഡോ. എൻ. മുകുന്ദൻ |
| | | ഡോ. ഡി. ബഞ്ചമിൻ |
| | | ഡോ. ദേശമംഗലം രാമകൃഷ്ണൻ |
| | | ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ |
| | | ഡോ. എസ്. നസീബ് |

ഭാഷാസാഹിതി ഭാഷയെയും സാഹിത്യത്തെയും സംസ്കാരത്തെയും സംബന്ധിച്ച ഗവേഷണത്തിനും പഠനത്തിനും പ്രാധാന്യം നൽകുന്ന പ്രസിദ്ധീകരണമാണ്. പ്രതിവർഷം നാലു ലക്കങ്ങൾ: ജനുവരി - മാർച്ച്, ഏപ്രിൽ - ജൂൺ, ജൂലൈ - സെപ്തംബർ, ഒക്ടോബർ - ഡിസംബർ

വാർഷികവരിസംഖ്യ - 600 രൂപ (പോസ്റ്റൽ ചാർജ്ജ് ഉൾപ്പെടെ)

ഒറ്റ ലക്കം വില - 100 രൂപ (പോസ്റ്റൽ ചാർജ്ജ് ഒഴികെ)

**Department of Malayalam, University of Kerala**
Kariavattom, Thiruvananthapuram - 695 581

# BHAASHAASAHITHI

Peer Reviewed Journal (Trimonthly)
2023 January - March Volume - 46 Issue -1

| | | |
|---|---|---|
| Chief Editor | : | Prof. Seema Jerome |
| Sub Editor | : | Prof. K.K. Sivadas |
| Editorial Board | : | Prof. C.R. Prasad<br>Prof. S. Shifa<br>Prof. M.A. Siddeek<br>Dr. T.K. Santhoshkumar<br>Dr. Sheeba M. Kurian |
| Advisory Commitee | : | Dr. N. Mukundan<br>Dr. D. Benjamin<br>Dr. Desamangalam Ramakrishnan<br>Dr. Naduvattam Gopalakrishnan<br>Dr. S. Nazeeb |

Bhaashaasahithi is a quartely publication that places a stront emphasis on research and studies pertaining to the Malayalam Language, Literature and Culture.

| | | |
|---|---|---|
| Annual Subscription Charge | : | Rs. 600/- (including postal charge) |
| Price of Single Issue | : | Rs. 100/- (postal charge extra) |

## ഉള്ളടക്കം


| | | | |
|---|---|---|---|
| | പ്രൊഫ. സീമാ ജെറോം | 7 | പത്രാധിപക്കുറിപ്പ് |
| | പ്രൊഫ. സീമാ ജെറോം | 9 | ആമുഖം |
| 1. | പി. കൃഷ്ണദാസ് | 11 | പാഠത്തിന്റെ ചരിത്രവൽക്കരണം (ഫ്രെഡറിക്ക് ജെയിംസന്റെ രാഷ്ട്രീയ അബോധം) |
| 2. | ശ്രീകാന്ത് ആർ. വി. | 21 | സന്ദർഭവല്ക്കരണം- ബോർദ്യുവിയൻ പരിപ്രേക്ഷ്യം |
| 3. | അനഘ എസ്. എസ്. | 30 | സാമൂഹികവൃത്തികളാകുന്ന സാഹിത്യജനുസ്സുകൾ |
| 4. | നവീൻ എസ്. വി. | 43 | തുടർച്ചതേടുന്ന വാൾട്ടർ ജെ. ഓങ്ങിന്റെ വാങ്മയസങ്കല്പം |
| 5. | ഡോ. മേരി എം. ഏബ്രഹാം | 54 | ഉത്തരാധുനിക ബഹുസ്വര ദർശനങ്ങൾ |
| 6. | അർജുൻ ഗോപാൽ പി. | 75 | സ്ത്രീപക്ഷ ചലച്ചിത്രസിദ്ധാന്തം - ഉത്ഭവവികാസങ്ങൾ |
| 7. | ഡോ. എസ്. ജയൻ | 83 | അപ്പന്റെ ഗുരുദർശനം |
| 8. | വിജയകുമാർ എ. | 100 | വിമർശനാത്മക വ്യവഹാരാപഗ്രഥനം |
| 9 | വിശാഖ്. കെ. | 111 | ഹിസ്റ്റോറിയോഗ്രാഫിക് മെറ്റഫിക്ഷൻ (ചരിത്ര വിജ്ഞാ |

| | | | |
|---|---|---|---|
| | | | നീയപരമായ അതികഥനം) |
| 10. | സ്റ്റാലിൻ കെ. | 118 | മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം |
| 11. | സഫീന എസ്. | 127 | അധികാരം, അധീശത്വം: സൈദ്ധാന്തിക സമീപനങ്ങൾ |
| 12. | അമൃത വിജയൻ | 138 | സാമൂഹികവ്യവഹാരങ്ങളിലെ ഫോക്‌ലോർ അംശങ്ങൾ |
| 13. | മായ കെ. | 148 | കോളനിയനന്തരവാദം : സൈദ്ധാന്തിക സമീപനങ്ങൾ |
| 14. | പ്രിയങ്ക ഗോവിന്ദ് | 165 | നവചരിത്രവാദം: സിദ്ധാന്തവും പ്രയോഗവും |
| 15. | ജാസ്മി ടി.പി. | 177 | ജോർജ്ജ് മാത്തന്റെ വ്യാകരണ രചനാസിദ്ധാന്തം |

കേരളസർവ്വകലാശാലയ്ക്കുവേണ്ടി മലയാളവിഭാഗം അദ്ധ്യക്ഷ പ്രൊഫ. സീമാ ജെറോം കേരള യൂണിവേഴ്സിറ്റി പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നത്. ഭാഷാസാഹിതിയിൽ പ്രസിദ്ധപ്പെടുത്തേണ്ട ലേഖനങ്ങൾ, കത്തുകൾ എന്നിവ വകുപ്പദ്ധ്യക്ഷ, മലയാളവിഭാഗം, കേരളസർവ്വകലാശാല, കാര്യവട്ടം-695 581, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കുക.

## പത്രാധിപക്കുറിപ്പ്

സാമൂഹികോല്പന്നം എന്ന നിലയിലോ വ്യക്ത്യധിഷ്ഠിത മായ ആവിഷ്കാരം എന്ന നിലയിലോ കലയെയും സാഹിത്യ ത്തെയും നിർവചിക്കാൻ ശ്രമിച്ച ആശയധാരകളെല്ലാം അവയെ ഉറപ്പിച്ചെടുക്കാൻ ശ്രമിച്ചത് തത്ത്വചിന്തയുടെ പിൻബലത്താലാണ്. ചരിത്രം, ആകസ്മികവും സ്ഫോടനാത്മകവുമായ തിരിച്ചറിവുക ളിൽനിന്ന് പുതിയതരം വ്യവഹാരങ്ങളിലേക്കും ജ്ഞാനപദ്ധതിക ളിലേക്കും സഞ്ചരിച്ചപ്പോഴൊക്കെയും ആധികാരികത എന്ന ഐക്യ പ്പെടലിന്റെ സങ്കല്പനത്തിലേക്ക് പലരെയും പലതിനെയും ആകർ ഷിച്ചത് സിദ്ധാന്തങ്ങളുമാണ്. സാഹിത്യ സംസ്കാരപഠനഗവേഷ ണങ്ങളിൽ, സിദ്ധാന്തരൂപീകരണവും സിദ്ധാന്തങ്ങളുടെ വിശകല നവും അനിവാര്യവുമാണ്. എന്നാൽ, ഏതെങ്കിലും പ്രത്യേക കാല ത്തിന്റെയോ സമൂഹത്തിന്റെയോ വ്യവസ്ഥയുടെയോ ഘടനയു ടെയോ വക്താവായിരിക്കുക എന്ന നിലയിലുള്ള സിദ്ധാന്തവിചാ രങ്ങളെ സ്ഥാനപ്പെടുത്തലല്ല; ബഹുമുഖസംവാദപരിസരങ്ങളിൽ നിന്നുള്ള പുനർവായനയാണ് അക്കാദമിക് പ്രവർത്തനത്തെ കൂടു തൽ വിശ്വാസ്യമാക്കുന്നത്.

**പ്രൊഫ. സീമാ ജെറോം**
മുഖ്യപത്രാധിപർ, ഭാഷാസാഹിതി
മലയാളവിഭാഗം
കേരളസർവ്വകലാശാല

## ആമുഖം

എഴുത്ത് എന്നത്, ഗൗരവമേറിയ സാമൂഹികപ്രക്രിയയാണെന്നും വായന എന്നത്, അനേകം സാധ്യതകളുടെ പരീക്ഷണശാലയാണെന്നും ഉള്ള ബോധ്യങ്ങൾ ഉറപ്പിച്ചത് സാഹിത്യസിദ്ധാന്തങ്ങളാണ്. പാഠം എത്രമേൽ ആത്മനിഷ്ഠമായിരിക്കെപ്പോലും പലകാലത്തും പലരീതിയിലും മനുഷ്യാവബോധത്തെയും ചരിത്രരചനയെയും പാഠാന്തരവായനകളിലേക്ക് എത്തിക്കുക കൂടിയായിരുന്നു സിദ്ധാന്തങ്ങൾ.

ഘടനയുടെ പൊളിച്ചെഴുത്തുകളും വിമർശനാത്മക അപഗ്രഥനങ്ങളും രേഖീയമായി നിർവഹിക്കുക മാത്രമല്ല, രൂപഭദ്രതാവാദം ഉൾപ്പെടെയുള്ള വ്യവസ്ഥാപിത സങ്കല്പനങ്ങളിലെ അടയാളങ്ങളെ സാംസ്കാരികമായും രാഷ്ട്രീയമായും പുനർവിചിന്തനം ചെയ്യുക കൂടിയാകണം അക്കാദമിക് നിരൂപണം എന്ന ധാരണ ഗവേഷകർക്കിടയിൽ ശക്തിപ്പെടാനും സിദ്ധാന്തപരിചയങ്ങൾ സഹായകമായി. ഏതുതരം കൃതിയും കേവലകാഴ്ചയായി നിസ്സാരവത്ക്കരിക്കാത്തതുപോലെ തന്നെ, ഏതുകാലത്തെ ഏതുതരം ആശയധാരയ്ക്കുള്ളിലും പ്രവർത്തിച്ച നീതിശാസ്ത്രങ്ങൾ, അഭിരുചികൾ, ശരിതെറ്റുകൾ, പരിഗണനകൾ എന്നിവയുടെ ഏറ്റക്കുറച്ചിലുകളാണ് സിദ്ധാന്തങ്ങളുടെയും നിയാമകതത്ത്വം എന്നു മനസ്സിലാക്കാം. കൃതി ഉൾക്കൊള്ളുന്നതും പുറംതള്ളുന്നതുമായ എല്ലാത്തരം നിലപാടുകളെയും സൗന്ദര്യാംശങ്ങളെയും പാഠാന്തരം ചെയ്യുമ്പോഴാണ് ഗവേഷണം കെട്ടുറപ്പുള്ളതാകുക എന്നതിനാൽ, സിദ്ധാന്തങ്ങളും അവ

യുടെ ബഹുതലപാരായണങ്ങളും ഗവേഷണരീതിശാസ്ത്രത്തിലും അനിവാര്യമാകുന്നു. എന്നിരിക്കിലും, സിദ്ധാന്തങ്ങളിൽ ഊന്നി നിന്നുള്ള സൂക്ഷ്മവിചാരങ്ങൾ ഏകകേന്ദ്രിതമോ ഏകപക്ഷീയമോ ആകാതിരിക്കാനും ഗവേഷകർ ശ്രദ്ധചെലുത്തേണ്ടതുണ്ട്.

ഭാഷാസാഹിതിയുടെ 2023 ജനുവരി - മാർച്ച് ലക്കം, ലോകത്തെ വിവിധ ദേശങ്ങളിലുണ്ടായ വിവിധ സിദ്ധാന്തങ്ങളെ ഗവേഷണബുദ്ധ്യാ വിശകലനം ചെയ്യുകയാണ്. സംസ്കാരപഠനം, ചരിത്രവിജ്ഞാനീയം, ജനുസ്സുകൾ, സൗന്ദര്യശാസ്ത്രം, വ്യവഹാരാപഗ്രഥനം വ്യാകരണം, ഉത്തരാധുനികത, കോളനിയനന്തരവാദം, ദാർശനികത, ബഹുസ്വരതാവാദം എന്നീ ജ്ഞാനമണ്ഡലങ്ങളിലുണ്ടായ വ്യത്യസ്ത സിദ്ധാന്തങ്ങളെ ഏതാനും ഗവേഷകരും മാർഗദർശികളും പഠനവിധേയമാക്കിയിരിക്കുന്നു. മലയാളവിഭാഗം അധ്യക്ഷയായ ഡോ. സീമാ ജെറോം സമ്പാദകയായ ഈ ലക്കം ഗവേഷകർ, നിരൂപകർ, മാർഗദർശികൾ, എഴുത്തുകാർ എന്നിവരുൾപ്പെടുന്ന വായനാസമൂഹത്തിന്റെ തുടർസംവാദങ്ങൾക്കു പ്രേരകമാകുമെന്നും പ്രതീക്ഷിക്കുന്നു.

**ഡോ. സീമാ ജെറോം**

ഇഷ്യൂ എഡിറ്റർ

# പാഠത്തിന്റെ ചരിത്രവൽക്കരണം
# (ഫ്രെഡറിക്ക് ജെയിംസന്റെ 'രാഷ്ട്രീയ അബോധം')

**പി. കൃഷ്ണദാസ്**
ഗവേഷകൻ, മലയാളവിഭാഗം
കേരള സർവ്വകലാശാല

**സംഗ്രഹം**

അമേരിക്കൻ മാർക്സിസ്റ്റ് സൈദ്ധാന്തികനായ ഫ്രെഡറിക്ക് ജെയിംസന്റെ വിഖ്യാതമായ പാരായണസിദ്ധാന്തമാണ് രാഷ്ട്രീയ അബോധം. പാഠത്തിന്റെ ചരിത്രവൽക്കരണത്തിലൂടെ ജെയിംസൺ സാംസ്കാരിക രൂപത്തെ നിർണ്ണയിക്കുന്ന അടിസ്ഥാന ബലതന്ത്രങ്ങളെ നിർദ്ധാരണം ചെയ്യുന്നു. മാർക്സിസ്റ്റ് പാരായണ രീതിയുടെ സമകാലികമുഖമാണ് ഈ സങ്കല്പനത്തിലൂടെ വെളിപ്പെടുന്നത്. കലാവിമർശനത്തിലും സാഹിത്യവായനയിലും രാഷ്ട്രീയ അബോധം ഇന്ന് വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. രൂപത്തിന്റെ പ്രത്യയശാസ്ത്രത്തിലേക്കും പാഠത്തെ നിർണ്ണയിക്കുന്ന സാമൂഹ്യ വൈരുദ്ധ്യങ്ങളിലേക്കും പാഠത്തെ രൂപപ്പെടുത്തുന്ന ചരിത്രസന്ദർഭങ്ങളിലേക്കും ഒരുപോലെ രാഷ്ട്രീയ അബോധം സഞ്ചരിക്കുന്നു. ജെയിംസൺ അവതരിപ്പിച്ച രാഷ്ട്രീയ അബോധം എന്ന സങ്കല്പനത്തെ വിശദീകരിക്കാനുള്ള ശ്രമമാണ് ഈ പ്രബന്ധം. ചരിത്രത്തെ കേന്ദ്രസ്ഥാനത്ത് നിർത്തി കലാസൃഷ്ടികളെയും സാംസ്കാരിക രൂപങ്ങളെയും വിശകലനം ചെയ്യാനുള്ള വഴിയാണ് ജെയിംസൺ അവതരിപ്പിക്കുന്നത്. പാഠത്തെ നിരന്തരം ചരിത്രവത്കരണത്തിനു

വിധേയമാക്കുന്നതിലൂടെ പാഠത്തിന്റെ ഉൾത്തട്ട് തെളിഞ്ഞുകാണും എന്ന് ജെയിംസൺ പറയുന്നു. ചരിത്രവത്കരിക്കുക, നിരന്തരം ചരിത്രവത്കരിക്കുക എന്ന ആഹ്വാനമാണ് ജെയിംസൺ ഈ സങ്കല്പനത്തിലൂടെ ഉയർത്തുന്നത്. സാംസ്കാരികപാഠങ്ങളെ സാമൂഹികപ്രതീകാത്മകവൃത്തികളായി പരിഗണിക്കുകയും മൂന്ന് വ്യഖ്യാനതലങ്ങളിലൂടെ പാഠപാരായണം നിർവഹിക്കുയും ചെയ്യുന്നു ഈ സിദ്ധാന്തം.

**താക്കോൽ വാക്കുകൾ**

പാഠം (Text), ചരിത്രവൽക്കരണം, രാഷ്ട്രീയ അബോധം (Political unconscious), രൂപം (Form), പ്രത്യയശാസ്ത്രം (Ideology)

**ആമുഖം**

ഒരോ കാലവും വ്യത്യസ്ത പാരായണരീതികൾ ഉപയോഗിച്ചാണ് പാഠത്തെ സമീപിക്കുന്നത്. കാലഘട്ടത്തിന്റെ പ്രബല സാമൂഹ്യസന്ദർഭങ്ങൾ ഈ പാരായണരീതിയെ സ്വാധീനി ക്കാറുണ്ട്. കാലഘട്ടം, പ്രത്യയശാസ്ത്രം, ചരിത്രബോധം തുടങ്ങിയ ഘടകങ്ങൾ പാരായണരീതി രൂപികരിക്കുന്നതിൽ നിർണ്ണായക ഘടകങ്ങളായി പ്രവർത്തിക്കുന്നു.

പാഠസമീപനരീതികളിൽ എറ്റവും പ്രധാന്യമുള്ള സമീപനരീതികളിലൊന്നാണ് മാർക്സിയൻ സാഹിത്യവിമർശനം. മറ്റു പാരായണരീതികൾ പോലെ പാഠത്തിന്റെ കേവലപാരായണവും വിശകലനവും മാത്രമല്ല ഈ രീതിയുടെ പ്രധാന്യം. ടെറി ഈഗിൾട്ടൻ അഭിപ്രായപ്പെട്ടതുപോലെ Marxist criticism is not just an alternative technique for interpreting Paradise Lost or Middlemarch. It is part of our liberation from oppression" (70 ; 2002 )

പാഠപാരായണത്തിനുള്ള സമാന്തരരീതി എന്നതിലുപരി മാർക്സിയൻ സാഹിത്യവിമർശനത്തിനുള്ള പ്രധാന്യമാണ് ഈഗിൾട്ടൺ ചൂണ്ടികാട്ടുന്നത്. മാർക്സിസ്റ്റ് സാഹിത്യവിമർശനം കൃതിയുടെ സാധ്യമാകുന്ന അനുഭൂതിക്ക് ആധാരമായ സാമുഹികവും ചരിത്രപരവുമായ കാരണങ്ങളെ പരിശോധിക്കുകയും രൂപത്തെ സവിശേഷമായി പരിഗണിക്കുകയും ചെയ്യുന്നു. മാർ

ക്സിയൻ പാഠസമീപനരീതികൾ ഓരോ കാലത്തും വികസിക്കുകയും നവസമീപനങ്ങളോട് സംവാദാത്മകമായി ഇടപെട്ട് വികസിക്കുകയും ചെയ്യുന്ന സിദ്ധാന്തധാരയാണ്. അത് ഏകമുഖമായ രീതിശാസ്ത്രമല്ല. വിഭിന്നങ്ങളായ ചിന്താധാരകളോട് സംവാദാത്മകമായി ഇടപെട്ട് ആവശ്യമുള്ളവ സ്വാംശീകരിച്ചു വികസിക്കുന്നതാണ്. സാമൂഹിക ശാസ്ത്രം, മനോവിജ്ഞാനീയം, ഭാഷശാസ്ത്രം, ചരിത്രം, ജ്ഞാന ശാസ്ത്രം തുടങ്ങി വ്യത്യസ്ത അറിവുവഴികളെ ഉൾച്ചേർത്താണ് മാർക്സിയൻ പാരായണവഴി വിപുലമായത്.

ഈ വഴിയുടെ പുതിയ മുഖമാണ് ഫ്രെഡറിക്ക് ജെംയിസന്റെ രാഷ്ട്രീയ അബോധം കാട്ടിത്തരുന്നത്.

**1. രാഷ്ട്രീയ അബോധം**

ജെയിംസൺ Political Unconscious എന്ന പുസ്തകത്തിലാണ് രാഷ്ട്രീയ അബോധം എന്ന ചിന്ത അവതരിപ്പിക്കുന്നത്. കാലത്തിനു മുമ്പേ നടക്കുന്നതും, ക്ലാസ്സിക്കൽ കൃതി എന്താണ് എന്നതിനു പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിക്കുന്നതുമായ ഗ്രന്ഥമാണിതെന്ന് സീസേക്കിനെ ഉദ്ധരിച്ചുകൊണ്ട് സി. ബി. സുധാകരൻ അഭിപ്രായപ്പെടുന്നു (23;2022). ജെയിംസന്റെ ചിന്ത സാമൂഹികശാസ്ത്രം സാഹിത്യവിമർശനം തുടങ്ങി വിവിധ അറിവുമേഖലകളെ സ്വാധീനിക്കുക മാത്രമല്ല, പാരമ്പര്യമായ ചിന്താക്രമങ്ങൾക്ക് ആഘാതമേൽപ്പിക്കുകയും ചെയ്തു. വരാനിരിക്കുന്ന ദശകത്തിലെ നിർണായക സംവാദങ്ങളിൽ ഒരു പ്രധാന പങ്ക് വഹിക്കാൻ വിധിക്കപ്പെട്ട ശ്രദ്ധേയമായ ഒരു കൃതി എന്നും ഈ പുസ്തകം മാർക്സിസ്റ്റ് വിമർശനത്തിൽ താൽപ്പര്യമുള്ളവർക്ക് മാത്രമല്ല, ഫോർമലിസത്തിൽ അതൃപ്തിയുള്ളവർക്കും ബദൽ വാദഗതികൾ തേടുന്നവർക്കും മാതൃകാപരമാണ് എന്നും ജോനാഥൻ കള്ളർ ഈ പുസ്തകത്തെക്കുറിച്ച് അഭിപ്രായപ്പെടാനുള്ള കാരണം അറിവന്വേഷണ വഴിയിൽ ഈ സങ്കല്പനം സൃഷ്ടിച്ച പുതിയ രീതിയാണ്.

പാരായണങ്ങളുടെയെല്ലാം അന്തിമചക്രവാളം രാഷ്ട്രീയ പാരായണമാണ് എന്ന ചിന്തയാണ് ഫ്രെഡറിക്ക് ജെംയിസൺ അടി

സ്ഥാനപരമായി അവതരിപ്പിക്കുന്നത്. ലക്കാന്റെ അബോധത്തെ സംബന്ധിച്ച സങ്കല്പനങ്ങൾ, അൽത്തൂസറിന്റെ പ്രത്യയശാസ്ത്ര ചിന്തകൾ, ദെറിദയുടേതടക്കമുള്ള ഘടനാവാദനന്തരചിന്തകൾ എന്നിവയെ രാഷ്ട്രീയ അബോധത്തിന്റെ രൂപ്പെടുത്തലിനായി ജെയിംസൺ ആശ്രയിക്കുന്നു. രാഷ്ട്രീയ അബോധം ഒരു അനുബന്ധ സൈദ്ധാന്തിക സങ്കല്പനമല്ല എന്ന് സങ്കല്പനം അവതരിപ്പിക്കുമ്പോൾ തന്നെ ജെംയിസൺ വ്യക്തമാക്കുന്നുണ്ട്. മനോവിശ്ലേഷണം, ചിഹ്നശാസ്ത്രം തുടങ്ങിയ പഠനമേഖലകളെ ജെയിംസൺ ഉപയോഗപ്പെടുത്തുന്നുണ്ട്. ഒരു സാംസ്കാരിക പാഠത്തിന്റെ പ്രത്യയശാസ്ത്രപരവും രാഷ്ട്രീയവുമായ അബോധത്തെ അനാവരണം ചെയ്യാനാണ് ജെയിംസൺ ശ്രമിക്കുന്നത്. 1981 – ൽ പ്രസിദ്ധീകരിച്ച The Political Unconscious: Narrative as a Socially Symbolic Act" എന്ന ഗ്രന്ഥത്തിലാണ് ജെയിംസൺ രാഷ്ട്രീയ അബോധ ചിന്തകളെ സമാഹരിച്ചിരിക്കുന്നത്. ചരിത്രവത്കരിക്കുക, നിരന്തരം ചരിത്രവത്കരിക്കുക എന്ന വാക്യം തന്റെ സിദ്ധാന്തത്തിന്റെ അടിസ്ഥാനമായി ജെയിംസൺ പരിഗണിക്കുന്നു.

ഒരു കൃതിയുടെ രാഷ്ട്രീയപാരായണമെന്നത് നിലവിലിരിക്കുന്ന ഏതെങ്കിലും പാരായണസമ്പ്രദായത്തിന്റെ അനുബന്ധമല്ല, മറിച്ച് എല്ലാത്തരം പാരായണങ്ങളുടെയും വ്യാഖ്യാനങ്ങളുടെയും അന്തിമചക്രവാളമാണ് എന്ന് സിദ്ധാന്തം വിശദീകരിക്കുന്നതിന് മുൻപ് തന്നെ വ്യക്തമാക്കുന്നു. ചില സാംസ്കാരികപാഠങ്ങൾ സാമൂഹികമോ, ചരിത്രപരമോ, രാഷ്ട്രീയമോ ആയ അനുരണനങ്ങളോട് കൂടിയുള്ളതാവാം. ഈ വസ്തുതകളെ പിന്തുടരുന്നത് സാഹിത്യപഠനത്തിൽ പുതിയ കാര്യമല്ല. എന്നാൽ ജെയിംസൺ രാഷ്ട്രീയ അബോധം എന്ന സങ്കല്പനത്തിലൂടെ വിശദീകരിക്കാൻ ശ്രമിക്കുന്നത് നിലവിലുള്ള ഈ അന്വേഷണമല്ല; മറിച്ച് സാംസ്കാരികപാഠങ്ങളിൽ ദമനം ചെയ്യപ്പെട്ടതോ, സംസ്കരിക്കപ്പെട്ടതോ ആയ അടിസ്ഥാനചരിത്രത്തെ വീണ്ടെടുക്കലാണ്. പാരായണ രീതിയുടെ മേഖലയിൽ ഇതൊരു പുതിയ സങ്കല്പനമാണ്. നിലവിലുള്ള വായനസംസ്കാരത്തിന്റെ സമീപനപരമായ വ്യതിയാനമാണ്. രചയിതാവിന്റെ പശ്ചാത്തലമോ, പാഠത്തിന്റെ പ്രാഥമികവും പ്രത്യ

ക്ഷവുമായ വായനയിൽ നിന്ന് ഉത്പാദിപ്പിക്കപ്പെടുന്ന അർത്ഥോ അല്ല രാഷ്ട്രീയ അബോധത്തിലൂടെ വിശകലനം ചെയ്യുന്നത്. പാഠത്തിന്റെ നിരന്തരമായ പാരായണത്തിലൂടെയും ചരിത്ര വത്കരണത്തിലൂടെ അനാവൃതമാകുന്ന പാഠത്തിൽ അടക്കം ചെയ്യപ്പെട്ട ചരിത്രമാണ് ഈ വിശകലനരീതിയിലൂടെ കണ്ടെടുക്കുന്നത്. പ്രമേയവും, ആഖ്യാനവും, ഭാഷാവിന്യാസവും, രൂപവും, ഉള്ളടക്കവും വിശകലനം ചെയ്യപ്പെടുന്നു. പാഠത്തിന്റെ അടിസ്ഥാന ചരിത്രം വർഗബന്ധങ്ങൾ, വർഗസംഘർഷങ്ങൾ, അവയെ നിയന്ത്രിക്കുന്ന ഉത്പാദനരീതികൾ എന്നിവയുടെ ആകത്തുകയാണ്. (ദമിതം, 2013, 64) സാംസ്കാരിക പാഠങ്ങളിൽ പല നിലകളിൽ നിലീനമായ ഈ ചരിത്രത്തെയാണ് ജെയിസംൺ രാഷ്ട്രീയ വായനയിലൂടെ പുറത്ത് കൊണ്ടുവരാൻ ശ്രമിക്കുന്നത്.

**2. പ്രതീകാത്മക സാമൂഹികവൃത്തി**

സർഗാത്മകസൃഷ്ടികൾ യഥാർത്ഥ ലോകത്തിന്റെ വൈരുധ്യങ്ങളെ, സാമൂഹിക സംഘർഷങ്ങളെ പ്രതീകാത്മക വൃത്തികളായി പരിഹരിക്കുന്നു എന്ന് രാഷ്ട്രീയബോധം വിശദീകരിക്കുന്നു. (പോൾ ഫ്രൈ; 2012 ; 236) സാംസ്കാരികപാഠങ്ങളെല്ലാം പ്രതീകാത്മകമായ സാമൂഹികവൃത്തികളാണ് എന്ന് ജെംയിസൺ പറയുന്നു. കെന്നത് ബാർക്ക് The philosophy of literary form - ൽ വിശദീകരിക്കുന്ന ആശയങ്ങളെ പിൻപറ്റിയാണ് പ്രതീകാത്മക സാമൂഹിക വൃത്തി എന്ന ആശയത്തിലേക്ക് ജെയിംസൺ എത്തുന്നത്. ഏതൊരു സാംസ്കാരികപാഠവും അതിന്റേതായ യാഥാർത്ഥ്യത്തെ ഉത്പാദിപ്പിക്കുന്നു. സാംസ്കാരികപാഠം കേവലപാരായണം എന്ന ലക്ഷ്യത്തിനപ്പുറം ചിലതെല്ലാം ഉൾവഹിക്കുന്നുണ്ട്. ഒരു സാംസ്കാരികപാഠത്തിന് പ്രത്യക്ഷത്തിൽ ദൃശ്യമല്ലാത്ത എന്നാൽ പാഠത്തെ നിർണ്ണയിച്ചുപോരുന്ന ഉപപാഠ (Subtext) മുണ്ട്. ഉപപാഠ നിർമ്മാണത്തിലൂടെ വായന ഒരു പാഠത്തിൽ നിന്ന് അർത്ഥോ പാദനം നടത്തുന്നു. യാഥാർത്ഥ്യത്തിലെ ദുരന്താന്ത്യങ്ങൾ സാംസ്കാരികസൃഷ്ടിയിൽ ശുഭാന്ത്യങ്ങളായി പരിണമിക്കുന്നു. വർഗ സംഘർഷങ്ങളിലെ വൈരുധ്യങ്ങളെ പ്രതീകാത്മകമായി കലാസൃഷ്ടി പരിഹരിക്കുന്നു. ലോകത്തെ കാല്പനികമായി പുനരവ

ലോകനം ചെയ്യുന്നു കലാസൃഷ്ടി രാഷ്ട്രീയ അബോധം ഈ പ്രതീകക്രമങ്ങളിൽ നിന്ന് നിരന്തര പാരായണത്തിലൂടെയും ചരിത്രവത്കരണത്തിലൂടെയും കൃതിയുടെ ആധാരമായി നിലകൊള്ളുന്ന വർഗസംഘർഷങ്ങളുടെ ഭൂമികയെ കണ്ടെടുക്കുകയാണ്.ഇതിനെ വിശദീകരിക്കാൻ തെയ്യം എന്ന കലാരൂപത്തിന്റെ അനേകം പ്രവൃത്തികൾ പരിശോധിക്കാം. ഉരിയാട്ടവും, മൃഗബലിയും, ആട്ടവും വേഷവിധാനങ്ങളുടെ അണിയലും അധികാരത്തിനെതിരായ അടിച്ചമർത്തപ്പെട്ട മനുഷ്യരുടെ പ്രതിഷേധം എന്ന ഉപപാഠത്തെയും ഉൾക്കൊള്ളുന്നു. ഒരു കാലഘട്ടത്തിലെ സാമൂഹികബന്ധങ്ങളും അതിന്റെ ഭാഗമായി നിലനിന്ന കൊലകളും അടിച്ചമർത്തലുകളും തെയ്യം എന്ന പാഠത്തിന്റെ ഉപപാഠമായി നിലകൊള്ളുന്നു. ചോദ്യം ഉന്നയിച്ച സ്ത്രീയെ, ദളിതനെ ഭരണകൂടം ചെമ്പിലിട്ട് മൂടിയും കത്തിച്ചും ഇല്ലാതാക്കിയതിന്റെയും അധികാരവെറിക്ക് കീഴ്പ്പെട്ട് പടവെട്ടി മരിച്ചതിന്റെയും ചരിത്രമാണ് പാഠത്തെ നിർമ്മിക്കുന്നത്; അർത്ഥോൽപാദനപ്രക്രിയയെ നിർണ്ണയിക്കുന്നതും.

### 3. വ്യാഖ്യാന ചക്രവാളങ്ങൾ

രാഷ്ട്രീയ പാരായണത്തിലൂടെ ഒരു സവിശേഷപാഠത്തിന്റെ അർത്ഥം വിപുലമാവുകയും സമ്പുഷ്ടമാവുകയും ചെയ്യുന്നു. ഈ പ്രക്രിയയെ മൂന്ന് ആർഥികചക്രവാള(semantic horizons)ങ്ങളിലൂടെ ജെയിംസൺ വിശദീകരിക്കുന്നു. പ്രിഭാസിക വിജ്ഞാനീയത്തിന്റെയും ജോർജ്ജ് ഗദാമറിന്റെ ചക്രവാളം (Horizon) എന്ന ചിന്തയിൽ നിന്നും ആശയമുൾക്കൊണ്ടാണ് (ഗദാമർ ചക്രവാളത്തെ ഇങ്ങനെ നിർവചിക്കുന്നു ചക്രവാളം എന്നത് ഒരു പ്രത്യേക പോയിന്റിൽ നിന്ന് കാണാൻ കഴിയുന്ന എല്ലാം ഉൾക്കൊള്ളുന്ന കാഴ്ചയുടെ ശ്രേണിയാണ്........ ചക്രവാളമില്ലാത്ത ഒരു വ്യക്തി, വേണ്ടത്ര ദൂരം കാണാത്ത ഒരു മനുഷ്യനാണ്, അതിനാൽ തന്നോട് ഏറ്റവും അടുത്തുള്ളതിനെ അമിതമായി വിലമതിക്കുന്നു. മറുവശത്ത്, ഒരു ചക്രവാളം ഉണ്ടായിരിക്കുക എന്നതിനർത്ഥം സമീപത്തുള്ളതിൽ പരിമിതപ്പെടുത്താതെ അതിനപ്പുറം കാണാൻ കഴിയുക എന്നതാണ്. വ്യഖ്യാന സാഹചര്യം രൂപപ്പെടുത്തുക എന്നതിനർത്ഥം പാരമ്പര്യവുമായുള്ള സംഘർഷം ഉണർത്തുന്ന ചോദ്യങ്ങൾക്കുള്ള അന്വേ

ഷണത്തിന്റെ ശരിയായ ചക്രവാളം നേടുക എന്നാണ്.) വ്യഖ്യാനപദ്ധതിയിലെ മൂന്നു ഘട്ടങ്ങളെ മൂന്നുചക്രവാളങ്ങളായി ജെയിംസൺ വിഭാവനം ചെയ്തത്. പരസ്പരം ബന്ധം പുലർത്തുകയും എന്നാൽ വ്യത്യസ്തമായി നിലകൊള്ളുകയും ചെയ്യുന്ന ഈ ചക്രവാളങ്ങളെ കണ്ടെടുക്കലാണ് ഒരു പാഠത്തിന്റെ രാഷ്ട്രീയ വായനയുടെ അന്തിമലക്ഷ്യം. രാഷ്ട്രീയ ചരിത്രം, സാമൂഹിക ചരിത്രം, രൂപത്തിന്റെ പ്രത്യയശാസ്ത്രം എന്നിവയാണ് ജെയിംസൺ മുന്നോട്ട് വെക്കുന്ന മൂന്ന് ചക്രവാളങ്ങൾ. ഒരു പാഠത്തെ അതിന്റെ ചരിത്രപരമായ സാഹചര്യങ്ങൾ, പശ്ചാത്തലം എന്നിവയെ ആധാരമാക്കി മാത്രമെ മനസ്സിലാക്കാൻ സാധിക്കുള്ളൂ എന്നാണ് ജെയിംസന്റെ വാദം.

**3.1. രാഷ്ട്രീയചരിത്രം**

നമ്മുടെ നിത്യജീവിതവ്യവഹാരങ്ങളെല്ലാം രാഷ്ട്രീയവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. പറച്ചിലും പ്രവർത്തിയും രാഷ്ട്രീയമാനത്തെ ഉൾക്കൊള്ളുന്നു. പ്രതീകാത്മാക വൃത്തികളൊയാണ് ജെയിംസൺ പാഠത്തെ പരിഗണിക്കുന്നത്. പാഠം, സാമൂഹിക വൈരുദ്ധ്യങ്ങളുടെ സൃഷ്ടിയാണ്. യഥാർത്ഥ സംഭവങ്ങളുടെ അന്യാപദേശവും സാമൂഹിക വൈരുദ്ധ്യങ്ങളുടെ പ്രതീകാത്മക പരിഹാരവുമാണ് ഒരു പാഠം.

ജെയിംസൺ ഉദാഹരണമായി ബൽസാക്കിന്റെയും ഷേക്സ്പിയറുടെയും കൃതികളെ പരിഗണിക്കുന്നു. ആ കൃതികളിൽ എങ്ങനെയാണ് കൃതി ഉണ്ടായകാലത്തെ രാഷ്ട്രീയ സംഭവങ്ങൾ ആലേഖനം ചെയ്തെന്ന് പരിശോധിക്കുന്നു.

ആദ്യഘട്ടത്തിൽ കൃതിയെ ഒരു പ്രതീകാത്മകവൃത്തിയായി പരിഗണിക്കുന്നു.ചരിത്രത്തെ ഇവിടെ കൃത്യമായ കാലക്രമം പാലിക്കുന്ന സംഭവങ്ങളുടെ പരമ്പരയായി സമീപിക്കുന്നു. യാഥാർത്ഥ്യത്തിന്റെ അന്യാപാദേശമായി പാഠത്തെ ഈ ഘട്ടത്തിൽ പരിഗണിക്കുന്നു. ഇവിടെ പാഠം ചരിത്രത്തിലെ സംഭവപരമ്പരകളിലൊന്നായി പരിഗണിക്കപ്പെടുന്നു. ഓരോ പാഠവും അതിൽതന്നെ പ്രത്യയശാസ്ത്രപരമായി മനസ്സിലാക്കുകയും പ്രതീകാത്മക വൃത്തിയുടെ

പദവി വഹിക്കുകയും ചെയ്യുന്നു. യാഥാർത്ഥ വൈരുദ്ധ്യത്തിന്റെ ഭാവനാത്മകപരിഹാരമായി കലാസൃഷ്ടികൾ, പാഠങ്ങൾ പ്രതീകാത്മവൃത്തികളായി പരിഗണിക്കപ്പെടുന്നു.

ഓരോ പാഠത്തെയും നിർണ്ണയിക്കുന്ന ഉപപാഠം ആ പാഠത്തിൽ സന്നിഹിതമായിരിക്കും. നിരന്തര പാരായണത്തിലൂടെ പാഠത്തിൽ നിന്നും പുനർനിർമ്മിച്ചെടുക്കേണ്ടതാണ് ഉപപാഠം. അത് പ്രത്യക്ഷപാഠമല്ല. പാഠത്തെ നിലവിൽ വരുത്തിയ ചരിത്ര സന്ദർഭത്തോടുള്ള പ്രതികരണമായാണ് ഉപപാഠം നിലകൊള്ളുന്നത്. അതിനെ പ്രതീകാത്മകവൃത്തിയായാണ് ജെയിംസൺ പരിഗണിക്കുന്നത്.

### 3.2. സാമൂഹികചരിത്രം

പ്രത്യയശാസ്ത്രഏകകം (ideologemme) എന്ന സംജ്ഞയെ ജെയിസൺ ഇവിടെ അവതരിപ്പിക്കുന്നു. വിവിധ സാമൂഹിക വർക്ഷങ്ങൾ ഉത്പാദിപ്പിക്കുന വ്യവഹാരങ്ങളുടെ (പ്രത്യക്ഷത്തിൽ ഇരുപക്ഷത്തെന്ന് തോന്നിപ്പിക്കുന്ന, സംഘടിതവുമായ) തന്മാത്ര ഘടകമാണ് പ്രത്യയശാസ്ത്ര ഏകകം. പ്രത്യയ ശാസ്ത്രഏകകത്തെ തിരിച്ചറിയുക എന്നതാണ് വ്യാഖ്യാതാവിന്റെ ധർമ്മം. ഗാഢപാരായണത്തിലൂടെ വെളിപ്പെടുന്ന ആഴമുള്ള സാമൂഹിക യാഥാർത്ഥ്യമണ് ഈ ഘട്ടത്തിൽ വെളിവാകുന്നത്.

### 3.3. രൂപത്തിന്റെ പ്രത്യയശാസ്ത്രം അഥവാ ഉൽപാദനരീതിയുടെ ചരിത്രം

പാഠത്തെ ചരിത്രത്തെ രൂപപ്പെടുത്തുന്ന ഉത്പാദന രീതികളോട് ചേർത്തുവെച്ച് വ്യാഖ്യാനിക്കുകയാണ് ഈ ഘട്ടത്തിൽ. ആദ്യത്തെ രണ്ട് തലങ്ങളെയും മൂന്നാം ഘട്ടം ഉൾക്കൊള്ളുന്നു. ഉൽപാദനരീതിയുടെ അടയാളങ്ങളായ വ്യത്യസ്ത ചിഹ്ന വ്യവസ്ഥങ്ങളെ തെളിയിച്ചെടുക്കലാണ് ഈ ഘട്ടത്തിൽ ചെയ്യുന്നത്. വ്യത്യസ്ത ചിഹ്നവ്യവസ്ഥകൾ ഒരു കലാനിർമ്മിതിയിൽ പ്രവർത്തിക്കുന്നത് എങ്ങനെ എന്ന് മനസ്സിലാക്കാൻ ഈ ഘട്ടം സഹായിക്കും. വ്യഖ്യാനത്തിൽ ഏറ്റവും പ്രധാനഘട്ടമായാണ് ജെയിംസൺ രൂപ

വിശകലനത്തെ കാണുന്നത്. രണ്ട് മൂല്യവ്യവസ്ഥകളുടെ സംഘർഷ മാണ് ഏതൊരു കൃതിയുടെയും അബോധത്തെ നിർ ണ്ണയിക്കുന്നത്. ഇത് മനസ്സിലാക്കാൻ രൂപവിശകലനം ആവശ്യമാണ്. ഹാംലെറ്റ് നാടകത്തെയാണ് ജെയിംസൺ ഉദാഹരണമായി പറയുന്നത്. പ്രതികാരദുരന്തനാടകത്തിന്റെ പ്രതലത്തിലേക്ക് ആധുനികമായ മാനസികസംഘർഷത്തെ സന്നിവേശിക്കുമ്പോൾ ഉണ്ടാകുന്ന സംഘർഷമാണ് ഹാംലെറ്റിൽ പ്രവർത്തിക്കുന്നതെന്ന് ഏലിയറ്റിനെ ഉദ്ധരിച്ച് ജെയിംസൺ വ്യക്തമാക്കുന്നു.

**4. ഉപസംഹാരം**

മാർക്സിസ്റ്റ് പാരായണവഴികളിലെ വിപ്ലവമാണ് രാഷ്ട്രീയ അബോധം. ജെയിംസൺ സാംസ്കാരികവിപ്ലവം എന്ന പദം പ്രയോ ഗിക്കുന്നുണ്ട് രാഷ്ട്രീയ അബോധം വിശദീകരിക്കുമ്പോൾ. രാഷ്ട്രീയ അബോധം എന്ന സിദ്ധാന്തം നിലനിന്ന പാരായണ വഴികളെ കീഴ്മേൽ മറിക്കുകയും പാഠത്തിലേക്ക് സുസൂക്ഷ്മം പ്രവേശിക്കു കയും ചെയ്യുന്നു. ചരിത്രം, സാമൂഹികചരിത്രം, രൂപത്തിന്റെ പ്രത്യ യശാസ്ത്രം അഥവാ ഉത്പാദനരീതിയുടെ ചരിത്രം എന്നീ വ്യഖ്യാ നഘട്ടങ്ങളിലൂടെ സാംസ്കാരിക രൂപത്തിന്റെ ഉള്ളറകളിലേക്ക് പ്രവേശിക്കുന്നു.അതുവരെ ലോകത്തെ കണ്ടകാഴ്ച്ച ഇവിടെ പുനർ നിർമ്മിക്കപ്പെടുന്നു.

**ഗ്രന്ഥസൂചി**


1. സുധാകരൻ സി. ബി., ഫ്രെഡറിക്ക് ജെയിംസൺ, ചിന്ത പബ്ലിഷേഴ്സ്, ഡിസംബർ 2021.
2. സുനിൽ പി. ഇളയിടം, ദമിതം, ജനുവരി, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013.
3. Gadamer, Hans-Georg, Truth and Method. Translated by Weinsheimer, Joel; Marshall, Donald G. London and New York: Bloomsbury Academic, 2013.
4. Frederic jameson, The political unconscious , Routledge classics taylor and francis group, london and newyork, 2002.

5. Paul H Fry, Theory of literature, yale University press, new haven and london, 2012.

6. Terry Eagleton, Marxism and Literary Criticism,Routledge London, March 2002

■■■

# സന്ദർഭവല്ക്കരണം-ബോർദ്യുവിയൻ പരിപ്രേക്ഷ്യം

**ശ്രീകാന്ത് ആർ. വി.**

ഗവേഷകൻ, മലയാളവിഭാഗം

കേരളസർവ്വകലാശാല

**സംഗ്രഹം**

ബോർദ്യുവിന്റെ സാമൂഹ്യശാസ്ത്രസിദ്ധാന്തങ്ങളുടെ കേന്ദ്ര സ്ഥാനമായി പ്രവർത്തിക്കുന്ന സങ്കല്പനമാണ് സന്ദർഭവല്ക്കരണം. വ്യക്തികളെയും അവരുടെ പെരുമാറ്റത്തെയും സാമൂഹ്യ പ്രതിഭാസങ്ങളെയുമെല്ലാം മനസ്സിലാക്കാൻ അവയോരോന്നും പ്രവർത്തിക്കുന്ന സാമൂഹ്യവും സാംസ്കാരികവും ചരിത്രപരവുമായ സന്ദർഭങ്ങളെ വിശകലനം ചെയ്യുക എന്നതിനെയാണ് സന്ദർഭവല്ക്കരണംഅഥവാ സന്ദർഭോചിതവല്ക്കരണം (Contextualisation) എന്ന പദം കൊണ്ട് ബോർദ്യു സൂചിപ്പിക്കുന്നത്. ഓരോ സാമൂഹ്യജീവിയും അവരുടെ സാമൂഹ്യ ഇടപെടലുകളും ഉണ്ടാകുന്നതും രൂപം പ്രാപിക്കുന്നതുംഅതാത്സമയങ്ങളിലെസാമൂഹ്യ സന്ദർഭങ്ങൾക്ക് അനുസൃതമായാണ്. അഥവാ സാമൂഹ്യ സാഹചര്യങ്ങളുടെ മാത്രം സൃഷ്ടിയാണ് ഓരോ വ്യക്തിയും വ്യക്തിയുടെ പ്രകൃതവും പെരുമാറ്റവുമെല്ലാം. സാമൂഹ്യപ്രതിഭാസങ്ങളെ മനസ്സിലാക്കാനും നിർധാരണം ചെയ്യാനുമെല്ലാമുള്ള മികച്ച ഉപാധിയായാണ് സാമൂഹ്യശാസ്ത്രജ്ഞർ സന്ദർഭവല്ക്കരണം എന്ന ആശയത്തെ വീക്ഷിക്കുന്നത്. സാമൂഹ്യശാസ്ത്രത്തിൽ മാത്രമല്ല നരവംശശാസ്ത്രം,

തത്വചിന്ത, ഭാഷാശാസ്ത്രം ഇവയിലെല്ലാം ഈ അവലോകന പദ്ധതിയ്ക്ക് പ്രസക്തിയേറെയാണ്.

**താക്കോൽ വാക്കുകൾ**

സന്ദർഭവല്ക്കരണം(Contextualisation), ബോർദ്യു, സാമൂഹ്യമണ്ഡലം (Socialfield), ശാരീരം (Habitus), പ്രതീകാത്മക മൂലധനം (Symboliccapital)

**സന്ദർഭവല്ക്കരണം**

സാമൂഹ്യശാസ്ത്രത്തെയും സൈദ്ധാന്തികതയെയും പ്രായോഗികതയിലൂന്നി നിന്നുകൊണ്ട് സമന്വയിപ്പിച്ച അൾജീരിയൻ ഭാഷാശാസ്ത്രജ്ഞനാണ്പിയറിബോർദ്യു. സാമൂഹ്യശാസ്ത്രചിന്തകളെ മൂർത്തമായ പ്രായോഗികപരിസരങ്ങളിൽ പ്രതിഷ്ഠിക്കാൻ കഴിഞ്ഞു എന്നതാണ് ബോർദ്യുവിന്റെ സവിശേഷത. പ്രയോഗം എന്ന പ്രക്രിയയ്ക്ക് തന്റെ ദാർശനികപദ്ധതികളിലുടനീളം ബോർദ്യു പരമപ്രധാനമായ സ്ഥാനം നല്കുന്നു. മാർക്സിസത്തിലൂന്നി നിന്നുകൊണ്ട് അതിന്റെ ചിന്താപരിസരങ്ങൾക്ക് കാലികമായ പരിഷ്ക്കാരങ്ങൾ അദ്ദേഹം നിർദ്ദേശിച്ചു. തന്റെ ദർശനങ്ങൾക്കെല്ലാം നിദാനമായി അധിനിവേശിതപ്രദേശമായ അൾജീരിയയിലെ കൃഷിയുടെ, സാമ്പത്തികവ്യവസ്ഥയുടെ, വിദ്യാഭ്യാസാവസ്ഥയുടെ സാംസ്കാരികപരിസരങ്ങളുടെയാകെ വസ്തുനിഷ്ഠ സ്ഥിതിവിവരങ്ങളും അനുഭവലോകങ്ങളും ഉപയോഗപ്പെടുത്തി എന്നതാണ് മറ്റ് ദാർശനികരിൽ നിന്നെല്ലാം ബോർദ്യുവിനെ വ്യത്യസ്തനാക്കുന്നത്. സിദ്ധാന്തങ്ങൾ എന്നാൽ അമൂർത്തമായ സങ്കല്പനങ്ങളല്ല, വസ്തുനിഷ്ഠമായ വിവരങ്ങളിൽ നിന്നും ദത്തങ്ങളിൽ നിന്നും സംക്ഷേപിക്കേണ്ട മൂർത്തമായ സത്തകളാകണം എന്നായിരുന്നു ബോർദ്യുവിന്റെപക്ഷം.അനുഭാവാധിഷ്ഠിതവിവരങ്ങളെയും സിദ്ധാന്തങ്ങളെയുംബോർദ്യുസമന്വയിപ്പിച്ചു. വസ്തുനിഷ്ഠയാഥാർത്ഥ്യങ്ങളെ വിശകലനം ചെയ്യാനുള്ള ഉപാധികളായ നിരവധിയായ കരുക്കളെയും അദ്ദേഹം വികസിപ്പിക്കയുണ്ടായി.

സമകാലിക സാംസ്കാരികചിന്താപരിസരങ്ങളിൽ വലിയ പ്രാധാന്യമുള്ള സന്ദർഭവല്ക്കരണം എന്ന സങ്കല്പനത്തിന്റെ

സംക്ഷേപകനാണ് ബോർദ്യു. സാമൂഹ്യയാഥാർഥ്യങ്ങളെ നമ്മൾ എങ്ങനെ മനസിലാക്കുന്നു എന്നതിന് ഏറെ കൃത്യമായി ഉപയോഗിക്കാവുന്ന ഉപാദാനമാണ് സന്ദർഭവല്ക്കരണം എന്ന ആശയം.

വ്യക്തിയും സാമൂഹ്യഘടനകളും തമ്മിലുള്ള പ്രതിപ്രവർത്തനമാണ് ബോർദ്യുവിന്റെ പഠനങ്ങൾക്ക് ആധാരം. സന്ദർഭവൽക്കരണമെന്ന സങ്കല്പനം ബോർദ്യു മുന്നോട്ടുവെച്ച വിഭിന്നങ്ങളും വിഖ്യാതങ്ങളുമായ ഹാബിറ്റസ്, ഫീൽഡ്, പ്രാക്ടീസ്, സാംസ്കാരികമൂലധനം, പ്രതീകാത്മകമൂലധനം തുടങ്ങിയ ആശയങ്ങളുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ സന്ദർഭവൽക്കരണം എന്ന ആശയം മനസ്സിലാക്കുന്നത് സാംസ്കാരിക അപഗ്രഥനത്തിനായുള്ള സമഗ്രമായ ഒരു രീതിശാസ്ത്രമായി മാറും.

**ഹാബിറ്റസ്**

വ്യക്തിജീവിതങ്ങളെ നിർണ്ണയിക്കുന്നതും പരിവർത്തനം ചെയ്യുന്നതും സമൂഹമാണ്. വ്യക്തിയുടെ സ്വഭാവം, വിശ്വാസങ്ങൾ, പെരുമാറ്റംഇവയിലെല്ലാം സമൂഹ സാഹചര്യങ്ങൾ ആഴത്തിലിടപെടുന്നു. വ്യക്തിയുടെ കാഴ്ച, ചിന്ത, പ്രവർത്തനങ്ങൾ ഇവയുടെ രീതിശാസ്ത്രം രൂപപ്പെടുന്നത് പ്രത്യേകം പ്രത്യേകം സാമൂഹ്യ സന്ദർഭങ്ങൾക്ക് അനുസൃതമായാണ്. ഇത്തരത്തിൽ രൂപം കൊള്ളുന്ന മനുഷ്യപ്രകൃതത്തെ ഹാബിറ്റസ് എന്ന് ബോർദ്യു വിളിക്കുന്നു. ഹാബിറ്റസിനെ ശാരീരം എന്നാണ് പി. പി രവീന്ദ്രൻ വിവർത്തനം ചെയ്യുന്നത്.

വ്യക്തിയുടെ കാഴ്ചപ്പാടിനെയും പ്രവർത്തനത്തെയും ഹാബിറ്റസ് നിയന്ത്രിക്കുന്നു. സാഹചര്യങ്ങൾക്ക് അനുസൃതമായ രീതിയിൽ സാമൂഹ്യജീവികൾ ആർജ്ജിച്ചെടുക്കുന്ന പ്രായോഗിക വിവേകത്തെയാണ് (Practical Sense) ബോർദ്യുഹാബിറ്റസ് എന്നു പറയുന്നത്. തന്റെ പ്രായോഗികയുക്തി [Logic of practice] എന്ന പുസ്തകത്തിൽ ഒരു മികച്ച കായികതാരം കളിക്കളത്തിൽ കാഴ്ച വെയ്ക്കുന്ന അബോധപൂർവ്വവും അസാധാരണവുമായ മെയ്വഴക്കത്തെ ഹാബിറ്റസിന് ഉദാഹരണമായി ചൂണ്ടിക്കാട്ടുന്നു.

സവിശേഷസാമൂഹികസന്ദർഭങ്ങൾക്കനുസരിച്ച് ഹാബിറ്റസ് പരിവർത്തിക്കപ്പെടുന്നു. ഹാബിറ്റസ് എന്നത് ഒരു സ്വതന്ത്രസത്ത യല്ല. പലവിധങ്ങളിലുള്ള മൂലധനമാണ് ഹാബിറ്റസിനെ നിർണ്ണ യിക്കുന്നത്. സാമ്പത്തികവും സാംസ്കാരികവും സാമൂഹ്യവു മൊക്കെയായ മൂലധനങ്ങൾ ഹാബിറ്റസിനെ രൂപപ്പെടുത്തുന്നു. ഓരോ വ്യക്തിയ്ക്കും ഇത്തരത്തിലുള്ള മൂലധനങ്ങളുടെ പ്രാപ്യത വ്യത്യസ്ത അളവിലായിരിക്കും ഉണ്ടാവുന്നത്. അതാകട്ടെ സമൂഹ ത്തിൽ അയാളുടെ പദവി, സാമൂഹികഘടനയിൽ അയാളുടെ ശ്രേണി ഇവയെയെല്ലാം ആശ്രയിച്ചിരിക്കും.

**ഫീൽഡ്**

ഹാബിറ്റസിന് സാമൂഹ്യസന്ദർങ്ങളുമായുള്ള ബന്ധം വിശ ദീകരിക്കാൻ ബോർദ്യു മുന്നോട്ടുവെയ്ക്കുന്ന സങ്കല്പനമാണ് മണ്ഡലം അഥവാ ഫീൽഡ്, സാമൂഹ്യജീവിതത്തിലെ സവിശേഷ മായ ഒരു മേഖലയാണ് ഫീൽഡ്. പ്രയോഗത്തിന്റെ പരിസരമേഖ ലയാണ് ബോർദ്യുവിനെ സംബന്ധിച്ചിടത്തോളം ഫീൽഡ് എന്നത്. കല, രാഷ്ട്രീയം, മതം, ദേശം, വിദ്യാഭ്യാസം തുടങ്ങിയ പ്രത്യേകം മേഖലകളിലാണ് സാമൂഹ്യജീവികൾ തമ്മിൽ പ്രതിപ്രവർത്തനം നടത്തുന്നതും താന്താങ്ങൾക്കാവശ്യമായ സാമൂഹ്യസാംസ്കാരിക വിവരങ്ങൾ സ്വരൂപിക്കുന്നതും. ഇത്തരത്തിലുള്ള മേഖലകളെയാണ് മണ്ഡലങ്ങൾ എന്ന് ബോർദ്യു വിളിക്കുന്നത്. ഓരോ മണ്ഡല ത്തിനും അതാതിന്റേതായ നിയസംഹിതകളും അധികാരഘടന കളും ശ്രേണീകൃതസ്വഭാവവുമുണ്ടാകും.

ബോർദ്യുവിന്റെ വിശകലനമാതൃകയിൽ സാമൂഹ്യലോകം അല്ലെങ്കിൽ സാമൂഹ്യസ്ഥലം എന്നത് മേൽകീഴ്ബന്ധങ്ങളുള്ള അനേകം മണ്ഡലങ്ങളുടെ വ്യവസ്ഥയാണ്. അതതിന്റെ ആന്ത രിക നിയമങ്ങളുള്ള ഓരോ മണ്ഡലവും ഉദാഹരണമായി വിദ്യാ ഭ്യാസമണ്ഡലം, സാഹിത്യമണ്ഡലം, സാമ്പത്തികമണ്ഡലം, രാഷ്ട്രീയമണ്ഡലം, ഭാഷാമണ്ഡലം എന്നിങ്ങനെ സവിശേഷമായ രീതിയിൽ ചിട്ടപ്പെടുത്തിയതും ഘടനാപരമായി പൂർണതയുള്ളതു മായ ഇടമാണ്. എന്ന് പി. പി. രവീന്ദ്രൻ പറയുന്നു(പിയറി ബോർദ്യു പ്രയോഗത്തിന്റെ സിദ്ധാന്തം, പുറം 57)

മണ്ഡലത്തിന്റെ സ്വഭാവസവിശേഷതകളുടെ നിർധാരണമാണ് സാമൂഹ്യമാറ്റങ്ങൾക്ക് വഴിതെളിക്കുന്നത് എന്ന് കാണാം. ഓരോ മണ്ഡലത്തിലും സാമൂഹ്യജീവികൾ ഇടപെടുന്നത് പ്രത്യേക പ്രവർത്തനപദ്ധതികളിലൂടെയാകും. അത് ബോധപൂർവ്വമോ അബോധപൂർവ്വമോ ആകാം. ആത്യന്തികമായി ഒരു കളിസ്ഥലത്തിലെന്നപോലെ വിജയിക്കാനും സവിശേഷപദവികൾ കൈവരിക്കാനും അത് നിലനിർത്താനുമാണ് ആ രീതിപദ്ധതികൾ ഉപയോഗപ്പെടുത്തപ്പെടുക. ഒരു ഫീൽഡിൽ സവിശേഷസ്ഥാനം കൈവരിക്കാനും നിലനിർത്താനുമായി ഓരോ സാമൂഹ്യജീവിയും ആ മണ്ഡലവുമായി ബന്ധപ്പെട്ട ചരിത്രപരവും സാംസ്കാരികവും സാമൂഹ്യവുമായ സന്ദർഭങ്ങളെ ആഴത്തിൽ പരിശോധിക്കുകയും അത് മനസ്സിലാക്കി സ്വയം അവതരിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് സന്ദർഭവല്ക്കരണം. സന്ദർഭങ്ങളുടെ നിർധാരണമാണ് ഓരോരുത്തരെയും മണ്ഡലങ്ങളിൽ നിലനില്ക്കുന്ന അധികാരഘടനകളെയും പോരാട്ടങ്ങളെയും സാമൂഹ്യമായ ഉത്പാദന പ്രക്രിയകളെയും പറ്റി മനസ്സിലാക്കാൻ വ്യക്തികളെ സഹായിക്കുന്നത്.

**പ്രതീകാത്മക മൂലധനം**

ബോർദ്യുവിന്റെ ചിന്താപദ്ധതികളിലൂടെ സഞ്ചരിക്കുമ്പോൾ ദൃശ്യമാകുന്ന മറ്റൊരാശയമാണ് വ്യത്യസ്തതരത്തിലുള്ള മൂലധനങ്ങളെപ്പറ്റിയുള്ള സങ്കല്പനങ്ങൾ. സംഭരിക്കപ്പെട്ട തൊഴിൽ ആണ് മൂലധനം എന്ന മാർക്സിയൻ പരിപ്രേക്ഷ്യത്തെ സാംസ്കാരികവും സാമൂഹ്യവുമായ തലങ്ങളിലേക്ക് ബോർദ്യു യുക്തിസഹമായി വിപുലീകരിക്കുന്നു. ഹാബിറ്റസിന്റെ സാന്നിധ്യത്തിൽ മറ്റു മൂലധനരൂപങ്ങൾക്ക് സാന്ദർഭികമായി ഉണ്ടാകുന്ന സാമൂഹികപരിണാമങ്ങളാണ് ബോർദ്യുവിന്റെ വ്യത്യസ്ത മൂലധനസങ്കൽപ്പങ്ങൾ. ജ്ഞാനം, വിദ്യാഭ്യാസം, സാംസ്കാരിക വിഭവങ്ങൾ തുടങ്ങിയവയുടെ സമന്വയത്താൽ ഓരോ വ്യക്തിക്കും സവിശേഷമായ സ്ഥാനം സമൂഹത്തിൽ കൈവരുന്നു. അത്തരം സവിശേഷപദവികളെയാണ് ബോർദ്യു സാംസ്കാരിക മൂലധനം എന്ന് വിശേഷിപ്പിക്കുന്നത്. ഒരു സാമൂഹ്യഘടനയിലെ അംഗത്വം നിമിത്തം ലഭ്യമാകുന്ന സമൂഹത്തിലെ സ്വാധീനത്തെയാണ് സാമൂഹ്യമൂലധനം എന്ന് വിളിക്കാവുന്നത്.

പ്രതീകാത്മകമൂലധനം എന്നത് ഇക്കൂട്ടത്തിൽ ബോർദ്യു മുന്നോട്ട് വെയ്ക്കുന്ന മറ്റൊരാശയമാണ്. സ്വാഭിമാനം, പദവി, ബഹുമാനം തുടങ്ങിയവയിൽ അധിഷ്ഠിതമായ ഒരു ആശയമാണ് പ്രതീകാത്മകമൂലധനം എന്നത്. പ്രതീകാത്മക മൂലധനം ഉപയോഗിച്ച് മറ്റുരീതിയിലുള്ള മൂലധനങ്ങൾ ആർജിക്കാനാകും. സാമ്പത്തികവും സാമൂഹികവുമായ മൂലധനങ്ങളാണവ. ഒരാൾക്ക് തന്റെ സാമൂഹ്യമണ്ഡലത്തിലെ പദവി മെച്ചപ്പെടുത്താനും പ്രതീകാത്മക മൂലധനം ഉപയോഗിച്ച് സാധ്യമാവും. ഒരു മണ്ഡലത്തിൽ വ്യക്തികളാർജ്ജിക്കുന്ന അംഗീകാരം, ബഹുമാനം, നിശ്ചിതമായ പദവികൾ ഇവയെയാണ് പ്രതീകാത്മക മൂലധനം എന്നതുകൊണ്ട് ബോർദ്യു വിവക്ഷിക്കുന്നത്. സാമൂഹ്യശ്രേണികളും വരേണ്യ സാംസ്കാരിക പദ്ധതികളുമാണ് പ്രതീകാത്മകമൂലധനത്തെ നിർണ്ണയിക്കുക.

ചില പ്രത്യേക സാംസ്കാരിക രീതികൾ, ഭാഷാശൈലി, വേഷം, ശരീരഭാഷ, ഭക്ഷണക്രമം ഇവയെല്ലാം എങ്ങനെ സാമൂഹികമായ ശ്രേണീകരണത്തിന് കാരണമായിത്തീരുന്നു എന്ന് പഠിക്കാൻ സന്ദർഭവൽക്കരണം എന്ന ഉപാദാനം നമ്മെസഹായിക്കും. എങ്ങനെയാണ് സാമൂഹ്യപദവികൾ നിർണ്ണയിക്കപ്പെടുന്നതെന്നും സാമൂഹ്യ അസമത്വങ്ങൾ സൃഷ്ടിക്കപ്പെടുന്നതെന്നും മനസ്സിലാക്കാനും സന്ദർഭവല്ക്കരണം ഉപയുക്തമാണ്. സാമൂഹ്യജീവിതത്തിൽ അന്തർലീനമായി പ്രവർത്തിക്കുന്ന അധികാര ഘടനകളെയും മേധാവിത്വപ്രവണതകളെയും പുറത്തുകൊണ്ടുവരാൻ സന്ദർഭവല്ക്കരണത്തിന് കഴിയും.

സമൂഹത്തിലെ അധികാരശക്തികൾ അവരുടെ വരേണ്യമായ സ്ഥാനം നേടിയെടുക്കുന്നത് അവരാർജ്ജിക്കുന്ന സാമൂഹ്യ മൂലധനത്തിലൂടെയും അവർ അനുവർത്തിക്കുന്ന ഹാബിറ്റസിലൂടെയുമാണ്. ഒരു സാമൂഹ്യസന്ദർഭത്തിൽ അനുവർത്തിക്കേണ്ട പ്രവർത്തനശൈലികളും പ്രകൃതങ്ങളും പെരുമാറ്റങ്ങളുമെങ്ങനെയാകുമെന്ന് അവരാകും നിർണ്ണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക. സാംസ്കാരികമായ മൂല്യങ്ങൾ, മാനദണ്ഡങ്ങൾ ഇവയെയൊക്കെയും അവർ തീരുമാനിക്കും. അത്തരം സന്ദർഭങ്ങളുടെ നിർധാരണം നിർവഹിക്കുന്നതിലൂടെ ഒരു സാംസ്കാരിക പഠിതാവിന്

സാമൂഹ്യ അസമത്വങ്ങളുടെയും വിവേചന പദ്ധതികളുടെയും കാരണങ്ങൾ കണ്ടെത്താൻ കഴിയും. സന്ദർഭവല്ക്കരണം എന്നത് നിർജീവ മായതും അബോധമായതുമായ പ്രക്രിയയല്ല. വ്യാഖ്യാന ങ്ങൾക്കും അർഥോൽപാദനങ്ങൾക്കും ഉപകരിക്കുന്ന സജീവമായ ഒരു പ്രക്രിയയാണത്.

സമൂഹത്തിൽ ഏതെങ്കിലും വിധത്തിൽ പങ്കുകൊള്ളുന്ന വരെല്ലാം തന്നെ സാമൂഹ്യഘടനകളുടെ കേവലം സ്വീകർത്താക്കൾ മാത്രമല്ല. എല്ലാ സാമൂഹ്യജീവികളും സാമൂഹ്യസ്ഥാപനങ്ങളെ പ്പറ്റിയുള്ള തങ്ങളുടെ ബോധമുപയോഗപ്പെടുത്തി തങ്ങളുടെ ചുറ്റു മുളള സമൂഹത്തെ നിർമ്മിക്കുന്ന പ്രവർത്തനങ്ങളിലേർപ്പെടുകയും ചെയ്യുന്നു. ഇത്തരത്തിൽ സാമൂഹികഘടനകളിൽ ഇടപെടുമ്പോൾ ഓരോരുത്തർക്കുമുള്ള അവബോധത്തെയാണ് ബോർദ്യു ശരീരം എന്നത് കൊണ്ട് നിർവചിക്കുന്നത്. സാമൂഹ്യമണ്ഡലങ്ങളിൽ നിന്ന് ലഭിക്കുന്ന വ്യത്യസ്തമായ അനുഭവങ്ങളിലൂടെ ഓരോ വ്യക്തിയും ആർജ്ജിക്കുന്ന പദവികളാണ് ശാരീരം. ഹാബിറ്റസ് എന്നത് സ്ഥിര മായ ഒരു സത്തയല്ല. മറിച്ച് സാമൂഹ്യപരിസരങ്ങളുമായുള്ള നിര ന്തര ഇടപെടലുകളിലൂടെ പരിവർത്തനം ചെയ്യപ്പെടുന്ന ഒന്നാണ്.

**സന്ദർഭവല്ക്കരണം ഭാഷയുടെ മണ്ഡലത്തിൽ**

സന്ദർഭവല്ക്കരണം എന്ന ആശയം ഭാഷയിലും സാമൂഹ്യ പരിതസ്ഥിതികളിലും മനുഷ്യന്റെ പെരുമാറ്റസംഹിതകളെ മന സിലാക്കാൻ ഉപയുക്തമാണ്. മനുഷ്യന്റെ വ്യക്തിനിഷ്ഠമായ സ്വഭാ വങ്ങളെയും അതുപോലെ തന്നെ ഭാഷയുടെ ഉപയോഗത്തെയും സാമൂഹ്യസന്ദർഭങ്ങളും സാംസ്കാരികസാഹചര്യങ്ങളും സ്വാധീ നിക്കുന്നു. അത്തരത്തിലുള്ള നിർണ്ണയനിയന്ത്രണപ്രക്രിയകൾ എപ്രകാരം പ്രവർത്തിക്കുന്നു എന്നതിന്റെ പഠനം അതീവ പ്രാധാ ന്യമുള്ളതാണ്. ഇത്തരത്തിലെ സന്ദർഭവല്ക്കരണങ്ങളാണ് ഭാഷാ പ്രവണതകളെയും വിവിധങ്ങളായ ആവിഷ്ക്കാരങ്ങളിലെ ഭാഷാ സഞ്ചയങ്ങളെയും നിർണ്ണയിക്കുന്നത്. അവ സാമൂഹികമായ സകല മാന പ്രവണതകൾക്കും കാരണമായി വർത്തിക്കുന്നു. ബോർദ്യു ഇതുമായി ബന്ധപ്പെട്ട് മുന്നോട്ടുവെച്ച ആശയങ്ങൾ സമൂഹവും

ഭാഷയും തമ്മിലുള്ള പാരസ്പര്യത്തെപ്പറ്റി വലിയ ഉൾത്തെളിച്ചങ്ങളാണ് നൽകുന്നത്.

ഭാഷയെന്നത് പാടേ സ്വതന്ത്രമായി നിലകൊള്ളുന്ന ഒരു സത്തയല്ല. അത് സാമൂഹ്യസന്ദർഭങ്ങളുമായി അങ്ങേയറ്റം ഉൾച്ചേർന്നിരിക്കുന്നു. ബോർദ്യു പ്രസ്താവിക്കുന്നത് വ്യക്തികളുടെ സ്വഭാവവും ഭാഷയുടെ ഉപയോഗവും രൂപീകരിക്കപ്പെടുന്നത് സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ സന്ദർഭങ്ങളിലൂടെയാണെന്നാണ്. ഭാഷയുടെ കോയ്മകളെ നിശ്ചയിക്കുന്നത് സന്ദർഭങ്ങളാണ്.

ഒരു വ്യക്തിയ്ക്കും സ്വതന്ത്രമായ ഒരു പെരുമാറ്റവും സാധ്യമല്ല. സാമൂഹ്യപരിതഃസ്ഥിതിയുടെ ഉല്പന്നമാണ് ഓരോ പ്രവൃത്തികളും. നിശ്ചിതമായ സാമൂഹ്യസന്ദർഭങ്ങൾക്ക് യോജിക്കും വിധത്തിൽ തങ്ങളുടെ പ്രവൃത്തികളെ രൂപപ്പെടുത്തുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് സന്ദർഭവല്ക്കരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ബോർദ്യുവിന്റെ അഭിപ്രായത്തിൽ ഭാഷ ഒരു മൂലധനമാണ് പ്രതീകാത്മകമൂലധനം. അതാണ് വ്യക്തികളെ സാമൂഹികമായ ശ്രേണികളിലൂടെ സഞ്ചരിക്കാനും അവയനുസരിച്ച് ജീവിക്കാനും പ്രാപ്തമാക്കുന്നത്. ഈപറയുന്നഭാഷാമൂലധനമെന്നത് നിരവധി രൂപങ്ങളിലുള്ള ഭാഷാവിഭവങ്ങൾ ഉൾക്കൊള്ളുന്നതാണ്. പദ സമ്പത്ത്, ഉച്ചാരണശൈലി, പ്രയോഗ മാതൃകകൾ തുടങ്ങിയവയെല്ലാം അതുൾക്കൊള്ളുന്നു. അതാകട്ടെ നിരവധി സാമൂഹിക സാഹചര്യങ്ങളിൽ ഉപയോഗിക്കുന്നത് സന്ദർഭാനുസൃതമായാണ്. സമൂഹത്തിലെ മേധാവിത്വധാരയിലുള്ള നിയമങ്ങൾ, ഭാഷാശൈലികൾ ഇവയുമായി ബന്ധമുള്ളവർക്ക് തീർച്ചയായും സാമൂഹിക പദവികളിലും അംഗീകാരങ്ങളിലും മേധാവിത്വം ലഭിക്കും. സാമൂഹ്യപരിതഃസ്ഥിതിയിൽനിന്ന് ഒരാൾ ആർജ്ജിക്കുന്ന ഭാഷാശാരീരം തന്റെ സാമൂഹ്യപശ്ചാത്തലം, വർഗ്ഗം, വിദ്യാഭ്യാസം തുടങ്ങിയവയെ ആശ്രയിച്ചിരിക്കുന്നു.

സാമൂഹ്യവ്യവസ്ഥയെ നിശ്ചലമായി മനസ്സിലാക്കാൻ മാത്രമല്ല സന്ദർഭവൽക്കരണം എന്ന ഉപാധി സഹായിക്കുക. സാമൂഹ്യ

മാറ്റത്തിന്റെ പ്രേരകശക്തിയായി പ്രവർത്തിക്കാനും സന്ദർഭവല്ക്കരണത്തിന്റെ നിർദ്ധാരണം സഹായിക്കുന്നു. ഹാബിറ്റസിന്റെ പരിവർത്തനത്തിലൂടെയാണ് അത് സാധ്യമാവുക. സജീവമായ ഇടപെടലുകളിലൂടെയും പ്രതിപ്രവർത്തനത്തിലൂടെയും പ്രഖ്യാപിതമായ കീഴ്വഴക്കങ്ങളെ മാറ്റിത്തീർത്താണ് സാമൂഹ്യപരിണാമം സംഭവിക്കുന്നത്. സന്ദർഭങ്ങളെ യഥോചിതം മനസ്സിലാക്കുന്നത് പരിവർത്തനസാധ്യതയുള്ള സാമൂഹ്യമണ്ഡലങ്ങളെ തിരിച്ചറിയാനും അതിന്റെ സാധ്യതകൾക്ക് അനുസൃതമായി പ്രവർത്തിക്കാനും സാമൂഹ്യകർത്തൃത്വങ്ങളെ സഹായിക്കുന്നു. ചരിത്രരേഖകളുടെ വിശകലനം, വിഭിന്നമേഖലകളെ സംബന്ധിച്ചുള്ള വിശദപഠനങ്ങൾ, സാംസ്കാരിക ഉപാദാനങ്ങളുടെ പരിശോധന തുടങ്ങിയ രീതിപദ്ധതികളിലൂടെ സന്ദർഭവൽക്കരണത്തിന്റെ പ്രായോഗികത നടപ്പിൽ വരുത്താം.

**ഉപസംഹാരം**

ഭാഷ, സംസ്ക്കാരം, വിദ്യാഭ്യാസം തുടങ്ങി വിഭിന്നമേഖലകളിൽ പഠനവിധേയമാക്കാവുന്ന സങ്കല്പനമാണ് സന്ദർഭവല്ക്കരണം. സാമൂഹ്യജീവിതം ആത്യന്തികമായി പ്രയോഗത്തിൽ അധിഷ്ഠിതമാണ് എന്ന് ഫൊയർബാഹ് തീസിസിൽ പറയുന്ന മാർക്സിന്റെ ആശയത്തെ തന്റെ ദാർശനികജീവിതത്തിൽ ഉടനീളം ബോർദ്യു പിൻപറ്റുന്നതായിക്കാണാം. ഇത്തരത്തിൽ പ്രയോഗം എന്നതിനെ വിശദീകരിക്കുന്ന സന്ദർഭത്തിലാണ് തന്റെ വിഖ്യാതങ്ങളായ പരികല്പനകളായ ശാരീരം, മണ്ഡലം, പ്രതീകാത്മകമൂലധനം തുടങ്ങിയവയെ ബോർദ്യു വിശദീകരിക്കുന്നത്.

**സഹായകഗ്രന്ഥങ്ങൾ**

1. രവീന്ദ്രൻ പി. പി., പിയറി ബോർദ്യു പ്രയോഗത്തിന്റെ സിദ്ധാന്തം, സാഹിത്യപ്രവർത്തകസഹകരണസംഘം, 2019
2. പിയറി ബോർദ്യു, ആണത്തവും അധീശത്വവും, വിവ: സംഗീത എം.കെ, ഡോ. കെ.എം. അനിൽ, പ്രോഗ്രസ് പബ്ലിക്കേഷൻസ്, 2019
3. സുനിൽ പി ഇളയിടം, സാംസ്കാരിക വിമർശനവും മാർക്സിസവും, ചിന്ത വാരിക, 30 സെപ്തംബർ 2022

# സാമൂഹികവൃത്തികളാകുന്ന സാഹിത്യജനുസ്സുകൾ

**അനഘ എസ്. എസ്.**

ഗവേഷക, മലയാളവിഭാഗം
കേരളസർവ്വകലാശാല, കാര്യവട്ടം ക്യാമ്പസ്

**സംഗ്രഹം**

മനുഷ്യന്റെ അനിവാര്യതകൾക്കും അഭികാമനകൾക്കുമനുസൃതമായി രൂപം കൊണ്ടതാണ് മാനവസമൂഹവും സംസ്കാരവും. മനുഷ്യജീവിതാവിഷ്കരണമായ സാഹിത്യത്തിന് മാനവസംസ്കൃതിയുടെ ചരിത്രത്തോളം പഴക്കമുണ്ട്. സാഹിത്യം എന്നാൽ എന്ത്? അതിന്റെ ധർമ്മമെന്ത്? അത് സമൂഹവുമായി എങ്ങനെ ബന്ധപ്പെടുന്നു? തുടങ്ങിയ ചോദ്യങ്ങളെല്ലാം സമൂഹവും സാഹിത്യവും തമ്മിലുള്ള ദൃഢബന്ധത്തിലൂന്നിനിന്നുകൊണ്ട് ഉരുത്തിരിയുന്നവയാണ്. സാഹിത്യം സമൂഹാധിഷ്ഠിതമായ വ്യത്യസ്ത ജനുസ്സുകളുടെ ഇടമാണ്. സമൂഹബന്ധിതമായ പ്രതിഫലനങ്ങളുടെയും പ്രതിനിധാനങ്ങളുടെയും പ്രതികരണങ്ങളുടെയും പ്രതിരോധങ്ങളുടെയും ഇടമെന്ന നിലയിൽ സാഹിത്യം വർത്തിക്കുന്നു. ആവർത്തിക്കപ്പെടുന്ന സാമൂഹിക സാഹചര്യങ്ങൾക്കനുബന്ധമായ സാമൂഹികപ്രവർത്തികളായി സാഹിത്യജനുസ്സുകൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന കരോളിൻ മില്ലറുടെ സിദ്ധാന്തത്തെയും അതിന്റെ തുടർച്ച എന്ന നിലയിൽ വൈവിധ്യങ്ങളുടെയും ആവർത്തനങ്ങളുടെയും ഇടങ്ങളാണ് ജനുസ്സുകൾ എന്ന സ്റ്റീവ് നീൽസിന്റെ സിദ്ധാ

ന്തത്തെയും, ഇവയുമായി ബന്ധപ്പെട്ട ഇതര സൈദ്ധാന്തികരുടെ നിരീക്ഷണങ്ങളെയും മുൻനിർത്തി സമൂഹവും സാഹിത്യജനുസ്സു കളും തമ്മിലുള്ള ബന്ധത്തെ അന്വേഷിക്കുകയാണ് ഈ പ്രബ ന്ധത്തിൽ ചെയ്യുന്നത്.

**താക്കോൽ വാക്കുകൾ**

ജനുസ്സ്, സാഹിത്യജനുസ്സ്, സാമൂഹികവൃത്തി

ജനുസ്സ് എന്ന പദത്തിന് തരം, കൂട്ടം, വിഭാഗം, ഗണം എന്നി ങ്ങനെ പൊതുവായി ഒറ്റവാക്കിൽ അർത്ഥം കൽപ്പിക്കാമെങ്കിലും അതിലുപരിയായി വളരെ വിപുലമായ ആശയതലം ജനുസ്സ് എന്ന സംജ്ഞ ഉൾവഹിക്കുന്നുണ്ട്. ജനുസ്സുകൾ കാലങ്ങളായി അംഗീക രിക്കപ്പെട്ട സാമൂഹികസമ്പ്രദായങ്ങൾക്കൊപ്പം രൂപംകൊണ്ട ആശ യവിനിമയത്തിന്റെ ലിഖിതമോ ഉച്ചരിതമോ കലാത്മകമോ ആയ രീതികളുടെ സമാഹാരമാണ്. സചേതനവും അചേതനവുമായ വ്യത്യസ്ത വിഭാഗങ്ങളുടെയും വിഭവങ്ങളുടെയും ആകെത്തുക യാണ് സമൂഹം. മനുഷ്യർ സാമൂഹിക ജീവികളാകയാൽ തന്നെ സമൂഹം മനുഷ്യവർഗത്തിന്റെ നിരന്തരവും അഭംഗുരവുമായ ഇട പെടലുകളുടെ ഇടമാകുകയും സമൂഹത്തിന്റെ തന്നെ ജീവസുറ്റ ആവിഷ്കരണമായി സാഹിത്യം മാറുകയും ചെയ്യുന്നു. സമൂഹനി ഷ്ഠമായി വ്യത്യസ്ത സാഹിത്യജനുസ്സുകൾ കാലാന്തരത്തിൽ ഉരു ത്തിരിയുന്നു. അവ ആഖ്യാനശൈലിയ്ക്കും അടിസ്ഥാനഘട നയ്ക്കും അവതരിപ്പിക്കുന്ന വിഷയത്തിനും പാഠത്തിനും സംവേ ദനം ചെയ്യുന്ന ആശയത്തിനുമനുസൃതമായി രൂപത്തിലും ഭാവ ത്തിലും പരസ്പരം പ്രത്യക്ഷവും പരോക്ഷവുമായ സ്വാധീനം ചെലുത്തി തനത് സ്വത്വം പ്രദർശിപ്പിച്ചുകൊണ്ട് നിലകൊള്ളുന്നു. പ്രാചീനശിലായുഗ മനുഷ്യരിൽനിന്നും ഇന്നത്തെ മനുഷ്യസമൂഹ ത്തിലേക്കെത്തുമ്പോൾ വ്യക്തമാകുന്ന പ്രധാന വസ്തുത മനുഷ്യ രുടെ സാമൂഹിക ജീവിതവൃത്തികൾ അസ്ഥിരവും നിരന്തരവുമായ പരിണാമങ്ങൾക്ക് വിധേയമാകുംവിധം ചലനാത്മകവും പരിവർത്ത നോന്മുഖവുമാണെന്നതാണ്. ഇത്തരത്തിലുണ്ടാകുന്ന കാലാനുസൃ തമായ സാമൂഹിക സാംസ്കാരികവ്യവസ്ഥകൾക്കനുസൃതമായി

പുതുജനുസ്സുകൾ രൂപംകൊള്ളുകയോ നിലവിലുള്ളവ പുനർവിചിന്തനത്തിന് വിധേയപ്പെടുകയോ, പരിഷ്ക്കരിക്കപ്പെടുകയോ പ്രതിരോധിക്കപ്പെടുകയോ അപ്പാടെ നിരാകരിക്കപ്പെടുകയോ ചെയ്യാം. ഓരോ കാലത്തും സമൂഹത്തിൽ ഉണ്ടാകുന്ന സംഭവങ്ങൾ സാഹിത്യവിഷയകമാകുന്നുണ്ട്. ഒരു സംഭവത്തെ തന്നെ കാലങ്ങൾക്കിപ്പുറം വ്യത്യസ്തതലങ്ങളിലൂടെ സാഹിത്യം നോക്കിക്കാണാറുണ്ട്. ചരിത്രസംഭവങ്ങളുടെയും സാമൂഹികവും സാംസ്കാരികവുമായ ഘടകങ്ങളുടെയും പുത്തനാഖ്യാനങ്ങളും പുനരാഖ്യാനങ്ങളും കാലാനുസൃതമായ പുരോഗതി കൈവരിച്ച വർത്തമാനകാലസാമൂഹിക മനഃസാക്ഷിയുടെ വെളിച്ചത്തിൽ തന്നെയാകും അവതരിപ്പിക്കപ്പെടുക. സമൂഹത്തിന്റെ പ്രത്യക്ഷസാഹചര്യം അതിൽ കൃത്യമായി പ്രതിഫലിക്കുമെന്ന് മാത്രമല്ല തിരിച്ച് സമൂഹത്തെ സ്വാധീനിക്കുന്ന പല പ്രബല ഘടകങ്ങളെ വിഭാവനം ചെയ്യാൻ പ്രസ്തുത ജനുസ്സിന് സാധിക്കുകയും ചെയ്യുന്നു. കാലാന്തരത്തിൽ സമൂഹത്തിനുണ്ടായ മാറ്റത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തപ്പെടുന്നതിനാൽ സാമൂഹികപ്രവൃത്തി എന്ന മാനത്തിൽ തന്നെ അർഹമായ സ്വീകരണമോ തിരസ്ക്കരണമോ പുതുജനുസ്സുകൾക്ക് ലഭിക്കുന്നു. ഒരു കാലത്ത് മഹത്ത്വവത്ക്കരിക്കപ്പെട്ട പല സാഹിത്യകൃതികളും സിനിമപോലുള്ള കലകളും പുതുകാലത്തെ സാമൂഹികചിന്തകൾക്കു വിധേയപ്പെട്ടു കൃത്യമായ വിമർശനങ്ങൾക്കും പൊളിച്ചെഴുത്തുകൾക്കും കാരണമാകുന്നു. ഒരു കാലത്ത് ആഘോഷിക്കപ്പെട്ട പല കൃതികളിലെയും ചലച്ചിത്രങ്ങളിലെയും സംഭവങ്ങളും സംഭാഷണങ്ങളും പൊളിറ്റിക്കലി ഇൻകറക്റ്റ് ആണെന്ന ജനസമൂഹത്തിനുണ്ടായ തിരിച്ചറിവ് ഇതിന്റെ ഫലമായി തന്നെ കാണേണ്ടതാണ്. കാലത്തിനൊത്തുള്ള പുത്തൻചിന്തകളും പ്രമേയങ്ങളും വിഷയങ്ങളും സാഹിത്യത്തിലുണ്ടാകുന്നതും, സമൂഹത്തെ ഉദ്ബുദ്ധമാക്കും വിധത്തിലുള്ള പുതുചിന്തകൾക്കും ബോധങ്ങൾക്കുമുള്ള ബീജവാപത്തിനു സാഹിത്യം കാരണമാകുന്നതും ഒരുപോലെ ചിന്തിക്കേണ്ട വസ്തുത തന്നെ. സാഹിത്യം ഉണ്ടായ കാലം മുതൽക്ക് അത് ഒരു പരിധിവരെയും സമൂഹത്തിനൊപ്പം തന്നെയാണ് സഞ്ചരിച്ചിരുന്നതെന്ന് പറയേണ്ടിയിരിക്കുന്നു. പതിനെട്ടാം നൂറ്റാണ്ട് മുതൽക്കേ ജനുസ്സുകളുടെ സൈദ്ധാന്തിക പഠന

ങ്ങൾക്കുള്ള ശ്രമങ്ങൾ നടന്നു കഴിഞ്ഞിരുന്നു. ജനുസ്സുകളുടെ പരിണാമം ധാരാളം വളവുകൾക്കും തിരിവുകൾക്കും വിധേയപ്പെട്ട ഒരു കാലഘട്ടമായിരുന്നു അത്. ഈ കാലയളവിലാണ് ജനുസ്സുകളെ സംബന്ധിച്ച ദെറിദയുടെ ആശയങ്ങൾക്ക് പ്രസക്തിയേറുന്നത്. അപനിർമ്മാണതത്ത്വങ്ങളാലും താരതമ്യ സാഹിത്യചിന്തകളാലും സാഹിത്യം വലിയതോതിൽ സ്വാധീനിക്കപ്പെട്ടിരുന്ന കാലമായിരുന്നു അത്. 1980ൽ ഈ രണ്ടു ജീവിതധാരകളും ഉളവാക്കിയ അസ്ഥിരത ദെറിദയുടെ 'The Law of Genre, Critical inquiry' എന്ന പ്രബന്ധത്തിൽ കാണാം. ജനുസ്സുകൾ ഒരു പാഠത്തിൽ ഉൾപ്പെടുകയല്ല പങ്കെടുക്കുകയാണ് ചെയ്യുന്നത് എന്ന ദെറിദയുടെ പ്രസ്താവനയിൽനിന്നും കാലാനുസൃതമായ ജനുസ്സുകളുടെ സാമൂഹിക പങ്കാളിത്തം തന്നെയാണ് വ്യക്തമാകുന്നത്. മാറുന്ന കാലത്തിനും മാറുന്ന സമൂഹത്തിനുമൊത്തുള്ള പ്രവൃത്തികൾ എന്ന നിലയിൽ തന്നെയാണ് ഓരോ സാഹിത്യ ജനുസ്സും ആവിഷ്ക്കരിക്കപ്പെടുന്നത്. ആവർത്തിക്കപ്പെടുന്ന സാമൂഹിക സാഹചര്യങ്ങൾക്കനുബന്ധമായ സാമൂഹിക പ്രവൃത്തികളാണ് ജനുസ്സുകൾ (Carolyn. R. Miller-Genre as a Social Action, pg: 163) എന്ന ആശയം പ്രസക്തമാകുന്നത് ഈ ഘട്ടത്തിലാണ്. "വൈവിധ്യങ്ങളുടെയും പരിവർത്തനങ്ങളുടെയും ഇടങ്ങളാണ് ജനുസ്സുകൾ' (Steave Nealse - Genre and Hollywood, pg:189) എന്ന നിരീക്ഷണത്തെയും ഇതോടു ചേർത്തുവായിക്കാൻ കഴിയും.

1984-ൽ 'Genre as a social action' എന്ന് പ്രബന്ധത്തിൽ കരോളിൻ മില്ലർ ജനുസ്സുകളെ സാമൂഹികപ്രവൃത്തികൾ എന്ന നിലയിൽ വിശദീകരിക്കുന്നു. ജനുസ്സുകളുടെ പഠനത്തിലെ പ്രധാന മേഖലയായ Rhetorical Genre Studies (RGS) കരോളിൻ മില്ലറുടെ ആശയങ്ങൾക്ക് വലിയ പ്രാധാന്യം നൽകുന്നു. ജനുസ്സുകൾ എന്നാൽ ആവർത്തിക്കപ്പെടുന്ന സാഹചര്യങ്ങൾക്കനുസൃതമായ സാമൂഹികപ്രവൃത്തികളാണെന്ന കരോളിൻ മില്ലറുടെ നിർവ്വചനം സാമൂഹികമായ മാറ്റങ്ങൾ സാഹിത്യത്തെയും സാഹിത്യപഠനത്തെയും എത്രത്തോളം സ്വാധീനിക്കുന്നുവെന്ന് വ്യക്തമാക്കുന്നതിന് സഹായകമാണ്. ഇന്നോളമുണ്ടായിട്ടുള്ള സാഹിത്യകൃതിക

ളിൽ ഒരു വലിയ ശതമാനവും സാമൂഹികാവസ്ഥകളുടെ പ്രത്യക്ഷമോ പരോക്ഷമോ ആയ പ്രതിഫലനങ്ങൾ തന്നെയാണ്. പരിവർത്തനവിധേയവും പരിഷ്കരണോന്മുഖവുമായ സാഹിത്യ ജനുസ്സുകൾ സജീവവും ചലനാത്മകവുമായ സാമൂഹിക പ്രവൃത്തികൾ തന്നെയാണെന്ന് മില്ലർ വ്യക്തമാക്കുന്നതിലെ സാംഗത്യവും ഇതു തന്നെയാണ്. മില്ലർ തന്റെ പ്രബന്ധത്തിൽ ഫ്രാങ്ക് ലോയിഡ് ബിസ്റ്ററിന്റെ എക്സിജൻസ് എന്ന ആശയത്തെ സാമൂഹികാവസ്ഥകളോടുള്ള പ്രതികരണമെന്ന നിലയിലും കെന്നത്ത് ബ്രൂക്കിന്റെ മോട്ടിവ് എന്ന ആശയത്തെ മനുഷ്യവൃത്തി എന്ന നിലയിലും അവതരിപ്പിക്കുന്നു. എക്സിജൻസിനെ ഭാഷണത്തിനുള്ള ബാഹ്യപ്രേരകം അഥവാ കാരണം എന്ന നിലയിൽ കാണുകയും സാഹചര്യങ്ങളെ അഥവാ സന്ദർഭങ്ങളെ സാമൂഹികനിർമ്മിതികളായി വിലയിരുത്തുകയും ചെയ്യുന്നു. ആവർത്തിക്കപ്പെടുന്ന സാമൂഹിക സാഹചര്യങ്ങളോടുള്ള പ്രതികരണങ്ങളായ സാമൂഹികപ്രവൃത്തികളാണ് ജനുസ്സുകൾ എന്ന് ഇവിടെ വിശദമാക്കുന്നതിലൂടെ ജനുസ്സുകളെ സംബന്ധിച്ച തുടർപഠനങ്ങൾക്കും തുടരന്വേഷണങ്ങൾക്കും മില്ലറുടെ ആശയങ്ങൾ ദിശാസൂചകമായി വർത്തിച്ചു. ഇതുമായി ബന്ധപ്പെട്ടാണ് തോമസ് ഹക്കിൻ, സി.ബി കോട്ടർ മുതലായവർ ജനുസ്സുകളെ അറിവിന്റെ അടിസ്ഥാനമെന്ന നിലയിലും സാമൂഹിക അന്തർജ്ഞാനം എന്ന നിലയിലും നിർവചിക്കുന്നത്. ബിട്സറിനൊപ്പം ഭൂതകാല പ്രതികരണങ്ങൾ വർത്തമാനകാല സാഹചര്യത്തിനനുസൃതമായ പ്രതികരണങ്ങൾ സൃഷ്ടിക്കുന്നുവെന്ന് മില്ലർ വാദിക്കുന്നു. ഒരു ജനുസ്സിൽപ്പെട്ട പാഠത്തിന് സമാനമോ വ്യത്യസ്തമോ ആയ ഇതര ജനുസ്സുകളിലേക്കുള്ള പുതുകാലത്തെ പുനരഖ്യാനങ്ങൾ ഇതിനു ഉത്തമ ഉദാഹരണങ്ങളാണ്.ജനുസ്സ് എന്നാൽ ഒരു പ്രവൃത്തി അല്ലെങ്കിൽ കർമ്മമാണ്. അത് വസ്തുവിലോ ഭാഷണരൂപത്തിലോ അല്ല, മറിച്ച് അത് പൂർത്തീകരിക്കാനുദ്ദേശിക്കുന്ന കർമ്മത്തിലാണ് കേന്ദ്രീകരിക്കേണ്ടതെന്ന് ഇവിടെ പ്രസ്താവിക്കുന്നു. ജനുസ്സുകൾ കർമ്മത്തിൽ കേന്ദ്രീകരിക്കുന്നതിനാൽ തന്നെ അവയോടനുബന്ധിച്ച സാഹചര്യങ്ങളെയും സന്ദർഭങ്ങളെയും പ്രേരണകളെയും ഒഴിവാക്കുക അസാധ്യമാണ്. നിലകൊള്ളുന്ന സാമൂഹിക പരിതസ്ഥിതിയിൽ നിന്നും ഭിന്നമായ നിലനിൽപ്പ് ഒരു സാഹിത്യ ജനുസ്സിനും

സാധ്യമല്ല എന്നതിന്റെ കാരണവും ഇത് തന്നെയാണ്. ഒരു സാഹചര്യത്തിൽ നിന്നും, ആ സാഹചര്യം ആവിർഭവിക്കുന്ന സാമൂഹിക സന്ദർഭത്തിൽ നിന്നും അർത്ഥത്തെ ജനുസ്സുകൾ ഉൾവഹിക്കുന്നു. അവ അർത്ഥപൂർണ്ണമായ പ്രവൃത്തികളാകയാൽ തന്നെ നിർദ്ദിഷ്ഠ നിയമാവലികളാൽ വ്യഖ്യാനാത്മകവുമാണെന്നും മില്ലർ കൂട്ടിച്ചേർക്കുന്നു.

ജനുസ്സുകൾ രൂപം എന്നതിൽനിന്നും തികച്ചും വ്യത്യസ്തമാണ്. അവ അധികാരക്രമത്തിന്റെ എല്ലാ തലങ്ങളിലും ഉപയോഗിക്കാൻ കഴിയുന്ന പൊതുസംജ്ഞയെന്ന നിലയിൽ ഏറ്റവും അടിസ്ഥാനതലത്തിൽ സവിശേഷ വസ്തുതകളുടെ കൂട്ടിച്ചേർക്കലുകളെന്ന നിലയിൽ വർത്തിക്കുന്നു. ഭാഷയുടെ ഉപയോഗത്തിന്റെ ആവർത്തിതമാതൃകകളായി പ്രവർത്തിച്ചുകൊണ്ട് സംസ്കാരത്തിന്റെ എല്ലാ ഘടകങ്ങളെയും ഒത്തുചേർക്കാൻ അവ സഹായിക്കുന്നു. സ്വകാര്യ ഉദ്ദേശങ്ങൾക്കും സാമൂഹികാവശ്യങ്ങൾക്കുമിടയിൽ മധ്യസ്ഥത വഹിക്കുന്ന സാഹിത്യവിഷയങ്ങളായ ഘടകങ്ങളാണവ. സ്വകാര്യമായവയെ പൊതുസമൂഹത്തോടും ഏകീകമായവയെ വീണ്ടും ആവർത്തിക്കുന്നവയോടും ബന്ധിപ്പിച്ചുകൊണ്ട് അവ നമ്മെ പ്രചോദിപ്പിക്കുന്നുവെന്നും മില്ലർ ചൂണ്ടിക്കാട്ടുന്നു.

ഓരോ ജനുസ്സുകളുടെയും സൃഷ്ടിയിലൂടെ ആവർത്തനങ്ങളെ തന്നെയാണ് സൃഷ്ടിക്കുന്നതെന്നും മില്ലർ വാദിക്കുന്നു. ഇവിടെ ആവർത്തനം എന്നത് ജനുസ്സുകളെ നിയന്ത്രിക്കുന്ന ദോഷകരമായ ഒരു ഘടകം എന്ന നിലയിലല്ല വിലയിരുത്തപ്പെടുന്നത്. ഇന്നോളമുണ്ടായ ഏതൊരു സാഹിത്യകൃതിയും മനുഷ്യരുടെയോ ഇതരജീവിവർഗത്തിന്റെയോ പറഞ്ഞും കേട്ടും പതിഞ്ഞ കഥകൾ തന്നെയാണ് വീണ്ടും പറഞ്ഞു വയ്ക്കുന്നത്. പ്രമേയങ്ങളും വിഷയങ്ങളും സംഭവങ്ങളും ആവർത്തിക്കുമ്പോഴും ഓരോ ജനുസ്സും കാലത്തിന്റെ കയ്യൊപ്പ് വഹിക്കുന്ന സാമൂഹിക സൃഷ്ടികൾ എന്നനിലയിൽ പുതുഭാവങ്ങളിൽ തനത് സ്വത്വം പ്രകടിപ്പിക്കുന്നു. ആവർത്തനം മനുഷ്യാവസ്ഥകളോട് ബന്ധപ്പെട്ട് നിൽക്കുന്ന ഉൾക്കാഴ്ചയാണെന്നും അതിനാൽ നിലവിലുള്ള സമ്പ്രദായങ്ങളോട് ചേർത്ത് തന്നെ ജനുസ്സുകളെ പഠിക്കണമെന്നും പ്രസ്തുത സിദ്ധാന്തങ്ങൾ വ്യക്തമാ

ക്കുന്നതിന് പിന്നിലെ വസ്തുത ഇത് തന്നെയാണ്. നിലവിലുള്ള സാമൂഹിക സാഹിത്യസമ്പ്രദായങ്ങളെ കൃത്യമായി വിലയിരുത്തിക്കൊണ്ട് സാഹിത്യവഴക്കങ്ങളെ ആധാരമാക്കിവേണം സാഹിത്യ ജനുസ്സുകളെ പഠിക്കേണ്ടത് എന്ന നിരീക്ഷിക്കണമാണ് ഈ വാദത്തിന്റെ കാതൽ. പ്രത്യക്ഷത്തിൽ സമൂഹത്തിൽ നിലകൊള്ളുന്ന ജനുസ്സുകളുടെ എണ്ണം നിർണ്ണയാതീതമാണ്. അവ സമൂഹത്തിലെ സങ്കീർണതകളെയും വൈവിധ്യങ്ങളെയും ആശ്രയിച്ചുകൊണ്ടാണ് നിലകൊള്ളുന്നത്. ഒരു പുതുജനുസ്സിനെ രൂപീകരിക്കുന്നതിനുള്ള എളുപ്പവഴി പഴയ ശീലങ്ങളെ പുതിയ ശീലങ്ങളിലേക്ക് പരിണമിപ്പിക്കുകയാണെന്നു പറയുന്നതിലൂടെ മില്ലർ മാറ്റം അല്ലെങ്കിൽ പരിവർത്തനം എന്നത് ജനുസ്സുകളിലെ പരിഗണിക്കപ്പെടേണ്ട നവീകരണമാണെന്ന വസ്തുതയെ എടുത്തുകാട്ടുകയാണ്. പുതുജനുസ്സുകളുടെ സൃഷ്ടിയിലൂടെ ഒരേ സമയം പാരമ്പര്യത്തെ നിലനിർത്താനും നവീകരിക്കാനും കഴിയുന്നുവെന്നും ഇതോടൊപ്പം അവർ കൂട്ടിച്ചേർക്കുന്നു. ജനുസ്സുകളെ സംബന്ധിച്ച ഇതേ ആശയം പങ്കുവയ്ക്കുന്ന സ്റ്റീവ് നീൽസിന്റെ കാഴ്ചപ്പാടുകളെ ഇതിനോട് ചേർത്ത് വായിക്കാവുന്നതാണ്.

Genre and Hollywood' എന്ന തന്റെ കൃതിയിൽ സ്റ്റീവ് നീൽസ് ഹോളിവുഡ് സിനിമയെ മുൻനിർത്തി ജനുസ്സുകളെക്കുറിച്ചുള്ള തന്റെ നിരീക്ഷണങ്ങളവതരിപ്പിക്കുന്നു. ഒരു മാധ്യമപാഠം ഉൾക്കൊള്ളുന്ന വിഭാഗമെന്ന നിർവചനമാണ് ജനുസ്സുകൾക്ക് അദ്ദേഹം നൽകുന്നത്. ജനുസ്സുകൾക്കുള്ളിലെ പ്രവണതകൾ കാലാനുസൃതമായി പരിവർത്തനപ്പെടുന്നുവെന്നും, കൂട്ടിച്ചേർക്കലുകളും തിരുത്തലുകളും പുനരാവിഷ്ക്കാരങ്ങളും ഒഴിവാക്കലുകളുമെല്ലാം സജീവമായി തന്നെ അവിടെ സംഭവിക്കുന്നുവെന്നും പറയുന്നതിലൂടെ പരിവർത്തനങ്ങളുടെയും വൈവിധ്യങ്ങളുടെയും ഇടങ്ങളാണ് ജനുസ്സുകൾ എന്ന് അദ്ദേഹം സ്ഥാപിക്കുന്നു. എല്ലാ ജനുസ്സുകൾക്കും പൊതുവായി പങ്കുവെയ്ക്കപ്പെടുന്ന ധാരാളം ഘടകങ്ങളുണ്ടെങ്കിലും ഓരോ ജനുസ്സും തനത് സവിശേഷതകളിൽ ഏകീയമായിത്തന്നെ വർത്തിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കുന്നു.ഒരു ജനുസ്സിലെ പാഠത്തെ തന്നെ വ്യത്യസ്ത കാലങ്ങളിൽ തികച്ചും വ്യത്യസ്തമായ

ജനുസ്സുകളിലേക്ക് പുനരാഖ്യാനം ചെയ്യുമ്പോൾ പുതു ജനുസ്സുകൾ മൂലപാഠത്തോട് കടപ്പെട്ടിരിക്കുന്നുവെങ്കിലും അതിനെ ചെറിയൊരു അംശംത്തിൽ പോലും പ്രകടമാക്കാത്തവിധം സ്വതന്ത്രസ്വത്വം പുലർത്തുന്നവ ധാരാളം ഉണ്ടായിരിക്കും.

ആവർത്തനങ്ങളും വൈരുദ്ധ്യങ്ങളും ജനുസ്സുകളുടെ അടിസ്ഥാനസ്വഭാവമാണെന്ന് സ്റ്റീവ് നീൽസ് ശക്തമായിത്തന്നെ വാദിക്കുന്നു. സവിശേഷമായ, ഒരേ ജനുസ്സിൽ ഉൾപ്പെടുന്ന പാഠങ്ങൾ ഒരുപോലെ സമാനവും വ്യത്യസ്തവുമാണെന്ന് ഇതിലൂടെ വ്യക്തമാക്കുന്നു. ആവർത്തനവും വൈരുദ്ധ്യവും ജനുസ്സുകളുടെ അടിസ്ഥാന സ്വഭാവമായി മാറുന്നത് ഇങ്ങനെയാണ്. പ്രേക്ഷകർക്ക് അർത്ഥവും ആനന്ദവും പ്രദാനം ചെയ്യുക, പുതുമകൾക്കും വൈരുദ്ധ്യങ്ങൾക്കും സമാന്തരമായി വർത്തിച്ചുകൊണ്ട് സാമ്പത്തികപ്രതിസന്ധികളെ മറികടക്കുക എന്നീ രണ്ട് ധർമ്മങ്ങൾ ജനുസ്സുകൾ പാലിക്കുന്നുവെന്നാണ് ഹോളിവുഡ് സിനിമയെ മുൻനിർത്തി സ്റ്റീവ് നീൽസ് വാദിക്കുന്നത്. കല വർത്തമാനകാലത്തിന്റെ ചലനങ്ങളെക്കൂടി അവതരിപ്പിക്കുവാൻ പര്യാപ്തമാകുമ്പോഴേ പ്രേക്ഷകസ്വീകാര്യതയിൽ ഉയർച്ചയുണ്ടാകുകയുള്ളൂ എന്നത് എക്കാലത്തെയും പ്രധാനഘടകമാണ്. മലയാളസിനിമയിൽ ഒരുകാലത്ത് നിലനിന്ന കലാസിനിമയെന്നും വാണിജ്യസിനിമയെന്നുമുള്ള വേർതിരിവ് പാടേ ഇല്ലാതായി അവയുടെ സമഗ്രമായ അവതരണത്തിന്റെ ഒരുതലം ലിജോ ജോസ് പെല്ലിശ്ശേരിയെപ്പോലുള്ളവരുടെ സിനിമകളിലേക്കെത്തുമ്പോൾ കാണാൻ സാധിക്കുന്നു. ഇത് ഇന്നത്തെ പ്രേക്ഷകസമൂഹത്തിന്റെ രുചിയറിഞ്ഞുള്ള ആവിഷ്കരണം ആകുന്നതിനാലാണ് അവയ്ക്ക് പ്രേക്ഷകസ്വീകാര്യത ഉറപ്പിക്കുവാനും സാമ്പത്തികവിജയം കൈവരിക്കാനും സാധിക്കുന്നത്. ജനുസ്സുകൾ പ്രതീക്ഷകളുടെയും കൽപ്പനകളുടെയും ഒരു കൂട്ടത്താൽ നിർമ്മിക്കപ്പെട്ടവയാണെന്ന് പ്രേക്ഷക സമൂഹത്തെ മുൻനിർത്തി സ്റ്റീവ് നീൽസ് വിശദമാക്കുന്നു.അത് സാമൂഹികമായ എല്ലാ അംശങ്ങളിലും അപ്ഡേറ്റഡ് ആകുകവഴി യുക്തിപൂർണ്ണമായ വൈവിധ്യങ്ങളുടെ ആവിഷ്കാരത്തിലൂടെ പ്രേക്ഷക സ്വീകാര്യതയെ ഉറപ്പിക്കുവാനും അതുവഴി സാമ്പത്തിക പ്രതിസന്ധികളെ

മറികടക്കുവാനും ജനുസ്സുകൾക്ക് സാധിക്കു ന്നുവെന്ന വസ്തുതയെ ആണ് തുറന്നു കാട്ടുന്നത്. കാലാനുസൃ തമായ സാമൂഹികാവസ്ഥ കൾക്കൊത്ത് അപ്ഡേറ്റ് ചെയ്യപ്പെടാനുള്ള സാഹിത്യജനുസ്സുകളുടെ സാധ്യത ഇവിടെ വ്യക്തമാകുന്നു.

ജനുസ്സുകളെ സംബന്ധിച്ച സ്റ്റീവ് നീൽസിന്റെ ആശയങ്ങൾ ക്രിസ്ത്യൻ മെട്സിന്റെ സിദ്ധാന്തങ്ങളോട് ചേർന്ന് നിൽക്കുന്ന വയാണ്. ജനുസ്സുകൾ അവ നിലനിൽക്കുന്ന കാലഘട്ടത്തിൽ ചാക്രികമായ പരിവർത്തനങ്ങളിലൂടെ കടന്നുപോകുന്നുവെന്ന് ക്രിസ്ത്യൻ മെട്സ് ചൂണ്ടിക്കാട്ടുന്നു. പരീക്ഷണഘട്ടം, ക്ലാസിക്ക് ഘട്ടം, പാരഡി ഘട്ടം, അപനിർമ്മാണ ഘട്ടം എന്നിവയാണ് ജനു സ്സുകളുടെ പരിവർത്തനപ്രക്രിയയിലെ പ്രധാനഘട്ടങ്ങൾ എന്നും അദ്ദേഹം വ്യക്തമാക്കുന്നു. ഒരു ജനുസ്സിലെ ആരംഭദശയായി പരീ ക്ഷണഘട്ടത്തെ കണക്കാക്കാം. ജനുസ്സിന്റെ അടിത്തറ നിർമ്മി ക്കപ്പെടുന്നതും ജനുസ്സാധിഷ്ഠിത കോഡുകളും സമ്പ്രദായങ്ങളും സ്ഥാപിക്കപ്പെടുന്നതും ഈ ഘട്ടത്തിലാണ്. പുതുചിന്തകൾക്ക് സാഹിത്യത്തിൽ സ്ഥാനമുള്ളിടത്തോളം സാഹിത്യജനു സ്സുകളിൽ ഇത് സംഭവ്യമാണെന്നത് വ്യക്തമാണ്. ഇത്തരത്തിൽ സ്ഥാപിതമായ ജനുസ്സുകൾ മാർഗ്ഗനിർദ്ദേശകതത്ത്വങ്ങളായി മാറുന്ന ഘട്ടമാണ് ക്ലാസിക് ഘട്ടം. ഇവിടെ വിഷയം അതിന്റെ സംപ്രേഷണത്തിനനി വാര്യമായ ഘടകങ്ങളോട് കൂടുതൽ ഇടപെടുന്നു. ഒരു ജനുസ്സ് ഉരുത്തിരിയാൻ ആരംഭിക്കുന്നതും ഇതര ജനുസ്സുകളോട് കൂടിക്ക ലരുന്നതുമായ ഘട്ടമാണ് അപനിർമ്മാണ ഘട്ടം. ജനുസ്സുകളുടെ അന്തർവൈജ്ഞാനിക ഇടപെടൽ എന്നത്കൊണ്ട് അനിസ് ബവർ ഷിയെപ്പോലുള്ള ചിന്തകർ അർത്ഥമാക്കുന്നതും ഇത് തന്നെയാണ്.

ജനുസ്സുകളെ നിയന്ത്രിച്ചിരുന്ന ചില നിയമാവലികൾ ഇവിടെ നിരന്തരമായി തകർക്കപ്പെടുകയും സങ്കരജനുസ്സുകൾ സൃഷ്ടിക്കപ്പെ ടുകയും ചെയ്യുന്നു. ഇത് ആശയാനുവർത്തനങ്ങളുടേതായ പാരഡി ഘട്ടത്തിന്റെ ആവിർഭാവത്തിന് വേദിയാകുന്നു. ജനുസ്സാധിഷ്ഠി തകോഡുകളും സമ്പ്രദായങ്ങളും സ്ഥാപിക്കപ്പെടുന്നതും വ്യാപക മായി തിരിച്ചറിയപ്പെടുന്നതും സ്വീകരിക്കപ്പെടുന്നതും പാരഡിഘട്ട ത്തിലാണ്. ഒരു ജനുസ്സ് ഇതര ജനുസ്സുകളോട് ഇഴചേർന്നുള്ള

ആദാനപ്രദാനങ്ങളെ ഉൾവഹിച്ചുകൊണ്ട് തന്നെ തികച്ചും സ്വതന്ത്രമായ പുനരാവിഷ്ക്കരണങ്ങൾക്ക് വിധേയപ്പെടുന്ന ഘട്ടമാണ് ഇത്.എല്ലാ ചട്ടക്കൂടുകളെയും അതിലംഘിച്ചുള്ള വ്യക്തമായ ജനുസ്സുകളെ അപനിർമ്മാണത്തിന്റെ ഘട്ടത്തിൽ കാണാൻ കഴിയും. സാഹിത്യജനുസ്സുകളുടെ ആവിർഭാവത്തിലും പരിണാമങ്ങളിലും പുരോഗതിയിലും വ്യക്തമായ സ്വാധീനം ചെലുത്തുന്ന സാമൂഹിക ഘട്ടങ്ങളെയും ഘടകങ്ങളെയും മില്ലറെ പോലെ തന്നെ ക്രിസ്ത്യൻ മെട്സും സൈദ്ധാന്തികമായി അപഗ്രഥിക്കുന്നു. രണ്ട് സിദ്ധാന്തങ്ങളും ജനുസ്സുകളിൽ സമാനതകളും വൈവിധ്യങ്ങളും നിലനിൽക്കുന്നുവെന്ന് പ്രസ്താവിക്കുന്നു. ജനുസ്സുകൾ അസ്ഥിരങ്ങളാണെന്നും കാലാനുസൃതമായ സാമൂഹിക പരിവർത്തനങ്ങളും പരിണാമങ്ങളും അവയിൽ സജീവമായി നടക്കുകയും സാമൂഹിക ചലനങ്ങൾക്കൊത്ത് പുതുജനുസ്സുകൾ രൂപം കൊള്ളുകയും ചെയ്യുന്നുവെന്നും ഇരുവരും വാദിക്കുന്നു.

'A semiotic/syntactic approach to a Film Genre' എന്ന പ്രബന്ധത്തിൽ വ്യക്തമായ ഒരു സിദ്ധാന്തത്തിന്റെ അപര്യാപ്തത മൂലം അനിശ്ചിതത്വങ്ങളും സംഭ്രമങ്ങളും വൈരുദ്ധ്യങ്ങളും സംഭവിച്ച് സിനിമാമേഖല മലീമസമാകുന്നുവെന്ന റിക്ക് അൽമാൻസിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. സാമൂഹികചലനങ്ങളോട് ബന്ധപ്പെടുത്തിയുള്ള സാഹിത്യജനുസ്സുകളുടെ സൈദ്ധാന്തിക പഠനത്തിന്റെ അനിവാര്യത ഇവിടെ തെളിയുന്നു. 'Genre: An Introduction to History, Theory, Research and Pedagogy' എന്ന കൃതിയിൽ അനിസ് ബവർഷി ഒരു കൂട്ടം അന്തർവൈജ്ഞാനിക തലങ്ങളെ ഉൾക്കൊള്ളുന്ന സാഹിത്യഭാഷണങ്ങളുടെ സങ്കലനമാണ് ജനുസ്സുകൾ എന്ന് നിർവ്വചിക്കുന്നു. ജനുസ്സുകളെ ചരിത്രാത്മകതലത്തിൽ നോക്കിക്കൊണ്ട് കാലാന്തരത്തിൽ അവയിൽ സംഭവിച്ച സാമൂഹികപരിണാമങ്ങളെ വിലയിരുത്തുകയാണ് അദ്ദേഹം. ജനുസ്സുകളുടെ പുനർവിചിന്തനത്തിലേക്ക് നയിച്ച പ്രധാനവിഷയങ്ങളും സിദ്ധാന്തങ്ങളും യുക്തിപൂർവ്വം വിശദീകരിക്കുന്നതിനൊപ്പം ജനുസ്സുകളുടെ പഠനത്തിലെ പ്രത്യക്ഷാവസ്ഥകളെയും വികസനരേഖകളെയും ഗവേഷണങ്ങളെയും കൃത്യമായി ഇവിടെ അന്വേഷിക്കു

ന്നു. വ്യത്യസ്തധാരകൾക്കുള്ളിലും വ്യവസ്ഥിതികൾക്കുള്ളിലും നിന്നുകൊണ്ട് വിവിധ ജനുസ്സാധിഷ്ഠിത വിഷയങ്ങളെ പഠിക്കുന്നതിനുള്ള സാധ്യതകളെയും ചർച്ചചെയ്യാൻ അദ്ദേഹം ശ്രമിക്കുന്നു. സാഹിത്യ വിഷയകവും സാമൂഹികവുമായ സന്ദർഭങ്ങളിലെ ജനുസ്സുകളുടെ പ്രവർത്തനത്തെ വ്യക്തമായി വിലയിരുത്തുന്നതിലൂടെ സമൂഹവും സാഹിത്യജനുസ്സുകളും തമ്മിലുള്ള ബന്ധം ഇവിടെ വിശദീകരിക്കപ്പെടുന്നു. ഒരു സാംസ്കാരിക പരിതഃസ്ഥിതിയിൽ വിഹരിക്കുന്ന മനുഷ്യർ അതിനുള്ളിൽ സംഭവിക്കുന്ന സാഹചര്യമാതൃകകളോട് പരിചിതരാവുകയും അതിനനുസൃതമായി പ്രവർത്തിക്കുകയും സർഗാത്മകമായ പുതുസൃഷ്ടികൾ നടത്തുകയും ചെയ്യുമ്പോൾ പുതുസാഹിത്യജനുസ്സുകൾ ആവിർഭവിക്കുന്നുവെന്ന് ഇവിടെ പ്രസ്താവിക്കുന്നത് പൂർവ്വ സിദ്ധാന്തങ്ങളുടെ ആശയങ്ങളെ സാർത്ഥകമായി സന്നിവേശിപ്പിച്ചുകൊണ്ടുതന്നെയാണ്. ആവർത്തിക്കപ്പെടുന്ന സാഹചര്യമാതൃകകളുടെ രൂപീകരണത്തിന് കാരണമാകുന്ന സാംസ്കാരിക സന്ദർഭങ്ങളെ സംബന്ധിച്ച മിഖായേൽ ഹാലിഡേയുടെ ആശയം ജെ. ആർ. മാർട്ടിനെ പോലുള്ള ചിന്തകർക്ക് പ്രചോദകമാകുകയും സാമൂ ഹികചോദനകൾക്കനുസൃതമായ സാഹിത്യജനുസ്സുകളുടെ പഠനത്തിന്റെ പ്രസക്തിയെ അവർ വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. ‘A staged, goal-oriented, social process ‘(J. S Martin- ‘Genre and language learning: A Social Semiotic Perspective, pg:16) എന്ന നിർവ്വചനം സാമൂഹികകർമ്മങ്ങളെന്ന നിലയിൽ സാഹിത്യജനുസ്സുകളുടെ പഠനത്തിലേക്കുള്ള വിപുലമായ സാധ്യതകൾ വരച്ചു കാട്ടുന്നു. ജനുസ്സുകൾ അറിവിന്റെ അടിസ്ഥാനമാണ് (Carol Berken Cotter, Thomas. N. Huckin - ‘ Genre Knowledge in Disciplinary Communication : Cognition/Culture /Power, pg:77) എന്ന നിരീക്ഷണം സാർത്ഥകമാകുന്നതിവിടെയാണ്. ജനുസ്സുകളെ സംബന്ധിച്ച എല്ലാ നിരീക്ഷണങ്ങളും ഒരുപോലെ അംഗീകരിക്കുന്ന വസ്തുത എന്തെന്നാൽ അറിവിന്റെയും ആവിഷ്ക്കരണത്തിന്റെയും സുതാര്യതലങ്ങൾ വിധാനം ചെയ്യുമ്പോഴും ഓരോ സാഹിത്യജനുസ്സും സാമൂഹികചലനങ്ങൾക്കൊത്തുള്ള ജീവഘടകങ്ങൾ എന്ന നിലയിൽ വർത്തിക്കുന്നു എന്നതാണ്.

വ്യത്യസ്തകാലങ്ങളിലെ വ്യത്യസ്തമേഖലകളെ ആധാരമാക്കി ജനുസ്സുകളെ പഠിക്കുന്ന സിദ്ധാന്തങ്ങളെയെല്ലാം പരിശോധിക്കുമ്പോൾ വ്യക്തമാകുന്ന ഏറ്റവും പ്രധാന വസ്തുത ഇവയെല്ലാം സമൂഹവും സാഹിത്യവും തമ്മിലെ ബന്ധത്തെ ആധാരമാക്കി സാഹിത്യജനുസ്സുകളെ സാമൂഹികപ്രവൃത്തികൾ എന്ന നിലയിൽ വിശദീകരിക്കുന്നുവെന്നതാണ്. ഓരോ സാഹിത്യ ജനുസ്സും സാമൂഹികസ്വത്വം പേറിക്കൊണ്ട് കാലാനുസൃതമായ വൈവിധ്യങ്ങളെയും വൈരുദ്ധ്യങ്ങളെയും ആവർത്തനങ്ങളെയും തന്നെയാണ് ആവിഷ്കരിക്കുന്നത്. സമൂഹത്തിൽനിന്ന് വിഭിന്നമായ സാഹിത്യം പ്രത്യക്ഷ സാമൂഹികപരിതഃസ്ഥിതിയിൽ എത്രത്തോളം സ്വീകരിക്കപ്പെടുമെന്നത് ചിന്തിക്കേണ്ട വിഷയമാണ്. ഒരു കാലത്ത് മലയാളസാഹിത്യനിരൂപണരംഗത്തെ രണ്ട് വിഖ്യാത നിരൂപകർ കല കലയ്ക്ക് വേണ്ടിയോ? ജീവിതത്തിന് വേണ്ടിയോ? എന്ന വാദത്തിന്മേൽ നടത്തിയ സംവാദത്തിലൂടെ തന്നെ സാഹിത്യവും സമൂഹവും തമ്മിലുള്ള പൂരകത്വം എന്താണ് എന്നുള്ളതിന് ഉത്തരം കണ്ടെത്തിയിരുന്നു. കല ജീവിതം തന്നെ എന്ന് പരക്കെ സമ്മതിക്കപ്പെടുമ്പോൾ സാഹിത്യം സമൂഹത്തിൽനിന്നും അടരുന്നതെങ്ങനെയെന്ന ചോദ്യം അവശേഷിക്കുന്നു. സാമൂഹികജീവിത സ്പർശിയായ സാഹിത്യകലയിൽ അത് അസാധ്യമാണെന്ന പരമമായ വാസ്തവത്തെ തന്നെയാണ് സാമൂഹികവൃത്തികളാകുന്ന സാഹിത്യജനുസ്സുകളെക്കുറിച്ചുള്ള ചിന്തയിൽ മേൽപ്പറഞ്ഞ സിദ്ധാന്തങ്ങളെല്ലാം ഉയർത്തിക്കാട്ടുന്നത്.

## Reference:


1. Ahman, Rick : 'A Somiotic / Syntactic Approach to film Genre', University of Texas Press, 1984.
2. Bawarshi, Anis and Mary Jo Reiff: ' Genre: An Introduction to History, Theory, Research and Pedagogy', Parlor Press and the WAC clearing house, 2010.
3. Berken Cotter, Carol and Huckin, Thomas N: 'Genre knowledge in Disciplinary communication': Cognition/culture/ power', Routledge, 1994.

4. Chandler, Daniel: 'An Introduction to Genre Theory', Abey huyth Unversity, January 2009.
5. Derida, Jaques: 'The law of genre', University Chicago Press, 1981.
6. Devitt, Amy J: 'A Theory of Genre. Writing Genres', Sauthern Illinoia University Press, 2004.
7. Mastin J S : 'Genre and Lanugage Learning: A Social Semiotic Perspective, University of Sydney, 2000.
8. Miller, Carolyn R: ' Genre as social Action', Quarterly Journal of Speech, May 1984.
9. Miller, Carolyn R : 'Genre change and Evolution', Jack AB: Inkshed Publishers, 2015.
10. Neale Steave: 'Genre and Hollywood', Routledge, 16 December 1999.

■■■

# തുടർച്ചതേടുന്ന വാൾട്ടർ ജെ. ഓങ്ങിന്റെ വാങ്മയ സങ്കല്പം

**നവീൻ എസ്. വി.**

ഗവേഷകൻ, മലയാളവിഭാഗം

കേരളസർവകലാശാല, കാര്യവട്ടം ക്യാമ്പസ്

**സംഗ്രഹം**

വാമൊഴി സംസ്കാരത്തെക്കുറിച്ച് പല പരിപ്രേക്ഷ്യത്തിലുള്ള പഠനങ്ങൾ ഇന്ന് ഉണ്ടാകുന്നുണ്ട്. സാക്ഷരതയുടെ ഉദയത്തോടെ വാമൊഴിയുടെ പ്രാതിനിധ്യത്തിൽ ഉണ്ടായ ഇടിവിനെ സംബന്ധിച്ച് വാൾട്ടർ ജെ. ഓങ് വിമർശനാത്മകമായ തന്റെ ചിന്തകൾ പങ്കുവയ്ക്കുന്ന പ്രബന്ധമാണ് 'വാങ്മയതയും സാക്ഷരതയും'. വാൾട്ടർ ജെ. ഓങ് മുന്നോട്ടുവയ്ക്കുന്ന വാങ്മയതയെ സംബന്ധിച്ചുള്ള സൈദ്ധാന്തിക ചിന്തകളെ സംഗ്രഹിച്ച് അവതരിപ്പിക്കുകയും, കേൾവി അധിഷ്ഠിത പാഠങ്ങൾ/മാധ്യമങ്ങൾ സജീവമായിക്കൊണ്ടിരിക്കുന്ന സമകാലിക പശ്ചാത്തലത്തിൽ അദ്ദേഹത്തിന്റെ ചിന്തകളുടെ വിശകലനവുമാണ് ഈ പ്രബന്ധത്തിൽ ഉദ്ദേശിക്കുന്നത്.

**താക്കോൽ വാക്കുകൾ**

വാമൊഴി, വരമൊഴി, വാങ്മയത, സാക്ഷരത, എഴുത്ത്, അച്ചടി, ഓഡിയോ പാഠങ്ങൾ, ദൃശ്യം, ശ്രവ്യം.

മനുഷ്യർ ചിന്തയുടെ ആവിഷ്കാരത്തിന് കാലാനുസൃതമായ മാറ്റങ്ങൾ സ്വീകരിച്ചുകൊണ്ടേയിരിക്കുന്നു. ആവിഷ്കാരമാധ്യമ

ചരിത്രത്തിലെ പരിണാമങ്ങൾ പരിശോധിക്കുമ്പോൾ ഒരുകാര്യം വ്യക്തമാണ്, മനുഷ്യർ സൗകര്യത്തെ മാനിച്ചും അധ്വാനലഘൂകരണത്തെ കാംക്ഷിച്ചുമാണ് എല്ലാ കണ്ടുപിടിത്തങ്ങളും നടത്തിയിരിക്കുന്നത്. മനുഷ്യപ്രതിഭയുടെ വികാസത്തെ മാധ്യമവികാസവുമായി ചേർത്ത് വായിച്ച മക്ലൂഹന്റെ ആലോചനയും സമാനമാണ്. മക്‌ലൂഹന്റെ മാധ്യമവിചാരം ഭാവികാലത്തിലേക്ക് ദൃഷ്ടി ഉറപ്പിച്ചപ്പോൾ ഭൂതകാലസ്മൃതികളിലേക്ക് ശ്രദ്ധയുറപ്പിച്ച സമകാല ചിന്തകനായിരുന്നു വൈദിക പണ്ഡിതനായ പ്രൊഫ. വാൾട്ടർ ജെ. ഓങ്. മനുഷ്യന്റെ ആവിഷ്കാരസീമയെ വിപുലപ്പെടുത്താൻ ഏറെ സഹായിച്ച കണ്ടെത്തലാണ് ലിപിവിദ്യ. ഭാഷയെയും സാഹിത്യത്തെയും സംബന്ധിച്ച് ലിപിവിദ്യയുടെ വികാസവും അച്ചടിയും മാനവചരിത്രത്തിലെ സുപ്രധാനഘട്ടവുമാണ്. എന്നാൽ വരമൊഴിവികാസം വാമൊഴിയോട് പുലർത്തുന്ന സമീപനപരമായ പ്രശ്നങ്ങൾ രാഷ്ട്രീയസ്വഭാവമുള്ളതാണ്. പലമാനങ്ങളിൽ ഉള്ള രാഷ്ട്രീയം അതിനുമുകളിൽ പ്രവർത്തിക്കുന്നുണ്ട്. വാൾട്ടർ ജെ. ഓങ് വാമൊഴി നേരിടുന്ന ഇത്തരം പ്രശ്നങ്ങളെ ചരിത്രപരമായി വിശകലനം ചെയ്യാൻ ശ്രമിക്കുന്നു. വചനകേന്ദ്രിതത്വം അദ്ദേഹത്തിന്റെ ചിന്തകളിൽ പ്രകടമാണ്. വിയോജിപ്പുകൾക്ക് ഒപ്പം തന്നെ അദ്ദേഹത്തിന്റെ ചിന്തകളിൽ പലതിനും സമീപകാല പ്രസക്തിയേറെയുമാണ്. പ്രത്യേകിച്ചും പറച്ചിൽസംസ്കാരത്തിലും കേൾവിസംസ്കാരത്തിലും പുതിയ മാതൃകകൾ ഉരുവാകുന്ന ഇക്കാലത്ത്. എഴുത്ത് വിദ്യ പഠിച്ച സമൂഹം ശബ്ദാധിഷ്ഠിതമായി നിലനിന്ന സമൂഹത്തെ നോക്കിക്കാണുന്നതിലെ പ്രശ്നങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് അദ്ദേഹത്തിന്റെ ചർച്ചകൾ ആരംഭിക്കുന്നത്. ലെവിസ്ട്രസ് ഉപയോഗിക്കുന്ന savage mind എന്ന പദത്തിന്റെ നിരർത്ഥകതയെ അദ്ദേഹം ചോദ്യം ചെയ്യുന്നു. അപരിഷ്കൃതം/അനാഗരികം എന്നിങ്ങനെ അർത്ഥം കൽപ്പിക്കാവുന്ന ഈ പദപ്രയോഗത്തിനു പിന്നിൽ പ്രവർത്തിക്കുന്നത് ആക്ഷരിക അധികാരം തന്നെയാണെന്ന് അദ്ദേഹത്തിന്റെ ചിന്തകൾ വിശകലനം ചെയ്യുമ്പോൾ വ്യക്തമാകുന്നു. ആദിമസമൂഹത്തെ ഇത്തരത്തിൽ വിശേഷിപ്പിക്കുന്നതിലെ ദോഷത്തെ അദ്ദേഹം മുഖവുരയ്ക്കെടുക്കുകയാണ്. സാക്ഷരസമൂഹത്തിന്റെ മേധാവിത്വം കലർന്ന ചിന്തയാണ് പ്രാഗ്സാക്ഷരം (pre-

literate) \നിരക്ഷരം (illiterate) എന്നിങ്ങനെയുള്ള ഭേദങ്ങൾ കൽപ്പിക്കലിന് പിന്നിലും പ്രവർത്തിക്കുന്നതെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. തനിമയുള്ള സമൂഹമായതിനാൽ തന്നെ ആദിമസമൂഹത്തിന് 'വാങ്മയ സമൂഹം' എന്ന പേരാണ് വാട്ടർ ജെ ഓങ് നൽകുന്നത്.[1] *വാങ്മയതയും സാക്ഷരതയും* എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ഇതിനെസംബന്ധിച്ച് ദീർഘമായ തന്റെ ചിന്തകൾ പങ്കുവയ്ക്കുന്നു. സാഹിതീയമായ ചിന്തകൾക്ക് സൈദ്ധാന്തികമായ അടിത്തറയേകാൻ ഉപോദ്ബലകമായ ഘടകങ്ങളെ കാര്യകാരണ സഹിതം അദ്ദേഹം വിശകലനം ചെയ്യുന്നുമുണ്ട്. ഭാഷയുടെ വാങ്മയത, അതിന്റെ ഒന്നുംരണ്ടും ഘട്ടങ്ങൾ,വാങ്മയ പാരമ്പര്യത്തെക്കുറിച്ചുള്ള നവീനമായ ഔത്സുക്യങ്ങൾ,ഹോമർ കൃതികളിലെ വാങ്മയത, വാങ്മയതയുടെ മാനസികത, ബോധത്തെ പുനക്രമീകരിക്കുന്നതിന്റെ പ്രശ്നങ്ങൾ, അച്ചടി, സ്ഥലാത്മകത, സംവൃതത്വം (closure) വാങ്മയസ്മരണ, കഥാരേഖ, കഥാപാത്ര ആവിഷ്കരണം, നവീന സാഹിത്യചിന്താപദ്ധതികളുടെ വിലയിരുത്തൽ, സംവേദന ചരിത്രം പുതുക്കിയെഴുതാനുള്ള വിഭവങ്ങൾ എന്നിവ അദ്ദേഹം ഈ ഗ്രന്ഥത്തിൽ ചർച്ചചെയ്യുന്നുണ്ട്.[2] ഇതിൽ വാങ്മയതയിൽ അദ്ദേഹം നിരീക്ഷിക്കുന്ന സ്വഭാവഘടകങ്ങൾ, രണ്ടാം വാങ്മയ ഘട്ടത്തിന്റെ സവിശേഷതകൾ, എന്നിവയിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള അന്വേഷണങ്ങളാണ് ഇവിടെ ചർച്ചചെയ്യാൻ ഉദ്ദേശിക്കുന്നത്. വാമൊഴിയോട് പല തരത്തിൽ സാധർമ്യം പുലർത്തുന്ന ഓഡിയോ പാഠങ്ങൾക്ക് വാൾട്ടർ ജെ. ഓങ് അവതരിപ്പിക്കുന്ന വാങ്മയതയുടെ രണ്ടാം ഘട്ടത്തിൽ സവിശേഷസ്ഥാനം കൽപ്പിക്കാൻ സാധിക്കും. അതിനുവേണ്ടി ഓങ് മുന്നോട്ടു വയ്ക്കുന്ന വാങ്മയതയുടെ രണ്ടാം ഘട്ടത്തെയും എഴുത്ത്, അച്ചടി എന്നിവ വാങ്മയരൂപങ്ങളോട് ആഖ്യാനപരമായും ഘടനപരമായും എപ്രകാരമൊക്കെ വ്യത്യാസപ്പെട്ടിരുന്നുവെന്നതിനെയും വിശകലനം ചെയ്യേണ്ടതുണ്ട്. കേൾവിയധിഷ്ഠിതമായ സമകാലിക ശബ്ദപാഠങ്ങളെ (Audio texts) ഓങ്ങിന്റെ രണ്ടാം വാങ്മയഘട്ടത്തോട് ചേർക്കുമ്പോൾ വ്യക്തമാകുന്ന ചില ദർശനങ്ങളുണ്ട്. അതിൽ പ്രധാനം, വാമൊഴിയുടെയും വരമൊഴിയുടെയും അച്ചടി അടക്കം പിൽക്കാലത്തു വരമൊഴി നിർമിച്ച ഭാഷയിലെ പരിണാമങ്ങളെയും ഉൾക്കൊള്ളുന്നതിനുള്ള ശ്രമമാണ് നൂതന

ശബ്ദപാഠങ്ങൾക്കുള്ളതെന്നതാണ്. വാമൊഴി, വരമൊഴി ഭാഷാ സാഹിത്യഘട്ടങ്ങളെയും ആ ഘട്ടങ്ങളിലെ പാഠങ്ങളെയും വിലയിരുത്തിയാൽ അത് വ്യക്തമാകും. രണ്ടാം വാങ്മയഘട്ടത്തിൽ ഓഡിയോ പാഠങ്ങൾ എപ്രകാരം ഉൾപ്പെടുന്നുവെന്ന് മനസിലാക്കുന്നതിനായി ഓങ്ങിന്റെ വാങ്മയസങ്കല്പവും വിഭജനവും എത്തരത്തിലെന്നു പരിശോധിക്കാം.

**ഓങ്ങിന്റെ വാങ്മയ വിഭജനം**

ഓങ് വാങ്മയതയെ രണ്ടായാണ് തരംതിരിക്കുന്നത്. അതിൽ ഒന്നാംഘട്ടം സാക്ഷരതയുമായി യാതൊരു ബന്ധവുമില്ലാത്ത ആദിമവാങ്മയങ്ങളെയാണ് ഉൾക്കൊള്ളുന്നത്. രണ്ടാം വാങ്മയത അതിന്റെ നിലനിൽപ്പിനായി എഴുത്തിനെ ആശ്രയിച്ച് നിൽക്കുന്നതായി അദ്ദേഹം വിശദമാക്കുന്നു. അതായത് എഴുത്ത്, അച്ചടി എന്നിവ സജീവമായതിനുശേഷം നിലനിന്നു പോകുന്ന വാങ്മയ രൂപങ്ങൾ, അവയെ സമാശ്രയിച്ച് പുതിയ ആവിഷ്കാരതത്ത്വം രൂപീകരിക്കുന്നു. ടെലിഫോൺ, റേഡിയോ, ടി.വി. എന്നിവയെ അദ്ദേഹം ഈ രണ്ടാം ഘട്ടത്തിലാണ് ഉൾപ്പെടുത്തുന്നത്. ഇതിൽ നിന്നും വ്യക്തമാകുന്ന ഒരു കാര്യം എന്തെന്നാൽ വാങ്മയതയെ വാൾട്ടർ ജെ.ഓങ് അപരമായ, ഇപ്പോൾ നിലനിൽപ്പില്ലാത്ത ഒരു വ്യവസ്ഥയായല്ല പരിഗണിക്കുന്നത്. വാങ്മയ സ്വഭാവം ഓരോ കാലഘട്ടത്തിലും അതിന്റെ സ്വത്വം പല ആവിഷ്കാരരൂപങ്ങളിലായി പരിണമിപ്പിച്ചുകൊണ്ടിരിക്കുന്നു. ഓങ്ങിന്റെ പഠനം യഥാർത്ഥത്തിൽ ഒന്നാം വാങ്മയതയെ കേന്ദ്രീകരിച്ചുകൊണ്ടാണ്.

19-20 നൂറ്റാണ്ടുകളിൽ ഇലക്ട്രോണിക് മാധ്യമങ്ങളുടെ രംഗത്തുണ്ടായ അപൂർവമായ വിപ്ലവം ഓങ് മുന്നോട്ടുവയ്ക്കുന്ന വാങ്മയതയുടെ രണ്ടാംഘട്ടത്തെ പരിപോഷിപ്പിക്കുന്ന വിധത്തിലാണ്. വാങ്മയ-സാക്ഷരപ്രശ്നത്തെ മനസ്സിലാക്കുവാനായി ഹോമർ പഠനങ്ങളെയും ജൂലിയൻ ജെയിനിന്റെ മനുഷ്യമസ്തിഷ്കത്തിന്റെ ദ്വിമണ്ഡലത്വത്തെക്കുറിച്ചുള്ള (bicamerality) നിരീക്ഷണങ്ങളേയും അദ്ദേഹം അപഗ്രഥിക്കുന്നുണ്ട്. മനുഷ്യമസ്തിഷ്കത്തിന്റെ രണ്ടു ഭാഗങ്ങളിൽ വലതുഭാഗം അനിയന്ത്രിതമായ ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നതിനും ഇടതുഭാഗം സംസാരപ്രക്രിയയ്ക്കുതകുന്ന

തിനുമാണ് എന്ന് ജൂലിയൻ ജെയിൻ നിരീക്ഷിക്കുന്നു.[3] ഇതിൽ ശബ്ദഭാഗത്തിന് ലിപിവിദ്യയുടെ വികാസത്തോടെ ഇടിവുതട്ടി എന്ന ജെയിനിന്റെ നിരീക്ഷണത്തെ സാക്ഷര വാങ്മയപ്രശ്നത്തെ വില യിരുത്താൻ ഓങ് ഉപയോഗിക്കുന്നു. സാക്ഷര സമൂഹം നോക്കി ക്കാണുന്നതിൽനിന്ന് വ്യത്യസ്തമായാണ് ഹോമറിനെ വാങ്മയ തയിൽ ഊന്നി വായിക്കേണ്ടത് എന്നതാണ് ഓങ് അടുത്തതായി പറയുന്നത്. ഓർമ്മയിൽ അധിഷ്ഠിതമായ ഭാഷയുടെ ഒതുക്കവും ശൈലീഘടകങ്ങളുമാണ് ഹോമറിന്റെ ഭാഷയിലും ആവിഷ്കര ണരീതിയിലും വെളിപ്പെടുന്നതെന്ന് മിൽമാൻ പാരി, ആദം പാരി തുടങ്ങിയ പണ്ഡിതരുടെ അഭിപ്രായത്തോട് ചേർന്ന് നിന്നുകൊണ്ട് വാൾട്ടർ ഓങ് നിരീക്ഷിക്കുന്നു. ഓർമ്മയിൽ അധിഷ്ഠിതമായ ഈ ശൈലി എഴുത്തിന്റെ ആവിർഭാവത്തോട് കൂടി ഇടിവുതട്ടിയ ഒന്നാണ്. എഴുത്ത് വിദ്യ കണ്ടെത്തിയതോടെ ഓർമ്മയെ ശേഖരിച്ച് വയ്ക്കുന്നതിനുള്ള പ്രയാസം ഇല്ലാതായി. എന്നാൽ ഇന്ന് ഇല ക്ട്രോണിക് മാധ്യമങ്ങളുടെ യുഗത്തിൽ ഓർമ്മകളെ ശബ്ദരൂപത്തിൽ തന്നെ ശേഖരിച്ചുവയ്ക്കാനുള്ള സാധ്യതകൾ ഉണ്ടാകുന്നു. അത്ത രത്തിൽ ആവിഷ്കാരത്തിന്റെ ഘടന വാങ്മയതയോട് ചേർന്നു നിൽക്കുന്ന വിധത്തിൽ പുതുക്കപ്പെടുന്നു. എഴുത്ത് നിർമ്മിച്ച ആഖ്യാനഘടനകൾ നിലനിൽക്കുമ്പോൾതന്നെ കേൾവിയിൽ അധി ഷ്ഠിതമായ ശബ്ദകേന്ദ്രിതമായ ആഖ്യാനരൂപങ്ങൾ, അവതരണ ങ്ങൾ എന്നിവ ഇന്ന് ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ സജീവമായി നിർമ്മിക്കപ്പെടുന്നു. പോഡ്കാസ്റ്റുകൾ, ചാനൽചർച്ചകൾ, അഭിമു ഖങ്ങൾ, പ്രഭാഷണങ്ങൾ തുടങ്ങിയവയൊക്കെയും വാങ്മയത യുടെ ആഖ്യാനത്തോട് ചേർന്ന് നിൽക്കുന്ന വിധത്തിലാണ്. ഇത് മനസ്സിലാക്കുന്നതിനായി വാൾട്ടർ ഓങ് മുന്നോട്ടുവയ്ക്കുന്ന വാങ്മ യഘടകങ്ങളെ അപഗ്രഥിച്ച് പരിശോധിക്കാം.

**വാങ്മയ ഘടകങ്ങൾ : പുനർവായന**

പറയുന്ന വാക്കിനെ എഴുതുന്ന വാക്കിൽനിന്ന് വ്യത്യസ്ത പ്പെടുത്തുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകം സജീവതയാണ്. ഭാഷ എന്ന പ്രവൃത്തി ഇന്ന് ഭാഷ എന്ന പ്രതീകമായി എന്ന് ഓങ് നിരീ ക്ഷിക്കുന്നുണ്ട്. കാഴ്ചയ്ക്ക് ശബ്ദത്തിനുമേൽവന്ന ആധിപത്യ

ത്തെയാണ് ഇവിടെ അദ്ദേഹം വെളിപ്പെടുത്തുന്നത്. വരമൊഴിയിൽ നിന്നും വാമൊഴിയ്ക്ക് ഉണ്ടായിരുന്ന പ്രധാന പരിമിതിയും ഓർ മ്മയുടെ സംരക്ഷണമാണ്. ''പറയുന്ന വാക്കിന് ശബ്ദപരിമിതിയുണ്ട്. ഇത് പ്രകാശനരീതിയെ മാത്രമല്ല ചിന്താപ്രക്രിയയും സ്വാധീനി ക്കുന്നു. ഓർമ്മിക്കാൻ ആവുന്നതേ അവർക്കറിയൂ. സ്മരണാർഹ മായ ചിന്തകൾ അവർ വേർതിരിക്കുന്നു.'' എന്ന് ഇപ്രകാരം ശബ്ദ ത്തിന്റെ പരിമിതിയെ സംബന്ധിച്ച് ഓങ് അഭിപ്രായപ്പെടുന്നു.[4] എ ന്നാൽ രണ്ടാം വാങ്മയ ഘട്ടത്തിൽ ഉൾപ്പെടുത്താവുന്ന ഓഡിയോ പാഠങ്ങൾ സഹിതമുള്ള ശബ്ദ ആഖ്യാനങ്ങൾക്കൊക്കെയും വാ ക്കിന്റെ വാമൊഴിരൂപത്തെ (പറച്ചിൽരൂപത്തെ) സംരക്ഷിച്ചു തന്നെ ആഖ്യാനം ചെയ്യാൻ സാധിക്കും. അത് പുതിയ ആഖ്യാനരൂപത്തെ നിർമ്മിക്കുന്നതിന് കാരണമാകുകയും ചെയ്യുന്നു.

വാങ്മയതയുടെ മറ്റൊരു പ്രധാനസ്വഭാവമായി ഓങ് നിരീ ക്ഷിക്കുന്നത്, വാക്യങ്ങൾക്ക് അടുക്കടുക്കായ വിന്യസനത്തെക്കാൾ സങ്കലിതസ്വഭാവമുണ്ടെന്നതാണ്. രണ്ടാം വാങ്മയഘട്ടത്തിലെ ഇലക്ട്രോണിക് മാധ്യമങ്ങളെ പരിശോധിച്ചാലും ഓങ്ങിന്റെ ഈ നിരീക്ഷണത്തിന് കാമ്പുണ്ട്. മുൻപ് സൂചിപ്പിച്ചതുപോലെ ഇലക്ട്രോ ണിക് മാധ്യമങ്ങളിലൂടെ അവതരിപ്പിക്കപ്പെടുന്ന പരിപാടികൾക്ക് ഭാഷയിൽ (സ്ക്രിപ്റ്റിൽ) ഘടനാപരമായി സങ്കലിതസ്വഭാവമാണ് ഉള്ളത്. നോവലും ചെറുകഥയും അടങ്ങുന്ന സാഹിത്യരൂപങ്ങളോ ടല്ല അവയ്ക്ക് കൂടുതൽ സാമ്യം. എഴുത്ത് പാഠത്തെ പുനരാവി ഷ്കരിക്കാൻ കെൽപ്പുള്ള ശബ്ദ ആവിഷ്കാരങ്ങളായ ശബ്ദപാഠ ങ്ങൾക്ക്(Audio text, Audio book) സങ്കലിതസ്വഭാവത്തെക്കാൾ വാക്യങ്ങളുടെ അടുക്കടുക്കായ വിന്യസനത്തെ ഉറപ്പുവരുത്താൻ സാധിക്കും.

എഴുത്തിൽ നിന്ന് വ്യത്യസ്തമായി വാങ്മയതയുടെ മറ്റൊരു സ്വഭാവസവിശേഷതയായി ഓങ് അവതരിപ്പിക്കുന്നത് അപഗ്രഥ നാത്മകതയെക്കാൾ അവയ്ക്കുള്ള ഏകോപന സ്വഭാവത്തെയാണ്. ''വാങ്മയമായ ഭാഷയ്ക്കും ചിന്തയ്ക്കും അപഗ്രഥനാത്മക സൂക്ഷ് മത ഇല്ല സമഗ്രവും താരതമ്യേന തുടർച്ചയുള്ളതുമായ സാമൂഹ്യ സന്ദർഭങ്ങളിൽ ആണ് വാങ്മയ ബുദ്ധിപ്രകടനം'' എന്ന് ഇപ്രകാരം

ഇതിനെ സംബന്ധിച്ച് ഓങ് പറയുന്നു.[5] എഴുത്തിലെ പുനർവായനയ്ക്കുള്ള സാധ്യത വാങ്മയതയിലില്ല എന്നതിനാലാണ് അവയിൽ അപഗ്രഥനാത്മക സാധ്യതയില്ലാതാകുന്നതെന്ന നിഗമനത്തിൽ എത്തിച്ചേരുന്നത്. ഇത് ഒന്നാം വാങ്മയത്തെ സംബന്ധിച്ച് യോജിക്കാവുന്നതാണ്. എന്നാൽ രണ്ടാം വാങ്മയതയിൽ, എഴുത്തിൽ എന്നപോലെ പാഠത്തെ പുനർവായിക്കുവാനുള്ള സാധ്യതയുണ്ട്. ആയതിനാൽ അവ ഏകോപന സ്വഭാവത്തെക്കാൾ അപഗ്രഥനാത്മകസ്വഭാവമാണ് പ്രകടിപ്പിക്കുന്നത്. ഒന്നാം വാങ്മയതയും രണ്ടാം വാങ്മയതയും പാഠസ്വരൂപത്തിൽതന്നെ പുലർത്തുന്ന വൈജാത്യമാണ് ഇവിടെ തെളിയുന്നത്.

വാചാലത വാങ്മയതയുടെ ഒരു സ്വഭാവമാണ്. എഴുത്തിനെ അപേക്ഷിച്ച് വാങ്മയഭാഷണത്തിന് വേഗത കൂടുമെന്ന് വാട്ടർ ജെ ഓങ്ങ് നിരീക്ഷിക്കുന്നു. ഉചിതമായ സ്വരഭേദങ്ങൾ വാങ്മയ ആവിഷ്കാരങ്ങൾക്ക് സാധ്യമാണ്. രണ്ടാം വാങ്മയതയിലെ ശബ്ദപാഠങ്ങൾക്കും ദൃശ്യ - ശ്രാവ്യാഖ്യാനങ്ങൾക്കും വാചാലസ്വഭാവം കൽപ്പിക്കാവുന്നതാണ്.

വാട്ടർ ജെ. ഓങ് നിരീക്ഷിക്കുന്ന വാങ്മയതയുടെ മറ്റൊരു സ്വഭാവമാണ് അവയുടെ യാഥാസ്ഥിതികത അഥവാ പരമ്പരാഗതത്വം. ''പിറക്കുമ്പോഴേ ഒടുങ്ങുന്നതാണ് വാങ്മയ ആവിഷ്കരണം. സമൂഹം വളരെ ശ്രദ്ധിച്ച് പറഞ്ഞുപറഞ്ഞ് തലമുറകളിലൂടെ അതിനെ നിലനിർത്തുന്നു ധൈഷണിക പരീക്ഷണങ്ങൾക്ക് ഇതിൽ സ്ഥാനമില്ല'', എന്നിങ്ങനെയാണ് വാങ്മയതയുടെ യാഥാസ്ഥിതിക സ്വഭാവത്തെക്കുറിച്ച് ഓങ് വ്യക്തമാക്കുന്നത്.[6] ഓങ്ങിന്റെ ഈ നിരീക്ഷണത്തെ രണ്ടാം വാങ്മയത അതിജീവിച്ചു കഴിഞ്ഞിരിക്കുന്നു. ഒന്നാം വാങ്മയതയുടെ സ്വഭാവമല്ല രണ്ടാം വാങ്മയതയ്ക്ക് ഉള്ളത്.ധൈഷണികമായ അന്വേഷണങ്ങൾക്ക് കൃത്യമായും സ്ഥാനമുള്ള പിറക്കുമ്പോഴേ ഒടുങ്ങാത്ത, രേഖപ്പെടുത്തി സൂക്ഷിക്കുവാൻ സാധിക്കുന്ന ആവിഷ്കരണങ്ങളാണ് രണ്ടാം വാങ്മയഘട്ടത്തിലുള്ളവ. കായികകലയുടെ സ്വരമാണ് വാങ്മയതക്കുള്ളത് എന്നും അദ്ദേഹം പറയുന്നു. ശബ്ദത്തിന്റെ കൊടുക്കൽ വാങ്ങൽ സ്വഭാവത്തെയാണ് അദ്ദേഹം ഇവിടെ വിശദീകരിക്കുന്നത്. ആവിഷ്കാര

ത്തിലെ ഈ സജീവസ്വഭാവം, എഴുത്തിൽനിന്ന് വ്യത്യസ്തമായി ശബ്ദ/ദൃശ്യപാഠങ്ങൾ പ്രകടിപ്പിക്കുന്നുണ്ട്.

വാങ്മയതയ്ക്ക് കൽപ്പിക്കുന്ന മറ്റൊരു സ്വഭാവസവിശേഷതയാണ് 'വസ്തുനിഷ്ഠമായ വിദൂരതയെക്കാൾ അവയ്ക്കുള്ള സഹഭാവവും ഭാഗഭാഗത്വവും.' എഴുത്ത് - അച്ചടിമാധ്യമങ്ങൾ വായനക്കാരെ സംബന്ധിച്ച് ഭാവനയുടെ ലോകം തുറന്നു തരുമ്പോഴും പരോക്ഷമായ അനുഭവമാണ് പ്രദാനം ചെയ്യുന്നത്. ശബ്ദദൃശ്യമാധ്യമങ്ങളെ സംബന്ധിച്ച് എഴുത്തിനെക്കാൾ ഏറെ സജീവത അവയ്ക്ക് ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. ഇതാണ് ഓങ് ഉദ്ദേശിക്കുന്ന സഹഭാവവും ഭാഗഭാഗിത്വവും. പ്രത്യക്ഷമായ ഒരു അനുഭൂതിയാണ് ആസ്വാദകർക്ക് രണ്ടാം വാങ്മയത അഥവാ ഇലക്ട്രോണിക് യുഗത്തിലെ ദൃശ്യ-ശ്രാവ്യമാധ്യമങ്ങൾ നൽകുന്നത്.

ശ്രോതൃപ്രതികരണം വാങ്മയയാഖ്യാനങ്ങളെ ലിഖിതാഖ്യാനങ്ങളുമായി വ്യത്യസ്തപ്പെടുത്തുന്ന വിശേഷഘടകമാണ്. ഒന്നാം വാങ്മയതയിൽ എന്നപോലെ രണ്ടാം വാങ്മയതയിലും ശ്രോതൃപ്രതികരണത്തിന്റെ സാധ്യതകൾ മങ്ങുന്നില്ല. രണ്ടാംഘട്ടത്തിലെ റേഡിയോ ശ്രോതാവുമായുള്ള സജീവബന്ധത്തെ പിന്തുടരുന്നതിന് ഉദാഹരണമാണ്. മറ്റൊന്ന് വാങ്മയ ആവിഷ്കാരങ്ങൾ പ്രകടനങ്ങളാണെന്നതാണ് (Performance). റേഡിയോ അവതരണങ്ങളും, ഓഡിയോ പാഠങ്ങളും, ചാനൽ പരിപാടികളും പുത്തൻ പ്രകടനങ്ങൾ തന്നെയാണ്. ഓങ് വാങ്മയതയിൽ നിരീക്ഷിക്കുന്ന മറ്റൊരു സ്വഭാവം അവ ബഹിർവൃത്തികളാണെന്നതാണ്. എഴുത്തിനുള്ള സംവൃതത്വം (closure) അല്ല വാമൊഴിക്കുള്ളത് എന്ന് ഓങ് വിശ്വസിക്കുന്നു. ഉള്ളിലേക്ക് വായിക്കുവാനും അപഗ്രഥിക്കുവാനും ഉള്ള സാധ്യത എഴുത്ത് നൽകുന്നുവെന്നും ശബ്ദകേന്ദ്രിതമായ വാങ്മയതയ്ക്ക് അതിനുള്ള സാധ്യത ഉണ്ടായിരുന്നില്ലെന്നും അദ്ദേഹം വിശ്വസിച്ചു. എന്നാൽ വാമൊഴിയുടെ ഈ പരിമിതിയെ പിൽക്കാല ശബ്ദമാധ്യമങ്ങൾ അതിജീവിക്കുകയാണ് ഉണ്ടായത്. വാമൊഴിയുടെ ചാക്രികമായ അടുത്തഘട്ടമായോ വികാസമായോ ഇതിനെ വിലയിരുത്താം. വാങ്മയതയിൽ നിന്ന് വ്യത്യസ്തമായ നവീകൃതമായ ഘടനയാണ് എഴുത്തിനുള്ളത് എന്ന് ഓങ് വിലയി

രുത്തുന്നു. എഴുത്ത് നിർമ്മിച്ച നവീകൃതഘടനയെ, എഴുത്തിനു ശേഷം ഉണ്ടായ രണ്ടാം വാങ്മയ ഘട്ടത്തിലെ ശബ്ദ/ശ്രാവ്യ മാധ്യമങ്ങൾക്ക് ആഖ്യാനം ചെയ്യുവാൻ സാധിച്ചു. ''എഴുത്തിനും വായനയ്ക്കുമുണ്ട് ഈ നവീകൃതഘടന. ഉച്ചാരണത്തെ ശരീരവുമായി ബന്ധപ്പെടുത്തുന്നതാണ് ലിപിവിദ്യ. ശീർഷകങ്ങളായവ വേർതിരിയുന്നു.പുസ്തകങ്ങൾക്ക് മുഖമുണ്ട്. പേജുകൾക്ക് തലയുണ്ട്. ശബ്ദത്തിന് ഇല്ലാത്ത ക്രമബോധങ്ങളാണിവ'', ലിഖിതപാഠങ്ങളുടെ നവീ കൃതഘടന വാങ്മയപാഠങ്ങളിൽനിന്നും എത്തരത്തിൽ വ്യത്യാ സപ്പെടുന്നുവെതിനെക്കുറിച്ച് ഓങ് ഇപ്രകാരം പറയുന്നു.[7] അച്ച ടിയും എഴുത്തും നിർമ്മിച്ച ഈ നവീകൃതഘടനയെ പുനരവതരിപ്പിക്കുവാൻ ശബ്ദസാഹിത്യങ്ങൾക്ക് സാധിച്ചു എന്നത് വിപ്ലവമാണ്. എഴുത്തുപാഠത്തിൽ എന്നപോലെ പുസ്തകസങ്കല്പവും, പേജുസങ്കൽപവും ആദിമധ്യാന്തപൊരുത്തവും, ഇതിവൃത്തഘടനയും ഓഡിയോ പുസ്തകങ്ങൾക്ക് നൽകാൻ സാധിക്കുന്നുണ്ട്.

അപഗ്രഥനാത്മകതയ്ക്കുള്ള സാധ്യത നൽകുന്ന എഴുത്തുപാഠങ്ങൾക്ക് ശ്രോതാവും വക്താവും ബാധ്യതയാണെന്നും അദ്ദേഹം വിശ്വസിച്ചിരുന്നു. അതിനെക്കുറിച്ച് വിശദമാക്കുന്നത് ഇങ്ങനെയാണ്, ''എഴുത്തിന്റെ അകൽച്ച ആവിഷ്കരണത്തിന് നവമായ സൂക്ഷ്മത വരുത്തുന്നു. അപഗ്രഥനാത്മകതയ്ക്ക് മൂർച്ചനൽകുന്ന വാക്കുകൾക്ക് ഒറ്റപ്പെട്ട സ്ഥാനം ലഭ്യമാകുന്നു. പറയുന്നവാക്കിന്റെ അകമ്പടിക്കാർ, വക്താവ്, മുഖഭാവം, സ്വരഭേദം, ശ്രോതാവ് തുടങ്ങിയവ എഴുതുന്ന വാക്കിന് ബാധ്യതയായി ഏറ്റെടുക്കേണ്ടിവരുന്നു''.[8] മേൽപ്പറഞ്ഞ പ്രശ്നങ്ങളെ അതിജീവിക്കുവാനാണ് എഴുത്തുപാഠങ്ങൾ ചിഹ്നങ്ങൾ ഉപയോഗിക്കുന്നത്. എന്നാൽ ലിഖിതപാഠത്തിന്റെ ഘടനാപരമായ ഈ സവിശേഷത ഉൾക്കൊള്ളുമ്പോൾ തന്നെ വാമൊഴിയ്ക്ക് മാത്രം നൽകാൻ കഴിയുന്ന സ്വരഭേദങ്ങൾ, ഭാവം, അവതരണശൈലി മുതലായ ഘടകങ്ങളെ സാധ്യമാക്കുവാനും ശബ്ദപാഠങ്ങൾക്ക് സാധിക്കും. അച്ചടി നിർമ്മിച്ച ഇതിവൃത്തത്തിന്റെ ഘടനയെ സ്വീകരിക്കുമ്പോൾ തന്നെ അവതരണപരമായി ഭാവഭേദങ്ങളെ അവയിൽ ഉൾപ്പെടുത്താൻ വാങ്മയതയുടെ രണ്ടാം ഘട്ടത്തിലെ ഈ പുത്തൻ പാഠങ്ങൾക്ക് സാധിക്കുന്നു.

ആവിഷ്കാരമാധ്യമങ്ങളുടെ ചരിത്രം പരിശോധിക്കുമ്പോൾ തന്നെ വാങ്മയത അതിന്റെ സ്വത്വം ഉറപ്പിക്കുവാനുള്ള ശ്രമം നടത്തുന്നുവെന്നതിന്റെ ഭാഗമായി രണ്ടാം വാങ്മയതയുടെ വികാസത്തെ വിലയിരുത്താം. വാട്ടർ ജെ.ഓങ് ഒന്നാം വാങ്മയതയെ സംബന്ധിച്ച് മുന്നോട്ടുവയ്ക്കുന്ന സ്വഭാവസവിശേഷതകളിൽ പലതിനും ടെക്സ്റ്റ് ടു സ്പീച്ചും (Text to speech) സ്പീച്ച് ടു ടെക്സ്റ്റും (Speech to text) ഓഡിയോ ടൈപ്പിംഗും (Audio typing) ഉൾപ്പെടുന്ന രണ്ടാം വാങ്മയതയിലും പ്രസക്തിയുണ്ട്. വാങ്മതയെ അപരമെന്ന സങ്കല്പത്തിൽ നിന്ന് മുക്തമാക്കാൻ അദ്ദേഹത്തിന്റെ ചിന്തകൾക്ക് കഴിയുന്നുണ്ട്. വാമൊഴി ആവിഷ്കരണങ്ങളുടെ തുടർച്ചയായി അച്ചടിയെയും നൂതനമായ ശബ്ദ ആവിഷ്കാരങ്ങളെയും കാണുവാൻ തക്ക വിസ്തൃതി അദ്ദേഹത്തിന്റെ ആശയങ്ങൾക്കുണ്ട്. ഇരുപതാം നൂറ്റാണ്ടിൽ അദ്ദേഹം മുന്നോട്ടുവച്ച ചിന്തകൾക്ക് ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ പുത്തൻ മാധ്യമങ്ങളെയും ഉൾക്കൊള്ളാൻ സാധിക്കുന്നു എന്നത് തന്നെ അദ്ദേഹത്തിന്റെ മാധ്യമചിന്തയുടെ വിശാലത വ്യക്തമാക്കുന്നു.

**കുറിപ്പുകൾ**

1) ബാലകൃഷ്ണൻ കല്പറ്റ (ഡോ). 'വാങ്മയതയും സാക്ഷരതയും', *നിരൂപകന്റെ വിശ്വദർശനം,* പുറം 68.

2) അതേ പുസ്തകം, പുറം 68.

3) The theory posits that the human mind once operated in a state in which cognitive functions were divided between one part of the brain which appears to be "speaking", and a second part which listens and obeys-a bicameral mind, and that the breakdown of this division gave rise to consciounsess in humans. The term was coined by Jaynes who presented the idea in his 1976 book The Origin of Consciounsess in the Breakdown of the Bicameral Mind.

4) ബാലകൃഷ്ണൻ കല്പറ്റ (ഡോ). 'വാങ്മയതയും സാക്ഷരതയും', *നിരൂപകന്റെ വിശ്വദർശനം,* പുറം 70.

5) അതെ പുസ്തകം,പുറം 71.

6) അതെ പുസ്തകം,പുറം 71.

7) അതെ പുസ്തകം,പുറം 76.

8) അതെ പുസ്തകം,പുറം 77.

**ഗ്രന്ഥസൂചി**


1) നവീൻ എസ്.വി., ശബ്ദപാഠങ്ങൾ:ചരിത്രം, വായന, ആസ്വാദനം, (അപ്രകാശിത എം. എ. പ്രബന്ധം) മലയാളവിഭാഗം, കേരളസർവകലാശാല.

2) ബാലകൃഷ്ണൻ കല്പറ്റ ഡോ., *നിരൂപകന്റെ വിശ്വദർശനം,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,1998.

3) Matthew Rubery,Ed., *Audiobooks, Literature and Sound Studies*, Routledge, NewYork 2011.

4) Matthew Rubery,*The Untold Story of the Talking Book*, Harward University Press, Cambridge, Massachusetts and London, England, 2016.

5) Ong, Walter J., and Hartley, John. *Orality and Literacy: The Technologizing of the Word,* United Kingdom, Routledge, 2012.


■■■

# ഉത്തരാധുനിക ബഹുസ്വരദർശനങ്ങൾ

**ഡോ. മേരി എം. ഏബ്രഹാം**

അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം,
സെന്റ് ജോൺസ് കോളേജ്, അഞ്ചൽ

**സംഗ്രഹം**

മലയാള സാഹിത്യത്തിൽ ആധുനികതയ്ക്കുശേഷം പ്രബലമായ ഭാവുകത്വമാണ് ഉത്തരാധുനികത. ഇപ്പോഴും വികസിതമായിക്കൊണ്ടിരിക്കുന്ന ഉത്തരാധുനികതയുടെ ദർശനമുഖം പ്രത്യക്ഷമാകുന്നത് ബഹുസ്വരതയുടെ കുടക്കീഴിലാണ്. ആധുനികാനന്തര സാഹിത്യപ്രവണതകളെ പരാമർശിക്കുന്ന പദമെന്നപോലെ സാമൂഹിക സാംസ്കാരിക സാഹചര്യങ്ങളെ ഉൾക്കൊള്ളുന്ന വിശാലമായ പരികല്പന കൂടിയാണിത്. യുദ്ധാനന്തര യൂറോപ്പിന്റെ സാംസ്കാരികസാഹചര്യങ്ങളിൽ രൂപപ്പെട്ട നവമുതലാളിത്ത സാമ്പത്തികക്രമത്തിന്റെ ഉപരിഘടനയെന്ന നിലയിലാണ് ഉത്തരാധുനികത വ്യവഹരിക്കപ്പെടുന്നത്. അങ്ങനെ ആധുനികതയിൽനിന്ന് വ്യത്യസ്തമായ സാമ്പത്തിക അടിത്തറയിന്മേലാണ് ഉത്തരാധുനികതയുടെ സാംസ്കാരികരൂപങ്ങൾ പ്രത്യക്ഷപ്പെട്ടതെന്നു കാണാം. ആധുനികതയിൽനിന്ന് വ്യതിരിക്തമായ പുതിയ കാലത്തിന്റെ സവിശേഷത ചർച്ച ചെയ്തവരിൽ പ്രമുഖർ ഫ്രഞ്ച് ചിന്തകനായ ഴാങ് ഫ്രാങ്സ്വാല്യോത്യാർ, ഴാങ് ബോദ്രിയാർ, അമേരിക്കൻ മാർക്സിസ്റ്റ് ചിന്തകനായ ഫ്രെഡറിക് ജെയിംസൻ എന്നിവരാണ്. ഇവരുടെ ദർശനങ്ങളുടെ അവതരണമാണ് ഈ പ്രബന്ധം ലക്ഷ്യം വെയ്ക്കുന്നത്.

**താക്കോൽ വാക്കുകൾ**

ഉത്തരാധുനികത, ബഹുസ്വരത, അപകേന്ദ്രീകരണം, മാധ്യമബഹുലത, അന്തഃസ്ഫോടനം, അതിയാഥാർത്ഥ്യം, പകർപ്പുകൾ, അടിത്തറ-മേൽപ്പുര സങ്കൽപ്പം, പിൽക്കാലമുതലാളിത്തം, ബൃഹദാഖ്യാനം, വരേണ്യം, ജനപ്രിയം.

തത്ത്വചിന്ത, ശാസ്ത്രം, കല-സാഹിത്യം എന്നിങ്ങനെ മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളെയും പുനർനിർവചിച്ച സവിശേഷകാലഘട്ടമായിരുന്നു ആധുനികതയുടേത്. ആധുനികത്വം (Modernity) എന്ന പരികല്പന, യൂറോകേന്ദ്രിതജ്ഞാനോദയത്തിന്റെയും അതേത്തുടർന്നുണ്ടായ നവോത്ഥാനാശയങ്ങളുടെയും പാശ്ചാത്യരാജ്യങ്ങൾ കോളനികൾവഴി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രസരിപ്പിച്ച ചിന്താപദ്ധതികളുടെയും ശാസ്ത്രസാങ്കേതികരംഗത്തുണ്ടായ പുരോഗതിയുടെയും സാംസ്കാരിക സന്നിവേശങ്ങളുടെയും സമഗ്രതയെ ഉൾക്കൊള്ളുന്നു. ഇത്തരത്തിൽ യൂറോപ്പ് കേന്ദ്രമാക്കി ആവിർഭവിച്ച ആധുനികത എന്ന സങ്കല്പം മനുഷ്യന്റെ ഭൗതികനേട്ടങ്ങൾക്കും മനുഷ്യബുദ്ധിയുടെ അപ്രമാദിത്വത്തിനും പ്രാധാന്യം നൽകി. മനുഷ്യരാശിയെ പുരോഗതിയിലേക്ക് നയിക്കുന്നതിന്റെ ഭാഗമായി പത്തൊമ്പതാം ശതകമാകുമ്പോഴേയ്ക്കും ശാസ്ത്രസാങ്കേതികവിദ്യകളുടെ പിൻബലത്തിൽ യൂറോപ്പിൽ നൂതനമായ ഒരു യന്ത്രസംസ്കാരം രൂപപ്പെട്ടു. ഗ്രാമീണജീവിതസാഹചര്യങ്ങളിൽ നിന്ന് മനുഷ്യൻ നഗരങ്ങളിലേക്ക് കുടിയേറുകയും പുതിയ സാഹചര്യങ്ങൾ മനുഷ്യന്റെ ചിന്താധാരകളിൽ മാറ്റം വരുത്തുകയും ചെയ്തു. ദൈവകേന്ദ്രിതവും വിശ്വാസാധിഷ്ഠിതവുമായ മുൻധാരണകൾക്കുപകരം യുക്തിചിന്ത കടന്നുവന്നു. പുതിയ ദർശനങ്ങളും കണ്ടെത്തലുകളും രൂപപ്പെട്ടു. പ്രപഞ്ചസത്തയെ മനുഷ്യയുക്തിക്ക് വ്യാഖ്യാനിക്കാൻ കഴിയുംവിധമുള്ള സിദ്ധാന്തങ്ങൾ ആവിർഭവിച്ചു. ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തം, സിഗ്മണ്ട് ഫ്രോയിഡിന്റെ മനോവിശ്ലേഷണം എന്നിവയ്ക്ക് പ്രചാരം ലഭിച്ചു. അങ്ങനെ എല്ലാറ്റിനും ഉത്തരം നൽകിയിരുന്ന, ആത്യന്തികം എന്നു ഗണിക്കപ്പെട്ട ദൈവസങ്കൽപ്പത്തെ നിരാകരിക്കുകയും പകരം മനുഷ്യയുക്തിയെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠി

ക്കുകയുമായിരുന്നു പാശ്ചാത്യ ആധുനികത ചെയ്തത്. മാനവികത, സ്വാതന്ത്ര്യം, സമത്വം തുടങ്ങിയ ഭൗതിക ചിന്തയിലധിഷ്ഠിതമായ ആദർശങ്ങൾക്ക് ഏറെ പ്രചാരം ലഭിച്ചതും ഇക്കാലത്തായിരുന്നു. ഇത്തരം മനുഷ്യകേന്ദ്രിത ചിന്തകളും ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ച് ഫ്രീഡ്റിഷ് നീഷേ ഉന്നയിച്ച ആശങ്കകളും കീർക്കഗാർഡിന്റെ ദൈവത്തെക്കുറിച്ചുള്ള അന്വേഷണവും ദൈവത്തിനു പകരം യുക്തിചിന്തയെ പകരം വച്ചുകൊണ്ടായിരുന്നു. എന്നാൽ ഇത്തരം കാഴ്ചപ്പാടുകൾ മനുഷ്യന്റെ അസ്തിത്വത്തെക്കുറിച്ചുള്ള ആഴമേറിയ ദർശനങ്ങൾ ഉണ്ടായിവരുന്നതിന് കാരണമായി. ആത്യന്തികമായി മനുഷ്യനും മനുഷ്യന്റെ അസ്തിത്വത്തിനും പ്രാധാന്യം നൽകിക്കൊണ്ടായിരുന്നു ആധുനികതയുടെ കലാസാഹിത്യരൂപങ്ങൾ നിർമ്മിക്കപ്പെട്ടത്. സത്താന്വേഷണത്തെക്കുറിച്ചുള്ള ഈ ആശങ്കകൾ ഇരുപതാം നൂറ്റാണ്ടിലെ നോവലിസ്റ്റുകളെ ആഴത്തിൽ സ്വാധീനിച്ചു. വിഖ്യാത റഷ്യൻ നോവലിസ്റ്റുകളായ ഡോസ്റ്റോയേവ്സ്കി, ലിയോ ടോൾസ്റ്റോയ് തുടങ്ങിയവരുടെ കൃതികളിൽ കണ്ടിരുന്ന ഇത്തരം സത്താന്വേഷണങ്ങൾ ചെക്ക്നോവലിസ്റ്റായ ഫ്രാൻസ് കാഫ്ക ഫ്രഞ്ചുകാരായ ഴാങ്പോൾ സാർത്ര്, അൽബേർ കമ്യു എന്നിവരിലെത്തുമ്പോഴേക്കും പ്രബലമാകുന്നതു കാണാം. അസ്തിത്വബോധവും സ്വാതന്ത്ര്യദർശനവും നിഷേധാത്മകതയും ഇവരുടെ കൃതികളിലെ മുഖ്യദർശനമായി മാറി. സ്വന്തം തീരുമാനങ്ങൾകൊണ്ട് സ്വയം സൃഷ്ടിക്കുന്ന മനുഷ്യന് ഏതു ചിന്താപദ്ധതിയെയും അവലംബിക്കാം, വിശ്വാസിയോ അവിശ്വാസിയോ കലാപകാരിയോ ആകാം, സർവ്വമൂല്യങ്ങളെയും ധിക്കരിക്കാം എന്നിങ്ങനെയുള്ള വാദങ്ങൾ ഇതിന്റെ തുടർച്ചയായിരുന്നു. ചുരുക്കത്തിൽ പാശ്ചാത്യ ഭൗതികതയോടുംസാംസ്കാരിക മൂല്യങ്ങളോടുമുള്ള കലഹമായിരുന്നു ആധുനിക നോവൽ സാഹിത്യത്തിലെ ഇത്തരം പ്രവണതകൾ. എന്നാൽ, രണ്ടാംലോകയുദ്ധത്തിനുശേഷം പാശ്ചാത്യലോകത്തുണ്ടായ ചിന്താപദ്ധതികളും ജീവിതരീതികളും വ്യത്യസ്തമായിരുന്നു. ആധുനികത സൃഷ്ടിച്ച സാമ്പത്തിക രാഷ്ട്രീയ സാംസ്കാരിക പരിസരങ്ങളിൽ നിന്നുള്ള വേർപിരിയലായിരുന്നു ഇത്. മാനവികത, യുക്തി എന്നിവയെ കേന്ദ്രീകരിച്ചുള്ള സങ്കൽപ്പങ്ങളുടെ ആധികാരികത നഷ്ടപ്പെടുകയും മാറിയ കാലത്തെ അട

യാളപ്പെടുത്താനുതകുന്ന തത്ത്വചിന്താപരമായ വിശദീകരണങ്ങൾ നൽകുന്നതിൽ ആധുനികതയുടെ ദർശനങ്ങൾ പരാജയപ്പെടുകയും ചെയ്തു. ആധുനികത്വം സൃഷ്ടിച്ച സാമൂഹിക സാഹചര്യങ്ങളും സാങ്കേതികവിദ്യയുടെ അതിവ്യാപനവും പുത്തൻ മുതലാളിത്തത്തിന്റെ ആഗോള മൂലധനപ്രവാഹവും മാധ്യമബഹുലതയും ചേർന്നൊരുക്കിയ പുത്തൻ സാഹചര്യം ഉത്തരാധുനികം എന്നു വിശേഷിപ്പിക്കപ്പെട്ടു. ഈ സാഹചര്യം ആധുനികതയുടേതിൽ നിന്നും തികച്ചും വ്യത്യസ്തമായിരുന്നു. യൂറോ കേന്ദ്രീകൃതജ്ഞാനോദയ പദ്ധതികൾ പുതിയ സാഹചര്യത്തിൽ വിമർശിക്കപ്പെട്ടു. "ജ്ഞാനോദയത്തിന്റെ ത്രിത്വമായയുക്തി (Reason) പ്രകൃതി (Nature) പുരോഗതി (Progress) എന്നിവയെ നിരാകരിക്കലാണ് ഉത്തരാധുനികത" (Gray, Woller (Ed.) 1997:9) എന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. ഇങ്ങനെ മനുഷ്യകേന്ദ്രിതമായി വിലയിരുത്തപ്പെട്ട ചിന്താധാരകളെ അപകേന്ദ്രീകരിക്കുക (Decentre)യാണ് ഉത്തരാധുനികത. ഇലക്ട്രോണിക്സിലുണ്ടായ അഭൂതപൂർവ്വമായ വളർച്ചയിൽ ജ്ഞാനം എന്നത് വാഗ്കേന്ദ്രീകൃതമോ ഗ്രന്ഥകേന്ദ്രീകൃതമോ അല്ലാതാവുകയും അന്തരീക്ഷമാകെ ജ്ഞാനവിനിമയമാർഗമായി പരിണമിക്കുകയും ചെയ്തു. ഇങ്ങനെ സൃഷ്ടിക്കപ്പെട്ട പുത്തൻ മാധ്യമാന്തരീക്ഷം കലാസാഹിത്യരംഗങ്ങളുൾപ്പെടെയുള്ള സമസ്ത മനുഷ്യവ്യാപാര മേഖലകളെയും സ്വാധീനിച്ചു.

ആധുനികതയിൽ നിന്ന് വ്യത്യസ്തമായ സാമ്പത്തിക അടിത്തറയിൻമേലാണ് ഉത്തരാധുനികതയുടെ സാംസ്ക്കാരികരൂപങ്ങൾ പ്രത്യക്ഷപ്പെട്ടത്. ആഗോളമൂലധനം സൃഷ്ടിക്കുന്ന പുതിയ സാമൂഹികാവസ്ഥയിൽ നാഗരികത, തൊഴിൽ, രാഷ്ട്രീയം, സംസ്കാരം, ചരിത്രം, പരിസ്ഥിതി, ലൈംഗികത തുടങ്ങിയവയിലുണ്ടായ മാറ്റങ്ങളെയും അതിനനുസൃതമായി മനുഷ്യസാഹചര്യങ്ങളിലുണ്ടായ പരിവർത്തനങ്ങളും ഉത്തരാധുനികകല അടയാളപ്പെടുത്തുന്നു. ആധുനികതയുടെ സൗന്ദര്യാത്മകതയിൽനിന്ന് വ്യത്യസ്തവും ബഹുസ്വരവുമായ ഒരു സാംസ്ക്കാരിക വിനിമയമാണ് ഉത്തരാധുനികതയിൽ സാധ്യമാകുന്നത്. പത്തൊമ്പതാം ശതകത്തിനൊടുവിലും ഇരുപതാം ശതകത്തിന്റെ ആരംഭത്തിലും നിലനിന്നിരുന്ന

വ്യക്തികേന്ദ്രീകൃതമായ കലാസാഹിത്യസങ്കൽപ്പം ഇല്ലാതായിരിക്കുന്നു. വിഷയിയുടെ മരണം (Death of the subject), കർത്താവിന്റെ മരണം (Death of the author) എന്നീ സങ്കൽപ്പങ്ങളെ ഈ പ്രത്യേക സാഹചര്യത്തിൽ വേണം വിലയിരുത്താൻ. മുൻപ് കഴിഞ്ഞിരുന്നതുപോലെ ഏതെങ്കിലും ഒരു വ്യവസ്ഥാപിത സിദ്ധാന്തത്തിന് വ്യാഖ്യാനിക്കാൻ കഴിയാത്തവിധം ലോകം തികച്ചും പുതിയ ഒന്നായി മാറിക്കഴിഞ്ഞിരിക്കുന്നു. ഈസന്ദർഭത്തിൽ കർത്തൃത്വത്തെക്കുറിച്ചുള്ള പുതിയ അന്വേഷണങ്ങളും വിശദീകരണങ്ങളും ആവശ്യമായി വരുന്നു. ജ്ഞാനകേന്ദ്രീകൃതമെന്നു കരുതുന്ന എല്ലാത്തരം വ്യവസ്ഥകളെയും നിരാകരിച്ചുകൊണ്ടാണ് ല്യോതാർ ഉത്തരാധുനികതയെക്കുറിച്ചുള്ള തന്റെ സിദ്ധാന്തം അവതരിപ്പിക്കുന്നത്. ഇങ്ങനെ ജ്ഞാനം എന്നത് വാക്കിൽനിന്നും ഗ്രന്ഥത്തിൽനിന്നും മാറിപ്പോകുന്ന കേന്ദ്രീകൃതമല്ലാത്ത അവസ്ഥയിലാണ് ഉത്തരാധുനികതയുടെ സൗന്ദര്യശാസ്ത്രം രൂപപ്പെടുന്നത്. പോസ്റ്റ് മോഡേൺ നഗരത്തിനുദാഹരണമായി ലോസ് ആഞ്ജലിസിനെ ചൂണ്ടിക്കാണിക്കാറുണ്ട്. ഇത് കലയെ സംബന്ധിച്ചും ശരിയാകുന്നു. ആധുനികപൂർവ്വനഗരമായി വെനീസിനെയും ആധുനിക നഗരമായി ന്യൂയോർക്കിനെയും ഉത്തരാധുനിക നഗരമായി ലോസ് ആഞ്ജലീസിനെയും വിശേഷിപ്പിക്കുന്നു (Lyon David, 2002: 74-75) പുതുതലമുറ തൊഴിലാളികളും സേവന മേഖലയിലധിഷ്ഠിതമായ ഒരു വ്യവസായാനന്തര സമൂഹവും ഇവിടെയുണ്ട്. നഗരാസൂത്രണത്തിൽ മുൻകാലത്ത് പ്രബലമായിരുന്ന പല സങ്കൽപ്പങ്ങളും ഇല്ലാതാവുകയും ആവശ്യങ്ങൾക്ക് ലഭ്യമാകുംവിധം രൂപപ്പെടുത്തിയ നഗരസംവിധാനങ്ങൾ നിലവിൽ വരികയും ചെയ്യുന്നു. ഉത്തരാധുനിക നഗരത്തെക്കുറിച്ചുള്ള ഈസങ്കൽപ്പം ഉത്തരാധുനിക കലയെ സംബന്ധിച്ചും പ്രസക്തമാണ്. കേന്ദ്രരഹിതമായതും ആസ്വാദകനിഷ്ടപ്പെടുന്നതുമായ ഒരു കലാനിർമ്മാണരീതി അങ്ങനെ ഉത്തരാധുനികതയിൽ ഉരുത്തിരിയുന്നു. എല്ലാത്തരം കേന്ദ്രീകൃതസമീപനങ്ങളോടും കലഹിക്കുന്ന ഒരു സാമൂഹികഘടനയിൽ ഉണ്ടായി വരുന്ന സാഹിത്യകലാരൂപങ്ങൾ സവിശേഷമായ ഒരു സൗന്ദര്യ ദർശനമാണ് മുന്നോട്ടു വയ്ക്കുന്നത്. "ആധുനികതയുടെ ആവിഷ്ക്കാരം ജ്ഞാനാന്വേഷണവുമായി ബന്ധപ്പെട്ടതായിരുന്നു. എന്നാൽ ഉത്ത

രാധുനികതയിലാകട്ടെ അത് സത്താപരമായ അന്വേഷണമായി മാറി യിരിക്കുന്നു' (Cannor Teven(Ed.)1990: 6566) എന്ന് പോസ്റ്റ് മോഡേൺ നോവലുകളെപ്പറ്റി ബ്രയാൻ മക്ഹെയിൽ അഭിപ്രായപ്പെടുന്നുണ്ട്. യാഥാർത്ഥ്യത്തിന്റെ പരസ്പരവിരുദ്ധമായ ബഹുലതയെ വ്യക്തി ഗത പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ട് വിശദീകരിക്കാൻ കഴിയില്ല എന്ന തിരിച്ചറിവാണ് മക്ഹെയിലിന്റെ നിരീക്ഷണങ്ങൾക്കടിസ്ഥാ നം. ക്ലാസിക്കൽ കാലം മുതൽ പ്രബലമായ കലയുടെ അനുകര ണാത്മക വശത്തെയാണ് ഉത്തരാധുനിക കല നിരസിക്കുന്നത്. ആത്യന്തികമായ അന്വേഷണങ്ങൾക്കു പകരം ജീവിതത്തിന്റെ ശിഥിലയാഥാർത്ഥ്യങ്ങളെ ആവർത്തിച്ചുറപ്പിക്കുകയാണ് ഉത്തരാധു നിക കലാദർശനങ്ങൾ. ഉത്തരാധുനികതയുടെ സത്താവാദപരമായ ഈ അന്വേഷണം, കേന്ദ്രീകൃതമല്ലാത്തതും ബഹുസ്വരവുമായ ഒരു ചിഹ്നവ്യവസ്ഥയെയാണ് കണ്ടെത്തുന്നത്. അതിർവരമ്പുകളും വിഭ ജനരേഖകളും മാഞ്ഞുപോകുന്ന ഈ സവിശേഷകാലാവസ്ഥയിൽ കലയെക്കുറിച്ച് മുൻകാലങ്ങളിൽ സൃഷ്ടിക്കപ്പെട്ടിരുന്ന പല ധാര ണകളും ഇല്ലാതാകുന്നു. വരേണ്യം / ജനപ്രിയം അഥവാ ഉന്നതം/ നിമ്നം എന്നിങ്ങനെയുള്ള വിഭജനരേഖ മാഞ്ഞുപോകുന്നതങ്ങ നെയാണ്. ആധുനികകലയുടെ നിഗൂഢവത്ക്കരണവും അകം/പുറം വേർതിരിവുകളും ഉത്തരാധുനികതയിൽ ഇല്ലാതാകുന്നു. ഉത്തരാ ധുനികതയുടെ സൗന്ദര്യാത്മകതയെ ആഴമില്ലായ്മയുടെയും വികാര രഹിതമായ ഉപരിതലങ്ങളുടെയും വാണിജ്യവത്കൃതമായ നിർമ്മി തികളുടെയും ഉദാഹരണമായിട്ടാണ് ടെറി ഈഗിൾട്ടൻ കാണുന്ന ത്. 'ഉത്തരാധുനികകലയിലെ ആഴമില്ലാത്ത ഉപരിതലം ഉപഭോഗ സമൂഹത്തിന്റെ സ്വഭാവത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. പോസ്റ്റു മോഡേൺ കൃതികൾ വായനക്കാരനുമായി പുതിയൊരു ബന്ധം സ്ഥാപിക്കുന്നു. ഒരു ജനകീയ സംസ്ക്കാരത്തെ പുനഃസ്ഥാപിക്കു ന്നു. പൊതുജന സംസ്ക്കാരത്തിൽനിന്ന് പിന്തിരിയുന്ന ആധുനി കതയുടെ നിലപാടിന്റെ നിഷേധമാണിത്' (അപ്പൻ, കെ.പി., 1998:19) എന്നാണ് ടെറി ഈഗിൾട്ടന്റെ വിലയിരുത്തൽ. പോസ്റ്റുമോഡേൺ കലയെ കഴമ്പില്ലാത്ത കല (Exhaust art) എന്ന് വിശേഷിപ്പിക്കുന്നു മുണ്ട്. "പോസ്റ്റുമോഡേൺ അവസ്ഥയെക്കുറിച്ചുള്ള വ്യഖ്യാനത്തിലെ പ്രധാനപരികല്പനകളിൽ ഒന്നാണ് ഈ എഗ്സ്ഓസ്ഷൻ (Ex-

haustion). നിഗൂഢമായ ഒന്നിനെ ആവിഷ്ക്കരിക്കുക, അബോധ ത്തിലുള്ള ഒന്നിനെ ആവിഷ്ക്കരിക്കുക, മറന്നുപോയതിനെ പുന രാനയിക്കുക എന്നിങ്ങനെ നിഗൂഢതകളിലേക്കും രഹസ്യങ്ങളി ലേക്കും ആഴത്തിലേയ്ക്കും പിന്നിലേയ്ക്കുമുള്ള പോക്ക് ആവശ്യ മില്ലാത്തവിധത്തിൽ ഇവിടെ എല്ലാം തുറന്നിടപ്പെട്ടിരിക്കുന്നു. പഴ യകാലത്ത് നിഗൂഢങ്ങളായ ഇരുട്ടിന്റെ മേഖലകൾ നിന്നിരുന്ന ഗ്രാമ ങ്ങൾ നഗരങ്ങളായി മാറുന്നു. ഇരുട്ടിന് താമസിക്കാൻ ഒരു സ്ഥല വുമില്ലാതെ, മുഴുവൻ വെളിച്ചത്തിന്റെ അതിപ്രസരം കൊണ്ട് കണ്ണു മഞ്ഞളിയുന്ന പ്രദേശമായി മാറുന്നു. അതുപോലെ ജീവിതത്തിന്റെ സമസ്ത മേഖലകളും രഹസ്യങ്ങൾക്ക് ഇരിപ്പിടമില്ലാതാകുന്ന വിധ ത്തിൽ പ്രകാശം കൊണ്ട് (പ്രകാശം എന്നുള്ളത് ഏതെങ്കിലുമൊരു മൂല്യനിർണ്ണയമടങ്ങുന്ന വാക്കായല്ല ഇവിടെ ഉപയോഗിക്കുന്നത്.) പരസ്യമാക്കപ്പെടുന്നു. ഇതൊക്കെ സംഭവിക്കുന്നത് മുതലാളിത്ത ത്തിന്റെ വികാസവുമായി ബന്ധപ്പെട്ടാണ്. ഇങ്ങനെ ഉരുത്തിരിഞ്ഞു വരുന്ന പോസ്റ്റ്മോഡേൺ അവസ്ഥാവിശേഷത്തിലാണ് പോസ്റ്റ് മോഡേൺ കലയും സംജാതമാകുന്നത്". (രാജീവൻ, ബി.,1996: 43) ബി. രാജീവന്റെ ഈ വിശദീകരണത്തിൽ നവമുതലാളിത്തത്തിന്റെ വികാസവുമായി ബന്ധപ്പെട്ട പുതിയ കാലാവസ്ഥയിലാണ് പോസ്റ്റ് മോഡേൺ കല സാധ്യമാകുന്നതെന്നു വായിക്കാം. രഹസ്യാത്മക തയില്ലാത്ത എല്ലാം തുറന്നിടപ്പെടുന്ന അവസ്ഥയാണിത്. മാധ്യമ ങ്ങളും സാങ്കേതികവിദ്യയുടെ സാധ്യതകളും ചേർന്ന്, എല്ലാം നിഗൂ ഢാത്മകതയ്ക്കിടയില്ലാത്തവിധം അനാവരണം ചെയ്യുന്ന പുതിയ ലോകത്തിന്റെ കലയാണിത്.

ലെസ്‌ലി ഫീഡ്‌ലർ, ഇഹാബ് ഹസൻ, സൂസൻ സൊന്റാഗ് തുടങ്ങിയവർ ആധുനികതയെ തുടർന്നുണ്ടായ സാഹിത്യകൃതിക ളിലെ ഭാവുകത്വപരിണാമത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ട്. സങ്കീർണ്ണ മായ സമകാല ജീവിതത്തെ ആവിഷ്ക്കരിക്കുന്ന സാഹിത്യരൂപ മായ നോവലിനെ കേന്ദ്രീകരിച്ചാണ് ഈ ചർച്ചകൾ. ഭാഷയെ സംബ ന്ധിച്ച് കൃതി പ്രകടിപ്പിക്കുന്ന വർദ്ധിച്ചുവരുന്ന ആത്മബോധം, ശിൽപത്തിന്റെ തലത്തിലെ ശകലീകരണം, സാഹിത്യഗണങ്ങൾ തമ്മിലുള്ള അതിർവരമ്പുകൾ മാഞ്ഞുപോകൽ, നോവലിലെ സർവ്വ

ദർശിയായ ആഖ്യാതാവിന്റെ തിരോധാനം, സുസ്ഥിരമായ വീക്ഷ ണകോൺ ഇല്ലാതിരിക്കൽ, തുടങ്ങിയ സവിശേഷതകൾ ഉത്തരാ ധുനിക കൃതികളിൽ അവർ കണ്ടെത്തുന്നു. പരമ്പരാഗത ശൈലി യിൽനിന്ന് മാറിനിന്നുകൊണ്ടുള്ള നൂതന ആഖ്യാന സമ്പ്രദായങ്ങ ളാണ് ഉത്തരാധുനിക രചനകളുടെ സവിശേഷത.

ആധുനികതയും ഉത്തരാധുനികതയും തമ്മിലുള്ള ബന്ധം തീരാത്ത സംവാദവിഷയമായിരിക്കുമ്പോഴും ആധുനികതയിൽനിന്ന് വ്യതിരിക്തമായ ഈ പുതിയ കാലത്തിന്റെ സവിശേഷത ചർച്ച ചെയ്തവരിൽ പ്രമുഖർ ഫ്രഞ്ച് ചിന്തകനായ ഴാങ് ഫ്രാങ്സ്വാ ല്യോതാർ, ഫ്രഞ്ച് ചിന്തകനായ ബോദ്രിയാർ, അമേരിക്കൻ മാർ ക്സിസ്റ്റ് ചിന്തകനായ ഫ്രെഡറിക് ജെയിംസൻ എന്നിവർ ആയിരു ന്നു എന്ന് കാണാം.

**ല്യോതാർ**

ല്യോതാറിന്റെ La Condition Postmodern e: Rapporte sur le savoir (1979) AYhm The Postmodern Condition: A Report on Knowledge എന്ന പുസ്തകത്തിൽ പ്രപഞ്ചത്തെ സംബന്ധിച്ച മനു ഷ്യകേന്ദ്രീകൃത വിശദീകരണങ്ങളെയും ചരിത്രത്തിന്റെ ക്രമാനുഗ തമായ പോക്കിനെയും വിമർശിക്കുന്നുണ്ട്. യൂറോപ്പിന്റെ യുദ്ധാന ന്തര ചുറ്റുപാടുകളിൽ ശാസ്ത്രസാങ്കേതിക വിദ്യകളുടെ സഹായ ത്തോടെ വൈജ്ഞാനിക മണ്ഡലങ്ങളിൽ സംഭവിച്ച മാറ്റങ്ങളുടെ ഫലമായി സാംസ്കാരിക രംഗത്തുണ്ടായ പരിവർത്തനങ്ങളെയാണ് ല്യോതാർ 'ഉത്തരാധുനികത' എന്ന് വിശേഷിപ്പിക്കുന്നത്. " ബൃഹദ് ആഖ്യാന (Meta narratives) ങ്ങളോടുള്ള അവിശ്വാസ്യതയായി ഞാൻ ഉത്തരാധുനികതയെ നിർവ്വചിക്കുന്നു" (Baudrillard, Jean, Farncoys, 1984:XXIV) എന്ന് ല്യോതാർ പറയുന്നു. " ആത്മാവിന്റെ ദ്വന്ദ്വവാദം, അർത്ഥത്തിന്റെ വ്യാഖ്യാനശാസ്ത്രം, യുക്തിബോധമുള്ള കർത്താവിന്റെയോ അധ്വാനിക്കുന്ന കർത്താവിന്റെയോ വിമോചനം, സമ്പത്തിന്റെ സൃഷ്ടി തുടങ്ങിയ അതിവാദങ്ങളെ പരാമർശിച്ചു കൊണ്ട് സ്വയം സാധൂകരിക്കുന്ന ഏതു ശാസ്ത്രത്തെയും ആധു നിക ജ്ഞാനോദയത്തിന്റെ ബൃഹദാഖ്യാനമായി വിശേഷിപ്പിക്കാൻ കഴിയും (Baudrillard, Jean, Farncoys, 1984:XIII) എന്ന് ല്യോതാർ

വിശദീകരിക്കുന്നു. മറ്റെല്ലാ പ്രശ്നങ്ങളുടെയും അർത്ഥം അനാവരണം ചെയ്യാൻ പ്രാപ്തിയുണ്ടെന്ന് സ്വയം അവകാശപ്പെടുന്ന പ്രത്യയശാസ്ത്രങ്ങളെയും വിശ്വാസസംഹിതകളെയും അറിവുകളെയുമെല്ലാം ഈ ബൃഹദാഖ്യാനങ്ങളിലുൾപ്പെടുത്തി വ്യവഹരിക്കാൻ കഴിയും. ഇതര വ്യവഹാരങ്ങളെയും ബഹുസ്വരതയെയും നിശബ്ദമാക്കുകയോ മറച്ചുവയ്ക്കുകയോ ചെയ്യുന്നവയാണ് ല്യോതാർ വിശേഷിപ്പിക്കുന്ന ഈ ബൃഹദാഖ്യാനങ്ങൾ. ആധുനികതയുടെ കാലത്ത് ഉയർന്നു കേട്ടിരുന്ന സാർവ്വലൗകികത, മാനവികത എന്നീ ആശയങ്ങളും ക്രിസ്തീയത പോലുള്ള വിശ്വാസസംഹിതകളും ലിബറൽ ഡെമോക്രസി, മനുഷ്യപുരോഗതി തുടങ്ങിയ ആശയങ്ങളും മാർക്സിസത്തെപ്പോലുള്ള പ്രത്യയശാസ്ത്രങ്ങളുമെല്ലാം ല്യോതാർ പറയുന്ന ബൃഹദാഖ്യാനങ്ങളുടെ പരിധിയിൽപ്പെടുന്നു.

ഇന്നുവരെയുള്ള സൗന്ദര്യചിന്ത, തത്ത്വശാസ്ത്രം, ചരിത്രം എന്നിവയെല്ലാം ല്യോതാർ ബൃഹദാഖ്യാനങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്നു. ലോകത്തെക്കുറിച്ചുള്ള വലിയ മാതൃക സൃഷ്ടിച്ച ശേഷം കാര്യങ്ങളെ അതിൽ ഉൾക്കൊള്ളിക്കുകയാണ് ബൃഹദാഖ്യാനങ്ങൾ ചെയ്യുന്നത്. എന്നാൽ ഇതിൽനിന്നു വ്യത്യസ്തമായി ജ്ഞാനം ഉൾപ്പെടെയുള്ള എല്ലാ പ്രതിഭാസങ്ങളും പ്രത്യേകസാഹചര്യങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്നതോ ഓരോ കാലഘട്ടത്തിലും വിവിധ തരത്തിൽ മാറിവരുന്നതോ ആയിട്ടാണ് ല്യോതാർ കാണുന്നത്. പത്തൊമ്പതാം ശതകത്തിനൊടുവിലും ഇരുപതാം ശതകത്തിന്റെ തുടക്കത്തിലും നിലനിന്നിരുന്ന വ്യക്തികേന്ദ്രീകൃതമായ കലാസാഹിത്യസങ്കല്പം ഇല്ലാതായിക്കഴിഞ്ഞിരുന്നു. പുതിയ ലോകക്രമത്തെ വിശദീകരിക്കാൻ മുമ്പുണ്ടായിരുന്ന സിദ്ധാന്തങ്ങൾക്കും പദ്ധതികൾക്കും കഴിയാതെവന്നു. പഴയതരത്തിലുള്ള സത്താപരമായ ആധികാരികതയുടെ ആവശ്യം ഇന്ന് ഇല്ലാതായിരിക്കുന്നു. കേന്ദ്രീകൃതാവസ്ഥയ്ക്കു പകരം വികേന്ദ്രീകൃതമായ അവസ്ഥ സൃഷ്ടിക്കപ്പെടുന്നു. ബൃഹദാഖ്യാനങ്ങൾക്കു പകരം ലഘു ആഖ്യാനങ്ങൾ കടന്നുവരികയും സർവ്വതിനും ഇടം സംജാതമാകുന്ന പുതിയ കാലാവസ്ഥ രൂപപ്പെടുകയും ചെയ്യുന്നു. എല്ലാത്തരം ആവിഷ്കാരങ്ങൾക്കും പ്രാധാന്യം ലഭിക്കുന്ന ഈ സവിശേഷകാലാവസ്ഥ

യിൽ ഉന്നത - നിമ്ന (High culture - Low culture) സംസ്കാരങ്ങൾ തമ്മിലുണ്ടായിരുന്ന വേർതിരിവ് ഇല്ലാതാകുന്നു. ജനപ്രിയമെന്നും പൈങ്കിളിയെന്നും വിശേഷിപ്പിച്ച് മാറ്റിനിർത്തിയിരുന്ന ആവിഷ്കാരങ്ങൾക്ക് ഇടംലഭിക്കുകയും അവ ചർച്ചാവിഷയമാവുകയും ചെയ്യുന്നു.

**ബോദ്രിയാർ**

സാങ്കേതികവിദ്യയുടെ അതിവ്യാപനം സാധ്യമാക്കുന്ന പുതിയ കാലത്തെ വിശകലനം ചെയ്തുകൊണ്ടാണ് ഫ്രഞ്ച് ചിന്തകനായ ഴാങ് ബോദ്രിയാർ (Jean Baudrillard) ഉത്തരാധുനികതയെക്കുറിച്ചുള്ള തന്റെ സിദ്ധാന്തം അവതരിപ്പിക്കുന്നത്. The Illusion of the End (1992) എന്ന പുസ്തകത്തിലും Requiem for the Media, The Implosion of Meaning in the Media and the Implosion of the Social in the Masses, The Ecstacy of Communication തുടങ്ങിയ ലേഖനങ്ങളിലുമാണ് ഉത്തരാധുനികതയെക്കുറിച്ചുള്ള ബോദ്രിയാറിന്റെ നിരീക്ഷണങ്ങൾ ഉൾച്ചേർന്നിരിക്കുന്നത്. ഉത്തരാധുനികസമൂഹം രൂപപ്പെടുത്തുന്നതിൽ കമ്യൂണിക്കേഷന്റെ അനന്തസാധ്യതകളും മാധ്യമങ്ങളുടെ അതിപ്രസരവും ഏറെ പങ്കുവഹിക്കുന്നുവെന്ന് അദ്ദേഹം പറയുന്നുണ്ട്. "ആധുനിക കാലഘട്ടത്തിൽ നിന്നു തികച്ചും ഭിന്നമായ ഈ സമകാലിക സാമൂഹികരൂപത്തിൽ മാധ്യമങ്ങളും സൈബർനെറ്റിക് കോഡുകളും കമ്യൂണിക്കേഷൻ ശൃംഖലകളും സാമൂഹികനിയന്ത്രണത്തിന്റെ ഉപാധികളായി മാറുന്നു. വികാസം, ഭിന്നവത്കരണം, യാഥാർത്ഥ്യത്തെ പ്രതിനിധാനം ചെയ്യുവാനും വ്യാഖ്യാനിക്കുവാനും ശ്രമിച്ച കലാ സൈദ്ധാന്തിക പദ്ധതികൾ എന്നിവ ആധുനികതയുടെ മുഖമുദ്രകളായിരുന്നുവെങ്കിൽ ഉത്തരാധുനികതയെ അടയാളപ്പെടുത്തുന്നത് അന്തഃസ്ഫോടനം (Implosion), അപഭിന്നവത്കരണം (De - differentiation), അതിയാഥാർത്ഥ്യമാതൃകകളുടെ പുനരുത്പാദനം, നിഷ്ക്രിയത, ജഡത എന്നീ സവിശേഷതകളാണ്" (സുധാകരൻ, സി.ബി., 2000:117,118) എന്ന് ബോദ്രിയാർ അഭിപ്രായപ്പെടുന്നു. ഈ പുതിയ സാഹചര്യം ആധുനികതയുടെ കാലത്തുനിന്നു വ്യത്യസ്തമാണ്. ഉത്തരാധുനികസാഹചര്യത്തെ സൃഷ്ടിക്കുന്നതിൽ മാധ്യമങ്ങൾക്കുള്ള പ്രാധാ

ന്യത്തെയാണ് പ്രധാനമായും ബോദ്രിയാർ ചൂണ്ടിക്കാട്ടുന്നത്. സമൂഹത്തെ നിയന്ത്രിക്കാനുതകും വിധം ശക്തമാണ് അവയുടെ സ്വാധീനം. അവ സൃഷ്ടിക്കുന്നത് യാഥാർത്ഥ്യത്തിന്റെ മണ്ഡലമല്ല മറിച്ച് അതിയാഥാർത്ഥ്യ (Hyper real) ത്തിന്റേതാണ് എന്ന് ബോദ്രിയാർ പറയുന്നു. ഇത് യാഥാർത്ഥ്യത്തെ പ്രതിഫലിപ്പിക്കുകയോ പ്രതിനിധാനം ചെയ്യുകയോ ചെയ്യുന്നില്ല. എന്നാൽ പലപ്പോഴും യാഥാർത്ഥ്യത്തിന്റെ തീക്ഷ്ണത കുറച്ച് പുതിയ സംവേദനം നൽകുന്നുണ്ട്. സാങ്കേതികവിദ്യയുടെ അത്ഭുതകരമായ വികസനത്തിന്റെ ഭാഗമായി രൂപപ്പെട്ട ഉത്തരാധുനികസമൂഹം ബോദ്രിയാറിന്റെ അഭിപ്രായത്തിൽ ചിഹ്നങ്ങളുടെയും ബിംബങ്ങളുടെയും സമൂഹമാണ്. മുൻപ് അർത്ഥോത്പാദനം സാധ്യമാക്കുന്നതിന് ഉപയോഗിച്ചിരുന്ന ചിഹ്നം -സൂചകം-സൂചിതം-പരാമർശകം എന്നിവ ഇല്ലാതാകുന്നു. പകരം സൂചകങ്ങളുടെ അനിയന്ത്രിതമായ ലീലകൾ ഉത്തരാധുനികതയിൽ സൃഷ്ടിക്കപ്പെടുന്നു. ഇത് വിശദീകരിക്കുന്നതിലേക്കായി പകർപ്പുകൾ (Simulacra) അനുകരണം (Simulation) അതിയാഥാർത്ഥ്യം (Hyper reality) എന്നീ സങ്കൽപ്പനങ്ങൾ ബോദ്രിയാർ അവതരിപ്പിക്കുന്നു. ഉത്തരാധുനിക സമൂഹത്തിലെ അനുകരണങ്ങളുടെ പെരുപ്പത്തെക്കുറിച്ച് അദ്ദേഹം പറയുന്നുണ്ട്. ഇത് വിശദമാക്കുവാനാണ് ബോദ്രിയാർ തീംപാർക്കായ 'ഡിസ്നിലാൻഡിനെ' ഉദാഹരിക്കുന്നത്. (Baudrillard, Jean, 2002: 98) ഡിസ്നിലാൻഡ് സൃഷ്ടിക്കുന്ന യാഥാർത്ഥ്യത്തിന്റെ മായികമായ അന്തരീക്ഷത്തിൽ അതിനു ചുറ്റുമുള്ള യാഥാർത്ഥ്യങ്ങൾ വിസ്മരിക്കപ്പെടുന്നു. മറ്റൊരർത്ഥത്തിൽ പറയുമ്പോൾ അമേരിക്ക എന്ന യഥാർത്ഥലോകം ഡിസ്നിലാൻഡ് ആണ് എന്ന യാഥാർത്ഥ്യം ഡിസ്നിലാൻഡിന്റെ ഭാവനാത്മകപരിസരം മറച്ചുവയ്ക്കുന്നു. ഇങ്ങനെ യാഥാർത്ഥ്യങ്ങൾ പുനരുത്പാദിപ്പിക്കപ്പെടുകയും അവ അതിയാഥാർത്ഥ്യ(Hyper real)ങ്ങളായി മാറുകയും ചെയ്യുന്നു. ബോദ്രിയാറിന്റെ വീക്ഷണത്തിൽ ഉത്തരാധുനികസമൂഹം അനുകരണമുദ്രകളുടെയും ചിഹ്നങ്ങളുടെയും അധീനതയിലാണ്. നിസ്സംഗതയുടെയും നിഷ്ക്രിയത്വത്തിന്റെയും ജഡതയുടെയും വ്യവസ്ഥയാണ് അത്. ഇത്തരമൊരു സമൂഹത്തിൽ സാമ്പ്രദായികമായ എല്ലാ വേർതിരിവുകളും അന്തഃസ്ഫോടനത്തിന് വിധേയമായി ഒന്ന് മറ്റൊന്നിലേക്ക് തകർന്നടിഞ്ഞിരിക്കുന്നു. ഇവിടെ

അർത്ഥപൂർണ്ണമായ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള എല്ലാ സൃഷ്ടികളും നിഷ്ഫലമാക്കപ്പെടുന്നു. അന്തഃസ്ഫോടനം സൃഷ്ടിക്കുന്ന ഈ കുഴമറിച്ചിലിൽ ഉന്നതം/നിമ്നം, വർഗം/ ജനസമൂഹം, ശരി/തെറ്റ്, അർത്ഥം/പ്രതിനിധാനം എന്നിങ്ങനെയുള്ള എല്ലാ ദ്വന്ദ്വങ്ങളും തിരോഭവിക്കുകയും പുതിയ ലോകക്രമം രൂപപ്പെടുകയും ചെയ്യുന്നു. ഈ മാധ്യമസമൂഹം ആശയവിനിമയത്തെക്കുറിച്ച് നിലനിന്നിരുന്ന ധാരണകളെ അസ്ഥാനത്താക്കിയിരിക്കുന്നു. ഇലക്ട്രോണിക്സ് വിപ്ലവവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പുതിയ മാധ്യമങ്ങൾ മനുഷ്യാനുഭവങ്ങളെയും ഇതരവ്യവഹാരരൂപങ്ങളെയും സ്വാധീനിക്കുന്നു.

വചനകേന്ദ്രിതവും കർത്തൃകേന്ദ്രിതവുമായ ആഖ്യാനരീതികൾക്കും അവതരണരീതികൾക്കും പകരം കേന്ദ്രരഹിതമായ ഒരു അവസ്ഥ ഉത്തരാധുനികതയിൽ രൂപപ്പെട്ടുവരുന്നു. ജ്ഞാനസമ്പാദനത്തെക്കുറിച്ചുള്ള ആധുനികതയുടെ ധാരണകൾ തകർക്കപ്പെടുകയും ഗുരുമുഖത്തുനിന്നോ ആധികാരിക ഗ്രന്ഥങ്ങളിൽനിന്നോ മാത്രമല്ല ഏതു മാധ്യമത്തിൽനിന്നും അറിവുശേഖരിക്കാം എന്ന കാഴ്ചപ്പാടിന് പ്രാബല്യം ലഭിക്കുകയും ചെയ്യുന്നു. ജ്ഞാനസമ്പാദനം എന്നതിന് മുൻപുണ്ടായിരുന്ന ആദർശാത്മക പരിവേഷം ഇല്ലാതാവുകയും അത് ലാഭകരമായ ഒരു പ്രവൃത്തിയായി വിലയിരുത്തപ്പെടുകയും ചെയ്യുന്നു. ഉത്തരാധുനിക മാധ്യമസമൂഹം അറിവിനെ കമ്പോളച്ചരക്കായി പരിവർത്തിപ്പിക്കുന്നു. ഉത്തരാധുനിക സമൂഹത്തിലെ മാധ്യമങ്ങളുടെ കടന്നുകയറ്റത്തെ ഭീതിദമായ അവസ്ഥയായി വിലയിരുത്തുകയാണ് ബോദ്രിയാർ. ദൃശ്യതയുടെ ഈ വിസ്ഫോടനം വ്യക്തിയുടെ സ്വകാര്യജീവിതത്തെ അനാവരണം ചെയ്യും വിധം പ്രബലമാകുന്നു. “ജീവിതത്തിന്റെ ഏറ്റവും സ്വകാര്യമായ തലങ്ങളെപ്പോലും മാധ്യമങ്ങൾ പുറത്തു കൊണ്ടുവരുന്നു. സ്ഥിതിവിവരക്കണക്കുകളുടെയും വിവരം നൽകൽ സ്വഭാവത്തിന്റെയും യാന്ത്രികലോകത്തിൽ എല്ലാ അഗാധഭാവങ്ങളും നിർവ്യാജഭാവങ്ങളും അപ്രത്യക്ഷമാകുന്നു. സ്ഥിതിവിവരക്കണക്കുകളുടെ ആധിക്യം വൈരുദ്ധ്യാത്മകരീതിയിൽ യാഥാർത്ഥ്യത്തെ ഇല്ലാതാക്കുന്നു. എല്ലാ വിവരങ്ങളുടെയും യാന്ത്രികമായ ആധിപത്യത്തിന്റെ അതി

താപം 'സ്കീസോഫ്രീനിയ' എന്ന മാനസികരോഗത്തിന്റെ അവസ്ഥയിൽ മനുഷ്യനെ കൊണ്ടെത്തിക്കുന്നു" (അപ്പൻ, കെ.പി., 1998:23) എന്ന് ബോദ്രിയാറിന്റെ വീക്ഷണത്തെ കെ.പി. അപ്പൻ വിലയിരുത്തുന്നുണ്ട്. ഇലക്ട്രോണിക് മാധ്യമങ്ങൾ ചേർന്നൊരുക്കുന്ന വിവരസമൂഹത്തിൽ സാങ്കേതികവിദ്യയുടെ ഇച്ഛാശക്തി മനുഷ്യപ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നിടത്തോളം ചെന്നെത്തുന്നുണ്ടെന്ന് ബോദ്രിയാർ നിരീക്ഷിക്കുന്നു. സമകാലമുതലാളിത്തത്തിന്റെ സൃഷ്ടിയായിട്ടാണ് ബോദ്രിയാർ ഈ അവസ്ഥയെ കാണുന്നത്. ഇവിടെ കലയുടെയും സാഹിത്യത്തിന്റെയും പ്രബോധനാത്മകസ്വഭാവം നഷ്ടമായെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. ഇങ്ങനെ ചരിത്രബദ്ധമല്ലാത്ത കുഴഞ്ഞുമറിഞ്ഞ സാമൂഹികാവസ്ഥയെയാണ് ബോദ്രിയാർ 'ഉത്തരാധുനികം' എന്ന് വിശേഷിപ്പിക്കുന്നത്.

**ഫ്രെഡറിക് ജയിംസൻ**

ല്യോതാറും, ബോദ്രിയാറും തങ്ങളുടെ വിശകലനത്തിൽ പുതിയ കാലത്തിന്റെ പ്രവണതകളെയാണ് ഉത്തരാധുനികം എന്നു വിളിക്കുന്നത്. ഇത് പ്രധാനമായും സൗന്ദര്യശാസ്ത്രപരമായ വിലയിരുത്തലുകളാണ്. എന്നാൽ ഉത്തരാധുനികതയെ ചരിത്രപരമായും സമൂഹാധിഷ്ഠിതമായും വിശകലനം ചെയ്തത് അമേരിക്കൻ മാർക്സിസ്റ്റ് ചിന്തകനായ ഫ്രെഡറിക് ജയിംസൻ (Fredric Jameson) ആയിരുന്നു. Postmodernism or the Cultural Logic of Late Capitalism (1991), The Seeds of Time (1994), The Cultural Turn (1998) എന്നീ കൃതികളിലാണ് ജയിംസൻ ഉത്തരാധുനികതയെക്കുറിച്ചുള്ള തന്റെ സിദ്ധാന്തം അവതരിപ്പിക്കുന്നത്. ഉത്തരാധുനികതയെ ചരിത്രപരമായി രൂപപ്പെട്ട സാമൂഹികാവസ്ഥയായി പരിഗണിച്ചുകൊണ്ട് അതിന്റെ സാമ്പത്തികവും സാംസ്കാരികവുമായ വശങ്ങളെക്കുറിച്ച് അന്വേഷിക്കുകയാണ് അദ്ദേഹം. "പില്ക്കാല മുതലാളിത്തത്തിന്റെ സാംസ്കാരികയുക്തി" (The cultural logic of late capitalism) (Jameson Frederic, 1993:XV) എന്നാണ് തന്റെ കൃതിയുടെ ആമുഖത്തിൽ ഫ്രെഡറിക് ജയിംസൻ ഉത്തരാധുനികതയെ നിർവ്വചിക്കുന്നത്. ആധുനികതയ്ക്കുശേഷം രൂപപ്പെട്ടുവരുന്ന സവിശേഷകാലഘട്ടത്തെ ചരിത്രപരമായി വിലയിരുത്തുകയാണ് അദ്ദേഹം. യുദ്ധാ

നന്തര കാലഘട്ടത്തിൽ മുതലാളിത്തത്തിന്റെ വ്യവസ്ഥാപിതരൂപ ത്തിന് സംഭവിച്ച വ്യതിയാനങ്ങൾ സാമ്പത്തികോൽപാദനത്തി ന്റെയും സംഘാടനത്തിന്റെയും പുതിയ രൂപങ്ങൾ ഉത്പാദിപ്പിച്ചു. ആ പുതിയ രൂപങ്ങൾ വഴിയൊരുക്കിയ സാമൂഹികവൃത്തികളും വിചാരഗതികളും രൂപപ്പെടുത്തിയ അനുഭവഘടനയാണ് ഉത്തരാ ധുനികത (സുധാകരൻ സി.ബി., 2000: 135) എന്നാണ് ഫ്രെഡറിക് ജയിംസന്റെ വിശദീകരണം.

ആധുനികതയ്ക്കുശേഷമുണ്ടായ സാമൂഹിക കാലാവസ്ഥയെ 'വ്യവസായാനന്തരസമൂഹം' (Post industrial society) എന്ന് വിശേ ഷിപ്പിക്കാറുണ്ട്. അമേരിക്കൻ സാമൂഹികശാസ്ത്രജ്ഞനായ 'ഡാനി യേൽ ബെൽ' ആണ് അമേരിക്കയുടെ സാമൂഹിക പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഇത്തരം ഒരു വിശകലനം നടത്തിയത്. ആധുനിക മുതലാളിത്തത്തിന്റെ പരിണാമഘട്ടത്തിൽ രൂപംകൊണ്ട സേവന മേഖലയിലധിഷ്ഠിതമായ ഒരു വിവരാധിഷ്ഠിത സമ്പദ്വ്യവസ്ഥ യെന്നാണ് ഡാനിയേൽ ബെൽ ഇതിനെ വിശേഷിപ്പിക്കുന്നത്. 'വ്യവ സായാനന്തരം' എന്ന ഈ സങ്കല്പനത്തെ ജയിംസൻ അംഗീകരി ക്കുന്നില്ല. മുതലാളിത്തത്തിന്റെ ഈ ഘട്ടത്തെ വിശദീകരിക്കാൻ ജർമ്മൻ സാമ്പത്തിക ശാസ്ത്രജ്ഞനായ ഏണസ്റ്റ് മാൻഡലിന്റെ 'പിൽക്കാലമുതലാളിത്തം' (Late capitalism) എന്ന സങ്കൽപ്പത്തെ യാണ് ജയിംസൻ പിന്തുടരുന്നത്. രണ്ടാംലോകയുദ്ധത്തിനു ശേഷം സാങ്കേതികരംഗത്തുണ്ടായ മാറ്റം, കോളനി നിർവ്യാപനം, പുതിയ ലോകസാമ്പത്തികക്രമം തുടങ്ങിയവ ചേർത്ത് രൂപപ്പെടുത്തിയ മുത ലാളിത്തത്തിന്റെ മൂന്നാം ഘട്ടത്തെയാണ് 'പിൽക്കാല മുതലാളിത്തം' എന്ന് ജയിംസൻ വിശേഷിപ്പിക്കുന്നത് (Jameson Frederic, 1993: XIX). മുതലാളിത്തത്തിന്റെ ചരിത്രത്തെ നാലുഘട്ടങ്ങളായി തിരിക്കുന്ന ഏണസ്റ്റ് മാൻഡലിനെ പിൻപറ്റിക്കൊണ്ട് 1847 മുതലുള്ള മുതലാളി ത്തത്തിന്റെ വികാസത്തെ അടയാളപ്പെടുത്തുകയാണ് ജയിംസൻ. 1847 മുതൽ 1890-വരെയുള്ള ഘട്ടത്തെ കമ്പോളമുതലാളിത്തം എന്നും 1890 - മുതൽ 1945 വരെയുള്ള ഘട്ടത്തെ കുത്തകമുതലാ ളിത്തം അഥവാ സാമ്രാജ്യമുതലാളിത്തം എന്നും 1945ന് ശേഷം ആരംഭിച്ച് ഇന്നും നിലനിൽക്കുന്ന ഘട്ടത്തെ 'പിൽക്കാലമുതലാ

ളിത്തം' അഥവാ ബഹുരാഷ്ട്രമുതലാളിത്തം എന്നും മാൻഡൽ വിശേഷിപ്പിക്കുന്നു. മാൻഡൽ വിശേഷിപ്പിക്കുന്ന ഈ മൂന്നു സാമ്പത്തിക അടിത്തറകൾക്കും സവിശേഷങ്ങളായി ഉപരിഘടനയുണ്ടെന്ന് ജയിംസൻ അഭിപ്രായപ്പെടുന്നു. അവ യഥാക്രമം യാഥാതഥ്യം (Realism), ആധുനികത (Modernism), ഉത്തരാധുനികത (Postmodernism) എന്നിങ്ങനെയാണ്. എന്നാൽ ഉത്തരാധുനികതയുടെ അടിത്തറ (Base) - മേൽപ്പുര (Super structure) സങ്കല്പം ആധുനികതയുടേതുപോലെയല്ല എന്ന അഭിപ്രായം ജയിംസനുണ്ട്. 'അന്താരാഷ്ട്രതലത്തിലുള്ള തൊഴിൽ വിഭജനം, അന്താരാഷ്ട്ര ബാങ്കിംഗ് സംവിധാനങ്ങൾ, കമ്പ്യൂട്ടർ വിവരസാങ്കേതിക വിദ്യ, മൂന്നാം ലോകരാജ്യങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ലാഭകരമായ ഉത്പാദനം, പരമ്പരാഗത തൊഴിൽ സങ്കൽപ്പങ്ങളെ അതിലംഘിച്ചുകൊണ്ടുള്ള പുതിയ തലമുറ തൊഴിലാളിക (Yuppies) ളും തൊഴിലിടങ്ങളും ചേർന്നു രൂപപ്പെടുത്തുന്ന ആവാസ കേന്ദ്രങ്ങൾ' എന്നിവയെല്ലാം പിൽക്കാല മുതലാളിത്തത്തിന്റെ സവിശേഷതകളായി ജയിംസൻ നിരീക്ഷിക്കുന്നു. (Jameson Frederic, 1993: XIX) മാധ്യമ സമൂഹം, കാഴ്ചകളുടെ സമൂഹം, ബഹുരാഷ്ട്ര മുതലാളിത്തം, പിൽക്കാല മുതലാളിത്തം എന്നിങ്ങനെയുള്ള വിശേഷണങ്ങൾ ഈ സാമ്പത്തിക ക്രമത്തെ സൂചിപ്പിക്കാൻ ജയിംസൻ ഉപയോഗിക്കുന്നുണ്ട്. നവകൊളോണിയലിസത്തിന്റെയും ഹരിതവിപ്ലവത്തിന്റെയും കമ്പ്യൂട്ടർവത്കരണത്തിന്റെയും ഇലക്ട്രോണിക് സാങ്കേതികവിദ്യയുടെയും കാലഘട്ടത്തിലാണ് ഈ പുതിയ സാമ്പത്തിക ക്രമം ഉണ്ടായിവരുന്നത്.

പിൽക്കാല മുതലാളിത്തം എന്ന് ജയിംസൻ വിശേഷിപ്പിക്കുന്ന ഈ സവിശേഷ കാലഘട്ടത്തിൽ സമൂഹം ചില പരിവർത്തനങ്ങൾക്ക് വിധേയമാകുന്നു. തൊഴിലാളിവർഗ്ഗത്തെക്കുറിച്ച് നിലനിൽക്കുന്ന ധാരണകൾ തിരുത്തപ്പെടുന്നു. പുതിയ മുന്നേറ്റങ്ങളും ചെറുകൂട്ടങ്ങളുമായി സമൂഹം വിന്യസിക്കപ്പെടുന്നു. സാമൂഹികരംഗത്ത് ആവിർഭവിക്കുന്ന ഇത്തരം സൂക്ഷ്മതല പ്രസ്ഥാനങ്ങളെ ഉത്തരാധുനികതയുടെ സവിശേഷ പ്രവണതയായി ജയിംസൻ വിലയിരുത്തുന്നു. "ഈ സൂക്ഷ്മതല സാമൂഹിക പ്രസ്ഥാനങ്ങളുടെ പ്രത്യ

യശാസ്ത്രം വൈവിധ്യം, ബാഹുല്യം, വൈഭിന്ന്യം എന്നിവയാണ്. പിൽക്കാല മുതലാളിത്തത്തിന്റെ അഭൂതപൂർവ്വമായ വികസനത്തിന്റെ ഫലമായി രൂപപ്പെട്ടവയാണ് ഈ പ്രസ്ഥാനങ്ങൾ. വികസിതരാഷ്ട്രങ്ങൾക്കുള്ളിൽതന്നെ അസംന്തുലിതമായ വികാസത്തിന്റെ ഫലമായി രൂപംകൊള്ളുന്ന മൂന്നാം ലോകവും കുടിയേറ്റ തൊഴിലാളികളും വംശീയന്യൂനപക്ഷങ്ങളും സ്ത്രീവിമോചന പ്രസ്ഥാനങ്ങളും സ്വവർഗ്ഗരതിക്കാരുടെ പ്രസ്ഥാനങ്ങളും പരിസ്ഥിതിപ്രസ്ഥാനങ്ങളും മറ്റു പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങളും സൃഷ്ടിക്കുന്ന സാമൂഹിക യാഥാർത്ഥ്യത്തിന് സമാനമായി ചരിത്രത്തിൽ മറ്റൊന്നുമില്ല" (സുധാകരൻ സി.ബി., 2000: 146) പുതിയ സമൂഹത്തെക്കുറിച്ചുള്ള ജയിംസന്റെ ഈ നിരീക്ഷണം ല്യോതാറിന്റെ ബൃഹദാഖ്യാനങ്ങളുടെ തിരോധാനം എന്ന സങ്കൽപ്പവുമായി ചേർത്തു പരിശോധിക്കേണ്ടതാണ്. ബൃഹദാഖ്യാനങ്ങൾ ഇല്ലാതാവുകയും പകരം ലഘു ആഖ്യാനങ്ങൾ പ്രബലമാവുകയും ചെയ്യുന്ന ബൗദ്ധിക സാഹചര്യത്തെ സാമൂഹികമായി വിശകലനം ചെയ്യുകയാണ് ജയിംസൻ. ബഹുസ്വരതയെ അംഗീകരിക്കാത്ത എല്ലാ വ്യാഖ്യാന വിശകലന സമ്പ്രദായങ്ങളും അർത്ഥരഹിതമാണെന്നു വരുന്നു. കാരണം ആധുനികതയുടേതിൽനിന്ന് തികച്ചും വ്യത്യസ്തമായ ഒരു സംസ്കാരമാണിന്ന് രൂപപ്പെടുന്നത്. ആഗോളമൂലധനശക്തികൾ രാഷ്ട്രങ്ങളുടെമേലും ഭരണകൂടങ്ങളുടെമേലും തങ്ങളുടെ അധികാരം പലവിധത്തിൽ പ്രയോഗിക്കുന്നു. ഭരണകൂടത്തിന്റെ അധികാര ഇടപെടലുകൾക്ക് പരിധികൾ കല്പിച്ചു കൊണ്ട് അദൃശ്യമായ അധിനിവേശം നടത്തുന്നു. ബഹുരാഷ്ട്രക്കുത്തകകളുടെ ലോകമെങ്ങുള്ള സാന്നിദ്ധ്യവും ശേഷിയും വിവരസാങ്കേതികവിദ്യയുടെയും വിനിമയശൃംഖലകളുടെയും വർദ്ധിച്ച സാധ്യതകളും സ്ഥലകാലങ്ങളെ അപ്രത്യക്ഷമാക്കുന്നു. ഈ കാലാവസ്ഥയിൽ വ്യക്തിയും സാംസ്കാരിക ചുറ്റുപാടും പരിവർത്തനപ്പെടുന്നു. ജയിംസന്റെ നിരീക്ഷണം ഇങ്ങനെയാണ്. "ആധുനികതയുടെ ഘട്ടത്തിൽ വാണിജ്യവത്ക്കരണത്തിന്റെയും കമ്പോളത്തിന്റെയും ആക്രമണത്തെ ചെറുത്ത് നിന്നിരുന്നത് സംസ്കാരമായിരുന്നു. പ്രതിരോധത്തിന്റെ അവശേഷിച്ചിരുന്ന ഏകദുർഗവും ഇന്ന് കീഴ്പ്പെട്ടിരിക്കുന്നു. വാണിജ്യവത്ക്കരണത്തിനും കോളനിവത്ക്ക

രണത്തിനും സംസ്കാരവും വിധേയമായിരിക്കുന്നു. അടിസ്ഥാന ഘടനയും ഉപരിഘടനയും തമ്മിലുള്ള വേർതിരിവ് ഇല്ലാതായിരിക്കുന്നു. ഇന്ന് എല്ലാം സാംസ്കാരികമാണ്. എല്ലാം സാമ്പത്തികവുമാണ്. എല്ലാം സൗന്ദര്യാത്മകമാണ്. മുതലാളിത്തത്തിന്റെ തേരോട്ടത്തിൽ മൂന്നാം ലോകവും കീഴടക്കപ്പെട്ടതോടെ അതിനന്യമായി ഒന്നുമില്ല എന്ന പ്രതീതി സൃഷ്ടിക്കപ്പെടുന്നു"(സുധാകരൻ സി. ബി., 2000: 139-140)ഇവിടെയാണ് ആഗോളീകരണ പ്രക്രിയയിൽ പാർശ്വവൽക്കരിക്കപ്പെട്ടുപോകുന്ന സാംസ്ക്കാരികപ്രത്യയങ്ങൾ തിരിച്ചുവരവ് നടത്തുന്നതും പ്രാന്തവത്കൃത സമൂഹങ്ങളുടെ സ്വത്വം അംഗീകരിക്കപ്പെടുന്നതും. ഇത്തരം സ്വത്വാന്വേഷണം ഒരു സാംസ്ക്കാരിക രൂപവത്ക്കരണം നടത്തുന്നുണ്ടെന്ന് ജയിംസൻ പറയുന്നു. കറുത്ത വർഗ്ഗത്തിന്റെ സാഹിത്യം, സ്ത്രീപക്ഷ സാഹിത്യം, ഗേ-ലെസ്ബിയൻ സാഹിത്യം, മൂന്നാം ലോകസാഹിത്യം എന്നിവയെ ഇതിനുദാഹരണമായി അദ്ദേഹം എടുത്തുകാട്ടുന്നുണ്ട്. ഈ മുന്നേറ്റങ്ങളെല്ലാം ആധുനികതയുടെ കാലത്ത് നിശബ്ദമാക്കപ്പെട്ടവയോ അപ്രധാനമാക്കപ്പെട്ടവയോ ആയിരുന്നു. ജനാധിപത്യപ്രക്രിയയുടേതു പോലെയുള്ള വിപുലമായ സംവിധാനത്തിൽ അവ സ്വത്വപ്രഖ്യാപനം നടത്തിയിരുന്നില്ല. എന്നാൽ വംശീയമായും ലിംഗപരമായും പ്രാദേശികമായുമുള്ള ഈ മുന്നേറ്റങ്ങൾ എല്ലാവിധത്തിലുമുള്ള വരേണ്യകാഴ്ചപ്പാടുകളോടും അധികാരഘടനകളോടും പ്രതിരോധം സൃഷ്ടിക്കുന്നു. സാമ്രാജ്യത്വത്തോടും പ്രബലമായ അധികാരഘടനകളോടും അവയ്ക്ക് നിരന്തരസമരം നിലനിർത്തേണ്ടിവരുന്നു. ഇത് ഉത്തരാധുനികതയിലെ സൂക്ഷ്മതല പ്രസ്ഥാനങ്ങളുടെ പുരോഗമനപരവും വിപ്ലവാത്മകവുമായ സവിശേഷതയാണ് എന്ന് ജയിംസൻ അഭിപ്രായപ്പെടുന്നു.

ഉത്തരാധുനികത എന്ന പരികല്പനയുടെ അവ്യക്തതയും അമൂർത്തതയും ഒഴിവാക്കി അതിനെ ചരിത്രപരവും സാമൂഹിക ശാസ്ത്രപരവുമായ ഒരു യാഥാർത്ഥ്യമാക്കി അവതരിപ്പിക്കുകയാണ് ഫ്രെഡറിക് ജയിംസൻ. പ്രതിലോമകരമായ ഒരു കാലാവസ്ഥയായിട്ടല്ല മറിച്ച് ഉത്തരാധുനികതയുടെ ജനകീയവത്ക്കരണവും ജനപ്രിയതയും അതിലെ കലയും സാഹിത്യവും പുരോഗമനപരമായ

ഒന്നായിട്ടാണ് അദ്ദേഹം വിലയിരുത്തുന്നത്. അധീശപ്രവണതകൾക്കെതിരെയുള്ള പ്രതിരോധമെന്ന നിലയിലാണ് ഇത്തരം പുരോഗമന ആശയങ്ങളെ ജയിംസൻ കാണുന്നത്.

ആധുനികതയുടെ ജ്ഞാനോദയപദ്ധതി ആത്യന്തികസത്യത്തിലും ആദർശാത്മകതയിലും യുക്ത്യധിഷ്ഠിത ജീവിതത്തിലും വിശ്വസിച്ചിരുന്നു. ഈ വിശ്വാസങ്ങൾക്ക് നേരിട്ട തകർച്ചയെയാണ് ഉത്തരാധുനികത ചർച്ച ചെയ്യുന്നത്. "സാർവ്വലൗകികതയുടെ പരികൽപന ചോദ്യം ചെയ്യുന്ന വിധത്തിലുള്ള ബഹുലയാഥാർത്ഥ്യ (Multiple reality) ങ്ങളുടെ ലോകമാണ് ഉത്തരാധുനികതയുടേതെന്ന്" വാൾട്ടർ ട്രൂയറ്റ് ആൻഡേഴ്സൻ അഭിപ്രായപ്പെടുന്നുണ്ട്. (Anderson Walter Truett (Ed.) 1996:VI) ഉത്തരാധുനികാവസ്ഥയുടെ നാല് അടിസ്ഥാന മുദ്രകളെയും ആൻഡേഴ്സൻ ഈ കൃതിയിൽ അവതരിപ്പിക്കുന്നുണ്ട്. മുൻകൂട്ടി നിശ്ചയിക്കപ്പെട്ടതിൽനിന്ന് വ്യത്യസ്തമായി നിരവധി സാംസ്കാരിക സ്രോതസ്സുകളിൽനിന്ന് സ്വയം രൂപപ്പെട്ടു വരുന്ന ആത്മസങ്കൽപ്പം (Self concept), മാതൃകകളില്ലാതെ സംവാദത്തിലൂടെയും തിരിച്ചറിവുകളിലൂടെയും ഉണ്ടായിവരുന്ന യഥാർത്ഥ സദാചാരവീക്ഷണം (Moral and ethical discourse), മുൻമാതൃകകളോ സ്വാധീനങ്ങളോ കൂടാതെ നിർമ്മിക്കപ്പെടുന്ന കലയും സംസ്കാരവും, അഭൂതപൂർവ്വമായ വേഗതയിൽ രൂപപ്പെടുന്ന ചലനാത്മകമായ ഒരു ആഗോള സംസ്ക്കാരം (Globalization) എന്നിവയാണവ. (Anderson, Walter Truett (Ed.) 1996:1011) ഇത്തരത്തിൽ സാഹിത്യം, കല, ശിൽപ്പകല എന്നീ മേഖലകളിൽ ആധുനികതയെ തുടർന്നുണ്ടായ ഭാവുകത്വവ്യതിയാനങ്ങളെ സൂചിപ്പിക്കാനാണ് ഉത്തരാധുനികം എന്ന സംജ്ഞ ഉപയോഗിച്ചിരുന്നത്. എന്നാൽ ഇരുപതാം ശതകത്തിന്റെ രണ്ടാം പകുതിക്കുശേഷം ലോകമെങ്ങുമുണ്ടായ പരിവർത്തനങ്ങളെ സവിശേഷ പ്രാധാന്യത്തോടെ ചർച്ച ചെയ്ത ചിന്തകർ 'ഉത്തരാധുനികത' എന്ന സംജ്ഞയെ ചരിത്രാത്മകമായി സമീപിക്കുകയായിരുന്നു. അങ്ങനെ കേവലം സാഹിത്യ വ്യവഹാരങ്ങളെ സൂചിപ്പിക്കുന്ന ഈ പദം സാമൂഹികാവസ്ഥയെ വിശകലനം ചെയ്യാനുതകുന്ന ഒരു സിദ്ധാന്തമായി രൂപപ്പെട്ടു. ദറിദ, സൊസ്യൂർ, ഫൂക്കോ, ദാനിയേൽ ബെൽ, ദല്യൂസ്, യുർഗൻ ഹേബർമാസ്, മാർ

ഷൽ മെക്‌ലുഹാൻ, ഏണസ്റ്റ് മാൻഡൽ എന്നിവരുടെ ദർശനങ്ങൾ ഉത്തരാധുനികതയെ സംബന്ധിച്ച സിദ്ധാന്തങ്ങൾ രൂപപ്പെടുന്നതിനു കാരണമായിട്ടുണ്ട്.

ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലെ ധൈഷണിക സംവാദങ്ങളിൽ ഏറ്റവും പ്രധാനം ഉത്തരാധുനികതയെക്കുറിച്ചുള്ള ചർച്ചയായിരുന്നു. സാംസ്ക്കാരികവിമർശനം, അഥവാ സംസ്കാരപഠനം എന്ന അർത്ഥത്തിലാണിന്ന് ഉത്തരാധുനിക ചർച്ചകൾ മുന്നേറുന്നത്. മാനവവാദത്തിന്റെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെട്ട മനുഷ്യനെയും യാഥാർത്ഥ്യങ്ങളെയും അപകേന്ദ്രീകരിക്കുന്ന ഉത്തരാധുനിക പ്രവണതകൾ ആധുനികതയുടെ താത്ത്വിക പരിസരത്തുനിന്ന് സ്വയം വിമോചിതമാണെന്നു വരുന്നു. ഇങ്ങനെ പുതിയ ഒരു ചിന്താമണ്ഡലത്തെ സാധ്യമാക്കുവാൻ ഉത്തരാധുനികതയ്ക്ക് കഴിയുന്നു. “മാനവവാദത്തിന്റെ ചിന്താരീതികളിൽ അതിന്റെ പരികൽപനകളിൽ അബോധമായിത്തീർന്നിരിക്കുന്ന വൈരുദ്ധ്യങ്ങളെ, പ്രത്യക്ഷനാട്യങ്ങൾക്കെതിരെ വായിച്ചെടുക്കുകയും ഉന്നയിക്കുകയും ചെയ്യാവുന്ന തരത്തിൽ സൈദ്ധാന്തിക രംഗത്തുണ്ടായ കാൽവെയ്പ്പുകളാണ് ആധുനികാനന്തര ചിന്തയിൽ പ്രധാനമായും സംഭവിക്കുന്നത്. ഇവയെ ഒന്നാകെ സിദ്ധാന്തം (Theory) എന്നു വിളിക്കുന്നു. ഭാഷാശാസ്ത്രവും തത്ത്വചിന്തയും സാഹിത്യവിമർശനവും രാഷ്ട്രീയ സാംസ്കാരിക സമീപനങ്ങളും ഒക്കെ ഇതിൽപ്പെടുന്നു. അവയൊക്കെ സ്വയം നിർവ്വചിക്കുവാൻ ശ്രമിക്കുന്നത് മാനവവാദത്തിനെതിരായിട്ടാണ്. ഇവ ഐക്യപ്പെടുന്ന ഒരു കാര്യവും ഇതാണ്. നവമാർക്സിസം, ഫെമിനിസം, കൊളോണിയൽ വിമർശനം, ഇക്കോപൊളിറ്റിക്സ് തുടങ്ങിയ വിമർശനസമീപനങ്ങളും ഘടനാവാദം (Structuralism) അപനിർമ്മാണം (Deconstruction) തുടങ്ങിയ വിശകലനരീതികളും ഇങ്ങനെ വിശാലമായ പരിപ്രേക്ഷ്യത്തിൽ ഒന്നിക്കുന്നു” (ജോർജ്ജ് സി.ജെ., (എഡി.)1996: 21) ആധുനികതയുടെ അടിസ്ഥാനധാരണകളെ ചോദ്യം ചെയ്യുകയും നിഷേധിക്കുകയും ചെയ്തുകൊണ്ട് രൂപപ്പെടുന്ന വിശാലമായ ഒരു സാം സ്ക്കാരികാന്തരീക്ഷമാണിത്.

**ഉപദർശനം**

ആധുനികതയുടെ മനുഷ്യകേന്ദ്രിതയുക്തികളെയും യൂറോ കേന്ദ്രിത ജ്ഞാനപദ്ധതികളെയും ഉത്തരാധുനികത തിരസ്കരിക്കുന്നു. ഉത്തരാധുനികതയെ ബൃഹദാഖ്യാനങ്ങളുടെ നിരാസമായി കാണുന്ന ല്യോതാറും ഇന്നത്തെ സാമൂഹികാവസ്ഥയിൽ കാഴ്ച'യ്ക്കുവന്ന അമിതപ്രാധാന്യത്തെ പുരക്ഷേപിക്കുന്ന ബോദ്രിയാറും ക്ലാസിക്കൽ രീതിയിലുള്ള സാമൂഹികവർഗ്ഗങ്ങൾ അപ്രത്യക്ഷമായിരിക്കുന്നുവെന്ന് പറയുന്ന ഫ്രെഡറിക് ജയിംസണും കേന്ദ്രീകൃതവും പരിമിതവുമായ ദർശനപദ്ധതികളെയല്ല, ബഹുസ്വരവും വൈവിധ്യമാർന്നതുമായ പുതിയലോകക്രമത്തെയാണ് വിവക്ഷിക്കുന്നത്. ബഹുസ്വരമാതൃകളും വ്യത്യസ്തചിന്താധാരകളും അവതരിപ്പിച്ച മിഖായിൽ ബക്തിൻ, ഴാക്ദറിദ തുടങ്ങിയ നിരവധി സൈദ്ധാന്തികർ ഉത്തരാധുനികതയുടെ ചിന്തകരാകുന്നതങ്ങനെയാണ്. ഇത്തരത്തിൽ കേന്ദ്രീകൃതസൗന്ദര്യദർശനങ്ങൾ അപ്രത്യക്ഷമാകുന്ന പുതിയ കാലത്തെ ഉൾക്കൊള്ളാനും ആവിഷ്കരിക്കാനും കഴിയുന്ന സാഹിത്യമാതൃകകളെയാണ് ഉത്തരാധുനികം' എന്ന് വിശേഷിപ്പിക്കുന്നത്. ബോദ്രിയാർ, ലോത്യാർ, ഫ്രെഡറിക് ജെയിംസൻ, എന്നിവരുടെ ദർശനങ്ങൾ, സൗന്ദര്യദർശനപരമായ ഒരു പദ്ധതിയെന്ന നിലയിലും ഒരു തത്ത്വചിന്ത എന്ന നിലയിലും ഉത്തരാധുനികതയെ സുഗ്രഹമാക്കുന്നതിൽ പ്രധാന പങ്ക്വഹിക്കുന്നു.

**ഗ്രന്ഥസൂചി**

1. അപ്പൻ, കെ.പി., ഉത്തരാധുനികത വർത്തമാനവും വംശാവലിയും, ഡി.സി ബുക്സ്, കോട്ടയം, 1998.
2. ജോർജ്ജ്, സി.ജെ.,(എഡി.) ആധുനികാനന്തര സാഹിത്യസമീപനങ്ങൾ, ബുക് വേം, തൃശൂർ, 1996.
3. രവീന്ദ്രൻ, പി.പി., ആധുനികാനന്തരം വിചാരം വായന, കറന്റ് ബുക്സ്, തൃശൂർ, 1999.
4. സുധാകരൻ, സി.ബി., ഉത്തരാധുനികത, നവസിദ്ധാന്തങ്ങൾ, ഡി.സി ബുക്സ്, കോട്ടയം, 2000.

## English

1. Anderson, Walter Truett(Ed.) The Fontana Postmodernism A Reader- Introduction, London, 1996.
2. Baudrillard, Jean, The Mirror Of Production, Mark Poster(Tran.), St.Louis Telos Press, France, 1975.
3. Bigrell, Jonathan, Postmodern Media Culture, Aakaar Books, Delhi, 2000.
4. Christopher, Butler, Postmodernism- A very short Intoduction Oxford University Press, London, 2002.
5. De bord, Guy, The Society Of the Spectacle Ken knabb(Trans.) Black and Red, Detroit (U.S.A), 1977.
6. Eagleton, Terry, Literary Theory: An Introduction, Blackwell Publishers, Oxford, 1994.
7. Gray, Woller(Ed.) Public Administration and Postmodernism, Sage Publication, Washington, U.S.A, 1997.
8. Hutcheon, Linda, A Poetics Of Postmodernism:History Theory, Routlege, NewYork, London, 2004.
9. Jameson, Fredric, Postmodernism or the Cultural Logic of Late, capitalism, verso, London. 1993.
10. Lyon, David, Postmodernity, Viva Books, New Delhi, 2002.
11. Lyotard, Jean Francois, The Postmodern Condition: A Report OnKnowledge, University of Minnesota Press, New York, 1984.
12. Lucy, Niall (Ed.) Postmodern Literary Theory-An Anthology, Blackwell, Publishers, New York, 2000.
13. McHale, Brian, Postmodernist Fiction, Routledge, New York, London, 2003.
14. Waugh, Patricia, Literary Theory and Criticism, Oxford University Press, New York, 2006.

■■■

# സ്ത്രീപക്ഷ ചലച്ചിത്രസിദ്ധാന്തം - ഉത്ഭവവികാസങ്ങൾ (Feminist Film Theory)

**അർജുൻ ഗോപാൽ പി.**
ഗവേഷകൻ മലയാളവിഭാഗം,
കേരള സർവകലാശാല,

**സംഗ്രഹം**

ചലച്ചിത്രപഠനത്തിനുള്ള ഒരു വിമർശനാത്മക സമീപന മാണ് സ്ത്രീപക്ഷ ചലച്ചിത്രസിദ്ധാന്തം. ചലച്ചിത്രവ്യവസായത്തിൽ കടന്നുകൂടിയ പ്രബലമായ പുരുഷാധിപത്യഘടകങ്ങളെ ചോദ്യംചെയ്തുകൊണ്ട് 1970-കളിലാണ് ഈ സിദ്ധാന്തം ഉയർന്നുവന്നത്. സാമൂഹിക മാനദണ്ഡങ്ങളെയും മൂല്യങ്ങളെയും പ്രതിഫലിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ഒരു സാംസ്കാരികപ്രവർത്തനംകൂടിയായ ചലച്ചിത്രത്തിൽ ക്യാമറയ്ക്ക് മുന്നിലും പിന്നിലുമുള്ള സ്ത്രീകളുടെ പ്രാതിനിധ്യവും പങ്കാളിത്തവും വർദ്ധിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ തിരിച്ചറിയാൻ സ്ത്രീപക്ഷ ചലച്ചിത്രസിദ്ധാന്തം ശ്രമിക്കുന്നു. ഈ സിദ്ധാന്തത്തിന്റെ ഉത്ഭവപരിസരങ്ങളെ അന്വേഷിച്ചുകൊണ്ട് സിദ്ധാന്തത്തെ വിശദീകരിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

**താക്കോൽ വാക്കുകൾ**

സ്ത്രീപക്ഷസിദ്ധാന്തം, സഫ്രജറ്റ് പ്രസ്ഥാനം, വനിതാവകാശസമർഥനം, സ്വന്തമായൊരു മുറി, വീടിനുള്ളിലെ മാലാഖ, സെക്കൻ

ഡ്സെക്സ്, സ്ത്രീവാദത്തിന്റെ മൂന്നു തരംഗങ്ങൾ, സ്ത്രീവാദ ചലച്ചിത്രസിദ്ധാന്തം, വിഷ്വൽ പ്ലഷർ ആൻഡ് നറേറ്റീവ് സിനിമ, സ്ക്രീൻ തിയറി, ആത്മപരമായബദ്ധദൃഷ്ടി, മൂന്നുതരം നോട്ടങ്ങൾ, ക്യാമറ ഒബ്സ്ക്യൂറ, പുരുഷാധിപത്യമൂല്യങ്ങളിൽ നിർമ്മിക്കപ്പെട്ട ചലച്ചിത്രം.

ഫെമിനിസ്റ്റ് സിദ്ധാന്തങ്ങൾ പ്രത്യക്ഷപ്പെടാൻ തുടങ്ങിയ കാലത്തെ കൃത്യമായി അടയാളപ്പെടുത്തുക സാധ്യമല്ല. ഏദൻ തോട്ടത്തിലെ വിലക്കപ്പെട്ട കനിഭോജനം മുതൽ അനുഭവിച്ചുപോന്ന അവഗണനയ്ക്കും പീഡനങ്ങൾക്കും എതിരെ ശബ്ദമുയർത്തിയ, ചരിത്രത്തിൽ രേഖപ്പെടുത്താതെപോയ നിരവധി സംഭവങ്ങളും അതിലുൾപ്പെടും. എങ്കിലും വോട്ടവകാശത്തിനുവേണ്ടി നടത്തിയ സഫ്രജറ്റ് പ്രസ്ഥാനം (1860 - 1920) പോലുള്ള പ്രക്ഷോഭങ്ങൾ സ്ത്രീ അവകാശത്തിനുവേണ്ടി ഒരുമിച്ചുള്ള ആദ്യകാലപോരാട്ടങ്ങളായി ചരിത്രത്തിൽ രേഖപ്പെടുത്തുന്നു. എന്നാൽ സ്ത്രീവർഗത്തിന്റെ അവകാശങ്ങൾക്കും അന്തസ്സിനും വേണ്ടി പ്രകാശിതമായ ആദ്യത്തെ കൃതി ഇംഗ്ലണ്ടുകാരിയായ മേരിവോൾസ്റ്റോൺ ക്രാഫ്റ്റ് (mary wollstone craft) എഴുതിയ വനിതാവകാശസമർഥനം (Avindication of the rights of woman) എന്ന പുസ്തകമാണ്. 1792 -ൽ പ്രസിദ്ധപ്പെടുത്തിയതും ഇംഗ്ലണ്ടിലെ ഫെമിനിസത്തിന്റെ ആധാര ഗ്രന്ഥമായി മാറിയതുമായ ഈ പുസ്തകം രാജാവ് പ്രജകളെ അടിച്ചമർത്തുന്നതുപോലെ തന്നെയാണ് കുടുംബനാഥൻ സ്ത്രീകളെ അടിച്ചമർത്തുന്നതെന്ന് സമർത്ഥിക്കുന്നു.

ഫെമിനിസ്റ്റ്സിദ്ധാന്തത്തിന്റെ വികാസചരിത്രത്തിൽ നിർ ണായകമായ സംഭാവനകൾ നൽകിയ വനിതകളിൽ എടുത്തുപറയേണ്ട ഒരാളാണ് വെർജീനിയ വൂൾഫ്. അവരുടെ "സ്വന്തമായൊരു മുറി" (A room of one's own) എന്ന ലേഖനം ഫെമിനിസ്റ്റ് ബൈബിൾ എന്നുവരെ വിശേഷിപ്പിക്കപ്പെടുന്നു. വിക്ടോറിയൻ മൂല്യവ്യവസ്ഥ കാത്തുസൂക്ഷിച്ചുപോന്ന സ്ത്രീയെന്ന 'വീടിനുള്ളിലെ മാലാഖ'യുടെ ചിറകുകളറുത്ത് ഭൂമിയുടെ വിശാലതയിലേക്കുവിടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വുൾഫ് തന്റെ കൃതിയിൽ ചൂണ്ടിക്കാണിക്കുന്നു. ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ട മറ്റൊരു കൃതിയാണ്

1949-ൽ സിമോൺ ഡി ബുവ്വ എഴുതിയ "സെക്കൻഡ് സെക്സ്" 'ഒരാൾ സ്ത്രീയായി ജനിക്കുകയല്ല, സ്ത്രീയായി തീരുകയാണ്' എന്ന് ആർജ്ജിത വ്യക്തിത്വത്തോടെ ഈ കൃതിയിൽ ബുവ്വ വിളിച്ചു പറഞ്ഞു.

1960 കളിലെയും 1970 കളിലെയും സ്ത്രീകളുടെ അവകാശ പ്രസ്ഥാനത്തിൽ നിർണായകപങ്ക് വഹിച്ച ഒരു അമേരിക്കൻ ഫെമിനിസ്റ്റ് എഴുത്തുകാരിയും ആക്ടിവിസ്റ്റുമായിരുന്നു ബെറ്റിഫ്രീ ഡൻ. 1963-ൽ പ്രസിദ്ധീകരിച്ച 'ദി ഫെമിനിൻ മിസ്റ്റിക്' എന്ന പുസ്തകത്തിലൂടെയാണ് ഫ്രീഡൻ അറിയപ്പെടുന്നത്, സംതൃപ്തവും അർത്ഥപൂർണ്ണവുമായ ജീവിതം നയിക്കണമെങ്കിൽ പുരുഷന്മാരെപ്പോലെ അവസരങ്ങളും സ്വാതന്ത്ര്യങ്ങളും സ്ത്രീകൾക്ക് ഉണ്ടാകണമെന്ന് ഫ്രീഡൻ ഉറപ്പിച്ചു പറയുന്നു. ഫെമിനിസത്തിന്റെ രണ്ടാം തരംഗത്തിന് തുടക്കമിടുന്നതിൽ ഫ്രീഡന്റെ പ്രവർത്തനം നിർണായകമായിരുന്നു.

ചുരുക്കത്തിൽ സ്ത്രീവാദത്തിന്റെ ചരിത്രത്തെ മൂന്നു തരംഗങ്ങളായി തരംതിരിക്കുന്നു

1) 19-ാം നൂറ്റാണ്ട് മുതൽ 20-ാം നൂറ്റാണ്ടിന്റെ തുടക്കംവരെ
2) 1960 മുതൽ 1990 വരെ
3) 1990നുശേഷം

ഇതിൽ എല്ലാ വിജ്ഞാനമേഖലകളുടെയും സ്ത്രീമാനം കണ്ടെത്താനുള്ള ഒരു വിലപ്പെട്ട ഉരകല്ലായി ഫെമിനിസം മാറിയത് രണ്ടാംതരംഗത്തിലാണ്. ഫെമിനിസം, സാമൂഹികശാസ്ത്രം, നരവംശശാസ്ത്രം, രാഷ്ട്രമീമാംസ, സാമ്പത്തികശാസ്ത്രം, മനഃശാസ്ത്രം, മതം, തത്ത്വശാസ്ത്രം, ശരീരശാസ്ത്രം, പരിസ്ഥിതിപഠനം, നാടകം, സാഹിത്യം, ചലച്ചിത്രം തുടങ്ങിയ വൈജ്ഞാനികശിക്ഷണങ്ങളുടെ ഫെമിനിസ്റ്റുമാനം കണ്ടെത്തുന്ന പ്രക്രിയ ഈ കാലത്ത് സജീവമായി. ഇവിടെ ഉടലെടുത്ത ഒരു സിദ്ധാന്തമാണ് സ്ത്രീപക്ഷ ചലച്ചിത്രസിദ്ധാന്തം (Feminist Film Theory).

ദൃശ്യമാധ്യമങ്ങളിൽ മുഖ്യമായ സിനിമയോടും പെൺപക്ഷ സിദ്ധാന്തങ്ങൾ ഗൗരവമായി സമീപിച്ചു. 1970-കളിൽ ബ്രിട്ടനിലും

അമേരിക്കയിലുമാണ് സ്ത്രീപക്ഷ ചലച്ചിത്രസിദ്ധാന്തം ഉടലെടുക്കുന്നത്. അമേരിക്കൻ തത്ത്വചിന്തകയായ മാർജോറിറോസന്റെ "പോപ്കോൺ വീനസ്: വിമൺ, മൂവീസ് ആൻഡ് ദി അമേരിക്കൻ ഡ്രീം" (1973) എന്ന കൃതിയെ ആദ്യത്തെ സ്ത്രീപക്ഷചലച്ചിത്രസിദ്ധാന്തപുസ്തകമായി കണക്കാക്കാം. ഈ കൃതി മുഖ്യമായും സ്ക്രീനിലെ സ്ത്രീകളുടെ പ്രശ്നകരമായ സ്വഭാവരൂപീകരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. കൂടാതെ 1974-ൽ മോളി ഹാസ് കെൽ എഴുതിയ "ഫ്രം റെവൻസ് ടു റേപ്പ് ദി ട്രീറ്റ്മെന്റ്ക ഓഫ് വിമൻ ഇൻ ദി മൂവിസ്" എന്ന പുസ്തകവും പുറത്തിറങ്ങുന്നു. ഇതുകൊണ്ട്തന്നെ ഫെമിനിസ്റ്റ് ഫിലിംതിയറിയുടെ ആരംഭം അമേരിക്കയിലാണെന്ന് മനസ്സിലാക്കാം.

ബ്രിട്ടനിൽ സ്ത്രീപക്ഷ ചലച്ചിത്രസിദ്ധാന്തത്തിന്റെ വളർച്ച മനശാസ്ത്രം, സെമിയോട്ടിക്സ്, മാർക്സിസം, എന്നീ സിദ്ധാന്തങ്ങളെ മുൻനിർത്തി കുറച്ചുകൂടി ആഴത്തിലായിരുന്നു. ബ്രിട്ടീഷ് സ്ത്രീപക്ഷ ചലച്ചിത്രസൈദ്ധാന്തികരിൽ പ്രധാനി ലോറ മൾവി ആയിരുന്നു. അവരുടെ "കാഴ്ചയുടെ ആനന്ദം ആൻഡ് ആഖ്യാനസിനിമ" [visual pleasure and narrative cinema] എന്ന പ്രബന്ധം 1973 ൽ എഴുതുകയും 1975-ൽ "സ്ക്രീൻ" എന്ന ഫിലിംതിയറി ജേണലിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ഫ്രോയിഡ്, ലക്കാൻ എന്നിവരുടെ സിദ്ധാന്തത്തെ മുൻനിർത്തിയാണ് ലോറമൾവി ചലച്ചിത്രങ്ങളെ പഠിച്ചത്. റെയ്മണ്ട് ബെല്ലോർ, ഴാൻ ലൂയിബൗഡ്റി, ക്രിസ്ത്യൻ മെറ്റ്സ് തുടങ്ങിയ ചലച്ചിത്ര സൈദ്ധാന്തികർ സിനിമാപരീക്ഷണസാമഗ്രികളെക്കുറിച്ചും കാഴ്ചക്കാരന്റെ പ്രതിസ്പന്ദനങ്ങളെക്കുറിച്ചും മുമ്പേ എഴുതിയിരുന്നു. അവരുടെ അന്വേഷണമേഖലയെ വിസ്തൃതമാക്കുകയും അവരുടെ ചില നിഗമനങ്ങളെ വെല്ലുവിളിക്കുകയുമാണ് ലോറ മൾവി ചെയ്തത്. ചലച്ചിത്രത്തിൽ സ്ത്രീബിംബങ്ങൾ അവതരിപ്പിക്കപ്പെടുന്നതിന്റെ രാഷ്ട്രീയത്തെപ്പറ്റിയുള്ള അന്വേഷണം നടത്തി സ്ത്രീപക്ഷ ചലച്ചിത്രസിദ്ധാന്തം കരുപ്പിടിപ്പിക്കണമെന്നതായിരുന്നു ലോറയുടെ ലക്ഷ്യം. പുരുഷാധീശസിനിമയുടെ രീതിശാസ്ത്രവും ഭാഷയും ആഖ്യാനശൈലിയും അവർ സൂക്ഷ്മമായി അപഗ്രഥിച്ചു. ആൺ ആസക്തികളിലൂടെ രൂപം

നല്കിയ പെൺബിംബം അയഥാർത്ഥമാണെന്ന് മൾവി നിരീക്ഷിക്കുകയും മനോവിശ്ലേഷണത്തിന്റെ സഹായത്തോടെ പഠിക്കുകയുംചെയ്തു.

ഫ്രോയിഡിന്റെ സിദ്ധാന്തത്തെ മുൻനിർത്തി ലോറമൾവി രണ്ടുതരം ദൃഷ്ടിഗോചരത്തെ വിശദീകരിക്കുന്നു. ഒന്ന് ഒരുവ്യക്തി ഒളിഞ്ഞുനോക്കി വിഷയസുഖം അനുഭവിക്കുന്ന വിചിത്രസ്വഭാവം മറ്റൊന്ന് ആത്മപരമായ ബദ്ധദൃഷ്ടി (Narcissist gaze). അതായത് സ്വന്തം ശരീരം കണ്ണാടിയിൽ കണ്ട് ലൈംഗികമായ ആനന്ദം അനുഭവിക്കുന്നു. ഇതിനെ ലക്കാൻ മിറർസ്റ്റേജ് എന്ന് വിളിക്കുന്നു. ഇവയെ മുൻനിർത്തി ഹോളിവുഡ് സിനിമകളെ വിശകലനം ചെയ്ത് സുപ്രധാനമായ നിരീക്ഷണം മൾവി നടത്തുന്നു. പുരുഷപക്ഷത്തുനിന്നുള്ള ഒരു കാഴ്ചയാണ് സിനിമ എന്ന് മൾവി പ്രഖ്യാപിക്കുന്നു. ഈ അവസരത്തിൽ മൂന്ന് നോട്ടങ്ങളെപ്പറ്റിയും മൾവി പറയുന്നു.

1) പുരുഷനാൽ നിയന്ത്രിക്കപ്പെടുന്ന ക്യാമറ സ്ത്രീയെ ഒരു അചേതനവസ്തുവായി നോക്കിക്കാണുന്നു
2) സിനിമയ്ക്കുള്ളിലെ പുരുഷ കഥാപാത്രങ്ങൾ സ്ത്രീകളെ അധികാരത്തോടെയും ആസക്തിയോടെയും നോക്കികാണുന്നത്.
3) പുരുഷനായ പ്രേക്ഷകൻ ക്യാമറയോടും പുരുഷകഥാപാത്രത്തോടുമൊപ്പം വ്യവസ്ഥാപിത സാംസ്കാരിക മൂല്യങ്ങൾക്കകത്തുനിന്നും സ്ത്രീയെ നോക്കിക്കാണുന്ന നോട്ടം

ഈ നോട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഹോളിവുഡ് സിനിമകള ലോറമൾവി പഠിക്കുന്നു. പുരുഷന്മാരുടെ ഇഷ്ടദൃശ്യഭംഗിക്കായി ചിത്രങ്ങൾ നിർമ്മിക്കുന്ന സ്വപ്നഫാക്ടറിയാണ് ഹോളിവുഡ് സിനിമ എന്നായിരുന്നു മൾവിയുടെ പ്രധാനവാദം.

സ്ത്രീപക്ഷ ചലച്ചിത്രസിദ്ധാന്തത്തിന്റെ വികാസചരിത്രത്തിൽ എടുത്തുപറയേണ്ട മറ്റൊന്നാണ് “ക്യാമറ ഒബ്സ്ക്യൂറ” (camera obscura) എന്ന ജേണൽ. 1976 നോർത്ത് കരോലിനയി ലെ ഡർഹാമിലെഡ്യൂക്ക് യൂണിവേഴ്സിറ്റി പ്രസ്സ് പ്രസിദ്ധീകരിച്ച ഈ ജേണൽ

ചലച്ചിത്രപഠനത്തിൽനിന്ന് മാധ്യമപഠനത്തിലേയ്ക്ക് മാറിയെങ്കിലും ഇന്നും നിലനിൽക്കുന്നുണ്ട്. ലിംഗം, വംശം, വർഗം, ലൈംഗികത എന്നിവയെ കേന്ദ്രീകരിക്കുന്ന ഓഡിയോവിഷ്വൽ സംസ്കാരം, സിനിമ, ടെലിവിഷൻ, വീഡിയോ, ഡിജിറ്റൽ മീഡിയ എന്നിവയെ വിലയിരുത്തി പഠനങ്ങൾ നടത്തിവരുന്നു. ജാനറ്റ്ബെർഗ്സ്ട്രോം, സാൻസിഫ്ലിറ്റർമാൻ, എലിസബത്ത് ലിയോൺ, കോൺസ്റ്റൻസ് പെൻലി എന്നീ, കാലിഫോർണിയ സർവകലാശാലയിലെ നാല് ബിരുദവിദ്യാർത്ഥികളാണ് "ക്യാമറഒബ്സ്ക്യൂറ" എന്ന പ്രസിദ്ധീകരണം ആരംഭിച്ചത്. ചലച്ചിത്രത്തെ പഠിക്കാനായി ഇവർ ഫെമിനിസം, സാംസ്കാരികം, മനോവിശ്ലേഷണം, നരവംശശാസ്ത്രം തുടങ്ങിയ സമീപനങ്ങളെ ഉപയോഗിച്ചു. 1972-1975 കാലയളവിൽ കാലിഫോർണിയയിൽ പ്രസിദ്ധീകരിച്ച ആദ്യത്തെ ഫെമിനിസ്റ്റ് ഫിലിം മാഗസിനായ "സ്ത്രീകളും സിനിമയും" (women and film) എന്ന പ്രസിദ്ധീകരണത്തിൽ പരിചയപ്പെട്ടവരാണ് പില്ക്കാലത്ത് "ക്യാമറ ഒബ്സ്ക്യൂറ" പുറത്തിറക്കിയത്. എന്നാൽ പരസ്യം സ്വീകരിക്കാതിരിക്കുക, സംഘടനാപരമായ മറ്റു പ്രശ്നങ്ങൾ എന്നിവകൊണ്ട് "സ്ത്രീകളും സിനിമയും" അധികകാലം നിലനിന്നില്ല.

സ്ത്രീപക്ഷ ചലച്ചിത്രസിദ്ധാന്തത്തിന്റെ വികാസപരിണാമങ്ങളിൽ ഇനിയുമുണ്ട് എടുത്തുപറയേണ്ട പല പേരുകളും. അതിൽ പ്രധാനികളാണ് ഹൊറർ സിനിമകളിലെ ലിംഗഭേദത്തെപ്പറ്റി പഠിച്ച കരോൾ ജെ ക്ലോവർ. അവരുടെ കൃതിയായ "മെൻ,വിമൻ ആൻഡ് ചെയിൻജെൻഡർ ഇൻ ദി മോഡേൺ ഹൊറർ ഫിലിം" എന്നതിലാണ് അവസാന പെൺകുട്ടി (Last woman) എന്ന സിദ്ധാന്തം അവതരിപ്പിച്ചത്. കൂടാതെ ആംഗ്ലോ അമേരിക്കൻ സ്ത്രീപക്ഷ സൈദ്ധാന്തികരിലെ തുടക്കക്കാരിൽ ഒരാളായ "representing the woman: psychoanalysis and cinema"എന്ന പുസ്തകം എഴുതിയ എലിസബത്ത് കോവി ഹൊറർ സിനിമകളിലെ പുരുഷനോട്ടത്തെയും അതിലൈംഗികതയുടെ ഭാഗമായി സ്ത്രീകളെ ആവിഷ്കരിക്കുന്നതിനെപ്പറ്റിയൊക്കെ പഠിച്ച ബാർബറക്രീഡ "വിമൻ സിനിമ ആൻഡ്കൗണ്ടർ സിനിമ" "ഫെമിനിസ്റ്റ് പൊളിറ്റിക്സ് ആൻഡ് ഫിലിം ഹിസ്റ്ററി" എന്നീ പുസ്തകങ്ങൾ എഴുതിയ ക്ലെയർജോൺസ്റ്റൺ, കൂടാ

തെ മേരി ആൻഡോണ, ബ്രാച്ച എൽ എറ്റിംഗർ, ജെയ്ഗെയിൻസ് മിറിയം ഹാൻ ബെൽ, മാഗി ഹും, ഭായ് ജിൻ ഹുവതുടങ്ങി ധാരാളം പേരുടെ ക്രിയാത്മകമായ ഇടപെടലുകളിലൂടെയാണ് സ്ത്രീപക്ഷ ചലച്ചിത്രസിദ്ധാന്തം വളർന്നത്.

പുരുഷാധിപത്യമൂല്യങ്ങളാൽ രൂപപ്പെട്ട സിനിമയിലെ പരമ്പരാഗത ആഖ്യാനം, ലിംഗഭേദം, ലൈംഗികത എന്നിവയുടെ പ്രതിനിധാനങ്ങളെ പുനർനിർമ്മിക്കുന്നതിൽ സ്ത്രീപക്ഷ ചലച്ചിത്ര സിദ്ധാന്തം സ്വാധീനം ചെലുത്തിയിട്ടുണ്ട്. ചലച്ചിത്രവ്യവസായത്തിന്റെ പുരുഷമേധാവിത്വസ്വഭാവം തിരിച്ചറിയുന്നതിനും ക്യാമറയ്ക്ക് മുന്നിലും പിന്നിലും സ്ത്രീകളുടെ ദൃശ്യപരതയും പ്രാതിനിധ്യവും വർദ്ധിക്കാനും ഇത് കാരണമായി. ഇന്ന് സ്ത്രീപക്ഷ ചലച്ചിത്രസിദ്ധാന്തം ധാരാളം ഉപവിഭാഗമായിമാറി അതിന്റെ പഠനമേഖല സൂക്ഷ്മമാക്കി മാറ്റിക്കഴിഞ്ഞു. ക്വിയർ ഫെമിനിസ്റ്റ് ഫിലിംതിയറി, ട്രാൻസ്നാഷണൽ ഫെമിനിസ്റ്റ്ഫിലിംതിയറി, ഡിസെബിലിറ്റി ഫെമിനിസ്റ്റ്ഫിലിംതിയറി, ഇക്കോഫെമിനിസ്റ്റ് ഫിലിംതിയറി, ഡിജിറ്റൽ ഫെമിനിസ്റ്റ് ഫിലിംതിയറി തുടങ്ങിയവ അതിൽ പ്രധാനമാണ്.

ചലച്ചിത്രത്തിൽ സ്ത്രീപ്രാതിനിധ്യം കാണിക്കുന്ന സ്റ്റീരിയോടൈപ്പുകളെ വിമർശിച്ച് അപഗ്രഥനം നടത്തി പുനർനിർമ്മിക്കാൻ സ്ത്രീപക്ഷചലച്ചിത്രസിദ്ധാന്തത്തിന് കഴിഞ്ഞു. പരമ്പരാഗതമായി സ്ത്രീകളെയും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെയും ചലച്ചിത്രവ്യവസായത്തിൽ നിന്ന് ഒഴിവാക്കുന്ന വ്യവസ്ഥാപരമായ അസമത്വങ്ങളെ വെല്ലുവിളിക്കുന്നതിൽ ഈ ചലച്ചിത്രസിദ്ധാന്തം പ്രധാന പങ്കുവഹിച്ചു. കൂടാതെ സ്ത്രീപക്ഷകാഴ്ചപ്പാടുകൾക്കും ആഖ്യാനങ്ങൾക്കും മുൻഗണനനൽകുന്ന ബദൽ ചലച്ചിത്ര സംസ്കാരങ്ങൾ സൃഷ്ടിച്ചു. മുഖ്യധാരവിതരണമേഖലകളെ വെല്ലുവിളിച്ച് ഫെമിനിസ്റ്റ് ഫിലിംഫെസ്റ്റുവൽ, സ്വതന്ത്രചലച്ചിത്രനിർമ്മാണം, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവയുടെ സഹായം തേടി. വിശാലമായ സ്ത്രീപക്ഷപ്രസ്ഥാനത്തിന്റെ ഭാഗമായി രൂപംകൊണ്ട സ്ത്രീപക്ഷ ചലച്ചിത്രസിദ്ധാന്തം ചലച്ചിത്രത്തിലെ അനീതികളെ ചോദ്യം ചെയ്ത് വൈവിധ്യപൂർണമായ ചലച്ചിത്രനിർമിതിയ്ക്ക് സഹായകമായി. ഒന്നിലധികം സ്ത്രീപക്ഷ സൈദ്ധാന്തികവീക്ഷണകോണിൽ

നിന്നും ചലച്ചിത്രത്തെ പഠിക്കുന്ന സ്ത്രീപക്ഷ ചലച്ചിത്രസിദ്ധാന്തം ചലച്ചിത്രത്തിലെ സ്റ്റീരിയോടൈപ്പ് പ്രാതിനിധ്യത്തെ വിമർശിക്കുകയും മറുവശത്ത് സ്ത്രീയുടെ അഭിമാനത്തെയും ആത്മനിഷ്ഠതയെയും ആഗ്രഹത്തെയും പ്രതിനിധീകരിക്കുന്ന സ്ത്രീപക്ഷ സിനിമകളുടെ സാധ്യതകൾ അന്വേഷിക്കുന്നു.

**ഗ്രന്ഥസൂചി**


1. ജയകൃഷ്ണൻ, എൻ(എഡി), ഫെമിനിസം, കേരള ഭാഷാ ഇൻസ്റ്റ്യൂട്ട്, തിരുവനന്തപുരം,
2. മ്യൂസ്മേരി (എഡി), സ്ത്രീപക്ഷ മാധ്യമപഠനങ്ങൾ.
3. സുകുമാരൻ, വി, സ്ത്രീ - എഴുത്തും വിമോചനവും
4. സിമോൺ ഡി ബുവ്വ, പരിഭാഷ: പത്മകുമാർ മുഞ്ഞിനാട്, (ഡോ) സെക്കൻഡ് സെക്സ്, പാപ്പിറസ് ബുക്സ്, 2015.


■■■

# അപ്പന്റെ ഗുരുദർശനം

**ഡോ. എസ്. ജയൻ**

അസിസ്റ്റന്റ് പ്രൊഫസർ
മലയാള വിഭാഗം, എസ്.എൻ കോളേജ്, കൊല്ലം

**സംഗ്രഹം**

മലയാളസാഹിത്യത്തിൽ ആധുനികതാപ്രസ്ഥാനത്തിന് നവഭാവുകത്വം നൽകിയ വിമർശകനാണ് കെ. പി. അപ്പൻ. വിമർശനത്തെ ഒരു സർഗ്ഗാത്മക കലയാക്കി മാറ്റുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് ചെറുതല്ല. അദ്ദേഹത്തിന്റെ രചനകളിൽ വ്യത്യസ്തത പുലർത്തുന്ന ഒരു കൃതിയാണ് 'ചരിത്രത്തെ അഗാധമാക്കിയ ഗുരു' ശ്രീനാരായണ ഗുരുവിന്റെ ജീവിതത്തിലൂടെയും കൃതികളിലൂടെയും ഗ്രന്ഥകാരൻ നടത്തുന സഞ്ചാരത്തിൽ നിന്നും ഉരുത്തിരിയുന്ന ചിന്തകളാണ് ഇവിടെ അവതരിപ്പിക്കുന്നത്. കേരളീയ സമൂഹത്തിൽ നിലവിലിരുന്ന വലിയ ജീർണ്ണതകൾക്കെതിരെ നിലകൊണ്ട വലിയ സാമൂഹ്യവിമർശകനായിരുന്നു ഗുരുവെന്ന് കെ. പി. അപ്പൻ നിരീക്ഷിക്കുന്നു. അപ്പന്റെ ഗുരുദർശനത്തെ വിലയിരുത്തുകയാണ് ഈ പ്രബന്ധത്തിൽ.

**താക്കോൽ വാക്കുകൾ**

ധാർമ്മിക സോഷ്യലിസ്റ്റ്- വിപ്ലവകാരി- മഹർഷി- ശൈവ വ്യക്തിത്വം- ദാർശനികൻ

## കെ. പി. അപ്പനും വിമർശനകലയും

മലയാളവിമർശനത്തിലെ നിത്യവിസ്മയമാണ് കെ. പി. അപ്പൻ. ബിഥോവന്റെ സിംഫണി പോലെ സംഗീതസാന്ദ്രമായ ഭാഷയിലൂടെ പാശ്ചാത്യസാഹിത്യത്തെ പരിചയപ്പെടുത്തുകയും ആധുനിക മലയാളസാഹിത്യത്തിന് ഒരു മേൽവിലാസം സൃഷ്ടിക്കുകയും ചെയ്ത ധിക്ഷണാശാലിയാണ് അദ്ദേഹം. വിമർശനകലയിലെ അപ്പൻ വഴി എന്ന പുതിയ ഒരു പന്ഥാവ് വെട്ടിത്തുറന്ന് കൊണ്ട് നമ്മെ അദ്ദേഹം അത്ഭുതപ്പെടുത്തുകയും ആവേശഭരിതരാക്കുകയും ചെയ്തു. ആശയങ്ങളും നിലപാടുകളുമാണ് തന്നെ ക്ഷോഭിപ്പിക്കുന്നതെന്ന് ഉറക്കെ പ്രഖ്യാപിച്ചുകൊണ്ടാണ് ആദ്യത്തെ കൃതി 'ക്ഷോഭിക്കുന്നവരുടെ സുവിശേഷം' 1972-ൽ പ്രസിദ്ധീകരിച്ചത്. കാഫ്ക, കമ്യൂ, യോനസ്കോ, ഷെന തുടങ്ങിയ ആധുനിക പാശ്ചാത്യ സാഹിത്യകാരൻമാരെക്കുറിച്ചും, വിമർശനത്തിലെ ആധുനിക പ്രവണതകളെക്കുറിച്ചും വിവരിക്കുന്ന പുസ്തകമായിരുന്നു ക്ഷോഭിക്കുന്നവരുടെ സുവിശേഷം. തുടർന്ന് അദ്ദേഹം രചിച്ച തിരസ്കാരം, കലാപം വിവാദം വിലയിരുത്തൽ, പേനയുടെ സമര മുഖം തുടങ്ങി ഇരുപതോളം പുസ്തകങ്ങൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. ഇവയെല്ലാം മലയാളത്തിൽ ഏറെ ചർച്ചയ്ക്ക് വിധേയമായിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ വിമർശനജീവിതത്തെ സൂക്ഷ്മമായി പരിശോധിച്ചാൽ ആദ്യകാല അപ്പനിൽനിന്നും പിൽക്കാലത്ത് പ്രകടമായ വ്യത്യാസം നമുക്ക് ദർശിക്കുവാൻ കഴിയും. സാഹിത്യത്തിലും ചിന്തയിലും കലാപം സൃഷ്ടിച്ച എഴുത്തുകാരെക്കുറിച്ച് പറഞ്ഞുകൊണ്ട് വിമർശനരംഗത്തേക്ക് കടന്നുവന്ന കെ.പി. അപ്പൻ പിൽക്കാലത്ത് സാഹിത്യഭാവനയിലെ രോഗാവസ്ഥയെക്കുറിച്ചും, ബൈബിളിനെക്കുറിച്ചും ശ്രീനാരായണഗുരുവിനെക്കുറിച്ചുമൊക്കെ എഴുതി. ഇതൊരു ചുവടു മാറ്റമായി കണക്കാക്കാമെങ്കിലും ഒരു വിമർശകന്റെ തീപിടിച്ച മനീഷ നമുക്ക് ദർശിക്കാം. അതുകൊണ്ടാണ് മലയാളത്തിലെ ആദ്യത്തെ മേരിവിജ്ഞാനീയകൃതി 'മധുരം നിന്റെ ജീവിതം' നമുക്ക് ലഭിച്ചത്. ബൈബിളിനെ ഒരു മതഗ്രന്ഥം എന്നതിനപ്പുറം ഒരു സാഹിത്യ കൃതിയായി കാണുകയും അതിന്റെ മനോഹാരിത ആവോളം ആസ്വദിക്കുകയും ചെയ്തപ്പോൾ 'ബൈ

ബിൾ വെളിച്ചത്തിന്റെ കവചം' എന്ന കൃതി രൂപപ്പെട്ടു. ബൈബിളിനെ അഗാധമായി പ്രണയിച്ച അപ്പനിൽ അത് സൃഷ്ടിച്ച സ്വാധീനം ചെറുതല്ല. സംഗീതസാന്ദ്രമായ അപ്പൻ ഭാഷ രൂപപ്പെട്ടതും മറ്റൊന്നിൽ നിന്നുമല്ല. ബൈബിളിനെക്കുറിച്ച് കെ.പി. അപ്പൻ പറഞ്ഞ വാക്കുകൾ ശ്രദ്ധേയമാണ്.

"ഒരു സാഹിത്യകൃതിയിൽ നാം പരിചയപ്പെടുന്ന എല്ലാ ഉപപ്രപഞ്ചങ്ങളും ബൈബിളിൽ കാണാം. അതിൽ ചരിത്രത്തിന്റെ ഉദാത്ത രൂപങ്ങളുണ്ട്. നിയമസംഹിതയുണ്ട്, നാടകമുണ്ട് കവിതയും പ്രഭാഷണകലയുമുണ്ട്, ദിവ്യരഹസ്യാത്മകമായ മനസ്സ് വിവിധ രൂപങ്ങളിൽ സംസ്കരിച്ചതിന്റെ തെളിവുകൾ പോലെ ഇതെല്ലാം പ്രത്യക്ഷപ്പെടുകയാണ്."[1] (കെ.പി അപ്പൻ, മധുരം നിന്റെ ജീവിതം, പുറം-14)

**അപ്പന്റെ ഗുരുദർശനം**

ക്രിസ്തുവിന്റെയും മറിയത്തിന്റെയും കഥ അപ്പനെ ആകർഷിച്ചതുപോലെ തന്നെ ശ്രീനാരായണഗുരുവിന്റെ ജീവിതവും സാഹിത്യകൃതികളും അദ്ദേഹത്തെ ആകർഷിച്ചു. 'ചരിത്രത്തെ അഗാധമാക്കിയ ഗുരു' എന്ന കൃതി ശ്രീനാരായണ ഗുരുവിന്റെ ജീവിതത്തിലൂടെയും സാഹിത്യകൃതികളിലൂടെയും കെ. പി. അപ്പൻ നടത്തുന്ന യാത്രയാണ്. ഈ പുസ്തകത്തെ ലിറിക്കൽ ഫിലോസഫി എന്ന് വിശേഷിപ്പിക്കാം. കുട്ടികൃഷ്ണമാരാർ മഹാഭാരതത്തിലൂടെ നടത്തിയ യാത്ര ഭാരതപര്യടനമെന്ന അമൂല്യമായ ഗ്രന്ഥമായി രൂപപ്പെട്ടപ്പോൾ കെ. പി. അപ്പൻ ഗുരുവിന്റെ കൃതികളിലൂടെയും ജീവിതത്തിലൂടെയും നടത്തിയ യാത്രയുടെ ഫലമാണ് ചരിത്രത്തെ അഗാധമാക്കിയ ഗുരു. ഈ കൃതിയിൽ അപ്പൻ ഗുരുവിനെ മഹർഷിയായും സോഷ്യലിസ്റ്റായും വിപ്ലവകാരിയായും ക്രിസ്തുവായും, നബിയായും, ബുദ്ധനായും, വൈദ്യനായുമെല്ലാം കാണുന്നു. ഇതാണ് അപ്പന്റെ പ്രതിഭ. മറ്റ് വിമർശകന്മാരിൽനിന്നും അപ്പനെ വേറിട്ട് നിർത്തുന്ന പ്രത്യേകതയും മറ്റൊന്നല്ല. ഗുരുവിനെക്കുറിച്ച് മലയാളത്തിൽ ധാരാളം പഠനങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ 'ചരിത്രത്തെ അഗാധമാക്കിയ ഗുരു' എന്ന കൃതി മറ്റുള്ളവരിൽനിന്നും വേറിട്ട് നിൽക്കുന്നത് വ്യത്യസ്ത വീക്ഷണകോണു

കളിലൂടെ ഗുരുവിനെ വിലയിരുത്തുന്നതുകൊണ്ടാണ്. പതി നൊന്ന് അദ്ധ്യായങ്ങളായി വിഭജിച്ചിട്ടുള്ള ഈ ഗ്രന്ഥം ആരംഭിക്കുന്ന തുതന്നെ ഗുരുവിനെ ഒരു വൈദ്യനായി സങ്കല്പിച്ചുകൊണ്ടാണ്. ഇവിടെ വൈദ്യനായ ഗുരു ചികിത്സിക്കുന്നത് സമൂഹത്തെയാണ്. കേരളസമൂഹത്തിൽ നിലനിന്നിരുന്ന ജാതിവിവേചനത്തെയും തൊട്ടുകൂടായ്മയെയുമാണ് രോഗകാരണമായി കാണുന്നത്. കെ. പി. അപ്പൻ പറയുന്നത് ഇങ്ങനെയാണ്.

"ഭാരതീയ ഭാവനയിൽ ഗുരു ഭാവരോഗ വൈദ്യനാണ്. എന്നാൽ ശ്രീനാരായണഗുരു വ്യക്തിയുടെ ഭാവരോഗത്തെയല്ല. പ്രധാനമായും ചികിത്സിച്ചത്. അദ്ദേഹം ചരിത്രത്തിന്റെ മാനസിക ചികിത്സകനായിരുന്നു. അപമാനിതനായ മനുഷ്യൻ ചരിത്രത്തിൽ നിറച്ച നൈരാശ്യങ്ങളെ ചികിത്സിച്ച് ഭേദമാക്കാനാണ് ഗുരു ശ്രമി ച്ചത്"[2] (കെ.പി അപ്പൻ, ചരിത്രത്തെ അഗാധമാക്കിയ ഗുരു-പുറം 8)

ആദർശമാനവികതയുടെ സംഗീതം എന്ന ആദ്യ ലേഖന ത്തിലാണ് കെ. പി. അപ്പൻ ഇങ്ങനെ ഒരു നിരീക്ഷണം നടത്തുന്നത്. ലേഖനം ആരംഭിക്കുന്നത് തന്നെ 'തനിക്കു ചുറ്റുമുണ്ടായിരുന്ന മനുഷ്യവിരുദ്ധമായ ലോകത്തെ ചികിത്സിക്കാനാണ് ശ്രീനാരായ ണഗുരു ശ്രമിച്ചത് എന്ന വാചകത്തിലൂടെയാണ്. ഇവിടെ മനുഷ്യ വിരുദ്ധമായ ലോകം എന്നതുകൊണ്ട് ഗുരു ഉദ്ദേശിച്ചത് സമൂഹ ത്തിൽ നിലനിന്നിരുന്ന അയിത്തം തുടങ്ങിയ അനാചാരങ്ങളെ ആണ്. സംഘടിതമതങ്ങൾ പലപ്പോഴും സമൂഹത്തിൽ നിലനിൽ ക്കുന്ന ചൂഷണത്തെയോ വിഭാഗീയതയെയോ എതിർത്തിരുന്നില്ല. ഈ ഒരു സാഹചര്യത്തിൽ മതത്തെ പുതിയ ഒരു വീക്ഷണത്തി ലൂടെയാണ് ഗുരു ദർശിച്ചത്. സാധാരണ സന്ന്യാസിമാരുടെ ശൈലി ഉപേക്ഷിച്ച് മതമേതായാലും മനുഷ്യൻ നന്നായാൽ മതിയെന്ന വിശാലമായ കാഴ്ചപ്പാടിലാണ് അദ്ദേഹമെത്തിയത്. ഈ കാഴ്ചപ്പാട് ആണ് ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന് എന്ന് പറ യുന്നതിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്. മാത്രവുമല്ല ഗുരുവിന്റെ ഈ വചനത്തിന് സഹോദരൻ അയ്യപ്പൻ നൽകിയ ജാതി വേണ്ട മതം വേണ്ട ദൈവം വേണ്ട എന്ന തിരുത്ത് അദ്ദേഹം അംഗീകരിക്കുകയും ചെയ്തു.

ശ്രീനാരായണഗുരുവിനെ വൈദ്യനായി കൽപ്പിക്കുന്നതിന്റെ മറ്റൊരു പ്രധാനകാരണം അദ്ദേഹം നടത്തിയ ക്ഷേത്രപ്രതിഷ്ഠകളാണ്. ഓരോ പ്രതിഷ്ഠാസ്ഥാപനവും ഓരോ വിപ്ലവമായിരുന്നു. സമൂഹത്തിലെ തെറ്റുകൾക്കെതിരെ നടത്തിയ ചികിത്സയായിരുന്നു. അരുവിപ്പുറത്തെ ശിവപ്രതിഷ്ഠതന്നെ ഉദാഹരണം. സമരമുഖങ്ങളൊന്നും തുറക്കാതെ തന്നെ അധികാരം കൈക്കലാക്കുകയായിരുന്നു ഗുരു. പൗരോഹിത്യത്തിന്റെ തെറ്റായ നയങ്ങൾക്കെതിരെയുള്ള മനോഹരമായ ഒരു ചികിത്സാസമ്പ്രദായമായാണ് കെ. പി. അപ്പൻ ഗുരുവിന്റെ ഇത്തരം പ്രവൃത്തികളെ കണ്ടത്. കെ.പി. അപ്പൻ പറയുന്നത് അത് രാഷ്ട്രീയ മിസ്റ്റിസിസമായിരുന്നു എന്നാണ്. വിദ്യകൊണ്ട് പ്രബുദ്ധരാവുക എന്ന് ആഹ്വാനം ചെയ്തുകൊണ്ട് ക്ഷേത്രങ്ങളുടെ സ്ഥാനത്ത് വിദ്യാലയങ്ങളാണ് വേണ്ടത് എന്ന ആശയം പ്രചരിപ്പിച്ചതും മറ്റൊരു ചികിത്സാരീതിയായാണ് ഇവിടെ രേഖപ്പെടുത്തുന്നത്. മറ്റൊരു ചികിത്സാസമ്പ്രദായമാണ് പന്തിഭോജനം. ജാതിരഹിത സമൂഹം എന്ന ചിന്തയിൽ നിന്നുമാണ് ഇങ്ങനെ ഒരു ആശയം ഗുരുവിൽ ജനിക്കുന്നത്. മാത്രമല്ല വിശക്കുന്നവനോടൊപ്പം ആഹാരം കഴിക്കുകയെന്ന മറ്റൊരു ധർമ്മം കൂടി പന്തിഭോജനത്തിൽ കാണാം. സോഷ്യലിസ്റ്റ് മൂല്യങ്ങൾ ഇവിടെ തെളിഞ്ഞുനിൽക്കുന്നതായും കെ.പി. അപ്പൻ പറയുന്നു. കേരള സമൂഹത്തിൽ ഇങ്ങനെയൊരു ഗുരുവിന്റെ ആവിർഭാവം അനിവാര്യമായിരുന്നു. കെ.പി. അപ്പൻ പറയുന്നത് ശ്രീനാരായണ ഗുരുവിനെപ്പോലൊരു ആചാര്യൻ കേരളചരിത്രത്തിൽ അനിവാര്യമായിരുന്നു. അല്ലെങ്കിൽ കേശവദേവോ, ഒ.വി. വിജയനോ, കോവിലനോ, മാടമ്പ് കുഞ്ഞിക്കുട്ടനോ, സക്കറിയയോ, പുനത്തിൽ കുഞ്ഞബ്ദുള്ളയോ, ലളിതാംബിക അന്തർജ്ജനമോ അവരുടെ സൃഷ്ടികളിൽ ഇങ്ങനെയൊരു ഗുരുവിനെ അവതരിപ്പിക്കുമായിരുന്നു.

ശ്രീനാരായണഗുരുവിനെ ദൈവമായി സങ്കല്പിക്കുകയും ആരാധിക്കുകയും ചെയ്യുന്ന വർത്തമാനകാലഘട്ടത്തിലാണ് കെ. പി. അപ്പൻ ഗുരുവിനെ ഒരു ഭൗതികവാദിയായി ചിത്രീകരിച്ചത്. സമൂഹത്തിൽ അടിമത്തവും ചൂഷണവും അസമത്വവും സൃഷ്ടിക്കുന്നതിൽ സംഘടിത മതങ്ങൾ വലിയൊരു പങ്ക് വഹിച്ചിരുന്ന

തായി ഗുരു വിശ്വസിക്കുന്നു. അതുകൊണ്ട് മതപ്രവർത്തകരുടെ പദാവലികൾ ഒന്നും തന്നെ ഗുരുവിൽ കണ്ടെത്താൻ കഴിയില്ല. സാധാരണ സന്ന്യാസികളെപ്പോലെ സന്മാർഗ്ഗപാഠങ്ങളും അദ്ദേഹം നിർദ്ദേശിച്ചില്ല. അദ്ദേഹം ചിന്തിച്ചതെല്ലാം മനുഷ്യനന്മയെക്കുറിച്ചാണ് സമൂഹത്തെ ചികിത്സിക്കേണ്ടത് തികഞ്ഞ അവധാനതയോടെ വേണമെന്ന് ഗുരു വിശ്വസിച്ചു. ഗുരുവിന്റെ ഈ സ്വഭാവ സവിശേഷത വിവരിക്കുമ്പോൾ കെ.പി. അപ്പൻ ഗുരുവിനെയും സോക്രട്ടീസിനെയും തമ്മിൽ താരതമ്യം ചെയ്യുന്നുണ്ട്. സോക്രട്ടീസിന്റെ ആശയങ്ങൾക്ക് പിന്തുണ ലഭിക്കാതെ പോയത് ട്രാജഡികളെയും യവനസംസ്കാരത്തെയും തള്ളിക്കൊണ്ട് വളരെ വേഗത്തിൽ വ്യക്തിപരമായ നീതിശാസ്ത്രത്തെ അംഗീകരിച്ചതുകൊണ്ടാണെന്ന് കെ.പി അപ്പൻ  അഭിപ്രായപ്പെടുന്നു. എന്നാൽ ഗുരുവാകട്ടെ വളരെ സാവധാനം വിഗ്രഹങ്ങളിൽ നിന്നും ഏകദൈവത്തിലേക്കും ക്ഷേത്രങ്ങളുടെ സ്ഥാനത്ത് വിദ്യാലയങ്ങൾ എന്ന ആശയത്തിലേക്കും ജനങ്ങളെ നയിച്ചു.

ഗുരുവിനെ ധാർമ്മിക സോഷ്യലിസ്റ്റിന്റെ വക്താവായിട്ടാണ് കെ.പി. അപ്പൻ വിലയിരുത്തുന്നത്. ശാസ്ത്രീയ സോഷ്യലിസവുമായി ഇതിന് യാതൊരു ബന്ധവുമില്ല. സമൂഹത്തെ നോക്കിക്കാണുന്ന ഗുരുവിന് കാണാൻ കഴിഞ്ഞ അസമത്വങ്ങളും ധർമ്മവിരുദ്ധതയുമാണ് ഗുരുവിലെ സോഷ്യലിസ്റ്റ് വാദിയെ രൂപപ്പെടുത്തിയത്. തന്റെ സങ്കല്പത്തിലുള്ള സോഷ്യലിസത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ ആത്മീയതയ്ക്ക് മുഖ്യസ്ഥാനമുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചു. ആത്മീയതയിൽ ഉറച്ചു വിശ്വസിച്ചുകൊണ്ട് സംഘടിത മതങ്ങളുടെ തെറ്റായ നയങ്ങൾക്കെതിരെ അദ്ദേഹം കലഹിച്ചു. കെ.പി. അപ്പൻ പറയുന്നതിങ്ങനെയാണ്. "സോഷ്യലിസത്തിനുവേണ്ടിയുള്ള സമരത്തിൽ ആത്മീയത മനുഷ്യന്റെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുമെന്ന് അദ്ദേഹം കരുതി. അദ്ദേഹത്തിന്റെ ചിന്തകളും പ്രവർത്തനങ്ങളും ബൂർഷ്വാ സാമ്പത്തിക വാദത്തിൽ നിന്നും അകന്നുനിന്നു. ഗുരുവിന്റെ സോഷ്യലിസം കമ്മ്യൂണിസത്തിന്റെ ആദ്യപടിയൊന്നുമല്ലായിരുന്നു. പൊതു ഉടമസ്ഥത എന്ന കാഴ്ചപ്പാട് അതിൽ ഇല്ലായിരുന്നു. എന്നാൽ ചൂഷ

ണവിമുക്തനായ മനുഷ്യൻ, സമൂഹത്തിലെ ഓരോ അംഗത്തിന്റെയും ജീവിതവികാസം - ഇതെല്ലാം ഗുരുവിന്റെ ചിന്തയിൽ ഉണ്ടായിരുന്നു. മനുഷ്യവർഗ്ഗം ഏറ്റവും മാനുഷികവും നീതിയുക്തവുമായ മഹത്തായ ലക്ഷ്യത്തിലേക്ക് സോഷ്യലിസത്തിലേക്ക് നീങ്ങുന്നതിനെ ഈ ചിന്തകൾ മുൻകൂറായി ശക്തിപ്പെടുത്തിയിരുന്നു"[3] (കെ.പി. അപ്പൻ, ചരിത്രത്തെ അഗാധമാക്കിയ ഗുരു- പുറം 28)

സമൂഹത്തിൽ നിലനിൽക്കുന്ന അസമത്വങ്ങളെയും അനീതികളെയും രാഷ്ട്രീയമായിട്ടല്ല ഗുരു ദർശിച്ചത്. മറിച്ച് ആത്മീയമായിട്ടായിരുന്നു പരമ്പരാഗതമായ ഈശ്വരവിശ്വാസത്തെയും ക്ഷേത്രങ്ങളെയും പ്രതിഷ്ഠാനിർമ്മാണത്തെയും വിമർശിക്കുമ്പോഴും ഗുരു ദൈവകേന്ദ്രീകൃതമായ മാനവികതയിൽനിന്നും അകന്നുപോയില്ലയെന്ന് അപ്പൻ അഭിപ്രായപ്പെടുന്നു. ഇത് യഥാർത്ഥയോഗിയുടെ നിലപാടായിട്ടാണ് കെ. പി. അപ്പൻ നിരീക്ഷിക്കുന്നത്. നൂറുശതമാനവും വിശ്വാസിയായി നിന്നുകൊണ്ട് മതാതീതമായ ഒരു കാഴ്ചപ്പാട് സൃഷ്ടിക്കുന്നതിന് ഗുരുവിന് കഴിഞ്ഞിട്ടുണ്ട്.

ശ്രീനാരായണഗുരു നടത്തിയ കണ്ണാടി പ്രതിഷ്ഠയെ കേരളീയ സമൂഹത്തിൽ നടത്തിയ ഒരു വിപ്ലവമായിട്ടാണ് കെ. പി. അപ്പൻ അവതരിപ്പിക്കുന്നത്. 'കണ്ണാടിയിലെ വിപ്ലവ പ്രതിച്ഛായകൾ' എന്ന ലേഖനത്തിലാണ് ഈ ആശയം പങ്കുവയ്ക്കുന്നത്. എല്ലാ മതസ്ഥാപനങ്ങളും പുലർത്തുന്നത് കാലഹരണപ്പെട്ട ആശയങ്ങളാണ്. അതുകൊണ്ട് തന്നെ അതിനെ നവീകരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് ഗുരു വിശ്വസിച്ചു. ആ വിശ്വാസമാണ് പരമ്പരാഗതമായ പ്രതിഷ്ഠാരീതികളെയെല്ലാം അട്ടിമറിക്കുന്നതിന് ഗുരുവിനെ പ്രേരിപ്പിച്ചത്. പൗരോഹിത്യം സമൂഹത്തിന് മുകളിൽ അടിച്ചേൽപ്പിക്കുന്ന മാമൂലുകൾക്കെതിരെ പ്രതികരിക്കുന്നതിന് ഗുരു തയ്യാറായി. കാരമുക്ക് ക്ഷേത്രത്തിലെ പ്രതിഷ്ഠ ഒരു ഉദാഹരണമാണ്. മൂന്ന് തിരിയിട്ട് കത്തിച്ച ഒരു വിളക്കാണ് കാരമുക്ക് ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ചത്. പ്രകാശം ഇരുട്ടിനെ അകറ്റുന്നതാണ്. ഇരുട്ട് അന്ധതയ്ക്ക് കാരണമാകുന്നു. അജ്ഞതയാകുന്ന അന്ധകാരത്തെ ഇല്ലാതാക്കി മനുഷ്യനവീകരണം എന്ന ആശയമാണ് ഇവിടെ

കാണുന്നത്. ക്ഷേത്രങ്ങൾക്ക് പകരം വിദ്യാലയങ്ങൾ സ്ഥാപിക്കണെമെന്ന ഗുരുവിന്റെ ആശയത്തിന്റെ പ്രതിഫലനം തന്നെയാണ് ഈ പ്രതിഷ്ഠ. മുരുക്കുംപുഴ ക്ഷേത്രത്തിൽ ഓം എന്ന് ആലേഖനം ചെയ്ത പഞ്ചലോഹപ്രഭയാണ് സ്ഥാപിച്ചത്. ഉല്ലലയിലും കളവങ്കോടും കണ്ണാടി പ്രതിഷ്ഠ നടത്തി. ഇതെല്ലാം ആ കാലഘട്ടത്തിലെ വിപ്ലവങ്ങളായിരുന്നു. ഈ അവസ്ഥാവിശേഷത്തെ കെ. പി. അപ്പൻ നിരീക്ഷിക്കുന്നതിങ്ങനെയാണ്.

"പ്രഭ പ്രതിഷ്ഠിക്കുകയും കണ്ണാടി പ്രതിഷ്ഠിക്കുകയും ചെയ്യുന്നതിലൂടെ ആത്മീയതയിലുള്ള മതനേതാക്കൻമാരുടെ കുത്തക പൊളിക്കുകയാണ് ഗുരു ചെയ്തത്. ഈ പ്രവർത്തനങ്ങളിലൂടെ ആത്മീയതയെ അദ്ദേഹം നേരിട്ട് ജനങ്ങളിലേക്ക് കൊണ്ടുപോകുകയായിരുന്നു. ആരാധനാ സമ്പ്രദായത്തെ കൂടുതൽ സങ്കീർണ്ണമാക്കിക്കൊണ്ട് പുരോഹിതർ സൃഷ്ടിച്ചിരുന്ന പ്രതാപത്തെ നിഷേധിക്കുകയും ആരാധനയെ ലാളിത്യത്തിലേക്ക് കൊണ്ട്വരുകയുമാണ് ഗുരു ചെയ്തത്. കസേരപ്പല്ലക്കിനു പകരം ഗുരു റിക്ഷാവണ്ടി സ്വീകരിച്ചതുപോലെയായിരുന്നു അത്"[4] (കെ.പി അപ്പൻ, ചരിത്രത്തെ അഗാധമാക്കിയ ഗുരു- പുറം 32)

വിശ്വസാഹിത്യത്തിൽ കണ്ണാടിയെ ബിംബമായി കൽപ്പിച്ചുകൊണ്ട് മഹത്തായ ആശയങ്ങളെ അവതരിപ്പിക്കുന്ന എഴുത്തുകാരെയും കെ. പി. അപ്പൻ ഈ സന്ദർഭത്തിൽ പരിചയപ്പെടുത്തുന്നു. ബൈബിളിൽ പാണ്ഡിത്യം നേടിയിരുന്ന കെ.പി. അപ്പൻ അതിൽ കണ്ണാടിയെക്കുറിച്ച് നടത്തുന്ന പരാമർശത്തെയും ഇവിടെ ഉൾപ്പെടുത്തിയിരിക്കുന്നു. ബൈബിൾ വെളിച്ചത്തിന്റെ കവചം എന്ന പുസ്തകം മലയാളത്തിന് നൽകിയ ഇത്തരം അഭിപ്രായപ്രകടനങ്ങളിൽ അത്ഭുതമില്ല. തിന്മ കണ്ണാടിയിൽ നോക്കുവാൻ ധൈര്യപ്പെടുന്നില്ലയെന്നതായിരുന്നു ആ പരമാർശം. ഗുരുവിന്റെ കണ്ണാടി പ്രതിഷ്ഠയും ബൈബിൾ വചനവും നമ്മിൽ ഒരുപാട് സാമ്യമുണ്ട്. തിന്മ നിറഞ്ഞ ഭക്തനെ സംബന്ധിച്ചിടത്തോളം കണ്ണാടി ഒരു താക്കീത് ആയിരുന്നു. സ്വന്തം പ്രതിബിംബം കണ്ണാടിയിൽ തെളിഞ്ഞ് കാണുമ്പോൾ തന്റെ തിന്മകളെ കുറിച്ചോർത്ത് മനസ്സ് വിഹ്വലമാകുന്നതിനാണ് കണ്ണാടി പ്രതിഷ്ഠ നടത്തിയത്. ഇതേ

ആശയം തന്നെയാണ് ലോർക്ക പറയുന്നതും. ആന്തരികതയുടെ പ്രതിഫലനമാണ് കണ്ണാടിയിൽ കാണുന്നത് എന്നായിരുന്നു. ലോർക്ക പറഞ്ഞത്. ലോർക്കയുടെ പല കവിതകളിലും കണ്ണാടി എന്ന ആശയം കടന്നുവരുന്നു. അദ്ദേഹം പലപ്പോഴും കണ്ണാടിയെ സങ്കൽപ്പിക്കുന്നത് നിർമ്മലമായ നീലാകാശമായാണ്. ദാന്തെ യാകട്ടെ, ധ്യാനത്തിന്റെ പ്രതീകമായിട്ടാണ് കണ്ണാടിയെ അവതരി പ്പിക്കുന്നത്. വില്യം ബ്ലേക്ക് ഒരു പടികൂടിക്കടന്ന് കണ്ണാടിക്ക് മനു ഷ്യൻ എന്ന് അർത്ഥം കൽപ്പിക്കുന്നു. പ്രാചീനകാലത്ത് പ്രച രിച്ചിരുന്ന പാശ്ചാത്യ നാടോടിക്കഥകളിൽ കണ്ണാടിക്ക് വലിയ പ്രാധാന്യം കൽപ്പിക്കുന്നു. കണ്ണാടിയിലേക്ക് നോക്കുമ്പോൾ സ്വന്തം മുഖമല്ല കാണുന്നത് മറിച്ച് ആത്മാവിനെയാണെന്നാണ് അത്തരം കഥകളിൽ പറയുന്നത്. ശ്രീനാരായണ ഗുരുവിലേക്ക് വന്നാൽ ആത്മവിലാസം എന്ന ഗദ്യകവിതയുടെ പ്രമേയം കണ്ണാടിയുടെ തത്ത്വചിന്തയാണ്. ആത്മവിലാസത്തിൽ ഗുരു പറയുന്നതിങ്ങനെ യാണ്.

"നമ്മുടെ മുമ്പിൽ ഒരു കണ്ണാടിയെ സങ്കൽപ്പിക്കുമ്പോൾ നാം ആ കണ്ണാടിയിൽ നിഴലിക്കുന്നു. അപ്പോൾ ആ നിഴലിൻ നമ്മെ കാണുന്നതിന് ശക്തിയില്ല. നിഴൽ ജഡമാകുന്നു. നമുക്ക് നമ്മെ എതിരിട്ടു നോക്കുന്നതിന് കഴിയുന്നില്ല. നാം തമ്മിൽ കല്പിതമായി രിക്കുന്ന കണ്ണാടിയെയും ആ കണ്ണാടിയുടെ ഉള്ളിൽ നിൽക്കുന്ന നിഴലിനെയും തന്നെ കാണുന്നുള്ളൂ. അപ്പോൾ നമ്മെ കാണുന്നത് നമ്മുടെ മുകളിൽ നിൽക്കുന്ന ദൈവമാകുന്നു."[5] (ശ്രീനാരായണഗു രു, സമ്പൂർണ്ണകൃതികൾ പുറം 993) ഇതിൽ നിന്നും കണ്ണാടി പ്രതി ഷ്ഠ ഒരു യാദൃച്ഛികമല്ലെന്ന് നമുക്ക് മനസ്സിലാകും.

ശ്രീനാരായണ ഗുരുവിന് ശേഷം മഹത്വചനങ്ങൾ കേരള ത്തിൽ ഉയർന്ന് കേട്ടിട്ടില്ല. ഇതിന് കാരണമായി കെ.പി. അപ്പൻ പറയുന്നത് ഗുരുവിന്റെ വചനങ്ങൾ വർത്തമാനകാലത്തിന്റെ വിമർ ശനമായും ഭാവികാലത്തിന്റെ സാന്ത്വനമായും സമൂഹത്തിൽ നിറഞ്ഞ് നിൽക്കുന്നുവെന്നാണ്. ജാതിമത ചിന്തകൾക്കതീതമായി മനുഷ്യരെ ഒന്നായി കാണുന്നതിനും മാനുഷികതയുടെ അടിസ്ഥാ നസ്വഭാവമായ നന്മയെ ശാശ്വതമായി നിലനിർത്തുന്നതിനുമാണ്

ഗുരു ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഏറ്റവും പവിത്രമായ മാനുഷിക മൂല്യങ്ങൾ പ്രചരിപ്പിക്കേണ്ട സംഘടിത മതങ്ങൾ അതിനെതിരെ പ്രവർത്തിക്കുന്നു. ഗുരു ചിന്തിക്കുന്നത് സംഘടിതമതങ്ങൾ വളരു ന്നതും ശക്തി പ്രാപിക്കുന്നതും ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ചുകൊ ണ്ടാണെന്നാണ്. അതിനാലാണ് ക്ഷേത്രങ്ങളിലെ വിഗ്രഹങ്ങൾക്ക് പകരം അതിന്റെ സ്ഥാനത്ത് കണ്ണാടിപ്രതിഷ്ഠ നടത്തി ഗുരു സാമൂ ഹികവിപ്ലവം നടത്തിയത്. ക്ഷേത്രമല്ല വിദ്യാലയങ്ങൾ ആണ് വേണ്ടതെന്ന് വാദിക്കുകകൂടി ചെയ്തു അദ്ദേഹം. ഗുരുവിന്റെ ലോക വീക്ഷണത്തെക്കുറിച്ചും അപ്പൻ വിവരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ദൈവം, മനുഷ്യൻ, ചരിത്രം ഈ ബിന്ദുക്കളെ ബന്ധിപ്പിക്കുന്ന ത്രികോണമായിരുന്നു. ഗുരുവിന്റെ ലോകവീക്ഷണ ത്തിനാധാരം ഇവ മൂന്നും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന താണ്. ഇവയിൽ ഒന്നിനെ മാറ്റി നിർത്തുക സാധ്യമല്ല. വിശാലമായ ഈ ലോകവീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് ഗുരു മത ങ്ങളെയും കണ്ടത്. അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തി പൗരോ ഹിത്യത്തെ വെല്ലുവിളിക്കുമ്പോൾ ഗുരുവിന്റെ മനസ്സിനെ മഥിച്ചി രുന്നത് ഈ ലോകവീക്ഷണമാണ്. ജാതിഭേദം മതദ്വേഷം ഏതുമി ല്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത് എന്ന് ഗുരുവിനെക്കൊണ്ട് എഴുതിപ്പിച്ച ചേതോവികാരവും മറ്റൊ ന്നുമല്ല.

ശ്രീനാരായണഗുരു ശൈവവ്യക്തിത്വത്തിന്റെ ഉടമയായി രുന്നുവെന്ന് കെ. പി. അപ്പൻ തെളിയിക്കുന്നു. ഗുരുവിന്റെ ശൈവ വ്യക്തിത്വം എന്ന ലേഖനത്തിലാണ് ഈ ആശയങ്ങൾ അവതരി പ്പിക്കുന്നത്. കാളിദാസൻ മഞ്ഞിനാൽ വെട്ടിത്തിളങ്ങുന്ന ഹിമാല യത്തെ ശിവന്റെ ചിരിയായി സങ്കൽപ്പിച്ചിട്ടുണ്ട്. അപ്പന്റെ നിരീക്ഷ ണത്തിൽ ശിവന്റെ ആ ചിരിയാണ് ഗുരുവിലേക്ക് പകർന്നത്. ഗുരു വിന്റെ വ്യക്തിജീവിതത്തിലെയും സാഹിത്യജീവിതത്തിലെയും നിരവധി ഉദാഹരണങ്ങൾ ചരിത്രത്തെ അഗാധമാക്കിയ ഗുരു എന്ന പുസ്തകത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഗുരുവിന്റെ ബോധമന സ്സിനെ നിയന്ത്രിച്ചിരുന്നത് ശിവചിന്തകളായിരുന്നു. ഒരു വിഘ്നേ ശ്വര സ്തുതിയും മൂന്ന് വൈഷ്ണവ സ്തുതികളും അഞ്ച് ദേവീ

സ്തോത്രങ്ങളും ഏഴ് സുബ്രഹ്മണ്യ സ്ത്രോത്രങ്ങളും രചിച്ച ഗുരു ചെറുതും വലുതുമായി പതിനഞ്ചോളം കവിതകൾ ശിവനെക്കുറിച്ച് മാത്രം എഴുതി. മാത്രമല്ല സദാശിവദർശനത്തിൽ ശിവനല്ലാതെ മറ്റൊരു ദൈവവും തനിക്കില്ല എന്ന് പാടുകയും ചെയ്യുന്നു. ശിവ മഹത്വം നിറഞ്ഞ് നിൽക്കുന്ന കവിതകളിൽ എരിക്കിന്റെ പൂക്കൾ ശിരസ്സിൽ ചൂടിയ ശംഭുവിന്റെ സൗന്ദര്യം നിറഞ്ഞുനിൽക്കുന്നതായി അപ്പൻ ദർശിക്കുന്നു. ഗുരുവിന്റെ ശൈവവ്യക്തിത്വത്തെക്കുറിച്ച് വിവരിക്കുന്ന സന്ദർഭത്തിൽ അപ്പൻ ശ്രദ്ധേയമായ ഒരു നിരീക്ഷണം നടത്തുന്നുണ്ട്. ധാരാളം കൃതികൾ രചിച്ചിട്ടുണ്ടെങ്കിലും ഒന്നിൽ പോലും ഗുരു ഭഗവദ്ഗീതയെ പരാമർശിക്കുന്നില്ലെന്നതാണ് അത്. ശൈശവമതം ഗീതയെ അംഗീകരിച്ചിരുന്നില്ല. തീവ്ര ശിവചിന്ത യിൽ കഴിയുന്ന ഗുരുവും അതേ പാതതന്നെ പിന്തുടരുകയായി രുന്നു. തന്റെ ദർശനങ്ങളെ രൂപീകരിക്കുന്നതിൽ ശൈശവ ചിന്തകൾ ഗുരുവിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ജാതിമത ചിന്ത കൾക്കതീതരാണ് ശൈവവ്യക്തിത്വമുള്ളവർ. ജാതിമത ചിന്ത കൾക്കതീതമായി മനുഷ്യനെ മനുഷ്യനായി കാണുവാൻ ഗുരുവിനെ പ്രാപ്തമാക്കിയതും ഈ ശൈശവ ചിന്തയാണ്. ആശ്രമം സ്ഥാപിച്ച വർക്കലയ്ക്ക് അടുത്തുള്ള സ്ഥലത്തിന് ശിവഗിരി എന്ന് പേരിട്ടതും മറ്റൊരു ചിന്തയിൽ നിന്നല്ല. ഈ സന്ദർഭത്തിൽ കെ. പി. അപ്പൻ ശ്രീരാമകൃഷ്ണ പരമഹംസന്റെ ജീവിതവീക്ഷണത്തെയും ഇവിടെ അവതരിപ്പിക്കുന്നു. വിശാലമായ ലോകവീക്ഷണം ഉൾക്കൊള്ളുന്ന മനസ്സ് ഗുരുവിൽ രൂപപ്പെട്ടതിന്റെ അടിസ്ഥാന കാരണവും ഈ ശൈവചിന്ത തന്നെയാണ്.

യേശുക്രിസ്തുവിനോടും മുഹമ്മദ് നബിയോടും ശ്രീനാരാ യണ ഗുരുവിനെ താരതമ്യം ചെയ്യുന്ന ഉന്നതമായ ഒരു ചിന്തയും കെ.പി. അപ്പൻ അവതരിപ്പിക്കുന്നു. യേശുവിന്റെയും ഗുരുവിന്റെയും ജീവിതത്തിലെ ധാരാളം സമാനതകൾ ഉയർത്തിക്കാട്ടി ഗുരു യേശു തുല്യനാണെന്ന് കെ.പി. അപ്പൻ അഭിപ്രായപ്പെടുന്നു. അനുകമ്പാ ദശകത്തിൽ 'പരമേശ്വര പവിത്രപുത്രൻ' എന്ന് ഗുരു ക്രിസ്തുവിനെ വിശേഷിപ്പിച്ചതും യേശുവിനെപ്പോലെ ക്ഷമിക്കാൻ പഠിക്കണമെന്ന് സഹോദരൻ അയ്യപ്പൻ ഉപദേശിച്ചതും ഇവിടെ ചൂണ്ടിക്കാട്ടുന്നു.

യേശുദേവന്റെയും ഗുരുവിന്റെയും അവസാന നാളുകൾ ക്ലേശങ്ങൾ നിറഞ്ഞതായിരുന്നു. ഭാരമേറിയ മരക്കുരിശും ചുമന്ന് യാതന അനുഭവിക്കേണ്ടിവന്ന ക്രിസ്തുവിന്റെ അവസ്ഥയ്ക്ക് സമാനമായ യാതനകളാണ് ഗുരുവും അനുഭവിച്ചത്. അതിന്റെ നേർചിത്രം പലജീവചരിത്രകാരൻമാരും എഴുതിയിട്ടുണ്ട്. ക്ലേശങ്ങൾ സഹിച്ച് തമിഴ്നാട്ടിലൂടെ അലഞ്ഞുനടന്ന ഗുരുവിനെ അപ്പൻ ചിത്രീകരിക്കുന്നു. രാമേശ്വരത്ത് ചെല്ലുമ്പോൾ തീണ്ടൽ ജാതിക്കാരനായതിനാൽ ക്ഷേത്രത്തിൽ കയറ്റാൻ പാടില്ല എന്ന് രാമനാഥപുരം കളക്ടർ ക്ഷേത്രഭാരവാഹികൾക്ക് നിർദ്ദേശം കൊടുക്കുന്നു. ആഹാരംപോലും ലഭിക്കാതെയുള്ള ഗുരുവിന്റെ യാത്രയും കുരിശും ഭാരവും വഹിച്ചുള്ള യേശുവിന്റെ യാത്രയും ഏറെ സമാനതകൾ നിറഞ്ഞതാണ്. അതുപോലെ പ്രധാനപ്പെട്ട ഒരു സവിശേഷതയായി കെ. പി. അപ്പൻ ചൂണ്ടിക്കാട്ടുന്നത് ക്രിസ്തുവിന്റെ ശിഷ്യരിൽ പ്രധാനിയായ വിശുദ്ധ പൗലോസിന്റെ സ്ഥാനമാണ് അപ്പൻ ഗുരുശിഷ്യനായ സത്യവ്രതസ്വാമികൾക്ക് നൽകുന്നത്. ഏറെ സമാനതകളാണ് ഇവർ തമ്മിലുള്ളത്. അവർ രണ്ടുപേരും പണ്ഡിതൻമാരായിരുന്നു, ചിന്തകൻമാരായിരുന്നു, വിശ്വാസികളായിരുന്നു. പൗലോസ് ആദ്യകാലങ്ങളിൽ ക്രിസ്തുമത വിരോധിയായിരുന്നതുപോലെ സത്യവ്രത സ്വാമികൾ പൂർവ്വാശ്രമത്തിൽ ഗുരു വിരോധിയായിരുന്നു. പ്രവാചകനായ നബിയുടെ ജീവിതത്തെയും ഗുരുവിന്റെ ജീവിതത്തെയും ഈ ഗ്രന്ഥത്തിൽ താരതമ്യം ചെയ്യുന്നുണ്ട്. ഇത്തരത്തിലുള്ള അപ്പന്റെ നിരീക്ഷണങ്ങൾ ഏറെ വിലപ്പെട്ടതാണ്.

വലിയ ഒരു ദാർശനികനായിട്ടാണ് ഗുരുവിനെ അപ്പൻ അവതരിപ്പിക്കുന്നത്. ഇന്ദ്രജാലക്കാരനായ രോഗിയെപ്പോലെ ചരിത്രത്തിൽ ആഘാതം സൃഷ്ടിക്കുന്ന നിലപാടുകൾ സ്വീകരിച്ച വ്യക്തിയായിരുന്നു ശ്രീനാരായണഗുരു. ഒരേ സമയം ഈശ്വരവിശ്വാസികളെയും നിരീശ്വരവാദികളെയും കൂടെ നിറുത്തിക്കൊണ്ടാണ് പരിവർത്തനത്തിന്റെ ശംഖൊലി മുഴക്കുവാൻ ഗുരു തയ്യാറായത്. സാമൂഹ്യപരിവർത്തനത്തിന് കൂട്ടായ പരിശ്രമവും അറിവും അത്യന്താപേക്ഷിതമാണെന്ന് ഗുരു വിശ്വസിച്ചു. കേരളചരിത്രത്തിൽ ഏറെ ചർച്ചചെയ്യപ്പെട്ട രണ്ട് മഹത്വചനങ്ങൾ ഉണ്ടായത് അങ്ങനെയാണ്.

'വിദ്യകൊണ്ട് പ്രബുദ്ധരാകുക സംഘടനകൊണ്ട് ശക്തരാകുക' യഥാർത്ഥ ഇടതുവാദത്തിന്റെ ആരംഭമായിട്ടാണ് അപ്പൻ ഇതിനെ നിരീക്ഷിക്കുന്നത്. ഗുരു ഒരു ചരിത്രത്തെയാണ് സൃഷ്ടിച്ചത്. ചരിത്രത്തിന്റെ ഭാഗമായിക്കഴിഞ്ഞ ഗുരുവിന്റെ ഓരോ വാക്കും വർത്തമാനകാലത്തും ഏറെ പ്രസക്തിയുള്ളതായി നിൽക്കുന്നു. കെ.പി. അപ്പൻ പറയുന്നതിങ്ങനെയാണ്. "കേരളത്തിന്റെ ചരിത്രത്തെ ലോകത്തിന്റെ ശിരസ്സിലേക്ക് പറഞ്ഞുവിടുന്ന വാക്കുകളാണ് ഗുരു പറഞ്ഞത്. ചരിത്രം ഗുരുവിന്റെ പ്രവർത്തനങ്ങളിലൂടെ പുതിയ കന്യകാത്വം നേടിയെടുക്കുകയായിരുന്നു. വാസ്തവത്തിൽ കേരളത്തെ സംബന്ധിച്ചിടത്തോളം എഴുതപ്പെട്ടത് അണുചരിത്രവും (Micro History) ഗുരു ജീവിച്ച് തീർത്തത് ബൃഹത് ചരിത്രവു (Macro History)മായിരുന്നു"[6] (കെ. പി. അപ്പൻ, ചരിത്രത്തെ അഗാധമാക്കിയ ഗുരു- പുറം 53)

ഇന്ദ്രജാലക്കാരനായ ഒരു യോഗിയായിട്ടാണ് ഗുരുവിനെ അപ്പൻ കാണുന്നത്. ഈയൊരു നിരീക്ഷണത്തിലേക്ക് ഗ്രന്ഥകാരൻ എത്തുന്നത് ഗുരു കേരളചരിത്രത്തിൽ ഏൽപ്പിച്ച ആഘാതങ്ങളെ പഠിച്ചുകൊണ്ടാണ്. പഴയ കേരളം എന്ന മിത്തിൽ നിന്നും പുതിയ കേരളം എന്ന സ്വപ്നത്തിലേക്കാണ് ഗുരു സഞ്ചരിച്ചത്. എന്നാൽ ഈ സഞ്ചാരം അത്ര എളുപ്പമുള്ളതായിരുന്നില്ല. ഒരേ സമയം ആദർശവാദിയും പ്രായോഗികവാദിയുമായിരുന്ന ഗുരു തന്റെ മനസ്സിലുള്ള പരിവർത്തനചിന്തകളെ സമൂഹത്തിലേക്ക് സംക്രമിപ്പിക്കുന്നതിന് ശ്രമിച്ചു. അതിനായി അദ്ദേഹം ആദ്യം ചെയ്തത് എല്ലാ മനുഷ്യരെയും ഒന്നിച്ചു നിർത്തുന്നതിനാണ്. കേരളത്തിന്റെ ചിന്തകളെ നവീകരിക്കുന്നതിനായി അദ്ദേഹം ശ്രമിച്ചു. ചെറുപ്പക്കാരുടെ മനസ്സിലേക്ക് തന്റെ ആശയം എത്തിക്കുന്നതിൽ അദ്ദേഹം വിജയിച്ചു. പ്രായം ചെന്നവരെ യുവാക്കൾ പഠിപ്പിക്കുന്ന ഒരു അവസ്ഥ സൃഷ്ടിച്ചു. കെ.പി. അപ്പൻ തന്റെ പുസ്തകത്തിന് നൽകിയ ചരിത്രത്തെ അഗാധമാക്കിയ ഗുരു എന്ന പേര് അന്വർത്ഥമാക്കുന്നതാണ് ഇത്തരം പ്രവൃത്തികൾ. കെ. പി. അപ്പൻ ചൂണ്ടിക്കാണിക്കുന്നതുപോലെ ഗുരുവിന്റെ ചിന്തകൾക്കൊപ്പം അന്നത്തെ ആദർശാത്മകയുവത്വം നിലയുറപ്പിച്ചു. ഡോ. പൽപ്പു, ബോധാനന്ദൻ,

സ്വാമി സത്യവ്രതൻ, കുമാരനാശാൻ, ടി.കെ. മാധവൻ, സഹോദരൻ അയ്യപ്പൻ, സി.വി. കുഞ്ഞിരാമൻ, കുറ്റിപ്പുഴ തുടങ്ങിയവരെല്ലാം ഗുരുവിന്റെ ചിന്തകളിൽ ആകൃഷ്ടരായി പുതിയൊരു ജ്ഞാന മണ്ഡലം സൃഷ്ടിച്ചവരാണ്. ഇവരുടെ പിന്തുടർച്ചക്കാരായി വന്ന വരാണ് സുകുമാർ അഴീക്കോട്, എം. കെ. സാനു തുടങ്ങിയവർ.

ജാതിമതചിന്തകളും അയിത്തം തുടങ്ങിയ അനാചാരങ്ങളും രൂക്ഷമായിരുന്ന കാലത്ത് കീഴാളരാക്കപ്പെട്ട മറ്റുള്ളവരോടൊപ്പം താമസിപ്പിക്കുകയും സംസ്കൃത ശ്ലോകങ്ങളും ഉപനിഷത് വാക്യ ങ്ങളും പഠിപ്പിക്കുകയും ചെയ്തു. ഈ കുട്ടികളുടെ സംസ്കൃത കാവ്യങ്ങളുടെ മനോഹരമായ ഉച്ചാരണംകേട്ട് ഗാന്ധിജിപോലും അത്ഭുതപ്പെട്ടിട്ടുണ്ട്. ഈ അവസരത്തിൽ അപ്പൻ ഒരു വിമർശനം ഉന്നയിക്കുകയും ചെയ്യുന്നു. ജപ്പാനിൽ സെൻ ഗുരുവിന്റെ വാക്കുകൾ കേട്ടുകൊണ്ടിരിക്കുന്ന കുട്ടികളെക്കുറിച്ച് പലരും എഴുതിയിട്ടുണ്ട്. എന്നാൽ ശ്രീനാരായണ ഗുരുവിനെയും കുട്ടികളെയും കുറിച്ച് ആരും എഴുതിയില്ല. ചരിത്രകാരൻമാർ ഗാന്ധിജിയുടെയും ടാഗോ റിന്റെയും മറ്റും സന്ദർശനത്തെക്കുറിച്ച് മാത്രമേ രേഖപ്പെടുത്തി യിട്ടുള്ളൂ.

സംഗീതത്തിന് മനുഷ്യമനസ്സിനെ വിമലീകരിക്കാൻ തക്ക ശക്തിയുണ്ട്. ഒരു ദേശത്തിന്റെ വിധി നിർണ്ണയിക്കുന്നത് ആ ദേശത്തിലെ സംഗീതജ്ഞൻമാരാണെന്ന് മാർഗററ്റ് മീഡ് പറയു ന്നുണ്ട്. മീഡിന്റെ ഈ അഭിപ്രായത്തെ ഉദ്ധരിച്ചുകൊണ്ട് അപ്പൻ ഗുരുവിനെയും ഒരു സംഗീതജ്ഞനായി കൽപ്പിക്കുന്നു. ഗുരുവിന്റെ വാക്കുകൾ സംഗീതം പോലെയാണ് കേരളീയർ കേട്ടതെന്ന് അപ്പൻ പറയുന്നു. മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി, ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്നീ വാക്കുകൾ കേരള ത്തിന്റെ ഭ്രാന്തമായ അന്തരീക്ഷത്തിലേക്ക് ഒരു സംഗീതംപോലെ യാണ് കടന്നുചെന്നത്. ഈ വാക്കുകളെ കേരളത്തിലെ ആദ്യത്തെ മതേതര സുവിശേഷപ്രസംഗം എന്നാണ് അപ്പൻ വിശേഷിപ്പി ക്കുന്നത്. കേരളത്തിന്റെ ചരിത്രത്തെ ലോകത്തിന്റെ ശിരസ്സിലേക്ക് പറഞ്ഞുവിടുന്ന വാക്കുകളായിരുന്നു അത്.

ചരിത്രത്തെ അഗാധമാക്കിയ ഗുരു എന്ന തത്ത്വശാസ്ത്ര ഗ്രന്ഥത്തിൽ കെ. പി. അപ്പൻ മനശ്ശാസ്ത്ര സമീപനങ്ങൾ കൊണ്ട് സമൂഹത്തെ ചികിത്സിച്ച ഒരു തത്വജ്ഞാനിയാണ് ഗുരുവെന്ന് അഭിപ്രായപ്പെടുന്നു. ഇതിന് ഉദാഹരണമായി മഹാകവി ഉള്ളൂരുമായി ബന്ധപ്പെട്ട ഒരു കഥ ഈ ഗ്രന്ഥത്തിൽ ഉദ്ധരിക്കുന്നുണ്ട്. ഒരിക്കൽ ഉള്ളൂർ ഗുരുവിനെ കാണാനായിചെന്നു. ഉള്ളൂരിനെ സ്വീകരിച്ച് സൗഹൃദസംഭാഷണത്തിനും സാഹിത്യസല്ലാപത്തിനും ശേഷം ഊണ് കഴിക്കാൻ വിളിച്ചു. ഊണ് കഴിക്കാൻ കുറച്ച് ഹരിജൻ കുട്ടികളും ഉണ്ടായിരുന്നു. ജാതിചിന്ത പ്രബലമായിരുന്ന ആ കാലഘട്ടത്തിൽ ഹരിജൻ എന്നു മാറ്റിനിർത്തിയിരുന്ന കുട്ടികളോടൊപ്പം ആഹാരം കഴിക്കുന്നതിന് ഉള്ളൂരിന് ചെറിയ ഒരു വൈഷമ്യം തോന്നി. ഗുരുനിന്ദയാകുമെന്ന് കരുതി ഉള്ളൂർ അത് പ്രകടിപ്പിച്ചില്ല. എന്നാൽ കവിയുടെ വൈഷമ്യം ഗുരു തിരിച്ചറിഞ്ഞു. ഗുരുവിന്റെ വലതുവശത്ത് തന്നെയായിരുന്നു ഉള്ളൂർ ഇരുന്നത്. ചോറും പരിപ്പും വിളമ്പി പപ്പടം വന്നപ്പോൾ ഗുരു പറഞ്ഞു പപ്പടം നമുക്ക് ഒന്നിച്ച് പൊടിക്കണമെന്ന്. ഗുരു വാക്ക് കേട്ട് എല്ലാവരും ഒന്നിച്ച് പപ്പടം പൊടിച്ചു. അപ്പോൾ ഗുരു കവിയോട് ചോദിച്ചു 'പൊടിഞ്ഞോ' എന്ന് ആ വാക്കിന്റെ അർത്ഥം ജാതിചിന്ത പൊടിഞ്ഞോ എന്നാണെന്ന് കവിക്ക് മനസ്സിലായി. ഉള്ളൂർ കർണ്ണഭൂഷണത്തിൽ എഴുതിയ വരി കൾ ഈ സംഭവത്തിന് ശേഷമാകാമെന്ന് കെ. പി. അപ്പൻ പറയുന്നു. വരികൾ ഇതാണ്.

'മാനുഷൻമാർക്കുണ്ടുപോൽ
മാനുഷൻമാരെത്തീണ്ടൽ
കാണുമോ ദുരാചര-
കാഷ്ഠയൊന്നിതിൽപ്പരം

ശാസ്ത്രത്തെക്കുറിച്ചും ഭാഷയെക്കുറിച്ചും ഗുരു തികഞ്ഞ അവബോധം പുലർത്തിയിരുന്നതായും അപ്പൻ വിവരിക്കുന്നുണ്ട്. ഒരു ജനതയുടെ വികാസം ശാസ്ത്രത്തിലൂടെയായിരിക്കുമെന്ന് ഗുരു വിശ്വസിച്ചു. അതുകൊണ്ടാണ് തീർത്ഥാടനസമ്മേളനങ്ങളിൽ ശാസ്ത്രസാങ്കേതിക വിഷയങ്ങളെക്കുറിച്ച് പ്രഭാഷണങ്ങൾ നട

ത്തണമെന്ന് അദ്ദേഹം നിർദ്ദേശിച്ചത്. ഭാവിയെ പ്രത്യാശയോടെ നോക്കിക്കാണുന്ന ശ്രദ്ധയാണ് ഇവിടെ പ്രകടമാകുന്നത്. ഭാഷ ലോകനിലനിൽപ്പിന്റെ ആധാരമായതുകൊണ്ട് ഗുരു അക്കാര്യത്തിലും അതീവ ശ്രദ്ധാലുവായിരുന്നു. ഭാഷ ചലനാത്മകമായതുകൊണ്ട് അത് സമകാലികവുമായിരിക്കണം. ഭാഷയുടെ ഈ പ്രത്യേകതയും കരുത്തും ഗുരു തന്റെ സാഹിത്യകൃതികളിൽ പ്രകടിപ്പിക്കുന്നുണ്ട്. സമകാലിക ഗദ്യത്തിന് ഒപ്പം നിൽക്കുന്ന ഗദ്യകല തന്നെയാണ് ഗുരുവിന്റേത്.

**ഉപസംഹാരം**

മാനവികതയും സ്നേഹവും വാക്കിലും പ്രവൃത്തിയിലും കാത്തുസൂക്ഷിച്ച് ശ്രീനാരായണഗുരു ഉയർത്തിപ്പിടിച്ച ആദർശങ്ങളും ആശയങ്ങളുമായി മുന്നോട്ട് പോകുന്നതിൽ നാം പരാജയപ്പെട്ടു എന്ന അഭിപ്രായമാണ് കെ. പി. അപ്പനുള്ളത്. മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്ന ഒറ്റ വാചകത്തിലൂടെ മനുഷ്യനെ മതത്തിനും മുകളിൽ പ്രതിഷ്ഠിച്ച ഗുരു തന്റെ ചിന്തകളിലൂടെയും കൃതികളിലൂടെയും മനുഷ്യനന്മയ്ക്ക് ഉതകുന്ന ലോകവീക്ഷണത്തെയാണ് മുന്നോട്ട് വച്ചത്. ഭാവിയെക്കരുതി ചരിത്രത്തിൽ വരുത്തിയ തിരുത്തലുകളുമായി ഗുരു തുറന്നുതന്ന പാതയിലൂടെ നമുക്ക് സഞ്ചരിക്കുവാൻ കഴിയാത്തത് വലിയ പരാജയമാണെന്ന കെ. പി. അപ്പന്റെ വിലയിരുത്തൽ ശരി തന്നെയാണ്. ശ്രീനാരായണഗുരുവിനെ കേവലം ആത്മീയഗുരുവായിട്ടല്ല കെ. പി. അപ്പൻ നിരീക്ഷിക്കുന്നത്. സമൂഹത്തിൽ നിലവിലിരുന്ന അനീതികൾക്കെതിരെ പോരാടിയ ഒരു വിപ്ലവകാരിയായിരുന്നു ഗുരു. ചരിത്രത്തിലെ തെറ്റുകളെ തിരുത്തി നല്ല ഒരു നാളെയെ പ്രത്യാശയോടെ നോക്കിക്കണ്ട് മുന്നോട്ട് സഞ്ചരിക്കുന്നതിനുള്ള ഊർജ്ജം കേരളീയർക്ക് പകർന്നു നൽകിയത് ശ്രീനാരായണഗുരുവാണ്. ഒരേ സമയം നവോത്ഥാന നായകനായും യോഗീശ്വരനായും വിരാജിച്ച അപൂർവ്വ വ്യക്തിത്വമായിരുന്നു ശ്രീനാരായണഗുരുവിന്റേതെന്ന് കെ. പി. അപ്പൻ ചരിത്രത്തെ അഗാധമാക്കിയ ഗുരുവിൽ വിലയിരുത്തുന്നു.

**ഗ്രന്ഥസൂചി**

1. അപ്പൻ. കെ. പി. ചരിത്രത്തെ അഗാധമാക്കിയ ഗുരു
ഡി.സി ബുക്സ് 2006

2. അപ്പൻ കെ. പി. ബൈബിൾ വെളിച്ചത്തിന്റെ കവചം
ഡി.സി ബുക്സ് 2011

3. അപ്പൻ കെ. പി. പേനയുടെ സമരമുഖങ്ങൾ
ലിപി പബ്ലിക്കേഷൻസ് 2006

4. അപ്പൻ കെ. പി. രോഗവും സാഹിത്യ ഭാവനയും
ഡി.സി ബുക്സ് 2004

5. അപ്പൻ കെ. പി. തിരസ്കാരം
നാഷണൽ ബുക്ക് സ്റ്റാൾ 1984

6. അപ്പൻ കെ. പി. മധുരം നിന്റെ ജീവിതം ഡി.സി ബുക്സ് 2006

7. അപ്പൻ കെ. പി. ക്ഷോഭിക്കുന്നവരുടെ സുവിശേഷം
ബോധി പബ്ലിഷിംഗ് ഹൗസ് 1998

8. ശ്രീനാരായണഗുരു ശ്രീനാരായണഗുരു കൃതികൾ
സമ്പൂർണ്ണം ഡി.സി. ബുക്സ് 2019

■■■

# വിമർശനാത്മകവ്യവഹാരാപഗ്രഥനം

**വിജയകുമാർ എ.**
ഗവേഷകൻ മലയാളവിഭാഗം,
കേരളസർവകലാശാല

**സംഗ്രഹം**

കേവലമെന്ന് തോന്നുന്ന വ്യവഹാരങ്ങളുടെ സൂക്ഷ്മരാഷ്ട്രീയം പുറത്തുകൊണ്ടുവരുകയാണ് വിമർശനാത്മകവ്യവഹാരാപഗ്രഥനം എന്ന സിദ്ധാന്തത്തിന്റെ പ്രയോഗത്തിലൂടെ ചെയ്യുന്നത്. ഭാഷാശാസ്ത്രത്തിന്റെ ഭാഗമായി വന്ന സിദ്ധാന്തമാണെങ്കിലും ഇത് ഭാഷാപരം മാത്രമല്ല സാമൂഹികവും പ്രത്യയശാസ്ത്രപരവും ധൈഷണികവുമാണ്.

**താക്കോൽ വാക്കുകൾ**

വ്യവഹാരം, അധികാരം, പ്രത്യയശാസ്ത്രം, ധൈഷണികത

**ആമുഖം**

വിമർശനാത്മകഭാഷാശാസ്ത്രത്തിന്റെ ഭാഗമായി വികസിച്ചുവന്ന വിമർശനാത്മകവ്യവഹാരാപഗ്രഥനം എന്ന സിദ്ധാന്തത്തെ സാമാന്യമായി പരിചയപ്പെടുത്തുക എന്ന ലക്ഷ്യമാണ് ഈ പ്രബന്ധത്തിനുള്ളത്. പുറമെനിന്നു നോക്കുമ്പോൾ നിഷ്പക്ഷമെന്നു തോന്നുന്ന വ്യവഹാരങ്ങളുടെ ഉള്ളുകള്ളികൾ തിരിച്ചറിയുകയും അതിനെ മുൻനിർത്തി സൂക്ഷ്മവിശകലനം നടത്തുകയും ചെയ്യുന്ന രീതിയാണ് ഈ സിദ്ധാന്തത്തിന്റെ പ്രയോഗത്തിൽ സ്വീകരിക്കു

ന്നത്. പ്രബന്ധത്തിന്റെ ആദ്യഭാഗത്ത് വ്യവഹാരം എന്താണെന്ന് പറഞ്ഞിരിക്കുന്നു. തുടർന്നുള്ള ഭാഗത്ത് വ്യവഹാരാപഗ്രഥനം എന്താണെന്നും ഈ സിദ്ധാന്തത്തിന്റെ പ്രധാന വക്താക്കൾ ആരൊക്കെയാണെന്ന് പറയുകയും അവരുടെ പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ക്രോഡീകരിക്കുകയും ചെയ്തിരിക്കുന്നു. ഡോ. പി. എം. ഗിരീഷിന്റെ വിമർശനാത്മകപ്രത്യയശാസ്ത്രം : ഭാഷയുടെ പ്രത്യയശാസ്ത്രം എന്ന ലേഖനത്തെയാണ് പ്രധാനമായും ഈ പ്രബന്ധം തയാറാക്കുന്നതിന് ഉപജീവിച്ചിട്ടുള്ളത്.

## വ്യവഹാരം (Discourse)

വ്യത്യസ്ത ആളുകൾ തമ്മിലുള്ള ഭാഷാപരമായ സംഭാഷണത്തിലെ ഘടകങ്ങൾ ചേർന്ന് വ്യത്യസ്തമായ അർഥം രൂപപ്പെടുത്തുന്നതിനെ സൂചിപ്പിക്കുന്ന വാക്കാണ് വ്യവഹാരം. ഒരു വാക്യത്തിന്റെ മുഴുവനായുള്ള അർത്ഥം എന്നതിലുപരി വാക്യത്തിലെ ഓരോ ഘടകത്തിനുമുള്ള സവിശേഷ അർത്ഥം വ്യവഹാരത്തിൽ പ്രധാനമാണ്.ഒരു സവിശേഷ സാമൂഹികസന്ദർഭത്തിലുള്ള ഭാഷാപ്രയോഗരീതിയാണ് വ്യവഹാരം എന്ന് സജി മാത്യു അഭിപ്രായപ്പെടുന്നു (2017:249).

ഡച്ച് ഭാഷാപണ്ഡിതനായ ട്യൂൻ വാൻ ഡിജിക് ആണ് സമകാലിക വ്യവഹാരപഠനങ്ങളുടെ തുടക്കക്കാരനായി അറിയപ്പെടുന്നത്. 'The Handbook of Discourse Analysis' എന്നതാണ് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട കൃതി. ചാൾസ് ഫിൽമോറിന്റെ അഭിപ്രായത്തിൽ ഒറ്റ വ്യവഹാരം എന്ന നിലയിൽ രണ്ടു വാക്യങ്ങളെ ഒന്നിച്ചെടുത്താൽ സംജാതമാകുന്ന അർത്ഥവും അവയെ വേർപെടുത്തി വായിക്കുമ്പോൾ ലഭിക്കുന്ന അർത്ഥവും വ്യത്യസ്തമായിരിക്കും എന്നാണ്. വ്യവഹാരത്തിൽ ഭാഷയെ ഭാഷ മാത്രമായിട്ടല്ല പരിഗണിക്കുന്നത്; ഒരു ചിന്തയായിട്ടു കൂടിയാണ്. അതുകൊണ്ടുതന്നെ ഭാഷ എങ്ങനെ ഉപയോഗിക്കുന്നു, ഉപയോക്താക്കൾ ആരെല്ലാം, വായിക്കുന്ന പാഠങ്ങൾ എങ്ങനെ മനസ്സിലാക്കുന്നു, മറ്റുള്ളവർ പറയുന്നത് എങ്ങനെ മനസ്സിലാക്കുന്നു, സംഭാഷണങ്ങളിൽ എങ്ങനെ പങ്കെടുക്കുന്നു എന്നിവ വ്യവഹാരത്തിൽ ശ്രദ്ധിക്കേണ്ട കാര്യ

ങ്ങളാണ്. വാക്യത്തെയും കടന്നുനിൽക്കുന്ന അപഗ്രഥനമാണ് വ്യവഹാരത്തിൽ ഉള്ളത്.

പ്രയോഗസന്ദർഭത്തെ (Context) മുൻനിർത്തി വ്യവഹാരത്തെ മനസ്സിലാക്കുന്ന ഭാഷാശാസ്ത്രജ്ഞർ ഉണ്ട്. ഭാഷ വിനിമയം ചെയ്യുന്ന സാമൂഹ്യസന്ദർഭം കൂടി ഇവിടെ വിശകലനം ചെയ്യപ്പെടുന്നു. ഭാഷാശാസ്ത്രത്തിലെ നവീനവിജ്ഞാനശാഖയായ പ്രയോഗവിജ്ഞാനത്തിന്റെ വിഷയവും ഇതാണ്. സന്ദർഭത്തെ കേന്ദ്രമാക്കി വ്യവഹാരത്തെ മനസ്സിലാക്കുമ്പോൾ ഭാഷാപരമായ വിശകലനത്തോടൊപ്പം തന്നെ അധികാരത്തിന്റെ രാഷ്ട്രീയവും വ്യവഹാരത്തിൽ പ്രവർത്തിക്കുന്നതായി കാണാവുന്നതാണ്. വ്യവഹാരത്തെ സന്ദർഭാധിഷ്ഠിതമായി തിരിച്ചറിയുമ്പോഴാണ് അതിന്റെ ആന്തരിക രാഷ്ട്രീയം സൂക്ഷ്മമായി വെളിവാകുന്നത്.

**വിമർശനാത്മക വ്യവഹാരാപഗ്രഥനം (Critical Discourse Analysis)**

ഭാഷാവ്യവഹാരത്തിലെ അധികാര പ്രത്യയശാസ്ത്രത്തെ പഠിക്കുന്ന വിജ്ഞാനശാഖയാണ് വിമർശനാത്മക ഭാഷാശാസ്ത്രം. വിമർശനാത്മകഭാഷാശാസ്ത്രത്തിന്റെ ഭാഗമായി വ്യവഹാരത്തെ അടിസ്ഥാനമാക്കി വികസിച്ചുവന്ന വിമർശനപദ്ധതിയാണ് വിമർശനാത്മകവ്യവഹാരാപഗ്രഥനം (Critical Discourse Analysis). പുറമെനിന്ന് നോക്കുമ്പോൾ നിഷ്പക്ഷമെന്ന് തോന്നുന്ന ആശയങ്ങളിലെ പ്രത്യയശാസ്ത്രസ്വഭാവത്തെയും അധികാരത്തെയും വെളിച്ചത്തു കൊണ്ടുവരുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. സാമൂഹിക സന്ദർഭത്തെ അടിസ്ഥാനമാക്കിയുള്ള പാഠാപഗ്രഥനവും ഈ സമീപനത്തിന്റെ ഭാഗമാണ്. ലൂയി അൽത്തൂസർ, മിഷേൽ ഫൂക്കോ, അന്റോണിയോ ഗ്രാംഷി, ഹേബർ മാസ് എന്നിവരുടെ സിദ്ധാന്തങ്ങളെ വിമർശനാത്മകവ്യവഹാരാപഗ്രഥനത്തിന്റെ വക്താക്കൾ പ്രയോജനപ്പെടുത്തുന്നുണ്ട്.

വ്യവഹാരത്തെ സംബന്ധിച്ച് ഫൂക്കോ അവതരിപ്പിച്ച സിദ്ധാന്തങ്ങളെ പ്രയോഗതലത്തിൽ കൊണ്ടുവരാൻ വിമർശനാത്മക വ്യവഹാരാപഗ്രഥനത്തിനു കഴിഞ്ഞു. ചിലരുടെ അറിവ് മറ്റ് അറിവു

കൾക്കുമേൽ ആധിപത്യം പുലർത്തുന്നത് എങ്ങനെയെന്നും വ്യവഹാരഘടനയിലൂടെ വ്യക്തികൾ സ്ഥാനം ഉറപ്പിക്കുന്നത് എങ്ങനെയെന്നും ഫൂക്കോ തന്റെ സിദ്ധാന്തങ്ങളിലൂടെ പറഞ്ഞുവെച്ചു. മാത്രമല്ല കർത്തൃത്വം രൂപീകരിക്കുന്നതിൽ ഭാഷയ്ക്കുള്ള പങ്കിനെക്കുറിച്ച് ഭാഷാശാസ്ത്രം ചർച്ച ചെയ്തിരുന്നില്ല. വിമർശനാത്മക വ്യവഹാരാപഗ്രഥനത്തിന്റെ വക്താക്കൾ അതാണ് ചെയ്യുന്നത്.

ഒരു വ്യവഹാരം മേധാവിത്വത്തെ എപ്രകാരമാണ് ഉൾക്കൊള്ളുന്നത് എന്നതാണ് വ്യവഹാരാപഗ്രഥനത്തിന്റെ പൊതുസ്വഭാവം. വ്യവഹാരാപഗ്രഥനത്തിന്റെ പ്രധാനപ്പെട്ട ഘടകങ്ങൾ പി. എം. ഗിരീഷ് ഇപ്രകാരം പട്ടികപ്പെടുത്തുന്നു.

അധികാരം, ആധിപത്യം, മേൽക്കോയ്മ, പ്രത്യശാസ്ത്രം, വർഗ്ഗം, ജാതി, ലിംഗം, വിവേചനം,താല്പര്യം, സ്ഥാപനവൽക്കരണം, സാമൂഹികഘടന, സാമൂഹികസ്വഭാവം.

വിമർശനാത്മക വ്യവഹാരാപഗ്രഥനത്തെ ഒരു സിദ്ധാന്തം എന്ന നിലയിൽ വികസിപ്പിച്ചവരിൽ പ്രധാനികൾ നോർമൻ ഫെയർക്ലോ, റോബർട്ട് കാപ്ലൻ, റൂദ് വോഡാക്, ട്യൂൻ വാൻ ഡിജിക് എന്നിവരാണ്. അവരുടെ പ്രധാനപ്പെട്ട ആശയങ്ങൾ താഴെ പറയുന്നു.

**നോർമൻ ഫെയർക്ലോ**

വ്യവഹാരാപഗ്രഥനത്തിന്റെ രാഷ്ട്രീയപ്രാധാന്യം എടുത്തുകാട്ടിയ ഭാഷാശാസ്ത്രജ്ഞനാണ് നോർമൻ ഫെയർക്ലോ. ബ്രിട്ടണിലെ പുതിയ സാമ്പത്തികപരിഷ്കരണത്തിന്റെ പശ്ചാത്തലത്തിൽ സാമ്പത്തിക നയപ്രഖ്യാപനത്തിനുശേഷം മാർഗരറ്റ് താച്ചർ പത്രക്കാരുമായി നടത്തിയ അഭിമുഖത്തിലെ ഭാഷയെ അപഗ്രഥിച്ച് അതിലെ അധികാരപ്രത്യയശാസ്ത്രത്തെ അദ്ദേഹം പുറത്തുകൊണ്ടുവന്നതോടെയാണ് വിമർശനാത്മക വ്യവഹാരാപഗ്രഥനം എന്ന സിദ്ധാന്തം ശ്രദ്ധിക്കപ്പെടുന്നത്. മിഷേൽ ഫൂക്കോയുടെ അധികാരസങ്കല്പനങ്ങളെ പ്രയോജനപ്പെടുത്തിക്കൊണ്ട് വ്യവഹാരാപഗ്രഥനത്തിന് ഒരു ത്രിമാനരൂപരേഖ ഫെയർക്ലോ അവതരിപ്പിക്കുന്നുണ്ട്.അതിൽ ഒന്നാമത്തെ ആശയം വ്യവഹാരം പാഠമാണ്

എന്നതാണ്. ഇവിടെ പദങ്ങൾ, രൂപങ്ങൾ, ശൈലികൾ, ലക്ഷക ങ്ങൾ, പഴഞ്ചൊല്ലുകൾ എന്നിങ്ങനെ പാഠത്തിന്റെ അപഗ്രഥനമാണ് ആദ്യം നടത്തുന്നത്. തുടർന്ന് വ്യവഹാരത്തിലെ വ്യാകരണഘടന പരിശോധിക്കുന്നു. തുടർന്ന് ഊണം, കർത്തരി, കർമ്മണി തുട ങ്ങിയ പ്രയോഗങ്ങൾ എന്നിവ സവിശേഷമായി പഠിക്കുന്നു. അതോ ടൊപ്പം തന്നെ പാഠത്തിന്റെ ഘടനയും പരിശോധിക്കുന്നു. രണ്ടാ മത്തെ ആശയം വ്യവഹാരം ഒരു പ്രയോഗമാണ് എന്നതാണ്. ഇവിടെ പാഠത്തെ സാമൂഹികസാഹചര്യവുമായി ബന്ധിപ്പിക്കുന്നു. ഭാഷണക്രിയ, സാന്ദർഭിക ഭാഷാഭേദങ്ങൾ തുടങ്ങിയവയും ഇവിടെ ചർച്ച ചെയ്യപ്പെടുന്നു. മൂന്നാമത്തെ ആശയം വ്യവഹാരം ഒരു സാമൂ ഹികപ്രയോഗമാണ് എന്നതാണ്. ഇവിടെ വ്യവഹാരത്തിൽ ഉള്ള ടങ്ങിയ അധികാരം, പ്രത്യശാസ്ത്രം, ആധിപത്യം എന്നിവ പരി ശോധിക്കുന്നു. ഈ ത്രിമാനസങ്കല്പംകൊണ്ട് സാമൂഹിക അധി കാരത്തിന്റെ മേധാവിത്വം, അസമത്വം, ദുർവിനിയോഗം എന്നിവ സൂക്ഷ്മമായി മനസ്സിലാക്കാൻ കഴിയുന്നു.

ഫെയർക്ലോ ചൗളിയാർക്കിയുമായി ചേർന്നെഴുതിയ Discourse and Social Change: Rethinking Critical Discourse Analysis എന്ന കൃതിയിൽ വിമർശനാത്മക വ്യവഹാരാപഗ്രഥനത്തിന്റെ പ്രധാന സവിശേഷതകൾ ഇപ്രകാരം പറയുന്നതായി പി. എം. ഗിരീഷ് അഭിപ്രായപ്പെടുന്നു (2018:128). അവ താഴെ പറയുന്നവയാണ്.

1) ഭാഷാപരവും ചിഹ്നപരവുമായ സവിശേഷതകളെ മുൻനിർ ത്തി വ്യവഹാരം സാമൂഹികപ്രശ്നങ്ങളെ അഭിസം ബോധന ചെയ്യുന്നു.
2) വ്യവഹാരത്തിലെ അധികാരത്തെ തുറന്നുകാണിക്കുന്നു. വ്യവഹാരത്തിന് അകത്തും പുറത്തുമുള്ള അധികാരം എങ്ങ നെ പെരുമാറുന്നു എന്ന് അപഗ്രഥിക്കുന്നു.
3) വ്യവഹാരം, സമൂഹം, സംസ്കാരം എന്നിവ തമ്മിലുള്ള ബന്ധം വിശദമാക്കുന്നു.
4) വ്യവഹാരം പ്രത്യയശാസ്ത്രപരമാണ് സമൂഹത്തിൽ മേൽ കീഴുകൾ സൃഷ്ടിക്കപ്പെടുന്നുണ്ട്.

5) ചരിത്രം വ്യക്തമാക്കുന്നു. ചരിത്രസന്ദർഭത്തിന്റെ പശ്ചാത്തല മില്ലാതെ വ്യവഹാരത്തെ പഠിക്കാൻ കഴിയില്ല.

6) വ്യവഹാരത്തിന്റെ ക്രമം പഠിക്കുന്നു. വ്യവഹാരത്തിലെ പ്രതി പാദനരീതി ഇവിടെ സവിശേഷമായി പഠിക്കുന്നു.

7) വ്യവഹാരത്തെ വിശദീകരിക്കുന്നു. ചരിത്രസന്ദർഭത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത പാരായണങ്ങളെ അപനിർ മാണം ചെയ്ത് പാഠയാഥാർത്ഥ്യത്തെ തുറന്നുകാണിക്കുന്നു.

8) സാമൂഹികവൃത്തി ഒരു പ്രക്രിയയാണ്- സാമൂഹികകർത്തൃ ത്വങ്ങൾ രൂപീകരിക്കുന്ന കാര്യത്തിൽ വ്യവഹാരത്തിനുള്ള പങ്കാണ് ഇവിടെ സാമൂഹികവൃത്തിയായി കണക്കാക്കുന്നത്.

**റൂദ് വോഡാക്**

സാമൂഹികഭാഷാശാസ്ത്രത്തിന്റെ രീതിശാസ്ത്രം ഉപയോ ഗിച്ച് വ്യവഹാരത്തെ സമീപിച്ച ഭാഷാശാസ്ത്രജ്ഞനാണ് റൂദ് വോഡാക്. സാമൂഹികവ്യതിരിക്തതകളെ സവിശേഷ പ്രാധാന്യ ത്തോടെ ഇവിടെ സമീപിക്കുന്നു. ഭാഷയിൽ ഒളിഞ്ഞും തെളിഞ്ഞും പ്രകടമാകുന്ന മേധാവിത്വം, വിവേചനം, അധികാരം, നിയന്ത്രണം എന്നിവയെ അപഗ്രഥനം ചെയ്യുകയാണ് ഈ പഠനരീതിയുടെ ലക്ഷ്യമെന്ന് വോഡാക് അഭിപ്രായപ്പെടുന്നു. വ്യവഹാരം ഭാഷയുടെ സാമൂഹികപ്രയോഗം ആയതുകൊണ്ട് തന്നെ ഭാഷയെ സാമൂഹിക സന്ദർഭത്തിന്റെ അടിസ്ഥാനത്തിൽ വിമർശനാത്മകമായി ഇവിടെ പഠിക്കുന്നു. വ്യവഹാരത്തെ രൂപപ്പെടുത്തുന്നതിൽ സമൂഹത്തിന്റെ ഘടനയ്ക്കും സാമൂഹികശീലങ്ങൾക്കും വലിയ പ്രാധാന്യമുണ്ട്. വോഡാക്കിന്റെ പഠനങ്ങളിൽ സമൂഹമായിരുന്നു അടിസ്ഥാനം.

**റോബർട്ട് കാപ്ലൻ**

സാഹിത്യകൃതിയുടെ പഠനത്തിന് വിമർശനാത്മകവ്യവഹാ രാപഗ്രഥനം പ്രയോജനപ്പെടുത്താമെന്ന് സ്ഥാപിച്ച ഭാഷാശാസ്ത്ര ജ്ഞനാണ് റോബർട്ട് കാപ്ലൻ. വാമൊഴിയായും വരമൊഴിയായുമുള്ള എല്ലാ സാഹിത്യപാഠങ്ങളെയും ഇതുവഴി അപഗ്രഥിക്കാൻ കഴിയു മെന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. സാഹിത്യകൃതികളുടെ

അപഗ്രഥനം വഴി കർത്താവ് കൃതിയിലൂടെ പ്രകടിപ്പിക്കുന്ന സാമൂഹിക മനോഭാവം വെളിച്ചത്തു വരും. കൃതിയുടെ അർഥം പാഠത്തിൽ മാത്രം ഒതുങ്ങുന്നില്ലെന്നും കർത്താവും വായനക്കാരും തമ്മിലുള്ള വിനിമയത്തിലൂടെയാണ് നിലകൊള്ളുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ട്. മാത്രമല്ല, സാഹിത്യകൃതികളുടെ വായനവഴി എഴുത്തുകാരുടെ സാമൂഹികധാരണകളെ തിരിച്ചറിയാനും കഴിയും. റോളാങ് ബാർത്ത് അവതരിപ്പിച്ച 'കർത്താവിന്റെ മരണം' എന്ന ആശയത്തോട് ഇതിന് ബന്ധമുണ്ട്. ഒരു കൃതി ജനിക്കുന്നതോടെ കർത്താവ് മരിക്കുന്നു എന്നാണ് ബാർത്ത് പറഞ്ഞത്. പാഠം വായനക്കാരുടെ ഇഷ്ടത്തിനനുസരിച്ച് വായിക്കാനും വ്യാഖ്യാനിക്കാനും കഴിയും. കാപ്ലൻ പറയുന്ന കർത്താവിന്റെ സാമൂഹികമനോഭാവം പാഠാന്തരവായനകളിലൂടെയാണ് സാധ്യമാകുന്നത്.

**ട്യൂൻ വാൻ ഡിജിക്**

വ്യവഹാരാപഗ്രഥനത്തിൽ വ്യത്യസ്തമായ പഠനരീതി സ്വീകരിച്ച ഭാഷാശാസ്ത്രജ്ഞനാണ് ട്യൂൻ വാൻ ഡിജിക്. *'The Handbook of Discourse Analysis'* എന്നതാണ് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട കൃതി. പ്രധാനമായും മാധ്യമപഠനം, വംശീയപഠനം എന്നീ മേഖലകളെ കേന്ദ്രീകരിച്ചാണ് ഡിജിക് പഠനം നടത്തിയത്. ഈ മേഖലകളിൽ വ്യവഹാരപഠനത്തിനുള്ള സാധ്യതകൾ അദ്ദേഹം അന്വേഷിച്ചു. പാശ്ചാത്യലോകത്ത് വിമർശനാത്മക വ്യവഹാരാപഗ്രഥനത്തിന്റെ പരിധിയിൽ പഠിക്കപ്പെട്ട വിഷയങ്ങളായി ഡിജിക് ചൂണ്ടിക്കാണിക്കുന്നത് താഴെപ്പറയുന്നവ ആണെന്ന് പി എം ഗിരീഷ് അഭിപ്രായപ്പെടുന്നു(2018:134).

1) ലിംഗവിവേചനവും അസമത്വവും
2) മാധ്യമവ്യവഹാരം
3) കോളനിയനന്തരവ്യവഹാരം
4) വംശീയവ്യവഹാരം

മുമ്പുള്ള ഭാഷാശാസ്ത്രജ്ഞരൊക്കെ അവരുടെ പഠനങ്ങളിൽ സാമൂഹികസന്ദർഭത്തെ പ്രധാന ആശയമായി ഉൾക്കൊള്ളിച്ചിരുന്നു. സാമൂഹികതയെ മുൻനിർത്തിയാണ് വ്യവഹാരത്തെ അവർ വിശ

കലനം ചെയ്തത്. എന്നാൽ ഡിജിക്കിന്റെ സമീപനം മറ്റൊന്നായിരുന്നു. അദ്ദേഹം സാമൂഹികതയിൽ മാത്രമല്ല ധൈഷണികതയിലേക്ക്കൂടി വ്യവഹാരപഠനത്തെ വ്യാപിപ്പിച്ചു. മനുഷ്യരുടെ ജ്ഞാനാർജ്ജനപ്രക്രിയയാണ് ധൈഷണികത. ധൈഷണികതക്ക് വ്യവഹാരത്തിൽ ഉള്ള പങ്ക് അദ്ദേഹം കണ്ടെത്തി. പ്രത്യയശാസ്ത്രവും ധൈഷണികതയും വ്യവഹാരവും കൂടിച്ചേർന്നുകൊണ്ടുള്ള അപഗ്രഥനപദ്ധതിയാണ് അദ്ദേഹം മുന്നോട്ടുവച്ചത്. സാമൂഹിക സാഹചര്യങ്ങളെ തിരിച്ചറിയുന്നിടത്താണ് പ്രത്യയശാസ്ത്രം പ്രസക്തമാകുന്നത് എന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

സ്മരണ എന്ന ധൈഷണികവൃത്തിയുടെ അടിസ്ഥാനത്തിലാണ് ഡിജിക് തന്റെ സിദ്ധാന്തം അവതരിപ്പിക്കുന്നത്. സ്മരണയെ അദ്ദേഹം ഹ്രസ്വസ്മരണ എന്നും ദീർഘസ്മരണ എന്നും രണ്ടായി തിരിക്കുന്നു. ഇവ രണ്ടും സാമൂഹികാനുഭവങ്ങൾ ഒരാൾ എങ്ങനെ ആർജ്ജിക്കുന്നു എന്നതിനെ മുൻനിർത്തിയാണ് രൂപംകൊള്ളുന്നത്. ഹ്രസ്വസ്മരണ എന്നത് അറിവിന്റെ സങ്കേതനമാണ് ദീർഘസ്മരണയാകട്ടെ; സാമൂഹികസാംസ്കാരികജ്ഞാനമാണ്. അതിൽ ഭാഷാജ്ഞാനം, വ്യവഹാരം, ആശയവിനിമയം, വ്യക്തികൾ, സംഘങ്ങൾ എന്നിവയെല്ലാം ഉൾപ്പെടുന്നു. സമൂഹത്തിന്റെ മനോഭാവം ദീർഘസ്മരണയിലൂടെയാണ് വെളിവാകുന്നത്. പ്രത്യയശാസ്ത്രം നാലുതരത്തിലാണ് വെളിപ്പെടുന്നത് എന്ന് ഡിജിക് പറയുന്നതായി പി. എം. ഗിരീഷ് അഭിപ്രായപ്പെടുന്നു(2018:132). സ്വത്വം, ലക്ഷ്യം, മൂല്യബോധങ്ങൾ, സാമൂഹികസ്ഥാനമാനങ്ങൾ എന്നിവയാണ് അവ. ഇങ്ങനെ വെളിവാകുന്ന പ്രത്യയശാസ്ത്രത്തിന് വ്യവഹാരരൂപീകരണത്തിൽ പ്രധാന പങ്കുണ്ട്.

ഡിജിക് അവതരിപ്പിക്കുന്ന പ്രത്യയശാസ്ത്രം എന്ന സങ്കല്പനം അൽത്തൂസറിന്റേതിൽ നിന്നും വിഭിന്നമാണ്. അൽത്തൂസറിന്റെ പ്രത്യയശാസ്ത്രം സ്ഥായിയും അബോധപരവും ഇല്ലാതാക്കാൻ കഴിയാത്തതുമായ ഒന്നാണ്. എന്നാൽ അധികാരത്തിനെതിരെ പ്രതിരോധം എപ്പോഴും നിൽക്കുന്നതിനാൽ അധികാരത്തിന് സ്ഥായിയായി നിലകൊള്ളാൻ കഴിയില്ല എന്നതാണ് ഡിജിക്കിന്റെ പ്രത്യയശാസ്ത്രത്തിന്റെ പ്രധാനാശയം. മാത്രമല്ല, സാമ്പത്തിക

മായും സാമൂഹികമായും പല സമൂഹങ്ങൾ ഒരു സമൂഹത്തിനുമേൽ കോയ്മ പുലർത്തുന്നുണ്ടെങ്കിലും അതിനെ എതിർക്കാനുള്ള സംഘമനോഭാവവും പ്രത്യയശാസ്ത്രത്തിൽ നിന്ന് രൂപപ്പെടുന്നുണ്ട് എന്നും അദ്ദേഹം സ്ഥാപിക്കുന്നു.

ഈ മാതൃകയിൽ മാധ്യമങ്ങളെ ഡിജിക് വിശകലനം ചെയ്തിട്ടുണ്ട്. മാധ്യമങ്ങൾ ലോകത്തെക്കുറിച്ചുള്ള മാനസികമാതൃകകൾ ആണെന്നും വാക്കുകളിലൂടെ യഥാർത്ഥ ലോകത്തിന്റെ മുകൾഭാഗം മാത്രം പ്രേക്ഷകരെ കാണിച്ചുകൊടുക്കുന്നു എന്നും അദ്ദേഹം പറയുന്നു. പത്രവാർത്തയെ വിവരങ്ങളുടെ മഞ്ഞുകട്ടി എന്നാണ് ഡിജിക് വിശേഷിപ്പിക്കുന്നത്. പ്രത്യയശാസ്ത്രം അതിനുള്ളിൽ പ്രവർത്തിക്കുന്നുണ്ട്.

**വ്യവഹാരവും ധൈഷണികതയും**

വിമർശനാത്മക വ്യവഹാരാപഗ്രഥനത്തെ മലയാളത്തിൽ പരിചയപ്പെടുത്തിയ പി.എം. ഗിരീഷ് ചില കൂട്ടിച്ചേർക്കലുകൾ നടത്തുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഭാഷയും അധികാരവും തമ്മിലുള്ള ബന്ധത്തിന്റെ വിശകലനത്തിന് സാമൂഹികതയ്ക്കൊപ്പംതന്നെ മനുഷ്യധാരണയെയും സാമാന്യബോധത്തെയും പരിഗണിക്കണം. ധാരണ എന്ന ധൈഷണികവൃത്തിയിൽ അധികാരത്തിനുള്ള പങ്ക് അന്വേഷിക്കണം. ഇതിനായി സാമൂഹികധൈഷണികത എന്നൊരു സങ്കല്പനം തന്നെ അദ്ദേഹം അവതരിപ്പിക്കുന്നുണ്ട്. മനുഷ്യർ ചുറ്റുപാടുകളെ മനസ്സിലാക്കുന്നത് ധൈഷണികവൃത്തിയിലൂടെ ആയതിനാൽ സമൂഹത്തോടൊപ്പം മനുഷ്യരുടെ ധൈഷണികവൃത്തികൾകൂടി പഠിക്കണം എന്നതാണ് ആ സങ്കല്പനത്തിന്റെ കേന്ദ്രാശയം.

ധൈഷണികതയെയും സമൂഹത്തെയും ബന്ധിപ്പിക്കുന്ന ആറ് പ്രധാന കാര്യങ്ങൾ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

1 ലക്ഷ്യം- പ്രവൃത്തി കൊണ്ടാണ് സാഹചര്യങ്ങളുടെ ലക്ഷ്യം തിരിച്ചറിയപ്പെടുന്നത്.

2 പ്രായോഗിക സാഹചര്യ മാതൃകകൾ

3 ജ്ഞാനവും അതിന്റെ സംഘടനയും-സാമൂഹികസാംസ്കാരിക വിശ്വാസങ്ങൾ അടയാളപ്പെടുത്തപ്പെടുന്നത് അറി

വിന്റെ അടിസ്ഥാനത്തിലാണ്. ഒരു സമുദായത്തിന്റെ ജ്ഞാനം അതിൽ പ്രധാന പങ്കുവഹിക്കുന്നു.

4 പ്രത്യയശാസ്ത്രം(യാഥാർത്ഥ്യത്തെ ആത്മനിഷ്ഠമായി കാണുന്ന രീതി).

5 മനോഭാവം- ചില പ്രത്യേക സാമൂഹികാനുഭവങ്ങളോടുള്ള പ്രത്യയശാസ്ത്രാഷ്ഠിത അഭിപ്രായപ്രകടനങ്ങളാണിത്.

6 ധൈഷണികപ്രക്രിയകൾ-ഒരു വ്യവഹാരത്തെ എങ്ങനെ മനസ്സിലാക്കണം, ഉത്പാദിപ്പിക്കണം, ജ്ഞാനത്തിനും പ്രത്യയശാസ്ത്രത്തിനും അടിസ്ഥാനമായി നിർമ്മിക്കപ്പെടുന്ന വിശേഷമാനസികമാതൃകകൾക്ക് അനുസൃതമായി എങ്ങനെ ഇടപെടണം എന്നിവ നിർണയിക്കുന്നത് ധൈഷണികപ്രക്രിയകളാണ്(2018:135).

ചുരുക്കത്തിൽ വ്യവഹാരവിശകലനത്തിന് അധികാരം, പ്രത്യയശാസ്ത്രം എന്നിവയോടൊപ്പം തന്നെ ജ്ഞാനാർജ്ജനം വഴി രൂപപ്പെടുന്ന ധാരണകളെയും സാമാന്യബോധത്തെയും പരിഗണിക്കണം.

**ഉപസംഹാരം**

ഈ പ്രബന്ധത്തിലൂടെ കണ്ടെത്തിയ നിഗമനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭാഷാപരമായ സാഹചര്യം മാത്രമല്ല വ്യവഹാരത്തെ നിർണയിക്കുന്നത്. അത് സാമൂഹികവും പ്രത്യയശാസ്ത്രപരവുമാണ്. വ്യവഹാരത്തെ സന്ദർഭാധിഷ്ഠിതമായി വിശകലനം ചെയ്യണം.

2. വ്യവഹാരാപഗ്രഥനത്തിന് നോർമൻ ഫെയർക്ളോ നിർദേശിച്ച ത്രിമാനസങ്കല്പം വ്യവഹാരത്തിന്റെ കേവലവും സൂക്ഷ്മവുമായ തലങ്ങളെ ചൂണ്ടിക്കാണിക്കുന്നു.

3. സാമൂഹികസന്ദർഭത്തെ മുൻനിർത്തി വോഡാക് അവതരിപ്പിച്ച നിരീക്ഷണം വ്യവഹാരാപഗ്രഥനത്തിന്റെ പുതിയ സാധ്യത തുറക്കുന്നു.

4. സാഹിത്യകൃതികളുടെ വിശകലനത്തിന് വ്യവഹാരാപഗ്രഥനം ഉപയോഗിക്കാം എന്ന റോബർട്ട് കാപ്ലന്റെ ആശയത്തിന് സാഹിത്യനിരൂപണ സ്വഭാവമുണ്ട്.
5. ഡിജികിന്റെ ആശയങ്ങൾ ഈ സിദ്ധാന്തത്തിന്റെ പുതിയമുഖമാണ് കാണിക്കുന്നത്. മാധ്യമങ്ങളെ മുൻനിർത്തിയുള്ള അദ്ദേഹത്തിന്റെ വിശകലനം സമകാലസമൂഹത്തോട് സംവദിക്കുന്നതും സത്യാനന്തര മാധ്യമരംഗത്തെ തുറന്നുകാണിക്കുന്നതുമാണ്.

**ഗ്രന്ഥസൂചി**

ഗിരീഷ് പി. എം, *വിമർശനാത്മക പ്രത്യയശാസ്ത്രം ഭാഷയുടെ പ്രത്യയശാസ്ത്രം* (പഠനം), ഭാഷാശാസ്ത്രം ചോംസ്കിക്കുമപ്പുറം (സമ്പാദനവും പഠനവും-ഗിരീഷ് പി എം) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2018.

ശിവപ്രസാദ് പി, പദപ്രശ്നങ്ങൾ, ഐ ബുക്സ് കോഴിക്കോട്, 2019

സജി മാത്യു, വ്യവഹാരം (ലേഖനം), *താക്കോൽ വാക്കുകൾ* (എഡിറ്റർ: അജു കെ. നാരായണൻ), ഭൂമിമലയാളം ജേർണൽ, വിദ്വാൻ പി. ജി. നായർ സ്മാരക ഗവേഷണകേന്ദ്രം ആലുവ, 2017.

Handbook of Discourse Analysis,T.A. Van Dijik(Ed), London and New York Academic Press,1985

Sara Mills, Discourse, Routledge New York,2007

■■■

# ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ (ചരിത്രവിജ്ഞാനീയപരമായ അതികഥനം)

**വിശാഖ് കെ.**
ഗവേഷകൻ, മലയാളവിഭാഗം,
കേരള സർവകലാശാല

**സംഗ്രഹം**

ചരിത്രത്തിന്റെയും സാഹിത്യത്തിന്റെയും ആഖ്യാനതലങ്ങളിൽ ഉണ്ടായിട്ടുള്ള മാററങ്ങളാണ് ചരിത്രവിജ്ഞാനീയത്തിന്റെയും അതികഥനത്തിന്റെയും പിന്നിലുള്ളത്. ചരിത്രത്തിന്റെയും സാഹിത്യത്തിന്റെയും ആഖ്യാനതലത്തിലും പ്രമേയസ്വീകരണത്തിലും രൂപസംവിധാനത്തിലും ഉണ്ടായിട്ടുള്ള മാററങ്ങൾ ചരിത്രവിജ്ഞാനീയത്തിന്റെ പുതുസാധ്യതയാണ് തുറന്നുതന്നത്. ചരിത്രത്തെയും നോവലിനെയും കുറിച്ച് ഒരേസമയം നടത്തുന്ന പുനരാഖ്യാനം എന്ന നിലയിലും രീതിശാസ്ത്രപരമായ സമീപനം എന്ന നിലയിലും വേറിട്ട ഒരു സംജ്ഞയാണ് ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ.

1988-ൽ ലിൻഡാ ഹാച്ചിയന്റെ A Poetics of Post Modernism : History, Theory, Fiction (ആധുനികാനന്തരതയുടെ കാവ്യശാസ്ത്രം) എന്ന ഗ്രന്ഥത്തിലാണ് ചരിത്രത്തെയും നോവലിനെയും കുറിച്ചുള്ള പുതിയ കാഴ്ചപ്പാടിന്റെ ഫലമെന്ന നിലയിൽ ചരിത്രവിജ്ഞാനീയപരമായ അതികഥനം എന്ന സമീപനം രൂപപ്പെടുന്നത്.

ഫിക്ഷനുമായി ബന്ധപ്പെട്ട ഹിസ്റ്റോറിക്കൽ റൊമാൻസിൽ നിന്നും ഹിസ്റ്റോറിക്കൽ നോവലിൽ നിന്നും വ്യത്യസ്തമായ ഹിസ് റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ എന്ന സംജ്ഞയെ സാമാന്യ മായി പരിചയപ്പെടുത്തുകയാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ**

ആധുനികാനന്തര വിരോധാഭാസം (Postmodern Paradox), വസ്തു നിഷ്ഠമായ സത്യം (Objective Truth), സത്യാത്മകത (Verisimilitude), കഥയും കാര്യവും (Fiction and Fact), അതികഥ (Meta Fiction), ചരിത്രത്തിന്റെ നോവൽവൽക്കരണം (Novelisation of History), നോവലിന്റെ ചരിത്രവൽക്കരണം (Historicisation of Novel)

ആധുനികാനന്തരത, സാഹിത്യത്തിൽ മുന്നോട്ടുവയ്ക്കുന്ന ഒരു പ്രവണതയാണ് ചരിത്രാത്മകത. ലഭ്യമായ വസ്തുതകളു ടെയും വിവരണങ്ങളുടെയും അടിസ്ഥാനത്തിൽ കഴിഞ്ഞ കാലസം ഭവങ്ങളെ വിശദീകരിക്കുകയോ വ്യാഖ്യാനിക്കുകയോ ചെയ്യുന്ന തിലൂടെയാണ് ചരിത്രം സാഹിത്യത്തിനകത്തും രൂപപ്പെടുന്നത്.

നോവൽ, ചെറുകഥ, കവിത, നാടകം തുടങ്ങി എല്ലാവിധ സാഹിത്യരൂപങ്ങളിലും പ്രത്യക്ഷമായോ പരോക്ഷമായോ ചരിത്രം കടന്നുവരാറുണ്ട്. എങ്കിലും ചരിത്രത്തെ മുഖ്യ ആഖ്യാനവിഷയമായി സ്വീകരിച്ചു കാണുന്നത് പ്രധാനമായും നോവലുകളിലാണ്. മറ്റ് സാഹിത്യഗണങ്ങളിൽ നിന്ന് വ്യത്യസ്തമായി ചരിത്രത്തെ ഉൾ ക്കൊള്ളാനും വിശകലനംചെയ്യാനുമുള്ള സമഗ്രത നോവലുകൾ ക്കുണ്ട്. ആധുനികാനന്തരകാലത്ത് നോവൽസാഹിത്യരൂപത്തിന കത്ത് വർത്തമാനകാലത്തെയും അതിൽ ഉൾച്ചേർന്നിരിക്കുന്ന പ്രശ്നങ്ങളെയും അപഗ്രഥിക്കുന്ന നോവലിസ്റ്റ് ചരിത്രത്തിന്റെ അബോധപൂർവമായ എഴുത്തായി നോവലിനെ മാറ്റുന്നുണ്ട്. ആദ്യ കാല റിയലിസ്റ്റ് നോവലുകൾ സ്വീകരിച്ച ചരിത്രത്തിന്റെ നോവൽ വൽക്കരണം (Novelisation of History) എന്നതിൽ നിന്നു വ്യത്യസ്ത മായി നോവലിന്റെ ചരിത്രവൽക്കരണം (Historicisation of Novel) എന്ന ആധുനിക രീതിയാണത്. മനുഷ്യനെ സംബന്ധിച്ച് കഴിഞ്ഞ കാല സംഭവങ്ങളെ ഉൾക്കൊള്ളാനുള്ള വ്യഗ്രതയുമുണ്ട്.

അത്തരം സംഭവങ്ങൾ മനുഷ്യനെ എങ്ങനെ രൂപപ്പെടുത്തുന്നു എന്ന് നോവൽ കാണിച്ചുതരുന്നു. ഈ നിലയ്ക്കാണ് ചരിത്രവും നോവലും തമ്മിലുള്ള ബന്ധത്തെ മുൻനിർത്തി ആധുനികാനന്തര നോവലിന്റെ കാവ്യശാസ്ത്രങ്ങൾ അവതരിപ്പിക്കപ്പെടുന്നത്.

അമേരിക്കൻ ചരിത്രകാരനായ ഹെയ്ഡൻ വൈറ്റിന്റെ 'Meta history: The Historical imagination in 19 th Century Europe' എന്ന ഗ്രന്ഥത്തിൽ ചരിത്രരചനയെ സാഹിത്യരചനകൾ പലതരത്തിൽ സ്വാധീനിച്ചിട്ടുണ്ടെന്ന് വാദിക്കുന്നു. ചരിത്രത്തിന്റെ തത്ത്വചിന്തകൾ ചരിത്രരചനയിൽ ഒഴിച്ചുകൂടാനാകാത്ത ഘടകങ്ങൾ ആണെന്നും അതിനെ ചരിത്രരചനയിൽ നിന്ന് വേർപ്പെടുത്താൻ കഴിയില്ലെന്നും വൈറ്റ് രേഖപ്പെടുത്തുന്നു. നരവംശശാസ്ത്രത്തിലും സാമൂഹികശാസ്ത്രത്തിലും നിന്നുള്ള രീതിശാസ്ത്രങ്ങൾ സ്വീകരിച്ചുകൊണ്ടാണ് പുതിയ ചരിത്രരചനാരീതികൾ നിലവിൽവന്നത്. ഇതിന്റെ വക്താവായിരുന്നു ഹെയ്ഡൻ വൈറ്റും. ചരിത്രത്തിന്റെ പാഠപരതയിലാണ് വൈറ്റ് ഊന്നൽ നൽകിയത്. വസ്തുനിഷ്ഠമായ ചരിത്രത്തിന്റെ നേരെ എതിർവശത്താണ് സാഹിത്യത്തിന്റെ സ്ഥാനം എന്ന ധാരണ തിരുത്തിക്കൊണ്ട് ചരിത്രവും സാഹിത്യവും അർത്ഥം സൃഷ്ടിക്കുന്ന രണ്ട് ആഖ്യാനങ്ങളാണെന്ന് അദ്ദേഹം പറഞ്ഞുവയ്ക്കുന്നു. ആഖ്യാനവും ചരിത്രവും തമ്മിലുള്ള ബന്ധം പ്രചാരം നേടുന്നത് അങ്ങനെയാണ്. ചരിത്രമെന്നത് ആഖ്യാനമല്ലാതെ മറ്റൊന്നുമല്ല എന്നു കരുതുന്ന ഫ്രെഡറിക് ജെയിംസിനെപോലുള്ളവർ ആധുനികാനന്തര ചരിത്ര നോവൽ എന്ന സങ്കല്പം മുന്നോട്ടുവയ്ക്കുന്നത് തന്നെ ചരിത്രത്തെ കുറിച്ചുള്ള ആധുനികനന്തരമായ കാഴ്ചപ്പാട് മുൻനിർത്തിയാണ്. സാഹിത്യം സാഹിത്യത്തെ കുറിച്ച് തന്നെ എഴുതിയപ്പോൾ ചരിത്രം ചരിത്രരചനയെക്കുറിച്ചും ചിന്തിച്ചു തുടങ്ങി. സാഹിത്യത്തിന്റെ ആഖ്യാനതലങ്ങളിൽ ഉണ്ടായ ഈ മാറ്റങ്ങളാണ് ചരിത്രവിജ്ഞാനത്തിന്റെയും അതികഥന (Meta fiction) ത്തിന്റെയും പിന്നിലുള്ളത്.

**ചരിത്രവിജ്ഞാനീയപരമായ അതികഥനം**

ചരിത്രത്തെയും നോവലിനെയും കുറിച്ചുള്ള പുതിയൊരു കാഴ്ചപ്പാട് എന്ന നിലയിലാണ് ഹിസ്റ്റോറിയോഗ്രാഫിക് മെറ്റ

ഫിക്ഷൻ രൂപംകൊണ്ടത്. അത് ഒരേസമയം ചരിത്രത്തെയും നോവലിനെയും ഒരു പോലെ ഉൾക്കൊള്ളുന്നു. ആധുനികാനന്തര സാഹിത്യചിന്ത ചരിത്രവും സാഹിത്യവും തമ്മിലുള്ള വ്യത്യാസങ്ങളെ അന്വേഷിക്കുന്നില്ല. മറിച്ച് അവയുടെ പൊതുവായ സവിശേഷതകളും സ്വഭാവങ്ങളും അന്വേഷിക്കുകയാണ് ചെയ്യുന്നത്.

ചരിത്രവും സാഹിത്യവും വസ്തുനിഷ്ഠമായ സത്യത്തെക്കാൾ (Objective Truth) സത്യാത്മകതക (Verisimilitude)ളിൽ നിന്നാണ് പരുവപ്പെടുന്നത്. അവ രണ്ടും ഒരേപോലുള്ള ഭാഷാനിർമ്മിതികളാണ്. ഇവിടെ സ്വാഭാവികമായി പാഠാന്തരത അതിന്റെ സ്വഭാവമായി കടന്നുവരുന്നു. ആയതിനാൽ അത് നിരന്തരം പരിഷ്കരിക്കപ്പെടുന്ന ഒന്നായിത്തീരുകയും ചെയ്യുന്നു. മെറ്റഫിക്ഷൻ മുന്നോട്ടുവയ്ക്കുന്ന ഏററവും പ്രധാനപ്പെട്ട ആശയം ചരിത്രം, നോവൽ തുടങ്ങിയ സംജ്ഞകൾ തന്നെ ചരിത്രപരമാണെന്നും അവയുടെ നിർവചനങ്ങളും പരസ്പരബന്ധവും ഒക്കെ ചരിത്രപരമായി നിർണയിക്കപ്പെട്ടതും നിരന്തരം മാറിക്കൊണ്ടിരിക്കുന്നതും ആണ് എന്നുമാണ്. ചുരുക്കത്തിൽ ചരിത്രപരമായ അറിവുകളെ വിമർശനാത്മകമായി വിലയിരുത്തിക്കൊണ്ട് ആഖ്യാനതലത്തിൽ രൂപപ്പെടുത്തുന്ന പുതുമകളെ ഹിസ്റ്റോറിയോഗ്രാഫിക്ക് മെറ്റാഫിക്ഷൻ എന്നു പറയാം. ചരിത്രം, നോവൽ തുടങ്ങിയ സംജ്ഞകൾ ചരിത്രപരമാണ്. അവയുടെ നിർവചനങ്ങളും പരസ്പരബന്ധവും ചരിത്രപരമായി നിർണ്ണയിക്കപ്പെട്ടതാണ് എന്ന് ലിൻഡാ ഹച്ചിയൻ തന്റെ കൃതിയിൽ വിലയിരുത്തുന്നു. ചരിത്രത്തിന്റെ അബോധ പൂർവ്വമായ ഒരു എഴുത്തുരൂപമായി മാറാൻ നോവലിന് കഴിയാറുണ്ട്. മനുഷ്യൻ എങ്ങനെയാണ് കഴിഞ്ഞ കാലത്തെ സംഭവങ്ങളെ ഉൾ ക്കൊണ്ടത് അവ എങ്ങനെ മനുഷ്യനെ രൂപപ്പെടുത്തി എന്നൊക്കെ കാണിച്ചുതരാൻ നോവൽ സഹായകമാണ്. ഇക്കാര്യങ്ങൾ അംഗീകരിച്ചു കൊണ്ട് ഹിസ്റ്റോറിയോ ഗ്രാഫിക് മെറ്റാഫിക്ഷൻ ചരിത്രത്തിന്റെയും നോവലിന്റെയും വ്യവസ്ഥാപിത സ്വഭാവത്തെ പുനർനിർമ്മിക്കുന്നു. നോവലും ചരിത്രവും അതിന്റെ വ്യവസ്ഥാപിത ചട്ടക്കൂടുകൾകൊണ്ട് തിരിച്ചറിയപ്പെടുന്ന ഭാഷാ നിർമ്മിതികളാണ്. ഈ ചട്ടക്കൂടിനെ അംഗീകരിക്കുകയും അതിനെ മുൻനിർത്തി ആഖ്യാ

നരീതി രൂപപ്പെടുത്തുകയും ചെയ്യുകയാണ് ലിൻഡ ഹച്ചിയൻ. അതു വരെ നിലനിന്ന ചരിത്രരചനാരീതികളെ ഹച്ചിയൻ നിരാകരിക്കു ന്നില്ല. മറിച്ച് അവയെ വിശകലനം ചെയ്തുകൊണ്ട് അതിൽ സ്വീക രിക്കേണ്ട ഘടകങ്ങളെ സ്വീകരിച്ചും തിരുത്തേണ്ടതിനെ തിരുത്തി യുമാണ് ഹിസ്റ്റോറി യോഗ്രാഫിക് മെറ്റാഫിക്ഷൻ എന്ന സിദ്ധാന്തം ഹച്ചിയൻ രൂപപ്പെടുത്തുന്നത് എന്നത് ശ്രദ്ധേയമാണ്. നോവൽ ആഖ്യാനത്തിലെ കർത്തൃത്വസങ്കല്പത്തെ പുനരാഖ്യാനം ചെയ്യുന്ന തോടൊപ്പം പ്രാന്തവത്കൃതസമൂഹങ്ങളെ പ്രധാന സ്ഥാനത്തേക്ക് കൊണ്ടുവരികയും ചെയ്യുന്നു എന്നതും പ്രധാനമാണ്.

സവിശേഷസമൂഹങ്ങളുടെയും സംസ്കാരത്തിന്റെയും ബഹു സ്വരതക്ക് പ്രാധാന്യം കൊടുക്കുന്നതിലൂടെ എഴുതപ്പെടാതെ പോയ ചരിത്രങ്ങളുടെ ആഖ്യാനവും ഇവിടെ നിർവ്വഹിക്കപ്പെടുന്നു.

ഭൂതകാലസംഭവങ്ങളുടെ എഴുതപ്പെട്ട ചരിത്രത്തിന്റെ പരിമി തികൾ മനസ്സിലാക്കാനും ഹിസ്റ്റോറിയോഗ്രാഫിക്ക് മെറ്റാഫിക്ഷൻ സഹായകമാകുന്നുണ്ട്. വർത്തമാനകാലത്തെ അടിസ്ഥാനമാക്കി ഭൂതകാലത്തെ തിരുത്തിയെഴുതണം എന്ന് ലിൻഡാ ഹച്ചിയൺ അഭിപ്രായപ്പെടുന്നു.

നിലവിലുള്ള അറിവുകളെയും വ്യാഖ്യാനങ്ങളെയും മനസ്സി ലാക്കി വ്യത്യസ്തവ്യാഖ്യാന മാതൃകകൾ നൽകുന്ന ഒരു സംജ്ഞ യാണ് ചരിത്രവിജ്ഞാനീയപരമായ അതികഥനം. ചരിത്രപരമായ ഒരു പൊതു വിവരണം എന്ന നിലയില്ല ഈ സമീപനം മുന്നോട്ട് പോവുന്നത്.

ഏകപക്ഷീയമായ ഒരു നോട്ടമല്ല ; വ്യത്യസ്ത വീക്ഷണങ്ങ ളിലൂടെ ഭൂതകാലത്തെ പുനരവതരിപ്പിക്കുകയാണ് ചെയ്യുന്നത്. വായനക്കാരനെ സംബന്ധിച്ചിടത്തോളം ഓരോ വായനയും തിരു ത്തപ്പെടും. ഒടുവിൽ യാഥാർത്ഥ്യത്തിലേക്ക് വായനക്കാരൻ ചെന്നെ ത്തും. ഇത് യഥാർത്ഥമായ സത്യാന്വേഷണമാണ്. അത് പ്രകാരം പാഠങ്ങളുടെ വ്യത്യസ്ത അർത്ഥം നിർമ്മിക്കാൻ വായനക്കാരൻ ശ്രമിക്കുകയും ചെയ്യുന്നു.

**രീതിശാസ്ത്രസമീപനം**

ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ പിന്തുടരുന്ന രീതിശാസ്ത്രത്തിൽ ഉരുത്തിരിയുന്ന ഒരു ആശയം കഥയും കാര്യവും (Fiction and Fact) വിരുദ്ധങ്ങൾ ആയി കാണുന്നതിന് പ്രസക്തി ഇല്ല എന്നുള്ളതാണ്. ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ ഇതിനെ അംഗീകരിച്ചുകൊണ്ടുതന്നെ ചരിത്രവും കഥയും തമ്മിലുള്ള അതിർവരമ്പ് മായ്ച്ചുകളയുന്നു. ഇത് ആധുനികാനന്തരതയുടെ സ്വഭാവമായി പരിഗണിക്കാവുന്ന ഒന്നാണ്. ഇവിടെ ശ്രദ്ധിക്കേണ്ടത് ചരിത്രനോവൽ ഈ സമീപനത്തിൽ ഉൾപ്പെടുന്നില്ല എന്നതാണ്.

മറെറാരു പ്രധാന വസ്തുത ഭൂതകാലത്തെ കഥയിലോ ചരിത്രത്തിലോ തിരുത്തി എഴുതുകയോ പുനരവതരിപ്പിക്കുകയോ ചെയ്യാൻ അതിന്റെ ആധികാരികതയും ഏകതയും നിരാകരിച്ചുകൊണ്ട് വർത്തമാനത്തിലേക്ക് പറിച്ചു നട്ടാൽ മതിയെന്ന് ആധുനികാനന്തരസാഹിത്യം കരുതുന്നു എന്നതാണ്. ചരിത്രം ഈ വിധം തിരുത്തിയെഴുതുന്നതിനൊപ്പമാണ്. ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷനും നിലകൊള്ളുന്നത്. അതിനാൽ ചരിത്രരേഖകളുടെ തെറ്റും ശരിയും കാര്യമായി പരിഗണിക്കുന്നില്ല. പരിമിതികൾ ഉള്ള ചരിത്രത്തെ പൊലിപ്പിച്ചു പറയുക എന്നത് നിരാകരിക്കുന്നുമില്ല. എങ്കിലും പരിമിതികൾ തുറന്നു കാണിക്കാൻ ശ്രമിക്കുന്നുണ്ട് എന്ന് മാത്രം. ഈ തരത്തിൽ ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ എഴുത്തുകാരെയും വായനക്കാരെയും ഒരുപോലെ പരിഗണിക്കുകയും ചരിത്രം ഒരു സാമൂഹിക പ്രയോഗം ആണെന്ന് സ്ഥാപിക്കുകയുമാണ് ചെയ്യുന്നത്.

ഫിക്ഷനെക്കുറിച്ചുള്ള ചർച്ചകളിൽ സത്യം / അസത്യം എന്ന സജ്ഞകളിൽ അല്ല അതിനെ വിലയിരുത്തേണ്ടത് എന്നും കഥകളിൽ ഒരു സത്യമല്ല സത്യത്തിന്റെ ബാഹുല്യതയാണ് കാണുന്നതെന്നും അതിനാൽ ഒന്നും അസത്യമായി പോവുന്നില്ല എന്നും ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ പറയുന്നു. ഭൂതകാലത്തെ കഥയിലോ ചരിത്രത്തിലോ തിരുത്തിക്കൊണ്ട് എഴുത്തുകൾക്ക് പുനരവതരണം ആവശ്യമായി വരുമ്പോൾ അതിന്റെ ആധികാരികതയെ നിരാകരിച്ചുകൊണ്ട് ഭൂതകാലത്തിൽ നിന്ന് അവയെ

വർത്തമാന കാലത്തിലേക്ക് മാററിയെഴുതിയാൽ മതിയെന്നതാണ് ആധുനികാനന്തരസാഹിത്യസ്വഭാവം. അതിനാൽ ഈ പ്രവണത യെ ഹിസ്റ്റോ റിയോഗ്രാഫിക് മെറ്റഫിക്ഷൻ ആദ്യം അംഗീകരിക്കു ന്നതായും പിന്നീട് അതിനെ മറികടക്കുന്നതായും കാണാൻ കഴിയും. ഇതാണ് ഹിസ്റ്റോ റിയോഗ്രാഫിക് മെറ്റഫിക്ഷന്റെ ആധുനികാന ന്തര വിരോധാഭാസം (Postmodern Paradox).

**പരിമിതികൾ**

ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ നോവലിന്റെ സൂക്ഷ്മ തലങ്ങളുമായി മുന്നോട്ടുപോകുന്ന സ്വത്വം, കർത്തൃത്വം, പ്രതിനി ധാനം, പാഠാന്തരത, പ്രത്യയശാസ്ത്ത അവബോധം എന്നി ങ്ങനെ യുള്ള സൂക്ഷ്മാംശങ്ങളെ സൂക്ഷ്മമായി അന്വേഷിക്കുന്നില്ല. ചരിത്രം മുന്നോട്ടുവെച്ച ധാരണകളെ തിരുത്തുക, ആരുടെ ചരിത്ര മാണ് അതിജീവിക്കുക എന്ന ചോദ്യം ഉയർത്തുക, ചരിത്ര നോവൽ ചോദ്യം ചെയ്യാത്ത പ്രശ്നങ്ങളെ പ്രശ്നവൽക്കരിക്കുക എന്നിങ്ങ നെയാണ് അതിന്റെ സമീപനങ്ങൾ. കുറച്ചുകൂടി വ്യക്തമായി പറ ഞ്ഞാൽ നവചരിത്രവിജ്ഞാനീയപരമായ അതികഥനം എന്ന രീതിയിൽ ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാഫിക്ഷൻ വിശകലനം ചെയ്യപ്പെടേണ്ട സാഹചര്യം കടന്നു വന്നുകൊണ്ടിരിക്കുന്നു.

എന്നിരുന്നാലും സാമ്പ്രദായികചരിത്രത്തിന്റെ സ്ഥിരസങ്കല്പ ങ്ങളെ പ്രതിരോധിക്കുകയും സത്യം എന്നത് നൈമിഷികമാണെ ന്നും മാററങ്ങൾക്ക് വിധേയമാണെന്നും വസ്തുതാപരമായി പ്രസ്താവിക്കുന്നു ചരിത്രവിജ്ഞാനീയപര മായ അതികഥനം.

**സഹായകഗ്രന്ഥങ്ങൾ**

1) രാഘവവാരിയർ, എം. ആർ, 2016, ചരിത്രം : രീതിശാസ്ത്ര പഠനങ്ങൾ, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല.
2) ഷാജി ജേക്കബ്, 2018, ആധുനികാനന്തര മലയാളനോവൽ വിപണി, കല, പ്രത്യയശാസ്ത്രം, കേരളഭാഷാ ഇൻസ്റ്റിററ്യൂട്ട്.
3) ഷാജി ജേക്കബ്, 2003, നോവൽ : ചരിത്രത്തിന്റെ പാഠഭേദം, കറന്റ് ബുക്സ് തൃശൂർ.
4) Linda Hutcheon, Historiographic Metafiction, Longman.

■■■

# മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം

**സ്റ്റാലിൻ കെ.**
ഗവേഷകൻ മലയാളവിഭാഗം
കേരള സർവ്വകലാശാല

**സംഗ്രഹം**

മാർക്സിസ്റ്റ് തത്ത്വചിന്ത അടിസ്ഥാനമാക്കിയുള്ള കലാ-സാഹിത്യദർശനമാണ് മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം. കല, സാഹിത്യം എന്നിവ രൂപപ്പെടുന്നത് വ്യക്തിയുടെ സവിശേഷ പ്രതിഭയിൽ നിന്ന് മാത്രമല്ല. കലയും സാഹിത്യവും വ്യക്തികളുടെ പ്രതിഭയും രൂപപ്പെടുന്നതിൽ നിലനിൽക്കുന്ന സാമൂഹിക സാഹചര്യത്തിന് അതിൽ നിർണ്ണായക സ്വാധീനമുണ്ട്. അദ്ധ്വാനബന്ധങ്ങളാണ് ഓരോ വ്യവസ്ഥിതിയുടെയും സ്വഭാവവും ഘടനയും നിശ്ചയിക്കുന്നത്. വർഗവിഭജിതമായ സമൂഹത്തിൽ നിഷ്പക്ഷമായി നിലനിൽക്കാൻ കലയ്ക്കും സാഹിത്യത്തിനും സാധിക്കുകയില്ല. എഴുത്തുകാരുടെയും കലാപ്രവർത്തകരുടെയും പക്ഷം, അവരുടെ കടമകൾ, സമൂഹത്തിൽ കലയ്ക്കുള്ള സ്ഥാനം എന്നിവ സംബന്ധിച്ച മാർക്സിസ്റ്റ് അഭിപ്രായങ്ങളാണ് മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രത്തിനടിസ്ഥാനം. കലയും സാഹിത്യവും വിശകലനം ചെയ്യുന്നതിന് മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് സാമാന്യമായി വിവരിക്കുകയാണ് വിവരണാത്മക സ്വഭാവത്തിലുള്ള ഈ പഠനത്തിന്റെ ലക്ഷ്യം.

**താക്കോൽവാക്കുകൾ**

മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം (Marxist aesthetics), വൈരുധ്യാത്മ കഭൗതികവാദം (Dialectical Materialism), അടിത്തറ-മേൽപ്പുര (Base and superstructure), സാമൂഹികബന്ധങ്ങൾ (Social Relations)

കാറൽമാർക്സും(Karl Marx 1818-1883) ഫ്രെഡറിക് ഏംഗ ൽസും(Friedrich Engels 1820-1895)ചേർന്ന് വികസിപ്പിച്ച സാമ്പ ത്തിക-രാഷ്ട്രീയ സിദ്ധാന്തമാണ് മാർക്സിസം (Marxism). ഉത്പാദന ബന്ധങ്ങളാണ് സമൂഹത്തിന്റെ ഘടനയും അതിന്റെ വളർച്ചയും നിശ്ചയിക്കുന്നത് എന്ന് മാർക്സിസം വിശദീകരിക്കുന്നു. മനുഷ്യ രുടെ സാമൂഹികജീവിതവുമായി ബന്ധപ്പെട്ട സിദ്ധാന്തമായതിനാൽ ജീവിതത്തിന്റെ വിവിധ മേഖലകളിൽ മാർക്സിസം പ്രയോഗി ക്കപ്പെടുന്നു. രാഷ്ട്രീയം, സാമ്പത്തികം, സംസ്കാരം, കല, ചരിത്രം തുടങ്ങിയ വിവിധ രംഗങ്ങളിൽ മാർക്സിസത്തിന്റെ സ്വാധീനം വിപുലമാണ്. സാമൂഹികമാറ്റത്തിനുള്ള രാഷ്ട്രീയ ആശയമായും അക്കാദമിക് വിശകലനങ്ങൾക്കുള്ള സിദ്ധാന്തമായും മാർക്സിസം പ്രസക്തമായി തുടരുന്നു. മുതലാളിത്തവ്യവസ്ഥിതിയുടെ വിമർശന മായും സമത്വാധിഷ്ഠിത സമൂഹസങ്കൽപമായ സോഷ്യലിസ്റ്റ് സാ മൂഹികക്രമം (Socialism) സ്ഥാപിക്കുന്നതിനുള്ള ആശയമായും മാർ ക്സിസം നിലനിൽക്കുന്നു. കല, സാഹിത്യം, സംസ്കാരം എന്നി വയ്ക്ക് മനുഷ്യജീവിതത്തിൽ നിർണ്ണായകസ്ഥാനമുണ്ട്. സം സ്കാരപഠനത്തിലും കലാ-സാഹിത്യ മേഖലകളിലും മാർക്സ സിസ്റ്റ് ആശയങ്ങൾ പ്രയോഗിച്ചുകൊണ്ടുള്ള ഗൗരവമായ പഠന ങ്ങൾ പലകാലങ്ങളിലായി ഉണ്ടായിട്ടുണ്ട്. മാർക്സിനെയും ഏംഗൽ സിനെയും പിന്തുടർന്ന് അന്തോണിയോ ലാബ്രിയോള (Antonio Labriola 1843-1904), ഫ്രാൻസ് മെഹ്റിങ് (franz Mehring 1846-1919), പ്ലഹനോവ് (Georgi Valentinovich Plekhanov 1856-1918), ലെനിൻ (Vladimir Lenin 1870-1924), മാക്സിം ഗോർക്കി (Maxim Gorky 1868-1936), ലൂണാചാഴ്സ്കി (Anatoly Vasilyevich Lunacharsky 1875 -1933) തുടങ്ങിയ ആദ്യകാല മാർക്സിസ്റ്റ് പണ്ഡിതരുടെ പഠനങ്ങൾ മാർക്സിയൻ സൗന്ദര്യശാസ്ത്രം വിപുലമാക്കി. തുടർന്ന് അന്റോ ണിയോഗ്രാംഷി (Antonio Gramsci (18911937), വാൾട്ടർ ബെഞ്ചമിൻ

Walter Benjamin(1892-1940), ലൂയിസ്അൽത്തൂസർ Louis Althusser (1918-1990), ഫ്രെഡറിക് ജെയിംസൻ Fredric Jameson (1934), ടെറി ഈഗിൾ ടൺ (Terry Eagleton 1943) എന്നിവർ മാർക്സിസ്റ്റ് സൗന്ദര്യ ശാസ്ത്രത്തിന് നൽകിയ സംഭാവനകളിലൂടെ മാർക്സിസ്റ്റ്കലാ ചിന്ത കാലോചിതമായി വികസിച്ചു. അക്കാദമിക് രംഗത്ത് നിഷേധി ക്കാനാവാത്ത സ്വാധീനശക്തിയായിത്തീർന്ന മാർക്സിസ്റ്റ് കലാ ദർശനം സ്വാഭാവികമായി മലയാളത്തിലും കടന്നുവന്നു.

പി.ജി. എന്ന് ചുരുക്കപ്പേരിലറിയപ്പെട്ടിരുന്ന പി.ഗോവിന്ദപ്പി ള്ളയാണ് (1926-2012) മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം ഒരു കലാ-സാ ഹിത്യസിദ്ധാന്തം എന്ന നിലയിൽ മലയാളികൾക്ക് മുന്നിൽ വിശദ മായി അവതരിപ്പിച്ചത്. കേസരി എ. ബാലകൃഷ്ണപിള്ള 1889-1960) തായാട്ട് ശങ്കരൻ (1924-1985)കെ. ദാമോദരൻ (1912-1976) ഇ. എം. എസ്. നമ്പൂതിരിപ്പാട്(1909-1998) തുടങ്ങിയ മാർക്സിസ്റ്റുകൾ മല യാള സാഹിത്യവിമർശനത്തിൽ പലകാലങ്ങളിലായി മാർക്സിസ്റ്റ് സാഹിത്യവിമർശനം പിന്തുടർന്നവരിലെ ആദ്യതലമുറയാണ്. ഇവർ ക്കുശേഷവും മലയാളസാഹിത്യ വിമർശനത്തിൽ മാർക്സിസ്റ്റ് ധാര സജീവമായി നിലനിൽക്കുന്നുണ്ട്. 1987ൽ പ്രസിദ്ധീകരിച്ച പി. ഗോവി ന്ദപ്പിള്ളയുടെ മാർക്സിസ്റ്റ് സൗന്ദരശാസ്ത്രം ഉത്ഭവവും വളർച്ചയും എന്ന പുസ്തകം മാർക്സിസ്റ്റ് കലാ-സാഹിത്യചിന്തകൾക്ക് ആഗോ ളതലത്തിലുണ്ടായ വികാസവും അതിന്റെ ഉത്ഭവവും രേഖപ്പെ ടുത്തുന്നുണ്ട്. മലയാളത്തിലെ മാർക്സിസ്റ്റ് സൗന്ദര്യ ശാസ്ത്ര ത്തിന്റെ പരിണാമവും രേഖപ്പെടുത്തുന്നുണ്ട്. പുസ്തകത്തിന്റെ ഒന്നാം പതിപ്പിന്റെ മുഖവുരയിൽ ഈ പുസ്തകത്തിന്റെ ലക്ഷ്യം പി. ഗോവിന്ദപ്പിള്ള ഇങ്ങനെ വിശദീകരിക്കുന്നു.

കഴിഞ്ഞ ഒന്നു രണ്ട് പതിറ്റാണ്ടുകാലത്ത് മാർക്സിസ്റ്റ് സൗ ന്ദര്യശാസ്ത്രചിന്തയ്ക്ക് സാർവദേശീയരംഗത്ത് കൈവന്നിട്ടുള്ള അത്ഭുതാവഹവും വൈവിധ്യമാർന്നതും ചിലപ്പോൾ പരസ്പര വിരു ദ്ധദിശകളിലേക്ക് നീങ്ങുന്നതുമായ വളർച്ചയും നേട്ടങ്ങളും മലയാള വായനക്കാർക്ക് ഇനിയും കിട്ടുമാറായിട്ടില്ല (പി.ഗോവിന്ദപ്പിള്ള, മാർ ക്സിസ്റ്റ് സൗന്ദര്യശാസ്ത്രം ഉത്ഭവും വളർച്ചയും, പുറം.7)

ആഗോളതലത്തിലുള്ള മാർക്സിസ്റ്റ് മുന്നേറ്റത്തിന്റെ ഭാഗമായാണ് കേരളത്തിലും വിവിധ രംഗങ്ങളിൽ മാർക്സിസം സ്വാധീന ശക്തിയായിത്തീർന്നത്. രാഷ്ട്രീയസിദ്ധാന്തത്തിന്റെയും സാമൂഹിക മാറ്റത്തിന്റെയും തുടർച്ചയായാണ് കലാ - സാഹിത്യ രംഗത്തും മാർക്സിസം ഇടപെട്ടു തുടങ്ങിയത്.

**മാർക്സിസ്റ്റ് കലാനിരൂപണത്തിന്റെ തത്വങ്ങൾ**

മാർക്സിസ്റ്റ് സിദ്ധാന്തത്തിന്റെ ആശയങ്ങൾ ഉപയോഗിച്ച് കലാ-സാഹിത്യ പഠനം നടത്തുന്നതാണ് മാർക്സിസ്റ്റ് സൗന്ദര്യ ശാസ്ത്രത്തിന്റെ ആശയാടിത്തറ. സാമ്പത്തിക-രാഷ്ട്രീയ സിദ്ധാന്തമായ മാർക്സിസത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ തന്നെയാണ് അതിന്റെ ഭാഗമായ മാർക്സിസ്റ്റ്സൗന്ദര്യശാസ്ത്രത്തിലും പ്രതിഫലിക്കുന്നത്. എഴുത്തുകാർ, കലാപ്രവർത്തകർ എന്നിവരുടെ വ്യക്തിപരമായ പ്രതിഭയിൽനിന്നാണ് സാഹിത്യവും കലയും ഉടലെടുക്കുന്നത് എന്ന പാശ്ചാത്യ-പൗരസ്ത്യ സിദ്ധാന്തങ്ങളിൽനിന്നും വ്യത്യസ്തമായാണ് മാർക്സിസ്റ്റ് ദർശനം പ്രതിഭ എന്ന ആശയത്തെ സമീപിക്കുന്നത്. വ്യക്തിയുടെ സവിശേഷ പ്രതിഭ അംഗീകരിച്ചു കൊണ്ടു തന്നെ ആ സവിശേഷസിദ്ധി രൂപപ്പെടുന്ന സാമൂഹിക സാഹചര്യത്തിനാണ് ഊന്നൽ കൊടുക്കുന്നത്. മാർക്സിസത്തിന്റെ അടിസ്ഥാന ആശയങ്ങളായ വർഗവിഭജിത സമൂഹം, അദ്ധ്വാന ശക്തി, വർഗസമരം, ഉത്പാദനബന്ധങ്ങൾ, അടിത്തറ -മേൽപ്പുര സങ്കല്പം തുടങ്ങിയവയെല്ലാം മാർക്സിസ്റ്റ് കലാ ദർശനത്തിന്റെയും ആധാരശിലകളാണ്. സാഹിത്യത്തെ വ്യക്തിനിഷ്ഠമായ പ്രതിഭ എന്ന ആശയത്തിൽ തളച്ചിടാതെ പ്രതിഭ എങ്ങനെ രൂപപ്പെടുന്നു എന്ന് വിശദീകരിക്കുകയും കലയും സാഹിത്യവും എങ്ങനെയായിരിക്കണം എന്ന് നിശ്ചയിക്കുന്നത് നിലനിൽക്കുന്ന സാമൂഹിക സാഹചര്യമാണ് എന്ന് കണ്ടെത്തുകയും ചെയ്തതാണ് മാർക്സിസ്റ്റ് കലാദർശനത്തിന്റെ പ്രസക്തി. നിലനിൽക്കുന്ന വ്യവസ്ഥിതിയുടെ സ്വാധീനത്താൽ രൂപപ്പെടുന്ന കലയിലും സാഹിത്യത്തിലും സ്വാഭാവികമായും വർഗതാൽപര്യം അന്തർലീനമാണ്. സമൂഹത്തിൽ ആധിപത്യം പുലർത്തുന്ന വർഗത്തിന്റെ സ്വാധീന വലയത്തിലാണ് അവയുള്ളത് എന്നും മാർക്സിസ്റ്റുകൾ വിശദീക

രിക്കുന്നു. മനുഷ്യരെ ആനന്ദിപ്പിക്കാനുള്ള ഉപാധി എന്ന നിലയിൽ മാത്രം കലയ്ക്കും സാഹിത്യത്തിനും സ്വതന്ത്രമായ അസ്തിത്വമില്ല. സാമൂഹികബന്ധങ്ങളുടെ കണ്ണിയാൽ അവയുടെ രൂപവും സ്വഭാവവും നിശ്ചയിക്കപ്പെടുന്നു. മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രത്തിന്റെ പ്രധാനപ്പെട്ട വിശകലന ഉപാധികൾ എന്തെല്ലാമാണെന്ന് പരിശോധിക്കാം.

## വൈരുധ്യാത്മകഭൗതികവാദം (Dialectical Materialism)

മാർക്സിസ്റ്റ് തത്ത്വചിന്തയുടെ അടിസ്ഥാന ഘടകങ്ങളിൽ പ്രധാനപ്പെട്ടതാണ് വൈരുധ്യത്മകഭൗതികവാദം. ഭൗതികവാദം (Materialism) വൈരുധ്യാത്മകത (Dialectics) എന്നിവയാണിതിലെ ആശയങ്ങൾ. ഭൗതികപ്രപഞ്ചമാണ് പ്രാഥമികം എന്ന വാദമാണ് ഭൗതികവാദം. ഉദാഹരണത്തിന് ദൈവം സൃഷ്ടിച്ചതാണ് പ്രപഞ്ചവും അതിലെ സകല ചരാചരങ്ങളും എന്നത് ഒരു ആശയവാദമാണ്. എന്നാൽ നിരീക്ഷണ പരീക്ഷണങ്ങളിലൂടെ ബോധ്യപ്പെടുന്ന വസ്തുതകളും ശാസ്ത്രീയ സത്യങ്ങളും മാത്രമാണ് ഭൗതികവാദം അംഗീകരിക്കുന്നത്. അമൂർത്തമായ എല്ലാ ആശയങ്ങളും രൂപപ്പെടുന്നത് ഭൗതികലോകത്തിൽ നിന്നുമാണ്. ഭൗതിക പ്രപഞ്ചമാണ് പ്രാഥമികം. ഭൗതികവാദത്തോട് ചേർന്നു നിൽക്കുന്ന ആശയമാണ് വൈരുധ്യാത്മകവാദം ജർമ്മൻ തത്ത്വചിന്തകനായിരുന്ന ഹെഗലിന്റെ (Georg Wilhelm Friedrich Hegel 1770-1831) ആശയങ്ങളിൽ നിന്നുമാണ് മാർക്സ് വൈരുധ്യാത്മകത വികസിപ്പിച്ചത്. വൈരുധ്യങ്ങൾ തമ്മിലുള്ള പരസ്പര സംഘട്ടനത്തിലൂടെയാണ് ഭൗതികപ്രപഞ്ചവും സമൂഹവും വികസിക്കുന്നത് എന്നാണ് മാർക്സിന്റെ വാദം. ഉദാഹരണത്തിന് അടിമവ്യവസ്ഥയിൽ അടിമകളും ഉടമകളും തമ്മിൽ നിലനിന്നിരുന്ന വൈരുധ്യമാണ് സംഘർഷത്തിലേക്കും പുതിയ വ്യവസ്ഥിയിലേക്കും നയിച്ചത്. ഒരോ വ്യവസ്ഥയും ചില ആന്തരികവൈരുധ്യങ്ങൾ ഉൾക്കൊള്ളുന്നു. പ്രപഞ്ചത്തിലെ വസ്തുക്കളെല്ലാം പരസ്പരം ബന്ധപ്പെട്ടാണിരിക്കുന്നത്. ഒന്ന് മറ്റൊന്നിന്റെ വിപരീതമാണെന്ന് തോന്നുന്നതരത്തിൽ വ്യത്യാസപ്പെട്ടിരിക്കുമ്പോഴും അവതമ്മിൽ ചിലകാര്യങ്ങളിൽ ഐക്യമുണ്ട്. വൈരുധ്യങ്ങൾ തമ്മിലുള്ള ഐക്യം എന്ന ആശയമാണ് വൈരുധ്യാത്മകതയുടെ കാമ്പ്.

## വർഗസമരവും അടിത്തറ - മേൽപ്പുരസിദ്ധാന്തവും

വൈരുധ്യാത്മക ഭൗതികവാദത്തിനനുബന്ധമായ മാർക്സിസ്റ്റ് സിദ്ധാന്തങ്ങളാണ് വർഗസമരം(Class Struggle) അടിത്തറ-മേൽപ്പുര സിദ്ധാന്തം (Base and super structure) എന്നിവ. ഉത്പാദന വ്യവസ്ഥയിലെ ബന്ധങ്ങളാണ് വർഗവിഭജിത സമൂഹത്തിനടിസ്ഥാനം. മുതലാളിത്ത വ്യവസ്ഥിതിയിൽ ഉത്പാദന ഉപാധികളും സമ്പത്തും കൈവശപ്പെടുത്തിയിട്ടുള്ളത് മുതലാളി വർഗമാണ്. അദ്ധ്വാനശക്തി കൊണ്ട് ജീവിക്കുന്ന തൊഴിലാളികൾ മറ്റൊരു വർഗവുമാണ്. ആവശ്യത്തിലധികം ഉത്പാദിപ്പിക്കാൻ തുടങ്ങിയതോടെയാണ് സമൂഹം വർഗപരമായി വിഭജിക്കപ്പെട്ടു തുടങ്ങിയത്. ഉത്പാദന ഉപാധികൾ സ്വന്തമായുള്ള സമൂഹത്തിൽ നിർണ്ണായക സ്വാധീനശക്തിയുള്ള മുതലാളി വർഗവും ഉത്പാദന ഉപാധികൾ സ്വന്തമായില്ലാത്ത തൊഴിലാളിവർഗവും തമ്മിൽ സമ്പത്തിലും ജീവിത സാഹചര്യങ്ങളിലും വലിയ അന്തരമുണ്ട്. ഇരുവർഗങ്ങൾ തമ്മിലുള്ള ഈ അന്തരത്തിൽ അവർക്കിടയിലുള്ള വൈരുധ്യങ്ങൾ മൂർച്ഛിച്ച് രണ്ട് സാമൂഹികശക്തികളും തമ്മിലുണ്ടാകുന്ന ഏറ്റുമുട്ടലാണ് വർഗസമരം.

സമൂഹത്തെ അടിത്തറ-മേൽപ്പുര എന്നിങ്ങനെ രണ്ടായി വിഭജിച്ച് വിശദീകരിക്കുന്നതാണ് അടിത്തറ-മേൽപ്പുര സിദ്ധാന്തം. അദ്ധ്വാനബന്ധങ്ങളും ഉത്പാദനരീതിയുമാണ് സമൂഹത്തിന്റെ അടിത്തറ. ഈ അടിത്തറയിൽ നിന്നാണ് ആശയങ്ങളുടേതായ മേൽപ്പുര രൂപപ്പെടുന്നത്. മുതലാളി - തൊഴിലാളി ബന്ധം, ഉത്പാദനരീതി, ഉത്പാദന ഉപാധികൾ, എന്നിവയാണ് അടിത്തറ. ആശയങ്ങളുടെ ലോകമാണ് മേൽപ്പുര സംസ്കാരം, സാഹിത്യം, കല, തത്ത്വചിന്ത, നിയമം, മതം, തുടങ്ങിയ ആശയങ്ങളാണ് സമൂഹത്തിന്റെ മേൽപ്പുര. അദ്ധ്വാനബന്ധങ്ങളുടേതായ അടിത്തറയിൽനിന്നും രൂപപ്പെടുന്ന ആശയങ്ങളുടേതായ മേൽപ്പുരയിൽ അധീശവർഗത്തിന്റെ ആശയങ്ങൾക്കായിരിക്കും ആധിപത്യം. അടിത്തറയുടെ സ്വഭാവത്തിനനുസരിച്ച് രൂപപ്പെടുന്നതാണെങ്കിലും മേൽപ്പുരയിലെ ആശയങ്ങൾക്ക് സ്വതന്ത്ര അസ്തിത്വമുണ്ട്. മേൽപ്പുരയിലെ ആശയങ്ങൾ അടിത്തറയിൽ മാറ്റങ്ങൾക്കുള്ള സ്വാധീനശക്തിയായിത്തീരുകയും ചെയ്യു

ന്നുണ്ട്. മേൽപ്പുരയുടെ ഭാഗമായ കലയിലും സാഹിത്യത്തിലും സമൂഹത്തിന്റെ അടിത്തറയുടെയും മേൽപ്പുരയിലെ ആധിപത്യശക്തികളുടെയും സ്വാധീനമുണ്ട്.

**വിശകലനരീതി**

മാർക്സിസ്റ്റ് ദർശനത്തിന്റെ കാതലായ വർഗസമരം, പ്രത്യയശാസ്ത്രം, അടിത്തറ - മേൽപ്പുര സങ്കല്പം, വൈരുധ്യാത്മക ഭൗതികവാദം തുടങ്ങിയ ആശയങ്ങളാണ് മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രത്തിന്റെയും അടിത്തറ. ഈ വിശകലനരീതികളുപയോഗിച്ചാണ് മാർക്സിസ്റ്റുകൾ കലയും സാഹിത്യവും പഠിക്കുന്നത്. സാമൂഹിക ബന്ധങ്ങളുടെ സ്വാധീനത്താൽ രൂപപ്പെട്ടുവരുന്ന ഒന്നാണ് പ്രതിഭ എന്ന് മാർക്സിസ്റ്റുകൾ വാദിക്കുമ്പോൾ പ്രതിഭ എന്ന സവിശേഷതയുടെ ദൈവികത നഷ്ടപ്പെടുകയും സാമൂഹിക സാഹചര്യങ്ങളിലേക്ക് ചിന്ത തിരിയുകയും ചെയ്യുന്നു. കലയ്ക്കും സാഹിത്യത്തിനും രാഷ്ട്രീയമില്ല എന്ന് എത്രവാദിച്ചാലും അത് സത്യമല്ല. സാഹിത്യം രൂപപ്പെട്ട സാഹചര്യവും സമൂഹത്തിലെ ചില ആശയങ്ങളും സാഹിത്യത്തിലും കലയിലും പ്രതിഫലിക്കും. ആ ആശയങ്ങൾ ഏതാണെന്ന് പരിശോധിച്ചാൽ കലയുടെ രാഷ്ട്രീയപക്ഷം വെളിപ്പെടും. തികച്ചും നിഷ്കളങ്കമായ പാരമ്പര്യ മൂല്യങ്ങളുടേയും നന്മയുടെയും സംഘാതമല്ല സംസ്കാരം. ഉത്പാദന ബന്ധങ്ങളുടേതായ അടിത്തറയിൽ ആധിപത്യമുള്ള വർഗത്തിന്റെ ആശയങ്ങൾ മേൽപ്പുരയുടെ ഭാഗമായ കലയിലും സാഹിത്യത്തിലും മേൽകൈയുള്ളതായിരിക്കും. ആധിപത്യശക്തികളുടെ നിലനിൽപിന് യോജിക്കുന്ന വിധമായിരിക്കും മേൽപ്പുരയിലെ ആശയങ്ങൾ. മനുഷ്യരുടെ ആനന്ദത്തിന് മാത്രമായുള്ളതാണ് കലയും സാഹിത്യവുമെന്ന വാദം മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം ശക്തമായെതിർക്കുന്നു. കലയ്ക്ക് പക്ഷമുണ്ട് എന്ന് പറയുന്നത് പോലെതന്നെ കലയ്ക്ക് ചില ഉദ്ദേശ്യലക്ഷ്യങ്ങളുമുണ്ടായിരിക്കണം എന്ന അഭിപ്രായമാണ് മാർ ക്സിസ്റ്റ് സാഹിത്യപണ്ഡിതർക്കുള്ളത്. കലയും സാഹിത്യവും സാമൂഹിക മാറ്റം ലക്ഷ്യമാക്കിയ മുന്നേറ്റങ്ങൾക്ക് കരുത്ത് പകരാനായി പ്രയോഗിക്കണം നിലനിൽക്കുന്ന ലോകത്തിലെ ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിനും പുതിയ ലോകക്രമം സ്ഥാപിക്കുന്നതിനും വേണ്ടി

യാകണം കലാകാരന്മാർ പരിശ്രമിക്കേണ്ടത്. സാഹിത്യലോകത്തിന് സമൂഹത്തോട് പ്രതിബദ്ധതയുണ്ടാകണം എന്നാണ് മാർക്സിസ്റ്റുകളുടെ പക്ഷം. ഈ ആശയം ഉൾക്കൊണ്ട് രൂപപ്പെട്ട പ്രസ്ഥാനമാണ് സോഷ്യലിസ്റ്റ് റിയലിസം. (Socialist Realism) ഭരണകൂട പിന്തുണയോടെ സോവിയറ്റ് യൂണിയനിൽ രൂപപ്പെട്ട ഈ കലാ-സാഹിത്യ - സാംസ്കാരിക മുന്നേറ്റം ലോകത്തിന്റെ മറ്റുപലഭാഗങ്ങളിലേക്കും വ്യാപിച്ചു. ഭരണകൂടവുമായി സന്ധിചെയ്യുന്നു, വൈവിധ്യമാർന്ന ആശയങ്ങൾ പ്രകടിപ്പിക്കുന്നില്ല തുടങ്ങിയ ചില കാര്യമായ വിമർശനങ്ങൾ ഈ പ്രസ്ഥാനത്തിനെതിരെയുണ്ടായി. സാഹിത്യലോകത്ത് ഇപ്പോൾ സജീവമായി നിലനിൽക്കുന്ന ഒരാശയമല്ല ഇത്. കലയുടെ രാഷ്ട്രീയം സംബന്ധിച്ച് മലയാളത്തിലും സജീവമായ സംവാദം നടന്നിട്ടുണ്ട്. എസ്. ഗുപ്തൻനായരും (919 2006) പി. ഗോവിന്ദപ്പിള്ളയുമായിരുന്നു വിരുദ്ധചേരികളിലായി നിന്നത്. ഗുപ്തൻനായർ എഴുതിയ ഇസങ്ങൾക്കപ്പുറം കല രാഷ്ട്രീയ പ്രചരണായുധമാകരുത് എന്ന് വാദിച്ചു. പി. ഗോവിന്ദപ്പിള്ള ഇസങ്ങൾക്കിപ്പുറത്തിൽ കലയിലും സാഹിത്യത്തിലും അന്തർലീനമായിട്ടുള്ള അധീശവർഗ രാഷ്ട്രീയം തുറന്നു കാണിച്ചു. സമൂഹത്തിൽ ഒരു രാഷ്ട്രീയ ശക്തിയായി മാർക്സിസത്താൽ പ്രചോദിതരായ തൊഴിലാളി വർഗം മാറുകയും അതിനെത്തുടർന്ന് സാംസ്കാരിക രംഗത്ത് മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം സാന്നിധ്യമറിയിക്കുകയും ചെയ്തതിന്റെ തുടർച്ചയായാണ് ഈ സംവാദം നടന്നത്. 1937 ൽ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ ഇ.എം.എസ് എഴുതിയ മാർക്സിസവും മലയാള സാഹിത്യവും എന്ന ലേഖന ത്തോടുകൂടി മലയാളത്തിൽ മാർക്സിസ്റ്റ് സാഹിത്യനിരൂപണത്തിന് തുടക്കമായി. മലയാളത്തിലെ മാർക്സിസ്റ്റ് കലാ പഠനങ്ങളുടെയും കേന്ദ്രം മാർക്സിസത്തിന്റെ പ്രധാന ആശയങ്ങളാണ്.

അദ്ധ്വാനശക്തിയുടെ ഉടമകളായ തൊഴിലാളികളെ മൂലധന ശക്തികൾ ചൂഷണം ചെയ്യുന്നതു പോലെ കലയും സാഹിത്യവും വിപണനമൂല്യമുള്ള ഒരു ചരക്കായിത്തീർന്നിരിക്കുകയാണ്. പട്ടുനൂൽപ്പുഴു നൂൽ ഉത്പാദിപ്പിക്കുന്നതു പോലെ സ്വാഭാവികമായി സൃഷ്ടിക്കപ്പെടുന്നതാണ് കലയും എന്നാണ് മാർക്സ് കരുതുന്നത് എന്നാൽ

അതിന്റെ വിപണനമൂല്യത്തിൽ മാത്രമാണ് മൂലധനത്തിന്റെ ശ്രദ്ധ. പത്രങ്ങളും മാസികകളുമടക്കം സാംസ്കാരികരംഗത്തെ എല്ലാ ഉത്പന്നങ്ങളുടെയും നിയന്ത്രണം കച്ചവടശക്തികൾക്കാണ്. ഈ അവസ്ഥയിൽനിന്നും കലയെ മോചിപ്പിക്കുകയും മനുഷ്യരുടെ സർഗവ്യാപാരത്തിന്റെ ഭാഗമായുള്ള ഉത്തമ സൃഷ്ടികൾ എന്ന നിലയ്ക്കുള്ള കലയുടെ അന്തസ്സും സാമൂഹികപദവിയും സ്ഥാപിക്കലുമാണ് മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രത്തിന്റെ ലക്ഷ്യം.

**സഹായകഗ്രന്ഥങ്ങൾ**

1. എമിൽബേൺസ്, എന്താണ് മാർക്സിസം, ചിന്തപബ്ലിഷേഴ്സ്, തിരുവനന്തപുരം,2012.
2. ഗോവിന്ദപ്പിള്ള പി., മാർകസിസ്റ്റ് സൗന്ദര്യശാസ്ത്രം ഉത്ഭവവും വളർച്ചയും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2016.
3. നായനാർ ഇ.കെ., മാർക്സിസം സിദ്ധാന്തവും സൈദ്ധാന്തികരും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000.
4. പരമേശ്വരൻപിള്ള എരുമേലി (പ്രൊ.), മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്ക്സ്, കോട്ടയം, 2003.
5. മുരളീധരൻ നെല്ലിക്കൽ (ഡോ.), വിശ്വസാഹിത്യദർശനങ്ങൾ, ഡി.സി.ബുക്ക്സ്, കോട്ടയം,2010.
6. രവീന്ദ്രൻ, (എഡി.) കലാവിമർശനം മാർക്സിസ്റ്റ് മാനദണ്ഡം, ചിന്ത പബ്ലിഷേഴ്സ്,തിരുവനന്തപുരം, 2012.

■■■

# അധികാരം, അധീശത്വം: സൈദ്ധാന്തിക സമീപനങ്ങൾ

**സഫീന എസ്.**

ഗവേഷക, മലയാള വിഭാഗം
കാര്യവട്ടം ക്യാമ്പസ്, കേരളസർവകലാശാല

**സംഗ്രഹം**

അധികാരം, അധീശത്വം തുടങ്ങിയ സങ്കൽപ്പങ്ങളെ നിർവചനങ്ങളുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുകയും അവയ്ക്കുണ്ടായിട്ടുള്ള സൈദ്ധാന്തിക പരിസരങ്ങളെക്കുറിച്ച് വിശദീകരിക്കുകയുമാണ് പ്രബന്ധലക്ഷ്യം. അതിനായി സമ്പത്തും അധികാരതലങ്ങളും മാർക്സിയൻ കാഴ്ചപ്പാടിലൂടെ അവതരിപ്പിക്കുകയും അധീശത്വ സങ്കൽപ്പങ്ങളെ അന്റോണിയോ ഗ്രാംഷിയുടെ കാഴ്ചപ്പാടിൽ വിശകലനം ചെയ്യുകയും അധികാരനിർമ്മിതിയുടെ പ്രത്യയശാസ്ത്രപരമായ ഉപകരണങ്ങളെ ലൂയി അൽത്തൂസറിന്റെ ചിന്തകളിലൂടെ ക്രോഡീകരിക്കുകയും മിഷേൽ ഫൂക്കോയുടെ കണ്ടെത്തലുകളിലെ അധികാരത്തിന്റെ ജ്ഞാനമണ്ഡലങ്ങളെയും അവലോകനം ചെയ്യുകയുമാണ് പ്രബന്ധത്തിൽ ചെയ്തിട്ടുള്ളത്.

**താക്കോൽവാക്കുകൾ**

അധികാരം, അധീശത്വം, സമ്പത്ത്, പ്രത്യയശാസ്ത്ര ഉപകരണങ്ങൾ

പ്രവൃത്തിക്കാനുള്ള കഴിവിലും അവകാശത്തിലും അധിഷ്ഠിതമാണ് അധികാരം. സ്വാധീനത, പ്രേരകശക്തി, ബലംപ്രയോ

ഗിക്കൽ, നിയന്ത്രണാധികാരം, നിർബന്ധം ചെലുത്തൽ എന്നുതുടങ്ങിയ ഒട്ടുമിക്കതും അധികാരം എന്നവാക്കിന്റെ നിർവചനത്തിൽ ഉൾപ്പെടുന്നു. അധികാരം വ്യക്തിയിലോ സംഘടനയിലോ നിക്ഷിപ്തമാവാം; പക്ഷേ അത് സമൂഹത്തിൽനിന്ന് ലഭിച്ചതായിരിക്കും. അധികാരം കേന്ദ്രമായി പ്രവർത്തിക്കുന്ന വ്യവഹാരഘടകങ്ങളെ ഉത്തരാധുനിക ചിന്താപദ്ധതിയിലാണ് സൂക്ഷ്മമായി വിശകലനം ചെയ്തിട്ടുള്ളത്. മനുഷ്യന്റെ സാമൂഹിക ജീവിതത്തിന്റെ ആദ്യകാലം മുതൽക്കുത്തന്നെ ലോകത്തിന്റെ വിവിധ ഇടങ്ങളിൽ പലതരത്തിലുള്ള രാഷ്ട്രീയസങ്കല്പങ്ങളും അധികാര വ്യവസ്ഥകളും നിലനിൽക്കുന്നതായി ചരിത്രപഠനം തെളിയിക്കുന്നു. സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ, സെന്റ് തോമസ് അക്വിനാസ്, മാക്കിയവെല്ലി എന്ന് തുടങ്ങിയവരിലൂടെ ആദ്യകാല പടിഞ്ഞാറൻ ചിന്തകൾ അധികാരത്തെയും രാഷ്ട്രത്തെയും ഭരണനിർവഹണത്തെയും പലമട്ടിൽ നിർവചിച്ചു. രാഷ്ട്രീയവും അധികാരവും പരസ്പരബന്ധമുള്ള രണ്ട് ഘടകങ്ങളാണ്. സാമൂഹ്യ സാംസ്കാരിക ജീവിതത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന രണ്ട് ശക്തികേന്ദ്രങ്ങളായി രാഷ്ട്രീയവും അധികാരവും രൂപാന്തരപ്പെട്ടു. രാഷ്ട്രീയസ്വാധീനം അധികാരസ്ഥാപനത്തിലേക്കുള്ള വഴിയായിത്തീർന്നിട്ടുള്ള ബഹുഭൂരിപക്ഷരാഷ്ട്രങ്ങളിലും ഇത് ദൃശ്യമാണ്. രാഷ്ട്രകൂടവും ഭരണകർത്തവ്യവും സ്വകാര്യസ്വത്ത് സമ്പാദനവും സാധാരണ ജനതയെന്നും ഭരണകർത്താക്കൾ എന്നുമുള്ള ദ്വന്ദസങ്കല്പങ്ങളെ വ്യവസ്ഥിതമാക്കി. സാമ്രാജ്യത്വ ഭരണത്തിനെതിരെ ജനത സ്വാതന്ത്ര്യത്തിനായി ആഹ്വാനംചെയ്യുകയും അധികാരികൾക്കെതിരെയുള്ള യുദ്ധമുറകളും സമരങ്ങളും ലോകരാഷ്ട്രീയ സംഭവവികാസങ്ങളായി മാറുകയും ചെയ്തതോടെ പുതിയ ചിന്താപദ്ധതികളും നവീന ആശയങ്ങളും ഉടലെടുത്തു.

'തങ്ങളുടെ ആഗ്രഹത്തിനനുസരിച്ച് ഒരു വ്യക്തിയുടെയോ സമൂഹത്തിന്റെയോ പ്രവർത്തനരീതികളെ തിരുത്താനോ പരിഷ്കരിക്കാനോ ഉള്ള ഒരു വ്യക്തിയുടെയോ സമൂഹത്തിന്റെയോ കഴിവാണ് അധികാരം; 'ഇക്വാലിറ്റി' എന്ന ഗ്രന്ഥത്തിൽ ആർ. എച്ച്. ടോണി[1] അധികാരത്തെ നിർവചിച്ചത് ഇപ്രകാരമാണ്. കേരള ഭാഷാ

നിഘണ്ടുവിൽ അധികാരം എന്ന വാക്കിന് 'മേൽനോട്ടം, ആധിപത്യം, ഭരണാവകാശം, വ്യക്തികളെയും സ്ഥാപനങ്ങളെയും നിയന്ത്രിക്കാനും നിയോഗിക്കാനും ശിക്ഷിക്കാനും മറ്റും വ്യവസ്ഥാനുസരണം സിദ്ധിച്ചിട്ടുള്ള ശക്തി[2] എന്നിങ്ങനെ നിർവചിക്കുന്നു. സമൂഹത്തെ സജീവമായി നിയന്ത്രിക്കുന്ന ഘടകമായി അധികാരം എന്ന സംജ്ഞ മാറിയിരിക്കുന്നു. മനുഷ്യന്റെ മാറിവരുന്ന ഇച്ഛകൾക്കനുസൃതമായി സാഹചര്യങ്ങളെ മുതലെടുത്തുകൊണ്ടുള്ള അനുസരണയുള്ള ശരീരമായി മനുഷ്യനെ മാറ്റുന്നു. ഡബ്ല്യു. സി. മിൽസിന്റെ അഭിപ്രായത്തിൽ അധികാരം എന്നാൽ 'മറ്റുള്ളവരുടെ ഇംഗിതങ്ങൾ പരിഗണിക്കാതെ തന്റെമാത്രം ഇച്ഛകൾക്കായി തീരുമാനങ്ങളെടുക്കാനും ബഹുമാനവും അനുസരണയും ആവശ്യപ്പെടാനുമുള്ള അവകാശമാണ.[3]

അധികാരത്തിന്റെ മാനസികവും കായികവും ഭൗതികവുമായ ശക്തി പരമപ്രധാനമാണ്. രാഷ്ട്രീയാധികാരത്തിന്റെ നിലനിൽപ്പുതന്നെ ഇത്തരത്തിലുള്ള അധികാരത്തിന്റെ വിവിധ തലങ്ങളിലൂടെയാണ്. മറ്റുള്ളവരെക്കാൾ മികച്ചതാകാനും അവരെ കീഴടക്കി ഭരിക്കാനും ഈ ഘടകങ്ങൾ ആവശ്യമായിവരുന്നു. ഇതിനെക്കുറിച്ച് ഡാ. ജോൺസന്റെ അഭിപ്രായം വളരെ പ്രാധാന്യമേറിയതാണ്. 'മനുഷ്യൻ സ്വാഭാവികമായും തുല്യരാണെന്ന സത്യമിരിക്കെത്തന്നെ, രണ്ടു വ്യക്തികൾക്ക് അരമണിക്കൂർപോലും ഒന്നിച്ചിരിക്കാൻ കഴിയില്ല, എങ്കിൽ ഒരുവൻ മറ്റവനുമേൽ വ്യക്തമായ ആധിപത്യം നേടിയെടുക്കും. ഇത് അധികാരത്തിന്റെ സ്വഭാവമാണ്'.[4] അധികാരത്തെത്തന്നെ അതിന്റെ സ്വഭാവമനുസരിച്ച് പലമട്ടിൽ തരംതിരിക്കപ്പെട്ടിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് ഭരണകൂടത്തിന് പൊതുജനങ്ങളുടെമേലുള്ള അധികാരം. ഇവിടെ നിയമാനുസൃതമായ രാഷ്ട്രീയാധികാരമാണ് സംഭവിക്കുന്നത്. ബലപ്രയോഗം, ആധിപത്യം, നിയമം എന്നിവയിലൂടെ അധികാരം അതിന്റെ ശക്തിപ്രാപിക്കുന്നു. സ്വേച്ഛാധിപതിയായ ഭരണാധികാരി ബലംപ്രയോഗിച്ച് അവതരിപ്പിക്കുന്നത് ശക്തിപ്രയോഗിക്കലാണ്. എന്നാൽ ബലപ്രയോഗം കൂടാതെ സ്വാധീന വലയത്തിലാക്കി അനുസരിപ്പിക്കുന്നുവെങ്കിൽ അതിനെ പൊതുഹിതപ്രകാരമുള്ള അധികാരപ്രയോഗ

മായികാണാം. 'ഒരു രാഷ്ട്രത്തിന് അതിലെ പൗരന്മാരുടെയും പ്രജകളുടെയും മേലുള്ള നിയമത്താൽ നിയന്ത്രിതമല്ലാത്ത അധികാരമാണ് പരമോന്നതമായ അധികാരം'.5

**അധികാരവും സമ്പത്തും - മാർക്സിയൻ വീക്ഷണം**

സമൂഹത്തിൽ കമ്മ്യൂണിസ്റ്റ് ആശയങ്ങൾക്ക് വിത്തുപാകിയ സാർവദേശീയ വിപ്ലവചാര്യനായിരുന്നു കാറൽമാർക്സ്. സാമൂഹ്യമായ നിലനിൽപ്പിന്റെ ഭൗതികവും വിപ്ലവകരവുമായ മാറ്റത്തിന്റെ ശാസ്ത്രീയ കാഴ്ചപ്പാടാണ് മാർക്സിസം. തത്ത്വശാസ്ത്രം, അർഥശാസ്ത്രം, ശാസ്ത്രീയ സോഷ്യലിസം തുടങ്ങിയ വിജ്ഞാന മാതൃകകൾ ഇതിൽ ഉൾക്കൊണ്ടിരിക്കുന്നു. മാർക്സിസത്തിന്റെ പ്രധാനപ്പെട്ട ആശയം എന്നത് സാമ്പത്തികാധികാരത്തിൽനിന്നും രാഷ്ട്രീയാധികാരം ഉയിർക്കൊള്ളുന്നു എന്നതാണ്. സാമൂഹ്യ-സാമ്പത്തിക ക്രയവിക്രയങ്ങളുടെമാനദണ്ഡത്തിൽ അധികാരത്തെ കൂടുതൽ അന്വേഷണവിധേയമാക്കുകയാണ് മാർക്സിസത്തിൽ ചെയ്യുന്നത്. അധ്വാനവർഗ്ഗത്തിനെതിരെയുള്ള അധികാരികളുടെ പ്രവൃത്തികളെ മാർക്സിസം ചോദ്യംചെയ്യുന്നു.

മാർക്സിസത്തിന്റെ കാഴ്ചപ്പാടിൽ, അധ്വാനവും അധികാരവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. സമസ്തമേഖലകളിലുമുള്ള തൊഴിലാളികളും ചൂഷണം ചെയ്യപ്പെടുന്ന ഇക്കാലത്ത് മുതലാളിത്ത്വത്തിനെതിരെയായി ശാസ്ത്രീയ സോഷ്യലിസത്തിന്റെ മാർഗത്തിൽ വർഗ്ഗസമരങ്ങൾ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമായി വരുന്നു. സാമ്പത്തിക അധികാരത്തിൽനിന്നും രൂപംകൊള്ളുന്ന രാഷ്ട്രീയ അധികാരത്തിന്റെ വിഭിന്നതലങ്ങളെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാടുകളെ അദ്ദേഹം വ്യക്തമാക്കുന്നു. അധ്വാനവർഗ്ഗത്തിനെതിരായ അധികാരികളുടെ ചൂഷണങ്ങൾക്ക് വിധേയപ്പെടാതെ തൊഴിലാളികളോട് സംഘടിക്കുവാൻ മാർക്സ് ആഹ്വാനം ചെയ്തു. മാനവരാശിയുടെ ചരിത്രത്തിലെ സാമൂഹിക-സാമ്പത്തിക വ്യവഹാരങ്ങളുടെ വളർച്ചയെയും അധികാരത്തിന്റെ കടന്നുവരവിനെയും മുൻനിർത്തിയുള്ള മാർക്സിയൻ വീക്ഷണങ്ങൾ എക്കാലത്തും മുതൽക്കൂട്ടാണ്. 1867-ൽ മാർക്സ് 'മൂലധനം'എന്ന കൃതിയിൽ മുതലാളിത്തത്തെക്കുറിച്ചും സമൂഹത്തിലെ സമ്പദ്-ഘടനയിലൂടെയും

കേന്ദ്രീകൃതമായ അധികാരസംഹിതകളെ കുറിച്ചും വ്യക്തമാക്കുന്നു. തൊഴിലാളി വർഗ്ഗത്തിന് ചരിത്രത്തിലും രാഷ്ട്രീയത്തിലും മറ്റ് അധികാര സംജ്ഞകളിലുമുള്ള സ്ഥാനമെന്തെന്നുള്ളതിന്റെ അന്വേഷണം കൂടിയാണിത്.

വൈരുദ്ധ്യാത്മക ഭൗതികവാദം (Dialectical Materialism), വർഗ്ഗസമരം (Class Struggle), മിച്ചമൂല്യം(Surplus Value) മുതലാളിത്തത്തിൽനിന്ന് കമ്മ്യൂണിസത്തിലേക്കുള്ള വിപ്ലവകരമായ മാറ്റം (Revolutionary Transition of Capitalism to Communism) എന്നിവ മാർക്സിയൻ സിദ്ധാന്തത്തിന്റെ അടിസ്ഥാനതത്ത്വങ്ങളാണ്. തൊഴിലാളിവർഗ്ഗത്തിന്റെ സേച്ഛാധിപത്യം (Dictratorship of Proletariate) അഥവാ സോഷ്യലിസ്റ്റ് സ്റ്റേറ്റ്, കമ്മ്യൂണിസത്തിന്റെ ആവിർഭാവം (Emergence of Communism) എന്നിവയായിരുന്നു മാർക്സിയൻ തത്ത്വങ്ങൾ പ്രയോഗത്തിൽ വരുന്നതിന് മാർക്സ് മുന്നോട്ടുവയ്ക്കുന്ന പ്രധാനനയങ്ങൾ. മാർക്സിസത്തിന്റെ സിദ്ധാന്തങ്ങൾ പ്രായോഗികതയിൽ എത്തിച്ചേർന്നത് ഇരുപതാം നൂറ്റാണ്ടിന്റെ ചരിത്രസന്ദർഭങ്ങളിലാണ്. മുതലാളിത്തത്തിന്റെ അധികാര ആധിപത്യങ്ങൾ മാർക്സിയൻ ചിന്തകളിലൂടെ രാഷ്ട്രീയമായി ചോദ്യം ചെയ്യപ്പെട്ടു.

**അധീശത്വ സങ്കൽപ്പനം - ഗ്രാംഷിയൻ മാതൃക**

ചരിത്രം നിരീക്ഷിക്കുമ്പോൾ രാഷ്ട്രീയാധിഷ്ഠിതമായും സാമൂഹികമായും നിരവധി മാറ്റങ്ങൾക്ക് വിധേയമായ കാലഘട്ടമായി 19, 20 നൂറ്റാണ്ടുകളെ കാണാം. ആധുനിക കാഴ്ചപ്പാടുകളിൽ സവിശേഷമായ ചില പരികല്പനകൾ മുന്നോട്ടുവെച്ച ഇറ്റാലിയൻ മാർക്സിസ്റ്റ് ചിന്തകനായിരുന്നു അന്റോണിയോ ഗ്രാംഷി. സമൂഹത്തിൽ നിലനിന്നുപോന്നിരുന്ന വർഗ്ഗപരമായ ആധിപത്യത്തെ തന്റെ വീക്ഷണങ്ങളിലൂടെ അദ്ദേഹം നിർവചിച്ചു. രാഷ്ട്രീയത്തിലെ അധികാരത്തിന് സൈദ്ധാന്തികമായ പരിവേഷം കൽപ്പിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ ആശയങ്ങൾ ഇന്ന് അക്കാദമിക രംഗത്ത് ഏറെ ചർച്ചചെയ്യപ്പെടുന്നു.

ഗ്രാംഷി തന്റെ പരികൽപ്പനകളെ മേൽക്കോയ്മയെന്നും സാമാന്യബോധമെന്നുമുള്ള സംജ്ഞകളിലൂടെയാണ് അവതരിപ്പി

ച്ചത്. സമൂഹത്തിൽ ഉണ്ടാകുന്ന അധികാരത്തിന്റെ അടിത്തറയായി മേൽക്കോയ്മയെ വിശേഷിപ്പിക്കാം. അധികാര വർഗ്ഗത്തിന്റെ മേൽ ക്കോയ്മയുടെ ഘടകങ്ങൾ അനവധിയാണ്. ജാതി, മതം, സമ്പത്ത്, വർഗ്ഗം, പദവി എന്നിങ്ങനെ അവ വിപുലമാകുന്നു. സമൂഹത്തിൽ നിലകൊള്ളുന്ന പ്രത്യേകതരം അവകാശ ബോധ്യങ്ങൾ പാരമ്പര്യ ത്തിലൂടെ നേടിയതോ കയ്യൂക്ക് കൊണ്ട് ആർജ്ജിച്ചതോ ആകാം. തന്ത്രപരമായ നീക്കങ്ങളിലൂടെയും വൈഭവത്തിലൂടെയും നേടിയെ ടുത്ത അധീശത്വം പൊതുസമൂഹത്തിന്റെ കാഴ്ചപ്പാടായി മാറ്റിയെ ടുക്കുന്നിടത്താണ് അധികാരം സ്ഥാപിതമാകുന്നത്. പൊതുസമൂ ഹത്തിന്റെ ആഗ്രഹങ്ങളെയും അഭിലാഷങ്ങളെയും നിയന്ത്രണ വിധേയമാക്കിയാണ് അധികാരവർഗ്ഗം തങ്ങളുടെ അധീശത്വം നില നിർത്തുന്നത്. അധികാരിവർഗ്ഗം മേൽക്കോയ്മ സ്ഥാപിക്കുന്നതി നായി സ്വീകാര്യമാക്കുന്ന രണ്ട് പരികല്പനകളായി ഗ്രാംഷി അവ തരിപ്പിക്കുന്നത് പൊതുസമൂഹത്തെയും രാഷ്ട്രീയസമൂഹത്തെ യുമാണ്. മതം, കല, ദർശനം എന്നിവയാണ് പൗരസമൂഹത്തിന്റെ നെടുംതൂണുകൾ. ഭരണകൂടമെന്ന രാഷ്ട്രീയ സമൂഹവും പൗര സമൂഹവും ചേരുന്നതാണെന്ന് ഗ്രാംഷി വിലയിരുത്തുന്നു. 'എവിടെ യെല്ലാം ആധുനിക മുതലാളിത്ത ഭരണകൂടത്തിന് അധികാരം നിലനിർത്താൻ സാമ്പ്രദായിക പരമ്പരാഗത ബുദ്ധിജീവികളെയും (ബ്രാഹ്മണർ, പുരോഹിതർ, ജ്യോതിഷികൾ, ആയുർവേദ ചികി ത്സികർ, കലാകാരന്മാർ) അവർ പ്രക്ഷേപിക്കുന്ന പ്രത്യയശാസ്ത്ര ത്തെയും ഉപയോഗിക്കാൻ കഴിയുമോ അവിടങ്ങളിൽ അവർ കൈ കോർക്കുമെന്നാണ് ഗ്രാംഷി അസന്ദിഗ്ദ്ധമായി വിശദീകരിക്കു ന്നത്'.[6]

രാഷ്ട്രീയം, അധികാരം എന്നിവയെ മുൻനിർത്തിയുള്ള അതി സങ്കീർണമായ ഗ്രാംഷിയൻ സങ്കല്പമാണ് അധീശത്വം അഥവാ ഹെജിമണി (Hegemony). ലോകത്തെ നിർവചിക്കുകയും വ്യാഖ്യാ നിക്കുകയും ചെയുന്ന ആശയങ്ങളും വിശ്വാസങ്ങളും ഒക്കെയുള്ള സംഹിതയായി അംഗീകരിക്കപ്പെടുകയും സ്വീകരി ക്കപ്പെടുകയും ചെയ്യുന്ന ഒന്നായി അധീശത്വം രൂപാന്തരപ്പെട്ടിരിക്കുന്നു.

രാഷ്ട്രീയസമൂഹം എന്നത് ജനങ്ങൾക്കുമേൽ അധികാരം നേരിട്ട് അടിച്ചേൽപ്പിക്കുന്ന പൊതു സ്ഥാപനമാണെന്നും ഗവൺ

മെന്റ്, നീതി, ന്യായം എന്നിവയെല്ലാം അതിന്റെ ഭാഗമാണെന്നും ഇപ്രകാരം അനുസരണ ശീലമുള്ള പ്രജകളെ സൃഷ്ടിക്കുവാനാണ് അധികാരം ശ്രമിക്കുന്നതെന്നും ഗ്രാംഷി നിരീക്ഷിക്കുന്നു.

### അധികാരവും പ്രത്യയശാസ്ത്ര ഉപകരണവും: ലൂയി അൽത്തൂസർ

അന്റോണിയോ ഗ്രാംഷിയുടെ സ്വാധീനം പ്രത്യക്ഷമാംവിധം പ്രകടമായ ചിന്തകനാണ് ലൂയി അൽത്തൂസർ. പ്രത്യയശാസ്ത്രത്തിന്, അമൂർത്തമായ ആശയക്കൂട്ടം എന്നതലത്തിൽ നിന്ന് വ്യത്യസ്തമായി ഭൗതികമായ അസ്തിത്വമുള്ള കർത്തൃത്വം (Subject) എന്ന തലത്തിലേക്കുള്ള അർത്ഥ പരികല്പനയാണ് അൽത്തൂസറെ പ്രശസ്തനാക്കിയത്. പ്രത്യയശാസ്ത്രപരമായ ഭരണകൂട സംവിധാനം (Ideological State Apparatus) എന്ന അൽത്തൂസറുടെ ചിന്ത അന്റോണിയോ ഗ്രാംഷിയുടെ സിവിൽ സൊസൈറ്റി എന്ന സങ്കല്പനത്തിന്റെ വികസനമാണ് എന്നതുകൂടാതെ ഗ്രാംഷിയുടെ അധീശത്വം എന്ന സങ്കല്പത്തിന്റെ വിശദീകരണമായി അൽത്തൂസറുടെ പ്രത്യയശാസ്ത്ര ഉപകരണങ്ങൾ (Ideological apparatus) പ്രത്യയശാസ്ത്ര മർദ്ദനോപകരണങ്ങൾ (Ideological repressive apparatus) എന്നിവയെയും മനസ്സിലാക്കാൻ സാധിക്കും. മാർക്സിന്റെ 'ഉൽപാദന' സങ്കൽപത്തെ മുൻനിർത്തി കൊണ്ടാണ് ഫ്രഞ്ച് മാർക്സിസ്റ്റ് ചിന്തകനായ ലൂയി അൽത്തൂസർ സൈദ്ധാന്തികലോകത്തേക്ക് കടന്നുവന്നത്. കാൾമാർക്സിന്റെ 'മൂലധനം' എന്ന കൃതിക്ക് 'മൂലധനത്തിന്റെ വായന' എന്നപേരിലുള്ള വ്യാഖ്യാനത്തിലൂടെ ഉൽപാദനത്തെയും ഭരണകൂടത്തെയും അധികാരത്തെയും സംബന്ധിച്ചുള്ള തന്റേതായ ആശയങ്ങൾ അദ്ദേഹം അവതരിപ്പിച്ചു.

ഉൽപാദനശക്തി - ഉൽപാദന ബന്ധങ്ങൾ എന്നിവയുടെ നിലനിൽപ്പിലൂടെ തൊഴിലാളികളായി മാറുന്ന മനുഷ്യനെ അനുസരണയുള്ള പൗരസമൂഹമായി മാറ്റുന്നതിന്റെ രാഷ്ട്രീയത്തെ അൽത്തൂസർ വ്യക്തമാക്കുന്നുണ്ട്. 'ഭരണകൂടാധികാരം' (State Power) എന്ന സംജ്ഞയാണ് അദ്ദേഹം അധികാരം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. തുടർന്ന് ഭരണകൂടത്തെപ്പറ്റിയും

ഭരണകൂട ഉപകരണങ്ങളുടെ പ്രതിനിധാനത്തെപ്പറ്റിയും അൽത്തൂസർ വിശദമാക്കുന്നു. തൊഴിലാളി വർഗത്തിനെതിരെ പ്രവർത്തിക്കുന്ന ബൂർഷ്വാഭരണകൂട ഉപകരണങ്ങളെ തകർക്കണമെങ്കിൽ അധികാരം പിടിച്ചെടുക്കണം എന്നുള്ള ആശയം അദ്ദേഹം മുന്നോട്ടു വയ്ക്കുന്നു. ഭരണകൂടത്തിന്റെ അധികാരത്തെയും ഭരണകൂട ഉപകരണങ്ങളെയും മാർക്സിയൻ വീക്ഷണത്തെക്കാൾ കൂടുതൽ ആഴത്തിൽ അൽത്തൂസർ വിശദമാക്കുന്നുണ്ട്. ഭരിക്കുന്നതിനായി ഭരണകൂടം പ്രായോഗികമാക്കുന്ന മൂർത്തമായ പ്രത്യയശാസ്ത്രമെന്നത് ഇത്തരത്തിൽ മർദനോപകരണങ്ങൾ തന്നെയാണ്. പ്രത്യയശാസ്ത്രപരമായ ഭരണകൂടോപകരണങ്ങൾ തന്ത്രപരമായി ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്രങ്ങളെ ജനങ്ങളിലെത്തിക്കുന്നു. എന്നാൽ മർദ്ദനഭരണകൂടോപകരണങ്ങൾ ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്രത്തെ കായികമർദ്ദനം, ഭീഷണി മുതലായവയിലൂടെ ജനങ്ങളിലടിച്ചേൽപ്പിക്കുന്നു. അതായത് പ്രത്യയശാസ്ത്ര ഭരണകൂടോപകരണത്തിന്റെ നിലനിൽപ്പ് പ്രത്യയശാസ്ത്ര ഉപകരണങ്ങളിലൂടെ ജനങ്ങൾ പോലുമറിയാതെ അവരുടെ മനസ്സിൽ പ്രതിഷ്ഠിക്കുന്നു. മർദ്ദനപരമായ ഭരണകൂടോപകരണങ്ങളാകട്ടെ അക്രമം, അടിച്ചമർത്തൽ മുതലായവയിലൂടെ പ്രത്യയശാസ്ത്രത്തെ ജനമനസ്സിൽ പ്രതിഷ്ഠിക്കുന്നു. സർക്കാർ, ഭരണം, സൈന്യം, പൊലീസ്, കോടതികൾ, ജയിലുകൾ തുടങ്ങിയവയാണ് ഭരണകൂടത്തിന്റെ മർദക ഉപകരണങ്ങൾ. പ്രത്യക്ഷമായ ഇത്തരം ഭരണകൂട ഉപകരണങ്ങളിലൂടെ ഹിംസയെ കേന്ദ്രമാക്കി അനുസരണയുള്ള ശരീരം/ മനസ്സ് എന്നനിലയിലേക്ക് പൗരസമൂഹം മാറുന്നു. മർദന ഉപകരണങ്ങളെക്കാൾ അമൂർത്തമായിട്ടാണ് ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്ര ഉപകരണങ്ങളുടെ നിലനിൽപ്പ്.

മത - സ്ഥാപനങ്ങൾ, സ്കൂളുകൾ, കുടുംബം, നിയമ വ്യവസ്ഥ, രാഷ്ട്രീയകക്ഷികൾ, തൊഴിൽ സംഘടനകൾ, പത്ര - റേഡിയോ - ടെലിവിഷൻ മാധ്യമങ്ങൾ, സാഹിത്യ - കലാസ്ഥാപനങ്ങൾ, സ്പോർട്സ് എന്നിവയെയാണ് ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്ര ഉപകരണങ്ങളായി അൽത്തൂസർ വിശേഷിപ്പിക്കുന്നത്.

## അധികാരത്തിന്റെ ജ്ഞാനമണ്ഡലം: മിഷേൽ ഫൂക്കോ

സമൂഹത്തിലെ അധികാര ബന്ധങ്ങളെക്കുറിച്ചുള്ള വ്യക്തമായ നിലപാടുകളാണ് ഫൂക്കോ അവതരിപ്പിച്ചത്. 'ശിക്ഷയും ശിക്ഷണവും' (Discipline and punish) എന്ന ഗ്രന്ഥത്തിലാണ് ജ്ഞാനത്തിന്റെ തുടർച്ചയായി അധികാരം വരുന്നു എന്ന് അദ്ദേഹം സ്ഥാപിക്കുന്നത്. ഭരണകൂടത്തിന്റേതായ അധികാരം നിലനിർത്തുന്നതിനെക്കുറിച്ച് പറയുന്നിടത്താണ് സ്റ്റേറ്റിന്റെ ശിക്ഷാനടപടികളെ കുറിച്ച് ഫൂക്കോ വിശദമാക്കുന്നത്. ഇതിനായി രണ്ടുവിധത്തിലുള്ള ദണ്ഡശാസനങ്ങൾ (Penal Regime) അധികാരിവർഗ്ഗം നടപ്പാക്കുന്നുവെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. ആദ്യമായി ശരീരത്തെ പീഡിപ്പിക്കുന്നതുവഴി നിറവേറ്റുന്ന ശിക്ഷാനടപടിയും രണ്ടാമത്തേത് ശിക്ഷ ണത്തിലൂടെയും അനുശീലനത്തിലൂടെയും അനുസരണയുള്ള ശരീരമായി മെരുക്കിയെടുക്കലുമാണ്. ആദ്യത്തേതിൽനിന്ന് പരിഷ്കൃതമായ അനുശീലനത്തിന്റെ ശിക്ഷാനടപടിയെ പത്തൊമ്പതാം നൂറ്റാണ്ടിലെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഫൂക്കോ വിലയിരുത്തുന്നു. അധികാരത്തിന്റെ നിലനിൽപ്പിന്റെ അടിസ്ഥാനമായി ശിക്ഷാനടപടികളെ കാണാം. അധികാരവർഗ്ഗം പുലർത്തിവരുന്ന കീഴടക്കൽ രീതിയാണ് ഇവിടെ പ്രകടമാകുന്നത്. അനുസരണയുള്ള ശരീരമായി കുറ്റവാളിയെ വരുതിയിലാക്കിക്കൊണ്ടുവരുന്നതിലൂടെ ഭരണത്തിന്റേതായ നിലനിൽപ്പും തുടർച്ചയായും കൈവരുന്നു. സാധാരണക്കാരായിരുന്നു അധികാരത്തിന്റെ ശിക്ഷാതന്ത്രങ്ങൾക്ക് എക്കാലത്തും ഇരയായി കൊണ്ടിരുന്നതെന്ന് അദ്ദേഹം നിരീക്ഷിക്കുന്നു. ശരീരപീഡനത്തിൽനിന്നും വ്യത്യസ്തമായി ആധുനികകാലത്തെ മാറ്റമായി ശിക്ഷാക്രമങ്ങളിലുണ്ടായ ബോധവൽക്കരണം, അനുശീലനം എന്നിവയിലൂടെ തന്ത്രപൂർവ്വമായി മെരുക്കിയെടുക്കുന്ന ശരീരം എന്ന നിലയിലേക്ക് ഭരണവർഗ്ഗം അധികാരത്തെ പ്രായോഗികമാക്കി. ഈമട്ടിൽ സൂക്ഷ്മനിരീക്ഷണത്തിൽ ഓരോ കുറ്റവാളിയുടെയും മനസ്സിന്റെ മാറ്റങ്ങളെ അളക്കുകയും പരമാവധി ശാരീരികപീഡനങ്ങൾ കുറച്ചുകൊണ്ട് വ്യക്തികളുടെ മനസ്സും ചിന്തയും ഉൾപ്പെട്ട ആത്മബോധത്തെ പരമാവധി പീഡിപ്പിക്കുകയാണ് ചെയ്യുന്നത്.

"തങ്ങൾ എല്ലായ്പ്പോഴും അധികാരത്തിന്റെ കാവലിലും തണലിലുമാണെന്ന തോന്നൽ വ്യക്തിയിൽ സൃഷ്ടിക്കുന്നതിലൂടെ അനുസരണശീലമുള്ള സമൂഹത്തെ വാർത്തെടുക്കാമെന്ന് അധികാരിവർഗ്ഗം തിരിച്ചറിഞ്ഞത് സാമൂഹിക മാറ്റത്തിന്റെ നാന്ദികുറിക്കലായിരുന്നു".[7]

തങ്ങളെപ്പോഴും ഭരണകൂടത്തിന്റെ അധികാരപരിധിക്കകത്താണെന്ന ബോധം ഇത്തരത്തിൽ സൃഷ്ടിക്കപ്പെടുന്നു. ഫൂക്കോയുടെ കാഴ്ചപ്പാടിലെ ശിക്ഷയും ശിക്ഷണവും ഇപ്രകാരം അധികാരത്തിന്റെ ജ്ഞാനമണ്ഡലങ്ങളാകുന്നു. വിദ്യാലയങ്ങളിലും ഫാക്ടറികളിലും ആശുപത്രികളിലും ക്യാമ്പുകളിലും മറ്റ് സ്ഥാപനങ്ങളിലും വ്യക്തികൾ ഇത്തരം സൂക്ഷ്മ ഭൗതികത്വത്തിന്റെ ഇടപെടലുകളിൽ അനുസരണശീലമുള്ളവരായിമാറുന്നു. ആയതിനാലാണ് ഫൂക്കോപറയുന്നത്, ഒരു സവിശേഷമായ ജ്ഞാനമണ്ഡലത്തെ തകർത്തുകൊണ്ട് മാത്രമേ ഒരു സമൂഹത്തിലെ അധികാരകേന്ദ്രത്തെയും തകർക്കാൻ സാധിക്കുകയുള്ളൂ. മറുവശമാണെങ്കിൽ വിധേയത്വം പ്രകടിപ്പിക്കുന്ന സമൂഹത്തെ വാർത്തെടുക്കാൻ അധികാരത്തിനു നിഷ്പ്രയാസം സാധ്യമാകുന്നു. അധികാരത്തെക്കുറിച്ചുള്ള ഫൂക്കോയുടെ ചിന്തകൾ പുരോഗമിക്കുന്നത് ഉന്മാദവും പരിഷ്കാരവും, പദങ്ങളും പദാർഥങ്ങളും എന്നീ കൃതികളെ തുടർന്നാണ്. അധികാരത്തിന്റെ സ്വാധീനത്തിൽ സൃഷ്ടിക്കപ്പെട്ട ലൈംഗിക ജ്ഞാനത്തെയാണ് 'ലൈംഗികതയുടെ ചരിത്രം' എന്ന ഗ്രന്ഥത്തിൽ ഫൂക്കോ വിശകലനം ചെയ്യുന്നത്.

**കുറിപ്പുകൾ**

1. Power may be defined as the capacity of an individual or group of individuals ,to modify the conduct of other individuals or groups in the manner which he desires, and to prevent his own conduct being modified in the manner in which he does not. (R.H. Tawney, Equality, P. 175, 176.)
2. എസ്. ഗുപ്തൻ നായർ (ചീഫ് എഡി.), കേരള ഭാഷാ നിഘണ്ടു, പുറം 51

3. Exercising the right to take decisions based solely on one's wishers, without taking in to considerations the desires of others and having the right to demand the respect and obedience of others is power. (W. C. Mills, The Power Elite,P.51)
4. ഡോ.ഇ.ബാനർജി, അധികാരം സത്തയും സ്വരൂപവും, പുറം 2
5. പ്രൊഫ. ടി. ജെ. ചന്ദ്രചൂഡൻ, ഡോ. ഡി. ദേവദാസ്, രാഷ്ട്ര തന്ത്രം, പുറം 209
6. പി. കെ. പോക്കർ (എ.ഡി), അന്റോണിയോ ഗ്രാംഷി, ഭരണ കൂടവും പൗരസമൂഹവും, ഷിജു ഏലിയാസ് (വിവ), പുറം34
7. പി. പി. രവീന്ദ്രൻ, ഫൂക്കോ വർത്തമാനത്തിന്റെ ചരിത്രം, പുറം 61

**ഗ്രന്ഥസൂചി**


1. ഗുപ്തൻ നായർ, എസ്. (ചീഫ് എഡി.), കേരള ഭാഷാ നിഘണ്ടു, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997.
2. ചന്ദ്രചൂഡൻ, റ്റി. ജെ. പ്രൊഫ., ദേവദാസ്, സി. ഡോ., രാഷ്ട്ര തന്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1995.
3. പോക്കർ, പി. കെ., അന്റോണിയോ ഗ്രാംഷി, ഭരണകൂടവും പൗരസമൂഹവും, പ്രോഗ്രസ്സ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2006.
4. ബാനർജി, ഇ. ഡോ., അധികാരം സത്തയും സ്വരൂപവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,2006.
5. രവീന്ദ്രൻ, പി. പി., ഫൂക്കോവർത്ത മാനത്തിന്റെ ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2002.
6. Mills, W. C., The Power & Elite, Oxford University Press, Newyork, 1956.
7. Tawney, R.H, Equality, Allen & Unwin, 1952.


■■■

# സാമൂഹികവ്യവഹാരങ്ങളിലെ ഫോക്‌ലോർ അംശങ്ങൾ

**അമൃത വിജയൻ**

ഗവേഷക, മലയാളവിഭാഗം
കാര്യവട്ടം ക്യാമ്പസ്, കേരളസർവകലാശാല

**സംഗ്രഹം**

പാരമ്പര്യവും പഴമയും കാത്തുസൂക്ഷിക്കേണ്ടതാണ് എന്ന തിരിച്ചറിവിൽ നിന്നാണ് ഫോക്‌ലോർപഠനങ്ങൾ ഉണ്ടാവുന്നത് ഫോക്‌ലോർ എന്ന വിജ്ഞാനശാഖതന്നെയുണ്ടാവുന്നത്. മിത്തുകൾ, പുരാവൃത്തങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, ഐതിഹ്യങ്ങൾ, പഴങ്കഥകൾ, കലാരൂപങ്ങൾ, വിശ്വാസങ്ങൾ, നാടൻകലാരൂപങ്ങൾ തുടങ്ങിയവയെല്ലാം പൊതുവിൽ ഇതിന്റെ പരിധിയിൽ ഉൾപ്പെടുന്നു. ഫോക്‌ലോർ എന്ന പദത്തിന് പകരമായി യുനസ്കോ മുന്നോട്ട് വയ്ക്കുന്ന പദമാണ് സ്പർശേതരസംസ്കാരം. ഈ സാഹചര്യത്തിൽ ഫോക്‌ലോർ എന്ന പഠനമേഖലയുടെ വർത്തമാനകാല സാഹചര്യങ്ങളെയും ഭാവിസാധ്യതകളെയും വിശകലനവിധേയമാക്കേണ്ടതുണ്ട്.

ഫോക് എന്ന സങ്കൽപ്പനത്തെ നിലനിർത്താൻ ഫോക്, ഫോക്‌ലോർ എന്നിവയ്ക്ക് ധാരാളം നിർവചനങ്ങൾ ഉണ്ടെന്നിരിക്കെ, പണ്ടുമുതൽക്കേ പൊതുവിൽ അംഗീകരിച്ച ഫോക് എന്ന സങ്കൽപനത്തിലധിഷ്ഠിതമായിമാത്രം നിന്നാൽ അതിന്റെ ദൂരവ്യാ

പക സാധ്യത വളരെയധികം കുറവായിരിക്കും. ഫോക്‌ലോറിന്റെ നിലനിൽപ്പിനെ സംബന്ധിച്ച് ആശങ്ക ഏറിവരുന്ന കാലഘട്ടത്തിൽ ജീവിതസാഹചര്യത്തിനും കാലത്തിനുമൊപ്പം ഫോക്‌ലോർ എന്നതിന്റെ നിർവചനവും അതിന്റെ പരിധികളും കുറച്ചുകൂടി വിശാലമാകേണ്ടത്, ആ വിജ്ഞാനശാഖയുടെ വളർച്ചയുടെയും നിലനിൽപ്പിന്റെയും ആവശ്യകതയായി മാറുന്നു. ഇവിടെയാണ് അമേരിക്കൻ ഫോക്‌ലോറിസ്റ്റായ അലൻഡൻഡസിന്റെ വാദങ്ങൾക്ക് പ്രസക്തിയേറുന്നത്. അദ്ദേഹത്തിന്റെ 'who are the folk' എന്ന ലേഖനത്തിലെ ആശയത്തിന്റെ അടിസ്ഥാനത്തിൽ ആരെല്ലാം ഫോക് (കൂട്ടം) ആവാം എന്ന ചിന്തയെ പരിചയപ്പെടുത്തുന്നതിനൊപ്പം സാമൂഹികവ്യവഹാരങ്ങളിലെ ഫോക്‌ലോർ അംശങ്ങളെ സമകാലിക വീക്ഷണകോണിലൂടെ കണ്ടെത്താനുംകൂടി ശ്രമിക്കുന്നതാണ് ഈ പ്രബന്ധം.

**താക്കോൽവാക്കുകൾ**

ഫോക്, ഫോക്‌ലോർ, സ്പർശേതരസംസ്കാരം, ബജറ്റ് ഫോക്‌ലോർ

മനുഷ്യൻ തന്റെ കൂട്ടായ ജീവിതം ആരംഭിച്ച്, വിവരങ്ങൾ പരസ്പരം കൈമാറ്റം ചെയ്യാൻ തുടങ്ങിയ കാലത്തോളം പഴക്കം ഫോക്‌ലോറിനുണ്ട്. എന്നാൽ യൂറോപ്യൻ നവോത്ഥാനത്തോടെയാണ് ഇതൊരു പഠനശാഖയായി വികാസം പ്രാപിക്കുന്നത്. ചരിത്രപരമായ ആവശ്യകതയാണ് ഏതൊരു വിജ്ഞാനശാഖയുടെയും തുടക്കം എന്നിരിക്കെ ഫോക്‌ലോറും ഇതിൽ നിന്ന് ഭിന്നമല്ല. നവോത്ഥാനത്തെത്തുടർന്നുണ്ടായ വ്യാവസായികവിപ്ലവവും ദേശീയതയുമായിരുന്നു ഇതിന് കാരണം. ഒരർത്ഥത്തിൽ പറഞ്ഞാൽ ഗ്രാമത്തെ നഗരമാക്കിതീർക്കുകയായിരുന്നു ആധുനികത. നവോത്ഥാനത്തെത്തുടർന്നുണ്ടായ വ്യാവസായികവിപ്ലവവും ദേശീയതയും വ്യവസായികവിപ്ലവത്തിന്റെ ഫലമായുണ്ടായ നാഗരികതയും പാരമ്പര്യബോധത്തെ ഉണർത്തുകയും പഴമ പഠനത്തിന് വിധേയമാക്കേണ്ടുന്ന വിഷയമാണെന്ന് വരികയും ചെയ്തു (രാഘവൻ പയ്യനാട്, 1997: 1).[1] നരവംശശാസ്ത്രജ്ഞന്മാരുടെ നേതൃത്വത്തിൽ നടന്ന ആദ്യകാല ഫോക്‌ലോർപഠനങ്ങളൊക്കെയും കേവലം ശേഖരണ

ങ്ങൾ മാത്രമായിരുന്നു. പിന്നീട് 1960 വരെ ഫോക്‌ലോർ എന്നത് വാമൊഴിവഴക്കത്തിന്റെ പരിധിയിൽ മാത്രം ഒതുങ്ങിനിൽക്കുകയാണുണ്ടായത്.

ഫോക്, ലോർ എന്നീ രണ്ട് പദങ്ങളുടെ ചേരുവയാണ് ഫോക് ലോർ. ''ജനക്കൂട്ടായ്മകൾ അവരുടെ ജീവിതാനുഭവങ്ങളുടെ ഭാഗമായി നിർമ്മിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്ന അറിവുരൂപങ്ങളെയാണ് ഫോക്‌ലോർ എന്ന് സാമാന്യമായി പറഞ്ഞുവയ്ക്കുന്നത്'' എന്ന് അജു കെ. നാരായണൻ അഭിപ്രായപ്പെടുന്നു. (2016 : 29)[2] പല കാലയളവുകളിലായി പലരും വ്യത്യസ്തങ്ങളായ രീതിയിലാണ് ഫോക് എന്ന പദത്തെ നോക്കിക്കണ്ടിരുന്നത്. ഫോക്‌ലോർ പഠനത്തിന്റെ ആദ്യനാളുകളിൽ കർഷകജനത, പണിയെടുക്കുന്നവർ എന്നീ രീതികളിലായിരുന്നു ചരിത്രകാരകാർപോലും ഈ സംജ്ഞയെ സമീപിച്ചത്. മുഖ്യധാരയിൽ ഇല്ലാത്തവർ എന്ന വീക്ഷണകോണിൽനിന്ന് ഫോക് എന്ന പദത്തിന്റെ അർത്ഥം ഇന്നേറെ പരിണമിച്ചു കഴിഞ്ഞു. ചില സവിശേഷതകൾകൊണ്ട് ഒരുകൂട്ടം വ്യക്തികൾ ഏതെങ്കിലും ഒന്നിന്റെ ഭാഗമായിത്തീരുമ്പോഴാണ് കൂട്ടായ്മകൾ ഉണ്ടാവുന്നത്. ''കൂട്ടായ്മയെക്കുറിച്ചുള്ള പഠനമാണ് ഫോക് ലോർ'' എന്നാണ് രാഘവൻ പയ്യനാടിന്റെ വാദം. (1997 : 7)[3]. പാഠഭേദങ്ങളോടെ നിലനിൽക്കുന്ന ഫോക്‌ലോറുകൾ പരിണമിക്കുകയും അടുത്തതലമുറയിലേക്ക് കൈമാറപ്പെടുകയും ചെയ്യുന്നുണ്ട്. പ്രശസ്ത അമേരിക്കൻ ഫോക്‌ലോറിസ്റ്റായ അലൻഡൻഡസ് കൂട്ടായ്മയെ നിർവചിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഫോക്‌ലോർ എന്തിനെയെല്ലാം ഉൾക്കൊള്ളും എന്ന് വിശദമാക്കുകയും ചെയ്യുന്നു. ചുരുങ്ങിയത് ഒരു കാര്യമെങ്കിലും കൈമാറ്റം ചെയ്യുന്ന രണ്ടോ അതിലധികമോ ഉള്ള ആളുകളുടെ കൂട്ടത്തെ ഫോക്‌ലോർ എന്ന് വിളിക്കാം എന്നാണ് 'who are the folk' ലേഖനത്തിൽ അദ്ദേഹം വ്യക്തമാക്കുന്നത്.[4] ഇങ്ങനെ രൂപപ്പെടുന്ന കൂട്ടായ്മ ഒരു രാജ്യത്തിന്റെയത്ര വലുതോ ഒരു അണുകുടുംബത്തിന്റെയത്ര ചെറുതോ ആവാം. കുടുംബം ആണ് അദ്ദേഹത്തിന്റെ കാഴ്ചപ്പാടിലെ ഏറ്റവും ചെറിയ ഫോക്/കൂട്ടായ്മ. (1987 : 7)[5]

ഫോക്‌ലോറിനെ സംബന്ധിച്ച പാരമ്പര്യധാരണകൾ പൊളിച്ചെഴുതുന്ന ഡൻഡസ് കുടുംബം, ഭൂമിശാസ്ത്രപരമായ സവിശേഷതകൾ, തൊഴിലിടങ്ങൾ, മാർക്സിസ്റ്റ് പ്രത്യയശാസ്ത്രം, മതവിശ്വാസങ്ങൾ, നഗരജീവിതം, ഒരേ മേഖലയെ സ്നേഹിക്കുന്ന വ്യക്തികൾ എന്നിവയ്ക്കുള്ളിൽ നിന്ന് കൊണ്ട് കൂട്ടായ്മയെ കണ്ടെത്താനും അതിനെ ഉദാഹരണസഹിതം സമർത്ഥിക്കുവാനും ശ്രമിക്കുന്നുണ്ട്.

ഓരോ കുടുംബത്തെയും ഒരു കൂട്ടമായി പരിഗണിച്ചാൽ ഓരോ കുടുംബത്തിനുള്ളിലും അവ ഉൽപ്പാദിപ്പിക്കുന്ന ഒരു ഫോക്‌ലോർ ഉണ്ടാവും. വീട്ടുപേര് ഉണ്ടായിവന്നവിധം, കുടുംബക്കാർ (പൂർവ്വികർ) എവിടെ നിന്നുവന്നു അതിന്റെ ചരിത്രം, തുടങ്ങിയവയെ സംബന്ധിച്ച വിവരങ്ങൾ ഒരു കുടുംബത്തിലെ അംഗങ്ങൾ പരസ്പരം തലമുറ കൈമാറി വരാറുണ്ട്. ആ കുടുംബത്തിന്റെ പാരമ്പര്യം അവർ കൈമാറ്റം ചെയ്യുന്നതിനാൽ ആണ് അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ കുടുംബം ഒരു കൂട്ടായ്മ ആയി മാറുന്നത്.

നാടും കുടുംബവും കൂടാതെയുള്ള കൂട്ടായ്മകൾക്ക് ഉദാഹരണമായി പ്രദേശം, സംസ്ഥാനം, നഗരം, ഗ്രാമം എന്നിങ്ങനെയുള്ള ഭൂമിശാസ്ത്രപരമായ സാംസ്കാരിക വിഭജനങ്ങളെ അടിസ്ഥാനമാക്കി ജീവിക്കുന്ന ജനതയെ ഡൻഡസ് ചൂണ്ടിക്കാണിക്കുന്നു. ഇവയ്ക്കോരോന്നിനും അതിന്റേതായ വ്യത്യസ്തമായ ഫോക്‌ലോർ പറയാനുണ്ടാവും. തൊഴിൽപരമായ ഫോക്‌ലോർ ഇതിനുദാഹരണമാണ്. (ബേസ്ബോൾ കളിക്കുന്നവർ, കൽക്കരിഖനി തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ, മരംവെട്ടുന്നവർ, റെയിൽവേ തൊഴിലാളികൾ എന്നിവർക്കെല്ലാം അവരുടേതായ ഭാഷകളും ഇതിഹാസങ്ങളും അവരുടേതായ തമാശകളും നേരമ്പോക്കുകളും ഉണ്ടാകും.) ഇതിലൂടെ കർഷകർ മാത്രമാണ് ഫോക് എന്ന പാരമ്പര്യധാരണക്ക് മാറ്റം സംഭവിക്കുന്നുണ്ട്. വ്യവസായവൽക്കരണം യഥാർത്ഥത്തിൽ പുതിയ കൂട്ടായ്മകളെ ഉൽപ്പാദിപ്പിക്കാൻ കാരണമായതായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്. അത് ഫോക്, ഫോക്‌ലോർ എന്നിവയുടെ വിശാലമായ വ്യാപനത്തിനും കാരണമായി. ഒരുകാലംവരെ കർഷകൻ എന്നതിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ചിന്ത

വ്യവസായവൽക്കരണത്തിന്റെ കടന്നുവരവോടെ നാഗരികമായി തുടങ്ങി എന്ന് പറയാം. കമ്പ്യൂട്ടർ ഉപയോഗിച്ച് ജോലി ചെയ്യുന്ന വർവരെ ഇതിന്റെ ഭാഗമായി കൂട്ടായ്മയിൽ ഉൾപ്പെടുത്താം.

മാർക്സിസ്റ്റ് ഫോക്‌ലോറിസ്റ്റുകൾ കൂട്ടായ്മയുമായി ബന്ധപ്പെട്ട് നിരവധി സംഭാവനകൾ നൽകിയിട്ടുണ്ട്. ഫോക്‌ലോർ, ഫോക് എന്നീ സങ്കൽപ്പനങ്ങളിൽ തൊഴിലാളിവർഗത്തെയും അതിൽത്തന്നെ അടിച്ചമർത്തപ്പെടുന്നവരുടെ കൂട്ടായ്മയെയും ഉൾപ്പെടുത്തണമെന്നും അവയ്ക്ക് പ്രാധാന്യം നൽകണമെന്നുമവർ വാദിച്ചു. വർഗപ്രതിഷേധ (class protest)ത്തിനുള്ള ആയുധമായിരുന്നു ഒരർത്ഥത്തിൽ അവർക്ക് കൂട്ടായ്മ (folk) എന്നത്. ഫാക്ടറികൾ, ലേബർയൂണിയൻ, വ്യാപാരസംഘടനകൾ തുടങ്ങിയവ ഇതിന്റെ ഭാഗമായി നിലനിൽക്കുന്നു.

ഗ്രാമീണമായ ഒരന്തരീക്ഷത്തിൽനിന്ന് നാഗരികമായ ഒരന്തരീക്ഷത്തിലേക്ക് മാറുമ്പോൾ കൂട്ടായ്മയെ കുറച്ചുകൂടി ആഴത്തിൽ കണ്ടെടുക്കാൻ അദ്ദേഹം ശ്രമിക്കുന്നുണ്ട്. ഒന്നിനെയും ആശ്രയിക്കാതെ സ്വതന്ത്രമായി നിലനിൽക്കുന്ന തരത്തിലേക്ക് അവ പരിവർത്തനപ്പെടുന്നു. ഇതിനുദാഹരണമായി സമ്മർ ക്യാമ്പുകളെയാണ് ഡൻഡസ് ഉദാഹരിക്കുന്നത്.[6] കുറച്ചുകൂടി സൂക്ഷ്മമായ തലത്തിലേക്ക് വരുമ്പോൾ ഏതെങ്കിലുമൊരു പ്രത്യേക വിഷയത്തെകുറിച്ച് സംസാരിക്കുന്ന, അതിൽ ഇടപെടുന്ന, അതിനെക്കുറിച്ച് വായിക്കുന്ന ആളുകൾവരെ ഒരു കൂട്ടായ്മയായി മാറുന്നു എന്നദ്ദേഹം പറയുന്നു. 19-ാം നൂറ്റാണ്ടുവരെ നിരക്ഷരരായവരെ ഫോക് ആയി കണ്ടിരുന്ന ധാരണയെ അലൻ ഡൻഡസ് പൊളിച്ചെഴുതുന്നുണ്ട്. അതിനദ്ദേഹം മുന്നോട്ട് വയ്ക്കുന്നവാദം എന്നത് വായിക്കാൻ അറിയുന്നവരുടെ (പതിവായോ ഇടയ്ക്കിടയ്ക്കോ വായിക്കുന്നവർ) ഒരുകൂട്ടംപോലും ഫോക് ആയി മാറുന്നു എന്നതാണ്. അവിടെ നഗരം, ഗ്രാമം എന്ന വേർതിരിവുകൾ ബാധകമല്ല. മാത്രമല്ല, സാക്ഷരതയെയും കൂട്ടായ്മയെയും തമ്മിൽ തെറ്റായി ബന്ധിപ്പിച്ചിരുന്നതിനാൽ സാക്ഷരത വർദ്ധിക്കുന്നതിനുനുസരിച്ച് കൂട്ടായ്മ (folk)യും കുറയുമെന്ന ധാരണ അടിസ്ഥാനരഹിതമായി മാറുന്നു.

ആശയവിനിമയസാങ്കേതികവിദ്യകളിലേക്ക് വരുമ്പോൾ ടെലിഫോൺ, റേഡിയോ തുടങ്ങിയവയുടെ കടന്നുവരവ് കൂട്ടായ്മയുടെ (folk) സാധ്യതകളെ വിപുലപ്പെടുത്തുന്നുണ്ട്. മാത്രമല്ല സാങ്കേതികവിദ്യ തന്നെ ഫോകിന്റെ വിഷയമായി മാറിയിരിക്കുന്നു. ശാസ്ത്രജ്ഞരും എഞ്ചിനീയർമാരും അവരുടെ പൊതുസ്വഭാവം ഉൾക്കൊള്ളുന്ന കൂട്ടായ്മയായി മാറുന്നു. ചെറുതോ വലുതോ ആയ, ഏറ്റവും ചുരുങ്ങിയത് രണ്ട് അംഗങ്ങളെങ്കിലുമുള്ള, ഒരു പൊതുസ്വഭാവം കൈമാറ്റം ചെയ്യപ്പെടുന്ന ഏതൊരു കൂട്ടവും ഇത്തരത്തിൽ ചിന്തിക്കുമ്പോൾ ഫോക് ആയി മാറുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽനിന്നുകൊണ്ട് സാമൂഹിക വ്യവഹാരങ്ങളിലെ ഫോക്‌ലോറിനെ കണ്ടെത്താൻ ശ്രമിക്കുമ്പോൾ പരമ്പരാഗതധാരണകളിൽ നിന്നും നിർവചനങ്ങളിൽ നിന്നും നമുക്ക് തെന്നിമാറേണ്ടതായി വരും. കേരള നിയമസഭ, പാർട്ടി സംഘടനകൾ, കലാസാംസ്കാരിക കൂട്ടായ്മകൾ തുടങ്ങിയവയെ ഇവിടെ ഫോക് ആയി പരിഗണിക്കാവുന്നതാണ്. നാം നേരത്തേ പറഞ്ഞതുപോലെ ഒരു ആശയം പങ്കുവയ്ക്കുന്ന 141 അംഗങ്ങളുടെ കൂട്ടായ്മയാണ് കേരളനിയമസഭ എന്നത്. പങ്കുവയ്ക്കലിന്റെ മനഃശാസ്ത്രം നമുക്കിവിടെ കാണാൻ കഴിയും. മറ്റൊരു രീതിയിൽ കൂടി ചിന്തിച്ചാൽ നാടോടിവിജ്ഞാനീയം / ഫോക്‌ലോർ എന്നത് വാമൊഴി വഴക്കത്തിലോ, അനുഷ്ഠാനം, ചടങ്ങുകൾ തുടങ്ങിയവയുടെ രൂപത്തിലോ പരമ്പരാഗതമായി കൈമാറി വരുന്ന ഒന്നുകൂടിയാണ്. നാടൻപാട്ടുകൾ, കഥാഗാനങ്ങൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, ഐതിഹ്യം, പുരാവൃത്തം, നാടൻകഥകൾ, വിശ്വാസങ്ങൾ, ആചാരങ്ങൾ, ആരാധനാരീതികൾ, ഉത്സവങ്ങൾ, അനുഷ്ഠാനങ്ങൾ, വിനോദങ്ങൾ തുടങ്ങിയവയെയെല്ലാം ഇത് ഉൾക്കൊള്ളുന്നു. നിയമസഭയെ ഒരു ഗോത്രം/നാട്ടുകൂട്ടമായി പരിഗണിച്ചാൽ ഇവിടെ ഗോത്രത്തലവന്റെ/സമൂഹനേതാവിന്റെ അധികാരം കയ്യാളുന്നത് സ്പീക്കറാണ്. സംസാരരീതികൾ, ഇരിപ്പിടം, പരാതിപറയുന്ന ഇടം, സഭ നടക്കുന്ന സ്ഥലങ്ങൾ എന്നിങ്ങനെ ചിട്ടവട്ടങ്ങളും ആചാരമര്യാദകളും നിറഞ്ഞതാണ് കേരള നിയമസഭ. ഭരണ-പ്രതിപക്ഷങ്ങൾ തമ്മിൽ നിയമസഭക്കുള്ളിൽ നടക്കുന്ന വാക്പോരാട്ടങ്ങൾക്ക് ചേരി

തിരിഞ്ഞുള്ള നാടൻ മത്സരങ്ങളുടെയോ തർക്കങ്ങളുടെയോ സ്വഭാവമാണുള്ളത് എന്നു പറയാം. നേതാവിനെ മുൻനിർത്തി അണികൾ ഉണ്ടാക്കിയെടുക്കുന്ന വീരകഥകൾ, എതിർനേതാവിനെ പരിഹസിക്കാനായി പടച്ചുണ്ടാക്കുന്ന ആക്ഷേപഹാസ്യങ്ങൾ എന്നിവ നിയമസഭയ്ക്ക് ഫോക്കിന്റെ ഭാവവും രൂപവും നൽകുന്നുണ്ട്. കൂടാതെ ഫേസ്ബുക്ക് പേജ്, ബ്ലോഗ്, ഫ്ളക്സ് തുടങ്ങിയവയിലൂടെയുള്ള രാഷ്ട്രീയനേതാക്കന്മാരെ സംബന്ധിക്കുന്ന മഹത്ത്വവൽക്കരണത്തെ ഫോക്‌ലോറിന്റെ കണ്ണിലൂടെ നോക്കുമ്പോൾ ഒരർത്ഥത്തിൽ വാഴ്ത്തിപ്പാടലും ദൈവസ്തുതിയും തന്നെയായിരുന്ന നേതാവ് ദൈവതുല്യനും അണികൾ ഭക്തരുമായി ഇവിടെ മാറുന്നു/ പരിഗണിക്കപ്പെടുന്നു.

കേരള നിയമസഭയെന്ന ഈ ഫോക് സമൂഹം വർഷത്തിലൊരിക്കൽ നടത്തിവരുന്ന അനുഷ്ഠാനമാണ് ബജറ്റ് അവതരണം. (കാലാകാലങ്ങളായി ഒരു നിശ്ചിത ഇടവേളയിൽ ഇത് നടത്തപ്പെടുന്നു). ദിവസം മുഴുവൻ നീണ്ടുനില്ക്കുന്ന തത്സമയപ്രകടനത്തിന്റെ (live performance) ത്തിന്റെ സ്വഭാവമാണ് ബജറ്റ് അവതരണത്തിനുള്ളത്. ഏതൊരാചാരത്തിനും നേതൃത്വം നൽകുന്നത് മുൻകൂട്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള/ നിയോഗിക്കപ്പെട്ടിട്ടുള്ള വ്യക്തിയായിരിക്കെ ഇവിടെയത് ചെയ്യുന്നത് ധനകാര്യമന്ത്രിയാണ്. നാടിന് ആവശ്യമായ സമ്പത്ത് സൃഷ്ടിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന ധനകാര്യമന്ത്രി ഒരർത്ഥത്തിൽ കൂട്ടായ്മയിലെ ഐശ്വര്യദേവതയുടെ പ്രതീകമായോ ഐശ്വര്യദേവത തന്നെയായോമാറുന്നു എന്ന് വേണമെങ്കിൽ അലങ്കാരികമായും പറയാം. (പത്രമധ്യമങ്ങളിലെ കാരിക്കേച്ചറുകളും കാർട്ടൂണുകളും ഉദാഹരണം) ചില സമയങ്ങളിൽ ഒരേ സ്വത്വത്തിലേക്ക്, നിയമസഭ ഒരൊറ്റ കൂട്ടായ്മയായി മാറുന്ന സന്ദർഭങ്ങളുമുണ്ട്. 2016ൽ കെ. എം. മാണി അവതരിപ്പിച്ച ബജറ്റ് കേവലം പാലാ ബജറ്റ് മാത്രമാണെന്ന ആക്ഷേപത്തിൽ ഭരണപക്ഷം പ്രതിപക്ഷ നിലപാട് സ്വീകരിച്ചത് ഇതിനുദാഹരണമാണ്. മുല്ലപ്പെരിയാർ പോലുള്ള വിഷയങ്ങളും ഇതിൽനിന്ന് ഭിന്നമല്ല.

ബജറ്റവതരണത്തെ മുൻപേ പറഞ്ഞതുപോലെ ഒരു അനുഷ്ഠാനമായി ആഴത്തിൽ നോക്കിക്കാണുമ്പോൾ അതിൽ നാടൻക

ലാരൂപങ്ങളുടെ അംശങ്ങൾ കൂടി കണ്ടെത്താൻ കഴിയും. കുരുത്തോലകളും ചായക്കൂട്ടുകളും കൊണ്ട് അവയെ അണിയിച്ചൊരുക്കുന്നത് പോലെ ബജറ്റ് പ്രസംഗത്തിൽ ധനകാര്യമന്ത്രി കഥകളും കവിതകളും ഉപയോഗിച്ചിട്ടുള്ളത് കാണാം. (2017, 2018, 209, 2020, 2021 വർഷങ്ങളിലെ ബജറ്റവതരങ്ങൾ ഉദാഹരണം).

ചുരുക്കത്തിൽ നിയമസഭ എന്ന വേദിയിൽ അനുഷ്ഠാനത്തിന്റെ ഭാഗമായി അവതരിപ്പിക്കപ്പെടുന്ന കലാരൂപമാണ് ബജറ്റ് അവതരണം. ഇങ്ങനെ നോക്കുമ്പോൾ കേരളനിയമസഭയെന്ന കൂട്ടായ്മ ഉൽപ്പാദിപ്പിക്കുന്ന ഫോക്‌ലോറായി ബജറ്റവതരണം മാറുകയും ബജറ്റ് ഫോക്‌ലോർ/ നിയമസഭ ഫോക്‌ലോർ രൂപപ്പെടുകയും ചെയ്യുന്നു. വാട്സ് ആപ്പ്, ഫേസ്ബുക്ക് ഗ്രൂപ്പുകൾ, ഫേസ്ബുക്ക് പേജുകൾ, യുട്യൂബ് ചാനലുകൾ, റീൽസ്, ഡബ്സ്മാഷ് തുടങ്ങിയവ സാമൂഹ്യമാധ്യമരംഗത്തെ കൂട്ടായ്മകൾ ആണ്. ഒരു പ്രത്യേക വിഷയം കൈകാര്യം ചെയ്യുന്നതിലൂടെയോ ഒരു പൊതുകാര്യത്തിനായി നിലകൊള്ളുന്നതിലൂടെയോ ആണ് അവ രൂപപ്പെടുന്നത്. റീൽസ്, യുട്യൂബ് വീഡിയോ, ടിക്ടോക് തുടങ്ങിയവ മാനസികോല്ലാസം പകരുക, അറിവ് പ്രദാനം ചെയ്യുക തുടങ്ങിയ കാര്യങ്ങൾ ലക്ഷ്യമിടുന്നു. (റീഡേഴ്സ് സർ ക്കിൾ, ഫുഡ് ബ്ലോഗ് തുടങ്ങിയവ ഉദാഹരണം)

തങ്ങളുടേതായ പാരമ്പര്യവും സ്വത്വവും കാത്തുസൂക്ഷിക്കുന്ന ക്വിയർ വിഭാഗത്തെ ഒരു ഫോക് ആയി പരിഗണിക്കാവുന്നതാണ്. അതുമായി ബന്ധപ്പെട്ട പ്രൈഡ് മാർച്ചിനെ ഇതോട് ചേർത്ത് നോക്കിക്കാണാം. ഇവ കൂടാതെ പാർട്ടി സംഘടനകൾ, ഐ.എഫ്.എഫ്.കെ., കെ.എൽ.എഫ്. ഫെസ്റ്റ്, ഇറ്റ് ഫോക്ക്, ബിനാലെ പോലുള്ള പരിപാടികളെയും അവയ്ക്കെത്തുന്ന വൻ ജനാവലിയെയും ഫോക്‌ലോറിന്റെ ഉത്തരാധുനിക സമീപനരീതിയോട് ചേർത്ത് വയ്ക്കാൻ കഴിയും എന്നിടത്ത് ഫോക്‌ലോർ സമകാലികമായി നിലകൊള്ളുന്നു. സിനിമ എന്ന വലിയ മേഖലയുമായി ചേർന്ന് നിൽ ക്കുന്ന കൂട്ടായ്മയായി ഫാൻസ് അസോസിയേഷൻ മാറുമ്പോൾ, ഐ.പി.എൽ, ഫിഫവേൾഡ് കപ്പ്, ലോകകപ്പ്, ഐ.എസ്.എൽ., കൂടാതെ ഇവയുടെയൊക്കെയും ആരാധനാകൂട്ടായ്മ

കൾ എന്നി വയും കായികലോകത്തെ ഫോക്/ കൂട്ടായ്മകൾ ആയിമാറുന്നു. എന്തിനേറെ ഒരു വിവാഹസൽക്കാരത്തിലോ ജന്മ ദിനാഘോഷവേദിയിലോ എത്തുന്ന ജനങ്ങളെ വരെ നമുക്ക് അലൻഡൻസസിന്റെ വാദത്തിന്റെ അടിത്തറയിൽ നിന്നുകൊണ്ട് കൂട്ടായ്മ (folk)ആയി പരിഗണിക്കാൻ കഴിയും. ഫോക്‌ലോർ, ഫോക് എന്നിവയെ സംബന്ധിക്കുന്ന പരമ്പരാഗത കാഴ്ചപ്പാടുകളിൽ നിന്നും നിർവചനങ്ങളിൽനിന്നും വിട്ടുമാറി നാം പുതുസമീപനരീതി സ്വീകരിക്കേണ്ടിയിരിക്കുന്നു. അലൻസൻസസിനെപ്പോലെയുള്ളവ രുടെ വളരെ വിശാലമായ, ഒതുക്കിനിർത്തലുകൾക്കതീതമായ കാഴ്ചപ്പാടുകളിലൂടെയും സമീപനരീതിയിലൂടെയും മാത്രമേ ഫോക്‌ലോറിനെ സജീവമായി എക്കാലവും നിലനിർത്താൻ സാധി ക്കുകയുള്ളു എന്ന് നിസ്സംശയം പറയാം.

**കുറിപ്പുകൾ**

1. രാഘവൻ പയ്യനാട്, *ഫോക്‌ലോർ,* പുറം 1.
2. അജു. കെ. നാരായണൻ, സിനിമ ഫോക്‌ലോർ: ചില സിംബ യോട്ടിക് രാസവിദ്യകൾ, പുറം 29.
3. രാഘവൻ പയ്യനാട്, *ഫോക്‌ലോർ,* പുറം 17.
4. Alan dundes, ‘ who are the folk’, page.7.

The term ‘folk’ can refer to any group of people whatever who share atleast one common factor. It does not matter what the linking factor is - it could be a common occupation, language or religion ഇവിടെ ഫോക്/കൂട്ടായ്മ എന്നത് ഒരേ സ്വഭാവമുള്ള, ഒരേ ചിന്താ ശേഷിയുള്ള രണ്ടോ അതിലധികമോ പേരടങ്ങുന്ന ഏതൊരു കൂട്ട വുമാകാം. പക്ഷേ അവർക്കിടയിൽ ഒരു പൊതുഘടകം/ സ്വഭാവം / അവരുടേതായ പാരമ്പര്യം കൈമാറ്റം ചെയ്യാൻ കഴിയണം. ഈ പൊതുഘടകം (Common Factor) എന്നത് ജോലി, മതം, ഭാഷ, സ്വഭാവസവിശേഷത, ചരിത്രം അങ്ങനെ എന്തുമാവാം.

5. അമേരിക്കൻ, മെക്സിക്കൻ, ജാപ്പനീസ് വംശജർ ഉദാഹരണം.

ഉദാ: അങ്കിൾ സാമിനെ അറിയുന്ന ഒരു കുട്ടിക്ക്/ വ്യക്തിക്ക് ജിങ്കിൾ ബെൽസ് എന്ന പാട്ടും അറിയാൻ കഴിയുക സ്വാഭാവികമാണ്.

അങ്ങനെ നോക്കുമ്പോൾ ആ പാട്ടറിയുന്ന കുട്ടികൾ ഒരു കൂട്ടായ്മ യായി മാറുന്നു. അമേരിക്കൻ പാരമ്പര്യം (tradition) ഇവിടെ അവരിലൂടെ പൊതുവായി കൈമാറ്റം ചെയ്യപ്പെടുന്നു.

6. ഒരു നഗരത്തിൽ നടക്കുന്ന സമ്മർക്യാമ്പിൽ പങ്കെടുക്കാനായി എത്തുന്ന ആളുകളെ ഒരു ഫോക് ആയി പരിഗണിക്കാം. അവിടെ നിന്ന് കിട്ടുന്ന പൊതു അനുഭവങ്ങൾ അവരുടെ കൂട്ടായ്മയെ ഏകോ പിപ്പിച്ച് നിർത്തുന്ന പൊതുഘടകമായി മാറുന്നു. ഇതിലെ ഒരംഗം മറ്റൊരു കൂട്ടായ്മയുടെയും ഭാഗമായിരിക്കാം. മറ്റൊരുദാഹരണം കാത്തോലിക്കേറ്റ് വിഭാഗത്തിൽ ഉൾപ്പെടുന്ന ഒരു കുട്ടി ഒരു ക്യാമ്പിൽ പങ്കെടുക്കുന്നു. അവൻ ആഫ്രോ അമേരിക്കൻ വംശജ നുമാണ്. എന്നിരിക്കെ ആ കുട്ടി ഒരേ സമയം മൂന്ന് കൂട്ടായ്മയുടെ ഭാഗമാകുന്നു. ഒരാൾ ഒന്നിലധികം കൂട്ടായ്മകളിൽ വരുമ്പോൾ ഓവർലാപ്പിങ്ങ് (overlapping) ഉണ്ടാവാം. അത് ജീവിതപരിസരം, തൊഴിൽ എന്നിവക്കനുസൃതമായി മാറ്റങ്ങൾക്ക് വിധേയമാകുന്നു.

**ഗ്രന്ഥസൂചി**

അജു. കെ., നാരായണൻ (ഡോ.), *സിനിമ മുതൽ സിനിമ വരെ,* നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 2016.

രാഘവൻ, പയ്യനാട് (ഡോ.), *ഫോക്‌ലോർ,* കേരള ഭാഷാ ഇൻസ്റ്റി റ്റ്യൂട്ട്, തിരുവനന്തപുരം, 2019.

Alan dundes, *Essays in folkloristics,* folklore Institute, University of Michingan, 1978.

■■■

# കോളനിയനന്തരവാദം : സൈദ്ധാന്തികസമീപനങ്ങൾ

**മായ കെ.**
ഗവേഷക, മലയാള വിഭാഗം,
കേരളസർവകലാശാല, കാര്യവട്ടം ക്യാമ്പസ്

**സംഗ്രഹം**

എല്ലാത്തരം അധിനിവേശത്തിനെതിരെയും ഉയർത്തിക്കൊണ്ടുവരാവുന്ന പ്രതിരോധത്തിന്റെ ആശയരൂപമാണ് കോളനിയനന്തരവാദം. പോസ്റ്റുകൊളോണിയലിസമെന്നു പൊതുവെ വ്യവഹരിക്കപ്പെടുന്ന ഈ സൈദ്ധാന്തികപദ്ധതി മുന്നോട്ടുവച്ച സമീപനങ്ങളും സാധ്യതകളും ഇവിടെ പരിശോധിക്കുന്നു. അതിലൂടെ അധിനിവേശപ്രക്രിയയുടെ ആധിപത്യസ്വഭാവങ്ങൾ വിശകലനവിധേയമാക്കുന്നു.

**താക്കോൽവാക്കുകൾ**

കൊളോണിയലിസം, അധിനിവേശം, സാംസ്കാരികമേൽക്കോയ്മ, പോസ്റ്റ് കൊളോണിയലിസം, കോളനിയനന്തരവാദം, കോളനിയനന്തരവിമർശനം, കോളനിയനന്തരസാഹിത്യം, കോളനിയനന്തരവായന, അപകോളനീകരണം, നിയോകൊളോണിയലിസം

**ആമുഖം**

ലോകത്താകമാനം സാമ്രാജ്യത്വശക്തികൾ അധിനിവേശം സ്ഥാപിച്ച കാലത്തുതന്നെ അതിനെതിരെയുള്ള ആശയപരമായ

പ്രതിരോധം രൂപപ്പെട്ടു തുടങ്ങിയിരുന്നു. പുതിയതായി കടന്നുവരുന്ന ഏതൊരു പ്രവണതയ്ക്കുമെതിരെ എതിർപ്പിന്റെയും ചെറുത്തുനിൽപ്പിന്റെയും സ്വരം ഉയർന്നുവരാറുണ്ട്. സ്വാഗതം ചെയ്യപ്പെടുന്നത് പലപ്പോഴും ഒരു ചെറിയ പക്ഷമായിരിക്കും. യൂറോപ്പ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കയറിച്ചെന്ന് പെട്ടെന്നൊരു ദിവസം ആധിപത്യം സ്ഥാപിക്കുകയായിരുന്നില്ല ചെയ്തത്. വളരെ തന്ത്രപരമായി കാലക്രമത്തിലാണ് അധിനിവേശം നടപ്പിലാക്കിയത്. യൂറോപ്യർ അധികാരം പ്രയോഗിച്ചു തുടങ്ങിയ കാലഘട്ടത്തിൽ തന്നെ അതിനെതിരെയുള്ള പോരാട്ടങ്ങളും ആരംഭിച്ചിരുന്നു. എന്നാൽ അവയൊക്കെയും അടിച്ചമർത്തപ്പെടുകയും അധിനിവേശം ശക്തമായി വ്യാപിക്കപ്പെടുകയുമാണുണ്ടായത്. എപ്രകാരമാണ് യൂറോപ്പ് ഇതര രാജ്യങ്ങളിൽ ആധിപത്യം സ്ഥാപിച്ചത്, എങ്ങനെയാണ് സ്വന്തം ദേശത്ത് ഒരു ജനത അടിച്ചമർത്തലിനും അടിമത്തത്തിനും വിധേയരായത്, അതിന് അധിനിവേശശക്തികൾ നടപ്പിലാക്കിയ നയങ്ങൾ എന്തെല്ലാമാണ്, അതിനെതിരെയുള്ള വിമോചന സാധ്യതകൾ എന്തൊക്കെയാണ് തുടങ്ങിയ കാര്യങ്ങൾ അന്വേഷിക്കുകയും അനുഭവതലത്തിലും ആശയതലത്തിലും അതിന്റെ പ്രയോഗപരത തേടുകയും ചെയ്ത/ചെയ്യുന്ന വിശാലമേഖലയാണ് കോളനിയനന്തരവാദത്തിന്റേത്.

**കൊളോണിയലിസം**

മുതലാളിത്തവികാസഘട്ടത്തിൽ സമ്പത്ത് പെരുപ്പിക്കാനായി യൂറോപ്യൻ സാമ്രാജ്യത്വശക്തികൾ ഇതരരാജ്യങ്ങളിൽ കടന്നുകയറി സമ്പത്തും ഭരണവും കൈയടക്കി ആധിപത്യം സ്ഥാപിച്ചെടുത്ത പ്രക്രിയയാണ് കോളനിവാഴ്ച (colonialism). തുടക്കത്തിൽ, മുതലാളിത്തരാഷ്ട്രങ്ങൾ കച്ചവടതാൽപര്യത്തോടെയാണ് മറ്റ് രാജ്യങ്ങളിലേക്ക് കടന്നുചെന്നത്. തുടർന്ന് അവിടങ്ങളിൽ തങ്ങളുടെ കമ്പോളങ്ങൾ സ്ഥാപിച്ചെടുക്കുകയും കച്ചവടവുമായി ബന്ധപ്പെട്ട് ഭരണാധികാരികളുമായി പല ഉടമ്പടികൾ ഉണ്ടാക്കിയെടുക്കുകയും ചെയ്തു. ഈ നിയമങ്ങൾ തദ്ദേശവാസികൾക്ക് മേലുള്ള അധികാര പ്രയോഗമായി ക്രമേണ വികസിപ്പിച്ചെടുത്തു. ക്രമേണ അത് അടിച്ചമർത്തലിലേക്കും അടിമത്തത്തിലേക്കും വഴിമാറി. പിന്നീട് ഈ രാജ്യ

ങ്ങളൊന്നാകെ യൂറോപ്യൻ കോളനികളായിത്തീർന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. കച്ചവടം ചെയ്യാനുള്ള അനുമതിയിൽ നിന്നും രാജ്യാധികാരത്തിന്റെ നിയന്ത്രണം കൈയടക്കി പൂർണമായ ആധിപത്യം സ്ഥാപിച്ച കീഴടക്കൽ പ്രക്രിയയുടെ രാഷ്ട്രീയമാണ് കൊളോണിയലിസത്തിലൂടെ വ്യക്തമാകുന്നത്. എന്നുവച്ചാൽ, അധികാരത്തിന്റെ സൂക്ഷ്മാർത്ഥത്തിലുള്ള ഒരു രാഷ്ട്രീയപ്രക്രിയയാണ് അധിനിവേശത്തിലൂടെ നടപ്പിലാകുന്നത്. സാമ്രാജ്യത്വത്തിന്റെ പ്രയോഗരൂപമാണ് കോളനിവാഴ്ച.

ഏഷ്യ, ആഫ്രിക്ക, ലാറ്റിനമേരിക്കൻ രാജ്യങ്ങൾ എന്നിവിടങ്ങളിലാണ് യൂറോപ്യൻ കോളനിഭരണം ദീർഘവും ശക്തവു മായി തുടർന്നിരുന്നത്. ഉല്പാദനവിതരണപ്രക്രിയ വ്യാപിപ്പിക്കുക, മറ്റ് രാജ്യങ്ങളിലെ സമ്പത്ത് കൊള്ളയടിക്കുക, സാമ്രാജ്യത്വത്തിന്റെ അതിരുകൾ വിപുലീകരിക്കുക, സാംസ്കാരികവും അധികാരകേന്ദ്രീകൃതവുമായ മേൽക്കോയ്മ സ്ഥാപിക്കുക, യൂറോപ്പിനെ ലോകത്തിന്റെ കേന്ദ്രമാക്കിത്തീർക്കുക, തുടങ്ങി നിരവധി ലക്ഷ്യങ്ങൾ അധിനിവേശത്തിന് പിന്നിൽ പ്രവർത്തിച്ചിരുന്നു. കൊളോണിയലിസം മുതലാളിത്തത്തിന്റെ വളർച്ചയുടെ ഒരു ഘട്ടത്തിലുണ്ടായ രാഷ്ട്രീയവികാസ (Political expansion)മാണെന്നും അത് മൂലധനത്തിന്റെ വളർച്ചയുടെ ഭാഗമായി പുതിയ താല്പര്യമേഖലകൾ തേടുന്ന പ്രക്രിയയാണെ (കെ.എൻ പണിക്കർ, കൊളോണിയലിസം സംസ്കാരം പാരമ്പര്യ ബുദ്ധിജീവികൾ, പുറം.140)ന്നുമുള്ള കെ. എൻ. പണിക്കരുടെ വീക്ഷണം അധിനിവേശത്തിന്റെ പുതിയ കാലത്തിലേക്ക് കൂടി വിരൽ ചൂണ്ടുന്നതാണ്. അധിനിവേശം നടപ്പിലാക്കിയത് പ്രാധാനമായും രണ്ട് തരത്തിലാണ്.1) നേരിട്ടുള്ള അധികാരപ്രയോഗത്തിലൂടെ, 2) ആശയപരമായ അധീശത്വത്തിലൂടെ. കോളനിഭരണത്തിൻ കീഴിൽ, സ്വന്തം രാജ്യത്ത് അടിമതുല്യജീവിതം നയിക്കേണ്ടിവന്ന ജനത കാലാന്തരത്തിൽ ഇതിനെതിരെ ചെറുത്തുനിൽക്കുവാൻ തുടങ്ങി. തുടർന്നു നൂറ്റാണ്ടുകളോളം നീണ്ടുനിന്ന പോരാട്ടങ്ങളിലൂടെയാണ് അധിനിവേശിതപ്രദേശങ്ങൾ വൈദേശികാധിപത്യത്തിൽ നിന്നും സ്വതന്ത്രമായത്. കോളനികളായിരുന്ന രാജ്യങ്ങൾ സ്വാതന്ത്ര്യം നേടിയെടുത്തതോടെ പ്രത്യക്ഷത്തിലുള്ള

അധിനിവേശം അവസാനിച്ചു. എന്നാൽ കൊളോണിയൽ പ്രത്യയശാസ്ത്രത്താൽ നിയന്ത്രിക്കപ്പെടുന്ന ആശയപരമായ അധിനിവേശം ഇന്നും തുടരുകയാണ്.

**കോളനിയനന്തരവാദം**

ഭൗതികമായി കോളനിവാഴ്ച അവസാനിച്ചുവെങ്കിലും അധിനിവേശിതപ്രദേശങ്ങളിലെ ജനങ്ങളിൽ ബോധത്തിന്റെയും അബോധത്തിന്റെയും തലങ്ങളിൽ അതിന്നും തുടരുന്നു. അധിനിവേശിതരാഷ്ട്രങ്ങളിലെ സൈദ്ധാന്തികരിൽ നിന്നും ഉയർന്നുവന്ന ഈ ചിന്താപദ്ധതിയാണ് പോസ്റ്റുകൊളോണിയലിസം അഥവാ കോളനിയനന്തരവാദം എന്ന പഠനശാഖയായി വികസിച്ചത്. കൊളോണിയൽ ചരിത്രത്തിന്റെയും വൈദേശികാധിപത്യത്തിന്റെയും കൊളോണിയൽ ആശയങ്ങളുടെയും സാമ്രാജ്യത്വത്തിന്റെയും പുനർവായനയാണ് ഇതിലൂടെ നടത്തുന്നത്. കച്ചടവലക്ഷ്യവും സാമ്രാജ്യത്വവിപുലീകരണവും ആയിരുന്നു അധിനിവേശത്തിന്റെ പ്രേരകശക്തിയെങ്കിലും സാമ്പത്തികചൂഷണത്തിനും അപ്പുറം അധികാരകേന്ദ്രീകരണമായിരുന്നു അവയ്ക്കു പിന്നിലെ രാഷ്ട്രീയലക്ഷ്യം. നൂറ്റാണ്ടുകൾ നീണ്ടുനിന്ന ഈ അടിച്ചമർത്തലിൽ നിന്നും നിരവധി ചെറുത്തുനിൽപ്പുകളിലൂടെയും പോരാട്ടങ്ങളിലൂടെയുമാണ് അധിനിവേശിതരാജ്യങ്ങൾ സ്വതന്ത്രമായത്. ഇത്തരത്തിൽ യൂറോപ്യൻ കോളനികൾ ആയിരുന്നശേഷം സ്വതന്ത്രമായ രാജ്യങ്ങളുടെ സാസ്കാരികവും സാമൂഹികവും രാഷ്ട്രീയവുമായ അനുഭവങ്ങളുടെ പഠനമാണ് പോസ്റ്റുകൊളോണിയലിസത്തിലൂടെ നടത്തുന്നത്. അതായത് കോളനികളിലെ ജനങ്ങളെ തങ്ങളുടെ വരുതിക്കുനിർത്താനായി കോളനിവാഴ്ചക്കാർ ഉപയോഗിച്ച വ്യവഹാരരീതികൾ വിശകലനവിധേയമാക്കി ബൗദ്ധികവും മാനസികവുമായ അധിനിവേശത്തിൽനിന്ന് വിമോചിപ്പിക്കാനാണ് ശ്രമിക്കുന്നത്.

അധിനിവേശത്തിന്റെ മുഖ്യസ്വഭാവം അടിച്ചമർത്തലും ആധിപത്യവും ആണെന്നു പറഞ്ഞുവല്ലോ. അടിച്ചമർത്തപ്പെട്ട ജനതയുടെ സ്വരവും സ്വത്വവും വീണ്ടെടുക്കുക എന്നത് പോസ്റ്റുകൊളോണിയൽ വ്യവഹാരപഠനത്തിന്റെ ലക്ഷ്യങ്ങളിലൊന്നാണ്. ഇതിലൂടെ എല്ലാത്തരം അടിച്ചമർത്തലുകൾക്കും അധിനിവേശങ്ങൾക്കും എതിരെ

യുള്ള പ്രതികരണവും പ്രതിരോധവുമായിത്തീരാൻ പോസ്റ്റുകൊളോണിയൽ ചിന്താപദ്ധതിയ്ക്കു സാധ്യമാകുന്നു. സംസ്കാരിക മേൽക്കോയ്മ, വിദ്യാഭ്യാസം, സാഹിത്യം, ഭാഷ, രീതിശാസ്ത്രം, വീക്ഷണം, സൗന്ദര്യബോധം, തുടങ്ങി സമൂഹത്തിലെ എല്ലാ മേഖലകളിലും തുടർന്നുപോരുന്ന അധിനിവേശസ്വഭാവത്തെ അപനിർമ്മിക്കുന്നതിലൂടെ തദ്ദേശീയജനതയുടെ സ്വത്വത്തെ വീണ്ടെടുത്ത് മാനസിക അടിമത്തത്തിൽനിന്നും വിമോചനം നേടാനും ഈ ചിന്താപദ്ധതി സഹായകമായിത്തീരുന്നു. അതോടൊപ്പം നിർമ്മിതചരിത്രത്തിന്റെ അപനിർമ്മാണം കൂടിയാണ് കോളനിയനന്തരപഠനങ്ങളിലൂടെ നടക്കുന്നത്. ചരിത്രപരവും സാംസ്കാരികവുമായ വിശകലനത്തിലൂടെ കൊളോണിയലിസത്തിന്റെയും നിയോകൊളോണിയലിസത്തിന്റെയും യുക്തികൾ തിരിച്ചറിയുന്നതിനും കോളനിയനന്തരപഠനങ്ങൾ സഹായകരമാണ്.

**കോളനിയനന്തരം എന്ന സംജ്ഞ**

കോളനിയനന്തരം (Post-Colonialism) എന്ന സാങ്കേതിക സംജ്ഞ കോളനിവാഴ്ചയ്ക്കുശേഷമുള്ള കാലത്തെയാണ് സൂചിപ്പിക്കുന്നത്. ഇതിന് സമാനമായി അധിനിവേശാനന്തരം(പി.പി. രവീന്ദ്രൻ, വീണ്ടെടുപ്പുകൾ: സാഹിത്യം, സംസ്കാരം, ആഗോളത, പുറം. 32), കൊളോണിയൽ അനന്തരം (ഡോ. കെ. എൻ. പണിക്കർ, കൊളോണിയലിസം സംസ്കാരം, പാരമ്പര്യ ബുദ്ധിജീവികൾ, പുറം.14) എന്നിങ്ങനെയും ഭാഷയിൽ ഉപയോഗിച്ച് കാണുന്നുണ്ട്. അധിനിവേശാനന്തരം എന്നുപറയുമ്പോൾ അധിനിവേശം അവസാനിച്ചു കഴിഞ്ഞുവെന്നൊരു അർത്ഥം അതിലുണ്ടെന്ന് വിമർശകർ ചൂണ്ടിക്കാണിക്കാറുണ്ട്. ഇതിനെക്കുറിച്ച് ഹോമി കെ. ഭാഭ പറയുന്നത്; യഥാർത്ഥത്തിൽ അധിനിവേശം അവസാനിച്ചു എന്നല്ല, നേരിട്ടുള്ള കോളനീകരണത്തിനു ശേഷമുള്ള മൂന്നാംലോകത്തെ ജനതയുടെ അബോധം പഠിക്കുകയാണ് ഈ ദർശനത്തിന്റെ ലക്ഷ്യമെന്നാണ്. കൊളോണിയലിസത്തിന് ശേഷമുള്ള കാലഘട്ടത്തെ കൊളോണിയൽ അനന്തരം എന്നുപറയുന്നതിൽ അപാകതയില്ലെന്നാണ് കെ.എൻ പണിക്കർ പറയുന്നത്. കൊളോണിയലിസം അവസാനിച്ചുവെങ്കിൽക്കൂടി കൊളോണിയലിസത്തിന്റെ സ്വാധീനം

നിലച്ചിട്ടില്ലെന്നും എല്ലാ കൊളോണിയൽ അനന്തരരാഷ്ട്രങ്ങളിലും കൊളോണിയലിസത്തിന്റെ ധൈഷണികസ്വാധീനം ഇന്നും ശക്തമായുണ്ടെന്നും ആ രാഷ്ട്രത്തിലെ വികസനത്തിന്റെ സങ്കല്പം, പുരോഗതി എന്ന ആശയം എല്ലാം കൊളോണിയൽ കാലഘട്ടത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ടാണ് ഇന്നും തുടരുന്നതെന്നും കെ.എൻ പണിക്കർ പറയുന്നു. ഇതിൽനിന്നും കോളനിവാഴ്ച അവസാനിച്ചതിനുശേഷവും തുടരുന്ന അധിനിവേശസ്വഭാവത്തെയാണ് പോസ്റ്റുകൊളോണിയലിസം എന്ന പദത്തിലൂടെ അർത്ഥമാക്കുന്നത് എന്നു മനസ്സിലാക്കാം.

**കോളനിയനന്തര വിമർശനം**

മാർക്സിസം സാമ്രാജ്യത്വത്തിന്റെയും മുതലാളിത്തത്തിന്റെയും ചൂഷകസ്വഭാവം ലോകത്തിനു മുന്നിൽ തുറന്നുകാട്ടി. ഇതിന്റെ ചുവടുപിടിച്ച് വിമോചനസാധ്യതകൾ തേടുന്ന നിരവധി ചിന്തകൾ ഉയർന്നുവന്നു. കൊളോണിയൽ ഭരണത്തിനു കീഴിലായിരുന്ന രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരങ്ങളോടൊപ്പം തന്നെ കലയിലൂടെയും സാഹിത്യത്തിലൂടെയുമുള്ള പ്രതിരോധവും രൂപപ്പെട്ടിരുന്നു. സാഹിത്യമായിരുന്നു ഇതിലേറെ പങ്കുവഹിച്ചത്. ഏഷ്യ, ആഫ്രിക്ക എന്നിവിടങ്ങളിൽ അധീശവിരുദ്ധസാഹിത്യമുണ്ടായിത്തുടങ്ങി. അതോടൊപ്പം കൊളോണിയലിസത്തിനെതിരെയുള്ള വിമർശനവും ഉയർന്നുവന്നു. സ്വാതന്ത്ര്യത്തിനുശേഷം ഈയൊരു പരിപ്രേക്ഷ്യത്തെ സമഗ്രമായി പുനർവിചാരം ചെയ്തു. മൂന്നാം ലോകരാജ്യങ്ങളിൽനിന്നും അധിനിവേശ രാജ്യങ്ങൾ പിൻവാങ്ങിയതിനുശേഷവും കൊളോണിയലിസത്തിന്റെ സാംസ്കാരിക തുടർച്ചകളെക്കുറിച്ച് ഈ രാജ്യങ്ങളിലെ ചിന്തകർക്കിടയിൽ വളർന്നുവന്ന ആശങ്കകളാണ് ഈ പുനർവിചാരത്തിന് കാരണമായത്. അതിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ടുവന്ന ഒരു സൈദ്ധാന്തിക ചിന്താപദ്ധതിയാണ് കോളനിയന്തരവിമർശനം. കൊളോണിയലിസത്തിന്റെ സാംസ്കാരിക പ്രത്യാഘാതങ്ങളെക്കുറിച്ച് ഘടനാവാദാനന്തര ചിന്തയുടെ സഹായത്താൽ നടത്തുന്ന വിശകലനമാണ് സാമാന്യമായ അർത്ഥത്തിൽ അധിനിവേശാനന്തരവിമർശനമെന്ന് പി. പി. രവീന്ദ്രൻ അഭിപ്രായപ്പെടുന്നുത്. സാഹിത്യപഠനരംഗത്ത് കോളനിയനന്തര

വിമർശനം പ്രധാനമായും മൂന്നുരീതിയിലുള്ള വായനയാണ് നടത്തുന്നത്. കോളനിഭരണത്തിന്റെ ചരിത്രമുള്ള രാജ്യങ്ങളിലെ എഴുത്തുകാർ ആ ഭരണവുമായി ബന്ധപ്പെട്ട് എഴുതിയ കൃതികളുടെ പഠനം, കോളനിഭരണത്തിന്റെ ചരിത്രമുള്ള രാജ്യങ്ങളിൽ നിന്ന് മറ്റു രാജ്യങ്ങളിലേക്ക് കുടിയേറിയവരോ അവരുടെ അനന്തരാവകാശികളോ എഴുതിയ കൃതികളുടെ പഠനം, കൊളോണിയൽ വാഴ്ചക്കാലത്തുണ്ടായ കൃതികളുടെ കൊളോണിയൽ വ്യവഹാരത്തിന്റെ വെളിച്ചത്തിലുള്ള പഠനം (രാധിക സി നായർ, സമകാലിക സാഹിത്യസിദ്ധാന്തം, പുറം.80). പ്രധാനമായും ഈ പഠനരീതികൾ ഉപയോഗിച്ചാണ് കോളനിയനന്തരസാഹിത്യ വിമർശനം നടത്തുന്നത്. കൂടാതെ അധിനിവേശത്തിന്റെ നാനാവശങ്ങളെക്കുറിച്ചുള്ള നിരവധി വിശകലനങ്ങൾ ഉണ്ടാകുന്നുണ്ട്. ചുരുക്കിപ്പറഞ്ഞാൽ, കോളനിവാഴ്ചയ്ക്ക് വിധേയരായ ജനതയുടെ സംസ്കാരം, സാഹിത്യം, രാഷ്ട്രീയം, ചരിത്രം തുടങ്ങിയവയാണ് കോളനിയനന്തര വിമർശനം പരിശോധിക്കുന്നത്.

### അധിനിവേശ ഉപകരണങ്ങൾ

അധിനിവേശം സ്ഥാപിച്ചെടുക്കുന്നത് പ്രധാനമായും രണ്ട് തരത്തിലാണെന്നു മുൻപ് സൂചിപ്പിച്ചിരുന്നല്ലോ. ഇവയിൽ ആശയപരമായ അധീശത്വത്തിന് ഉപയോഗിച്ചിരുന്ന അധിനിവേശോപകരണങ്ങൾ ഏതെല്ലാമായിരുന്നു എന്നാണ് തുടർന്ന് വിശകലനം ചെയ്യുന്നത്.

### സാംസ്കാരിക മേൽക്കോയ്മ

മേൽക്കോയ്മ അഥവാ ഹെജിമണി അധികാരകേന്ദ്രീകരണത്തിന്റെ സൂക്ഷ്മരാഷ്ട്രീയമാണ്. പ്രത്യയശാസ്ത്രം എന്ന ആശയത്തിന്റെ ചരിത്രപരമായ വികാസമാണ് ഹെജിമണി എന്നു അന്റോണിയോ ഗ്രാംഷി നിർവചിക്കുന്നുണ്ട്. ആശയങ്ങളാണ് സമൂഹത്തിലെ ഭൗതികമാറ്റങ്ങളുടെ ശക്തികേന്ദ്രം എന്നു മാർക്സ് പറഞ്ഞിട്ടുണ്ട്. ആശയങ്ങളിലൂടെ ആധിപത്യം സ്ഥാപിച്ചെടുക്കാൻ കഴിയുന്നത് സാംസ്കാരികമണ്ഡലത്തിലാണ്. മനുഷ്യരാശിയുടെ ഏറ്റവും ഉന്നതമായ ചിന്തയുടെയും പ്രസ്താവങ്ങളുടെയും സമുച്ചയമാണ്

സംസ്കാരം (പി.പി രവീന്ദ്രൻ, സംസ്കാരപഠനം ഒരു ആ മുഖം, പുറം. 25) എന്നാണ് ആർനോൾഡ് അഭിപ്രായപ്പെടുന്നത്. ഈയർ ത്ഥത്തിൽ സംസ്കാരം ഓരോ പ്രദേശത്തിന്റെയും ജീവിതക്രമവു മായി ബന്ധപ്പെട്ടിരിക്കുന്ന ഒന്നാണ്. അതുകൊണ്ടുതന്നെ സംസ്കാ രത്തിലുണ്ടാകുന്ന ഏത് വ്യതിയാനവും സമൂഹത്തെ വള രെവേഗം ബാധിക്കും. കൊളോണിയലിസം പുതിയ പല മാറ്റങ്ങളും കൊണ്ടു വന്നിട്ടുണ്ടെങ്കിലും ആധിപത്യമാണ് അതിന്റെ ആന്തരികസ്വഭാവം. ആധിപത്യം സ്ഥാപിച്ചെടുക്കുന്നതിനായി ജനങ്ങൾക്കിടയിൽ അധി നിവേശസംസ്കാരബോധം സൃഷ്ടിക്കപ്പെട്ടു. കാരണം സാമൂഹിക മാറ്റത്തെക്കാൾ സാംസ്കാരിക വ്യതിയാനമാണ് ജനങ്ങളിൽ വേഗ ത്തിൽ സ്വാധീനം ചെലുത്തുന്നത്. അതിനായി നിലവിലുള്ള സാം സ്കാരികവൈതൃകത്തെ നിരാകരിക്കാനും ഉന്മൂലനം ചെയ്യാനും ശ്രമിച്ചു. പകരം കൊളോണിയൽ സംസ്കാരത്തെ ഏറ്റവും ആദർശ പൂർണമായ ഒന്നായി ജനങ്ങളിലേക്ക് വ്യാപിപ്പിച്ചു. കോളനികളിലെ ജനത അധമരും അവരുടെ സംസ്കാരം അപരിഷ്കൃതവുമാണെന്ന ബോധമാണ് കോളനിവാഴ്ചക്കാർ അധിനിവേശിത രാജ്യങ്ങളിൽ പ്രചരിപ്പിച്ചിരുന്നത്. തങ്ങളുടെ മേൽക്കോയ്മയ്ക്കായി അവർ കോള നികളിലെ പ്രാചീനസംസ്കാരങ്ങളെയും ഉല്പാദനരീതികളെയും തകർത്തു. അതുവരെ നിലവിലുണ്ടായിരുന്ന തദ്ദേശീയ സംസ്കാ രത്തെ മാറ്റിമറിച്ച ജീവിതരീതികൾ, വസ്ത്രധാരണം, ഭക്ഷണം, ഭാഷ, വിദ്യാഭ്യാസ സമ്പ്രദായങ്ങൾ, ഭരണക്രമങ്ങൾ, നീതിന്യായ വ്യവസ്ഥകൾ, കല, സാഹിത്യം, തുടങ്ങിയ പാശ്ചാത്യമായ പലതും ഇവിടങ്ങളിൽ നിലവിൽവന്നു. ഇപ്പോഴും പാശ്ചാത്യമായതിനെല്ലാം കല്പിച്ചുകൊടുക്കുന്ന മുൻതൂക്കം ഈ സാംസ്കാരികാധിനിവേശം നൂറ്റാണ്ടുകൾക്കു ശേഷവും തുടരുന്നതുകൊണ്ടാണ്. കച്ചവടത്തി നായി എത്തിയവർ അധികാരികളായിത്തീർന്നതും ഭൗതികമായി കൊളോണിയലിസം അവസാനിച്ചിട്ടും മാനസികമായി അതിന്നും തുടരുന്നതിന്റെ കാരണങ്ങളി ലൊന്നും സാംസ്കാരിക മേൽക്കോ യ്മയാണ്.

**അപരോല്പാദനം**

സാംസ്കാരികമേധാവിത്വം സ്ഥാപിച്ചതിലൂടെ അധമരും അപരിഷ്കൃതരുമെന്നു മുദ്രകുത്തപ്പെട്ട മറ്റൊരു വിഭാഗത്തെ അധി

നിവേശം നിർമ്മിച്ചെടുത്തു. യൂറോപ്പാണ് ലോകത്തിന്റെ കേന്ദ്ര മെന്നും മറ്റെല്ലാം അതിനു കീഴെയാണെന്നുമുള്ള ധാരണ അധിനി വേശ അപരോല്പാദനത്തിൽ പ്രയോഗിക്കപ്പെട്ട ശക്തമായ ആശ യമാണ്. പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും വിരുദ്ധദ്വന്ദ്വങ്ങളാ യി മനുഷ്യരെ വിഭജിച്ചു. ഇതിൽ പൗരസ്ത്യരായ മൂന്നാംലോക ത്തെ ജനത അപരിഷ്കൃതരും മോശക്കാരും ദുശ്ശീലക്കാരുമാണെന്ന് ചിത്രീകരിക്കപ്പെട്ടു. പാശ്ചാത്യമായതെല്ലാം മികച്ചതും മറ്റുള്ളവ യെല്ലാം തരംതാഴ്ന്നതുമാണെന്ന ധാരണ തങ്ങളല്ലാത്ത ഒരപരസ മൂഹത്തെ സൃഷ്ടിക്കലാണ്. മോശക്കാരും ദുർബലരുമായി ചിത്രീക രിക്കുന്നതിലൂടെ അടിച്ചമർത്താനും ആധിപത്യം സ്ഥാപിക്കാനും അവർ അർഹരാണെന്ന ബോധനിർമ്മിതി കൂടിയാണ് നടക്കുന്നത്. അപരവല്ക്കരിക്കപ്പെട്ട ജനങ്ങൾക്കു മേൽനടക്കുന്ന എല്ലാത്തരം അതിക്രമങ്ങളുടെയും പിന്നിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയം ഇതാ ണ്. അധിനിവേശം എപ്രകാരമാണോ അപരങ്ങളെ നിർമ്മിച്ചത് അതേരീതിയിലാണ് മുതലാളിത്തവും ദേശരാഷ്ട്രങ്ങളും ഇത് തുട രുന്നത്. ഏകീകൃതമായ ഭരണകൂടസങ്കല്പത്തിൽ നിന്നാണ് രാഷ് ട്രത്തിന്റെ രൂപീകരണം. ഇത് അധികാരകേന്ദ്രീകരണത്തിന്റെ ഭാഗ മാണ്. അതുപോലെ തന്നെ ആഭ്യന്തരമോ ബാഹ്യമോ ആയ അധി നിവേശത്തിനെതിരെ രൂപംകൊണ്ട ദേശീയത എന്ന സങ്കല്പവും പിന്നീട് അപരജനതയെ നിർമ്മിച്ചെടുക്കുകയാണുണ്ടായത്. കൊ ളോണിയൽ കാലഘട്ടത്തിന്റെ വാർപ്പ് മാതൃകയിൽ അപരനിർമ്മിതി തുടരുന്നതിന്റെ ചരിത്രവും രാഷ്ട്രീയവും ഇതോടൊപ്പം പരിശോ ധിക്കേണ്ടതാണ്.

**ഭാഷ, സാഹിത്യം, സിനിമ - വായനയുടെയും നോട്ടത്തിന്റെയും കേന്ദ്രം**

ജ്ഞാനവിതരണപ്രക്രിയയിൽ അധികാരകേന്ദ്രങ്ങൾ കൃത്യ മായ ഇടപെടൽ നടത്താറുണ്ട്. ഇതിൽ ഭാഷ ഒരു പ്രധാനഘടക മാണ്. കൊളോണിയൽ കാലഘട്ടത്തിൽ നടന്ന ഇംഗ്ലീഷ് ഭാഷയുടെ ലോകവ്യാപകപ്രചാരണം ആശയപരമായ അധിനിവേശം നടപ്പിലാ ക്കുന്നതിന്റെ ഭാഗമായിരുന്നു. ആഫ്രിക്കയിലെയും ഏഷ്യയിലെയും

ജനങ്ങളെ ഇംഗ്ലീഷ്ഭാഷയും സാഹിത്യവും പഠിപ്പിച്ചതിലൂടെ ഇംഗ്ലീഷുകാർ നടപ്പിൽ വരുത്തിയത് ഇവിടങ്ങളിലെ രാജ്യങ്ങളെ ഭരിക്കാനുള്ള ഭൗതികസാഹചര്യത്തെക്കാളുപരി ഭരിക്കുന്നവന്റെ പ്രത്യയശാസ്ത്രത്തെ ഉൾക്കൊള്ളാനുള്ള മാനസിക കാലാവസ്ഥയാണ് (പി.പി രവീന്ദ്രൻ, ആധുനികാനന്തരം വിചാരം വായന, പു റം.94). ബ്രിട്ടീഷ് അധിനിവേശോപകരണങ്ങളിലൊന്ന് ഭാഷയായിരുന്നു എന്നതിന്റെ ദൃഷ്ടാന്തമായാണ് ലോകഭാഷയായി ഇംഗ്ലീഷ് ഇന്നും തുടരുന്നത്. ഇംഗ്ലീഷ് സാഹിത്യവും ഇംഗ്ലീഷ് വിദ്യാഭ്യാസവും ഇതിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ലോകസാഹിത്യമായി പാശ്ചാത്യസാഹിത്യം പരിഗണിക്കപ്പെടുകയും മറ്റെല്ലാ രാജ്യങ്ങളിലെയും സാഹിത്യത്തെ പ്രാദേശികസാഹിത്യമായി കരുതുന്നതിലും അധിനിവേശസ്വഭാവം പ്രവർത്തിക്കുന്നുണ്ട്. പാശ്ചാത്യ സംസ്കാരം ലോകമെങ്ങും പ്രചരിക്കപ്പെട്ടത് സാഹിത്യത്തിലൂടെയാണ്. സാഹിത്യമാണ് കോളനീകരണത്തെ ആശയലോകത്തും അനുഭൂതിയുടെ ലോകത്തും ഉറപ്പിക്കാൻ സഹായിച്ച പ്രത്യയശാസ്ത്രരൂപങ്ങളിലൊന്ന് (പി. പവിത്രൻ, കോളനിയനന്തരവാദം സംസ്കാരപഠനവും സൗന്ദര്യശാസ്ത്രവും, പുറം.11) എന്നത് സുപ്രധാനമായ വസ്തുതയാണ്. ഇംഗ്ലീഷ് ഭാഷയിൽ നിർമ്മിക്കപ്പെട്ട സാഹിത്യവും ചരിത്രവും ഇതര വിജ്ഞാനങ്ങളും മഹത്തരമെന്ന നിലയിൽ പ്രചരിക്കപ്പെട്ടതിനോടൊപ്പം യൂറോപ്പിന്റെ പ്രത്യയശാസ്ത്രവും ലോകമെമ്പാടും വ്യാപിച്ചു. മാനസികവും ബൗദ്ധികവുമായ ആധിപത്യം സ്ഥാപിക്കപ്പെട്ടത് ഭാഷയിലൂടെയാണ്. അതുപോലെതന്നെ പാശ്ചാത്യ സിനിമകളിലും മറ്റും ഏഷ്യ, ആഫ്രിക്ക എന്നിവിടങ്ങളിലെ മനുഷ്യരെ അവതരിപ്പിക്കുന്നത് ക്രൂരതയും മടിയും ദുശ്ശീലവും പൊതുസ്വഭാവമായിട്ടുള്ളവരും അസംസ്കൃതരും ആയിട്ടാണ്. അവരെ അടിമയാക്കി വയ്ക്കുന്നതിലോ കൊല്ലുന്നതിലോ യാതൊരു തെറ്റുമില്ലെന്ന ധാരണയാണ് ഈ സിനിമകൾ കാണികളിൽ ഉല്പാദിപ്പിക്കുന്നത്. ഇത്തരത്തിൽ വായനയുടെയും നോട്ടത്തിന്റെയും വീക്ഷണത്തിന്റെയും തലങ്ങളിൽ യൂറോകേന്ദ്രിതമായ കാഴ്ചപ്പാട് സൃഷ്ടിച്ചെടുക്കുന്നതിൽ ഭാഷയും സാഹിത്യവും സിനിമയും നിർണായകമായ പങ്ക് വഹിച്ചിട്ടുണ്ട്.

**കോളനിയനന്തരചിന്തകൾ**

ആയിരത്തിത്തൊള്ളായിരത്തി എഴുപതിനുശേഷമാണ് കോളനിയനന്തരവാദം ഒരു സൈദ്ധാന്തികപദ്ധതിയായി പ്രാധാന്യം നേടുന്നത്. കോളനിവിമോചനത്തിന്റെ ചരിത്രാനുഭവങ്ങൾ, അക്കാലത്തെ ധൈഷണികവികാസങ്ങൾ എന്നിവയെക്കുറിച്ചുള്ള അക്കാദമിക് പഠനങ്ങളായാണ് ഇത് ആരംഭിച്ചത്. ഇതിൽ കൊളോണിയൽ കാലഘട്ടത്തിലെ സാഹിത്യം കൂടുതൽ സൂക്ഷ്മമായി പഠിക്കപ്പെട്ടു. യഥാർത്ഥത്തിൽ കോമൺവെൽത്ത് സാഹിത്യം, മൂന്നാംലോക സാഹിത്യം എന്നൊക്കെ വിളിക്കപ്പെട്ടിരുന്ന സാഹിത്യത്തിലൂടെയാണ് കൊളോണിയൽ സ്വഭാവത്തെ ആദ്യമായി അടയാളപ്പെടുത്തിയത്. പിന്നീട് പോസ്റ്റ്കൊളോണിയൽ സാഹിത്യം എന്ന സംജ്ഞകൊണ്ടാണ് ഇതിനെ വിശേഷിപ്പിച്ചത്. ഇന്ത്യയിൽ ആർ.കെ നാരായൺ, നൈജീരിയൻ നോവലിസ്റ്റ് ചിനുവാഅച്ചെബെ എന്നിവർ ഇക്കൂട്ടത്തിൽ ശ്രദ്ധേയരായ എഴുത്തുകാരാണ്. പോസ്റ്റ്കൊളോണിയൽ സാഹിത്യം എന്ന രീതിയിൽ അധിനിവേശാനന്തര സാഹിത്യത്തെ വ്യവഹരിക്കുന്നതിൽനിന്നും മാറി ഓരോ ദേശത്തിന്റെയും മൗലികമായ സാഹിത്യം എന്നയർത്ഥത്തിലേക്ക് മാറിയിട്ടുണ്ടെന്നുകൂടി ഇതോടുചേർത്ത് സൂചിപ്പിച്ചുകൊള്ളട്ടെ. മിഷേൽ ഫൂക്കോയുടെ അധികാരത്തിന്റെ സൂക്ഷ്മഭൗതികം, അന്റോണിയോ ഗ്രാംഷി യുടെ ഹെജിമണി, ഫ്രാൻസ് ഫാനണിന്റെ അപകോളനീകരണം, എഡ്വേഡ് സെയ്ദിന്റെ പൗരസ്ത്യവാദം എന്നീ സിദ്ധാന്തങ്ങൾ കോളനിയനന്തര ചിന്തയെ സ്വാധീനിച്ചിട്ടുണ്ട്. എന്നാൽ ഫ്രാൻസ് ഫാനണിന്റെയും എഡ്വേഡ് സെയ്ദിന്റെയും ആശയങ്ങളാണ് കോളനിയനന്തരവാദത്തിന് അടിത്തറയൊരുക്കിയത്.

**അപകോളനീകരണവും പൗരസ്ത്യവാദവും**

ഫ്രാൻസ് ഫാനണിന്റെ ഭൂമിയിലെ പീഡിതർ (The wretched of the earth) എന്ന കൃതിയിലൂടെയാണ് കോളനിയനന്തര വിമർശനം ആരംഭിക്കുന്നത്. കോളനിവാഴ്ചയ്ക്ക് അടിപ്പെട്ട ജനത അവരുടെ സ്വത്വമാർജ്ജിക്കുന്നതിനു വേണ്ടിസ്വന്തം ഭൂതകാലം വീണ്ടെടുക്കണമെന്ന് ഫാനൺ വാദിച്ചു. ഭൗതികമായി കോളനിവാഴ്ച

അവസാനിച്ചുവെങ്കിലും മാനസികമായി തുടരുന്ന അധിനിവേശം അവസാനിപ്പിക്കാൻ അപകോളനീകരണം പൂർണമായി സാധ്യമാകണമെന്നായിരുന്നു അദ്ദേഹം മുന്നോട്ടുവച്ച വാദം. അദ്ദേഹത്തിന്റെ കറുത്ത തൊലി വെളുത്ത മുഖംമൂടികൾ (The black skin white masks) എന്ന ഗ്രന്ഥത്തിൽ കൊളോണിയൽ വംശീയത കറുത്തവരെയും വെളുത്തവരെയും വിരുദ്ധദ്വന്ദ്വങ്ങളായി നിർമ്മിച്ചുകൊണ്ടാണ് പാശ്ചാത്യമേൽക്കോയ്മ സ്ഥാപിച്ചതെന്ന് ചൂണ്ടിക്കാണിക്കുന്നു. ഇതിലൂടെയാണ് മാനസിക കോളനീകരണം നടപ്പിലാക്കിയതെന്നും ഇതൊരു അബോധരാഷ്ട്രീയ പ്രയോഗമാണെന്നും ഫാനൺ വ്യക്തമാക്കുന്നു. അതോടൊപ്പം അപകോളനീകരണം നടക്കേണ്ടത് ജനതയുടെ മാനസികഘടനയിലാണെന്നും അതിനായി സാമൂഹ്യബോധത്തെ മാറ്റിമറിക്കാൻ കഴിയുന്ന വിമോചന പോരാട്ടങ്ങൾ ഉണ്ടാവണമെന്നും അദ്ദേഹം നിർദ്ദേശിക്കുന്നു.

യൂറോപ്പിനെ കേന്ദ്രമാക്കുന്ന സാർവലൗകികതയെ പൊളിച്ചുകാട്ടിയത് എഡ്വേഡ് സെയ്ദാണ്. യൂറോപ്യമായതിനെല്ലാം മേൽക്കോയ്മയും അല്ലാത്തതിനെല്ലാം കീഴായ്മയും കൽപ്പിക്കുന്നതാണ് സാർവലൗകികത. സെയ്ദിന്റെ പൗരസ്ത്യവാദം (Orientalism) കോളനിയനന്തര പഠനത്തിലെ ഒരു ദിശാസൂചിയാ ണ്. യൂറോപ്യർ, തദ്ദേശീയരുടെമേൽ എങ്ങനെയാണ് രാഷ്ട്രീയാധികാരം നേടിയതെന്ന് സെയ്ദ് ഈ കൃതിയിൽ വിശദമാക്കുന്നു. പൗരസ്ത്യവാദം, അധികാരം നിലനിർത്താനും ആധിപത്യം സ്ഥാപിക്കാനുമുള്ള പാശ്ചാത്യരീതിയാണെന്നും അതിലൂടെ പാശ്ചാത്യ മേൽക്കോയ്മയാണ് സാധ്യമാക്കിയതെന്നും അദ്ദേഹം പറയുന്നു. പൗരസ്ത്യവാദം പാശ്ചാത്യരെയും പൗരസ്ത്യരെയും രണ്ട് വിഭാഗങ്ങളാക്കുകയും പൗരസ്ത്യം തരംതാഴ്ന്നതും അസംസ്കൃതവുമാണെന്ന ധാരണ പാശ്ചാത്യർ സൃഷ്ടിച്ചെടുക്കുകയും ചെയ്തു. പൗരസ്ത്യവാദത്തിലൂടെ ഈ കാഴ്ചപ്പാടുകളെ നിരാകരിക്കാനാണ് സെയ്ദ് ശ്രമിച്ചത്. ഇത്തരം ദ്വന്ദ്വബോധങ്ങളെ അപനിർമ്മിച്ചാൽ മാത്രമേ ജനതയ്ക്ക് സ്വത്വം വീണ്ടെടുക്കാൻ കഴിയുകയുള്ളൂയെന്ന ആശയമാണ് സെയ്ദ് മുന്നോട്ടുവച്ചത്.

**സ്വത്വബോധങ്ങളുടെ വീണ്ടെടുപ്പുകൾ**

സാംസ്കാരികസ്വത്വങ്ങളുടെ യഥാർത്ഥസ്വഭാവം അന്വേഷിക്കുകയും അതിൽനിന്നും തദ്ദേശീയ ജനത ഭൂതകാലത്തെ വീണ്ടെടുക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്താനുമാണ് ഹോമി. കെ. ഭാഭ ശ്രമിച്ചത്. അധിനിവേശത്തിന് മുൻപുള്ള ഭൂതകാലവും പൂർണമായും അപകോളനീകരിക്കപ്പെടാത്ത വർത്തമാനകാലവും തമ്മിൽ സംഘർഷം നടക്കുന്നുണ്ട്. അധിനിവേശത്തിലൂടെ ഒരു സാങ്കര്യാവസ്ഥ രൂപപ്പെട്ടിട്ടുണ്ട്. അതായത് തദ്ദേശീയസംസ്കാരത്തെ പൂർണമായും തള്ളിക്കളയാതെ, രക്തത്തിലും നിറത്തിലും ഇന്ത്യക്കാരും വീക്ഷണത്തിലും ധാർമ്മികതയിലും ഇംഗ്ലീഷുകാരുമായ ജനതയെയാണ് അധിനിവേശം സൃഷ്ടിച്ചെടുത്തതെന്ന് ഹോമി. കെ. ഭാഭ പറയുന്നു. എന്നു മാത്രമല്ല, പാശ്ചാത്യസം സ്കാരമാണ് മികച്ചതെന്ന ചിന്ത തദ്ദേശീയരിൽ ഉണ്ടാക്കിയെടുക്കുകയും ചെയ്തു. ഈയൊരു സാങ്കര്യാവസ്ഥയിൽ ജനതയ്ക്ക് യഥാർത്ഥ സ്വത്വം നഷ്ടമായി. ഇതിൽനിന്നും തദ്ദേശീയ ജനതയെ മോചിപ്പിക്കാൻ സ്വത്വാന്വേഷണത്തിന്റെ പ്രാധാന്യം ഭാഭ വ്യക്തമാക്കുന്നു.

സാമ്രാജ്യത്വവും കോളനീകരണവും എങ്ങനെയാണ് അധിനിവേശിത പ്രദേശത്തെ ജനതയുടെ ദേശസ്വത്വം ഇല്ലാതെയാക്കുന്നതെന്ന് ഗായത്രി ചക്രവർത്തി സ്പിവാക്ക് വിശദമാക്കുന്നു. തദ്ദേശസ്വത്വം അപരിഷ്കൃതമാണെന്ന തോന്നൽ ജനങ്ങളിൽ നിർമ്മിച്ചെടുക്കുകയും യൂറോപ്യൻസ്വത്വം ഉദാത്തവൽക്കരിച്ചുമാണ് ഇത് നടപ്പിലാക്കുന്നത്. ഇത്തരത്തിൽ അധിനിവേശരാജ്യത്തിന്റെ സംസ്കാരവും സ്വത്വവും അധിനിവേശിത രാജ്യത്ത് വേർതിരിച്ചെടുക്കാനാവാത്തവിധം ഇടകലർന്നിട്ടുണ്ട്. കോളനിയനന്തരപഠനങ്ങളിലൂടെയാണ് ഇത് തിരിച്ചറിയപ്പെട്ടത്. സ്പിവാക്കിന്റെ ക്യാൻ ദസ ബാൾട്ടേൻ സ്പീക്ക് (Can the subaltern speak) കോളനിയനന്തര പഠനങ്ങളെ വിലയിരുത്തുന്ന പ്രബന്ധമാണ്. നവകൊളോണിയലിസം, കീഴാളത, ദേശീയചരിത്രവുമായി ബന്ധപ്പെട്ട സ്വത്വം തുടങ്ങിയ ആശയങ്ങൾ സ്പിവാക്ക് അവതരിപ്പിക്കുന്നുണ്ട്. മാനസികതലത്തിൽ നടന്ന സാംസ്കാരിക അപഹരണത്തിൽനിന്നും അധിനിവേശിത ജനതയെ വിമോചിപ്പിക്കണമെങ്കിൽ അധിനിവേശ

രാഷ്ട്രങ്ങൾ തകർത്തുകളഞ്ഞ പ്രാദേശിക സംസ്കാരത്തെ വീണ്ടെടുക്കണമെന്ന് സ്പിവാക്ക് പറയുന്നു.

**ഭാഷാപ്രതിരോധം**

കോളനിയനന്തരവാദത്തിൽ ഭാഷയെ മുൻനിർത്തിയുള്ള ചിന്തകൾ അവതരിപ്പിച്ചത് ഗൂഗിവാതി ഓംഗോ ആണ്. തദ്ദേശീയ ഭാഷകളെ ഇല്ലാതാക്കിക്കൊണ്ട് രാജ്യങ്ങളെ കീഴ്പ്പെടുത്തുന്ന കൊളോണിയൽ രീതിശാസ്ത്രത്തെപ്പറ്റിയാണ് അദ്ദേഹം പറയുന്നത്. ആശയവിനിമയ ഉപാധിയായ ഭാഷ അതത് ദേശത്തിന്റെ പ്രതീകവുമാണ്. ഭാഷ ദേശത്തെ വഹിക്കുന്ന ശക്തികേന്ദ്രമാണെന്നും, ഭാഷ പിടിച്ചെടുത്തതിലൂടെ ആ സംസ്കാരങ്ങളെ നശിപ്പിക്കുകയാണ് യൂറോപ്പ് ചെയ്തതെന്നും ഗൂഗിവാതി വിശദമാക്കുന്നു. തദ്ദേശീയ ജനതയിൽ അന്യതാബോധം സൃഷ്ടിക്കുന്നതിൽ കൊളോണിയൽ ഭാഷ വലിയപങ്ക് വഹിച്ചിട്ടുണ്ട്. ഒരു ദേശത്തിന്റെ ചരിത്രാനുഭവങ്ങളുടെ ഓർമ്മ നിലനിൽക്കുന്നത് ഭാഷയിലൂടെയാണ്. ഭാഷ നശിപ്പിക്കപ്പെടുന്നതിലൂടെ ഇല്ലാതെയാകുന്നത് ചരിത്രവും കൂടിയാണ്. ഭാഷ അധീശത്വത്തിനുള്ള മാർഗം മാത്രമല്ലെന്നും അവയ്ക്കെതിരെയുള്ള പ്രതിരോധത്തിന്റെ ആയുധമാണെന്നും ഗൂഗിവാതി വാദിക്കുന്നു. അതിനായി കൊളോണിയൽ ഭാഷാബോധത്തിൽനിന്ന് സ്വതന്ത്രമാകാൻ ദേശഭാഷയെ പുനരുജ്ജീവിപ്പിക്കണമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു.

ഇത് കൂടാതെ, ഐജാസ് അഹമ്മദ്(In theory), പോൾറിൽ റോയ് (The black Atlantic), ആൻ മക്ലിന്റോയ്(Imperial letter), റോബർട്ട് യങ് (White mythologies, Colonial desair) തുടങ്ങി നിരവധി സൈദ്ധാന്തികർ ഈ മേഖലയിൽ സജീവമാണ്. ആശിഷ്നന്ദിയുടെ The intimate enemy ഇക്കൂട്ടത്തിൽ ശ്രദ്ധേയമായ ഗ്രന്ഥമാണ്. അധിനിവേശഫലമായി രൂപംകൊള്ളുന്ന സാങ്കര്യാവസ്ഥ തദ്ദേശീയർക്കും അധിനിവേശകർക്കും ഇടയിൽ യോജിക്കാനാവാത്ത ശത്രുതയാണ് ഉണ്ടാക്കിയെടുക്കുന്നതെന്ന് ബെനിതപാരിയും ആശിഷ്നന്ദിയും പറയുന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെയും നവോത്ഥാനപ്രവർത്തനങ്ങളുടെയും ശക്തികേന്ദ്രമായി പ്രവർത്തിച്ചത് അധിനി

വേശവിരുദ്ധ മനോഭാവമാണ്. ഗാന്ധിജി ആഹ്വാനംചെയ്ത പൂർണ്ണ സ്വരാജ് ഈയർത്ഥത്തിൽ പ്രാധാന്യമർഹിക്കുന്നതാണ്. റൊമില ഥാപ്പർ, ഡി. ഡി. കൊസാംബി, ആർ. എസ്സ്. ശർമ്മ, ഐജാസ് അഹമ്മദ്, ഇർഫാൻ ഹബീബ്, അസ്ഗർ അലി തുടങ്ങിയവർ അധിനിവേശവിരുദ്ധ ചരിത്രരചനയിൽ ശ്രദ്ധപതിപ്പിച്ചവരാണ്.

## കോളനിയനന്തരവായനയുടെ പ്രസക്തിയും നവ കോളനീകരണവും

കോളനിയനന്തരചിന്തയുടെ ഭാഗമായി കോളനിവാഴ്ചക്കാലത്തുണ്ടായ ഭൗതികവും സാമൂഹികവും സാംസ്കാരികവും ചരിത്രപരവും കലാസാഹിത്യപരവുമായ സൃഷ്ടികളെല്ലാം പുനർവായിക്കപ്പെട്ടു. കൊളോണിയൽ പ്രത്യയശാസ്ത്രത്തിന്റെ പൊളിച്ചെഴുത്താണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്. കൊളോണിയൽ ഭൂതകാലത്തെയും അധിനിവേശാനന്തരതയേയും തുടരുന്ന മാനസികാടിമത്തത്തിന്റെ വർത്തമാനകാലത്തെയും താരതമ്യപ്പെടുത്തിക്കൊണ്ടാണ് കോളനിയനന്തര വായന നടത്തുന്നത്. കൊളോണിയൽ കാലഘട്ടത്തിലെഴുതിയ കൃതികളിലെ അധിനിവേശ സ്വാധീനത്തെയും അനുകരണത്തെയും വിശകലനം ചെയ്യുകയാണ് കോളനിയനന്തരവാ യനയുടെ ഒരുഘട്ടമെന്ന് ഫ്രാൻസ് ഫാനൺ പറയുന്നു. രണ്ടാം ഘട്ടം, തികച്ചും മൗലികമായ കൃതികളുടെ വായനയാണ്. കൊളോണിയലിസത്തിനെതിരെയുള്ള പ്രതികരണമെന്ന നിലയിൽ ഉണ്ടായിട്ടുള്ള കൃതികളാണിവ. സാഹിത്യത്തിന്റെ കോളനിയനന്തര വായനപോലെതന്നെ പ്രധാനമായ മറ്റൊന്നാണ് സൗന്ദര്യശാസ്ത്രത്തിന്റെ അപകോളനീകരണം. കൊളോണിയൽ യുക്തിയും വീക്ഷണവും അധിനിവേശിത ജനതയിൽ പ്രവർത്തിക്കുകയും അത് തലമുറകളിലേക്ക് പകർന്നു കൊടുക്കപ്പെടുകയും ചെയ്തിട്ടുണ്ട്. തന്റെ നോട്ടം യൂറോ കേന്ദ്രീകരണബോധമാണെന്ന് തിരിച്ചറിയാൻ സാധിക്കാത്തവിധം അത് സാമൂഹ്യജീവിതത്തിൽ കലർന്നിട്ടുണ്ട്. അതിനാൽ അനുഭൂതിയുടെ തലങ്ങളിൽ തുടരുന്ന കൊളോണിയൽ യുക്തിയുടെ നിരാകരണവും കോളനിയനന്തര വായനയിലൂടെ നേടിയെടുക്കേണ്ടതാണ്.

കോളനിയനന്തരവായന ഇന്നെത്തി നിൽക്കുന്നത് നിയോ കൊളോണിയലിസത്തിന്റെ യുക്തികൾ തിരിച്ചറിയുന്നിടത്താണ്. സാമ്രാജ്യത്വത്തിന്റെ ഏറ്റവും അപകടകരമായ ഘട്ടത്തെയാണ് നിയോകൊളോണിയലിസം പ്രതിനിധാനം ചെയ്യുന്നതെന്ന് ചൂണ്ടിക്കാണിച്ചവരിൽ പ്രധാനി ക്വാമെ എൻക്രൂമയാണ്. കൊളോണിയൽ പ്രദേശമാക്കി രാജ്യങ്ങളെ മാറ്റാൻ പുതിയകാല അധിനിവേശത്തിന് സാധിക്കുന്നില്ല. എന്നാൽ സാമ്പത്തികമേഖലയിലും സൈനികമേഖലയിലും ആധിപത്യം പുലർത്തിക്കൊണ്ട് തങ്ങളുടെ രാഷ്ട്രീയ നയങ്ങൾ നടപ്പിലാക്കാൻ കഴിയുന്നു എന്നതാണ് അപകടകരമായ അവസ്ഥ. നിയോകൊളോണിയൽ സമ്പദ് വ്യവസ്ഥ ദരിദ്ര-സമ്പന്ന രാഷ്ട്രദ്വന്ദ്വങ്ങൾ സൃഷ്ടിച്ചെടുക്കുകയും ദരിദ്രരാഷ്ട്രങ്ങളെ സാമ്രാജ്യത്വസാമ്പത്തികശക്തികളുടെ നിയന്ത്രണത്തിൻ കീഴിലാക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ഭീകരമായ ചൂഷണമാണ് നിയോകൊളോണിയലിസത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇക്കൂട്ടത്തിൽ അമേരിക്കയാണ് ഒരു പ്രധാന സാമ്രാജ്യത്വശക്തി. സാമ്രാജ്യത്വരാജ്യങ്ങൾക്കകത്ത് രൂപപ്പെടുന്ന വിപ്ലവാശയങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടും ഐക്യങ്ങൾ വഴിയും മാത്രമേ നിയോകൊളോണിയലിസത്തെ ചെറുക്കാൻകഴിയൂ എന്ന എൻക്രൂമയുടെ അഭിപ്രായം കുറേക്കൂടി ശക്തമായി പ്രായോഗികമാക്കിത്തീർക്കേണ്ടതുണ്ട്. ഓരോ ചുവടിലും അധിനിവേശസ്വഭാവത്തെ തിരിച്ചറിഞ്ഞും അപനിർമ്മിച്ചും പ്രതിരോധിച്ചും മുന്നോട്ടുപോകേണ്ടതിന്റെ സൂക്ഷ്മബോധ്യങ്ങളെയാണ് കോളനിയനന്തരവാദം ഓർമ്മപ്പെടുത്തുന്നത്. അത് മുതലാളിത്തം വച്ചുനീട്ടുന്ന സ്വാതന്ത്ര്യത്തിനപ്പുറമുള്ള തുല്യതയുടെയും ബഹുസ്വരതയുടെയും ചൂഷണരഹിതമായ ലോകത്തെ വിഭാവനം ചെയ്യുന്നു.

## ഗ്രന്ഥസൂചി


1) പണിക്കർ, കെ.എൻ,(ഡോ.) കൊളോണിയലിസം സംസ്കാരം പാരമ്പര്യ ബുദ്ധിജീവികൾ, ചിന്ത പബ്ലിക്കേഷൻസ്, 2008

2) പണിക്കർ, കെ.എൻ, (ഡോ.) സംസ്കാരവും ദേശീയതയും, കറന്റ് ബുക്സ്, 2010

3) രവീന്ദ്രൻ, പി.പി, (ഡോ.) ആധുനികാനന്തരം വിചാരം വായന, കറന്റ് ബുക്സ്, 1999

4) രവീന്ദ്രൻ, പി.പി, (ഡോ.) വീണ്ടെടുപ്പുകൾ സാഹിത്യം സംസ്കാരം ആഗോളത, ഡി. സി ബുക്സ്, 2006

5) രവീന്ദ്രൻ, പി.പി, (ഡോ.) സംസ്കാരപഠനം ഒരു ആമുഖം, ഡി.സി ബുക്സ്, 2002

6) രാധിക, സി.നായർ, സമകാലിക സാഹിത്യ സിദ്ധാന്തം ഒരു പാഠപുസ്തകം, കറന്റ് ബുക്സ്, 2007

7) ലീലാഗാന്ധി, പോസ്റ്റ് കൊളോണിയൽ തിയറി, അലൻ, അൻവിൻ, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി, 1998

8) രാഘേഷ് ആർ, അധിനിവേശപ്രതിഫലനം സാംസ്കാരിക തലത്തിൽ-തെരഞ്ഞെടുത്ത മലയാളനോവലുകളെ അടിസ്ഥാനമാക്കി ഒരുഅപഗ്രഥനം,മലയാളവിഭാഗം, കേരളസർവകലാശാല, കാര്യവട്ടം, 2014

**ഇംഗ്ലീഷ് ഗ്രന്ഥങ്ങൾ**

1) Peter Barry, Beginning Theory- An Introduction to Literary and Cultural Theory, Machester University Press, 2002.

■■■

# നവചരിത്രവാദം: സിദ്ധാന്തവും പ്രയോഗവും

**പ്രിയങ്ക ഗോവിന്ദ്**

ഗവേഷക, മലയാളവിഭാഗം

കേരള സർവ്വകലാശാല

**സംഗ്രഹം**

ഉത്തരാധുനികതയുടെ ഭാഗമായി 1980കളിൽ ഉരുത്തിരിഞ്ഞുവന്ന ഒരു സാഹിത്യവിശകലനപദ്ധതിയാണ് നവചരിത്രവാദം. പഴയ ചരിത്രവാദത്തിന്റെ രീതിയിൽനിന്നും വ്യത്യസ്തമായി, സാഹിത്യം ചരിത്രപരമാണെന്നും നിരവധി ആശയലോകങ്ങളിൽ രൂപീകരിക്കപ്പെടുന്ന സാമൂഹികവും സാംസ്കാരികവുമായ ഒരു നിർമിതിയാണെന്നും നവചരിത്രവാദം പറയുന്നു. സാഹിത്യകൃതിയുടെ ഘടനയിലും ഭാഷയിലും മാത്രം ശ്രദ്ധയൂന്നിയ ജർമൻ-ഫ്രഞ്ച് ചിന്താപദ്ധതികൾ ആംഗ്ലോ-അമേരിക്കൻ സർവ്വകലാശാലകളിൽ മേൽക്കോയ്മ നേടിയപ്പോൾ അതിനെതിരായിട്ടുകൂടിയാണ് നവചരിത്രവാദം ആവിർഭവിച്ചത്. യാഥാർഥ്യവും സാഹിത്യപാഠവും തമ്മിലും ചരിത്രവും സംസ്കാരവും തമ്മിലും അതിർത്തികൾ സൃഷ്ടിക്കുന്ന സാമൂഹികശക്തികളെ അത് പഠനവിധേയമാക്കുന്നു. സാഹിത്യവിശകലനരീതിയിൽ ചരിത്രത്തിന്റെ പ്രാധാന്യം തിരിച്ചുപിടിക്കുകയായിരുന്നു നവചരിത്രവാദികൾ ചെയ്തത്. നവോത്ഥാനകാലത്തെ മനുഷ്യസ്വത്വബോധങ്ങളുടെയും സാഹിത്യകഥാപാത്രങ്ങളുടെയും വികാസവ്യതിയാനങ്ങളെ വിശദമായി പഠിക്കുന്ന നവചരിത്രവാദികൾ ഏത് പരിവർത്തനവും മറ്റുപലതുമായി ബന്ധ

പ്പെട്ടുനിൽക്കുന്നു എന്നും, യാതൊന്നും ഒറ്റപ്പെട്ടുനിൽക്കുന്നവയല്ല എന്നുമുള്ള വാദത്തിലെത്തുന്നു.

**താക്കോൽ വാക്കുകൾ**

പാഠം (Text), പ്രത്യയശാസ്ത്രം (Ideology), ചരിത്രനിർമ്മിതി, നവചരിത്രവാദം, സാമൂഹികവിജ്ഞാനീയം

**ആമുഖം**

ശാസ്ത്രത്തെ ജ്ഞാനത്തിന്റെ മാനദണ്ഡമായിക്കണ്ട് സാഹിത്യപഠനത്തെ ശാസ്ത്രത്തോടടുപ്പിക്കാനും വിമർശനത്തിൽ ശാസ്ത്രീയതയുടെയും വസ്തുനിഷ്ഠതയുടെയും മൂല്യങ്ങൾ നിറയ്ക്കാനുമായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ വിമർശകർ ശ്രമിച്ചിരുന്നത്. എന്നാൽ സാഹിത്യപഠനം കൂടുതൽ ശാസ്ത്രീയമായപ്പോൾ ചരിത്രം സാഹിത്യത്തിൽനിന്നു പുറത്തായി. പാഠ്യേതരമായ എല്ലാ ഘടകങ്ങളെയും നിരാകരിച്ചുകൊണ്ട് കടന്നുവന്ന നവവിമർശനം രചനയുടെയും വായനയുടെയും എല്ലാ ചരിത്രസന്ദർഭങ്ങളിൽനിന്നും കൃതിയെ പൂർണമായി അടർത്തിയെടുക്കുകകൂടി ചെയ്തതോടെ സാഹിത്യകൃതിയെ ചരിത്രനിരപേക്ഷമായ ഒന്നായി ലോകം വ്യാഖ്യാനിച്ചു തുടങ്ങി. പിന്നീടുവന്ന ഘടനാവാദവും നവവിമർശകരുടെ പാത തന്നെയാണ് സ്വീകരിച്ചത്. സാഹിത്യകൃതികളെ ബാഹ്യമായ യാഥാർഥ്യത്തിന്റെ പ്രതിബിംബങ്ങളോ പ്രതിനിധീകരണങ്ങളോ ആയി കണക്കാക്കുന്ന സാമ്പ്രദായികവീക്ഷണത്തെ ഘടനാവാദം പൂർണമായും നിരാകരിച്ചു. ഘടനാവാദാനന്തരചിന്തകനായ ദറിദയും ഏതാണ്ട് ഇതേ ചിന്താഗതിയാണു പിന്തുടർന്നത്. പാഠത്തിനുപുറത്ത് ഒന്നുമില്ല എന്ന ദറിദയുടെ പ്രഖ്യാപനം ഇതിന് തെളിവാണ്.

മേൽപ്പറഞ്ഞ ഘട്ടത്തിലാണ് പുതിയ ചരിത്രരചനകളുമായി മിഷേൽ ഫൂക്കോ രംഗത്തുവന്നതും സാമ്പ്രദായികമായ ചരിത്രരചനയെ നിരാകരിച്ച് ചരിത്രത്തെ സംബന്ധിച്ച പുതിയ കാഴ്ചപ്പാടുകൾ അവതരിപ്പിച്ചതും. ഫൂക്കോയുടെ സ്വാധീനം ഉൾക്കൊണ്ട ഒരു വിഭാഗം വർത്തമാനവും ഭൂതകാലവും തമ്മിലുള്ള വൈരുധ്യാത്മകബന്ധങ്ങളുടെ ആഖ്യാനപരമായ ആവിഷ്കാരമാണ് ചരിത്രം

എന്ന വാദത്തിൽ എത്തിച്ചേർന്നു. നിരന്തരം മാറുകയും അന്യോന്യം വിയോജിക്കുകയും ചെയ്യുന്ന അനേകം ചരിത്രങ്ങൾ ഉണ്ട് എന്ന നിലപാടിൽ നിന്നുകൊണ്ടാണ് ഇവരുടെ ചിന്തകൾ വികസിക്കുന്നത്. സ്വന്തം കാലത്തിന്റെയും സ്ഥലത്തിന്റെയും സ്വാധീനത്തിൽ നിന്നു മുക്തമായി ഭൂതകാലത്തെ അതേപടി കണ്ടെത്തുകയോ പുനർനിർമിക്കുയോ അസാധ്യമാണെന്നു കണ്ടെത്തിയ ഇവരിൽ നിന്നാണ് നവചരിത്രവാദസംബന്ധിയായ ചിന്തകൾ ആദ്യം ഉടലെടുക്കുന്നത്.

സ്റ്റീഫൻ ഗ്രീൻബ്ലാറ്റ് 1982ൽ ഴാനർ എന്ന പ്രസിദ്ധീകരണത്തിലെഴുതിയ ഒരു ലേഖനത്തിലാണ് നവചരിത്രവാദം അഥവാ ന്യൂ ഹിസ്റ്റോറിസിസം എന്ന പ്രയോഗം ആദ്യമായി കടന്നുവരുന്നത്. ലൂയിമൺ ജോസ്, ജെറോം മക്ഗാൻ, ബുക്ക് തോമസ് എന്നിവരാണ് നവചരിത്രവാദത്തിന്റെ മറ്റു മുഖ്യവക്താക്കൾ. ഗ്രീൻബ്ലാറ്റിന്റെ ഷെയ്ക്സ്പീരിയൻ നെഗോഷിയേഷൻസ്, ക്ളെയർ കോൾബ്രൂക്കിന്റെ ന്യൂലിറ്റററി ഹിസ്റ്ററീസ്, അരാംഗന്റെ ദ ന്യൂ ഹിസ്റ്റോ റിസിസം ആൻഡ് കൾച്ചറൽ മെറ്റീരിയലിസം തുടങ്ങിയവയാണ് നവചരിത്രവാദശാഖയിലെ മുഖ്യകൃതികൾ. കാലിഫോർണിയ സർവ്വകലാശാല പ്രസിദ്ധീകരിക്കുന്ന 'റപ്രസന്റേഷൻസ്' എന്ന ജേർണലാണ് നവചരിത്രവാദികളുടെ മുഖപത്രം.

**നവചരിത്രവാദം**

സാഹിത്യസിദ്ധാന്തങ്ങളുടെ കൂട്ടത്തിലാണ് നവചരിത്രവാദത്തെ ഉൾപ്പെടുത്താറുള്ളതെങ്കിലും പലവിധ പ്രായോഗിക വിമർശനരീതികളുടെ ഒരു സമാഹാരമാണിത്. മാർക്സിസം, ഫെമിനിസം, അപനിർമാണം, മനോവിശ്ലേഷണം, സാമൂഹ്യശാസ്ത്രം, നരവംശശാസ്ത്രം, സാംസ്കാരികസിദ്ധാന്തം തുടങ്ങിയവയുടെയൊക്കെ സ്വാധീനം നവചരിത്രവാദത്തിൽ കാണാം. എന്നാൽ ഘടനാവാദം, അപനിർമ്മാണം, മാർക്സിസം തുടങ്ങിയ ആശയപദ്ധതികളെപ്പോലെ തത്ത്വശാസ്ത്രത്തോടും സാമൂഹിക സിദ്ധാന്തങ്ങളോടും ബന്ധപ്പെട്ടല്ല നവചരിത്രവാദം വികസിച്ചത്. അതിന് പ്രത്യേകിച്ചൊരു സൈദ്ധാന്തിക ബന്ധമില്ലെന്നു പറയാം. പുതിയ

ചരിത്രവസ്തുതകളെയും രേഖകളെയുമാണ് അത് മുഖ്യമായും ആശ്രയിക്കുന്നത്. പൂർവസ്ഥിതമായ പ്രത്യയശാസ്ത്രങ്ങളെയോ ലോകചരിത്രങ്ങളെയോ ആശ്രയിക്കാതെ ചരിത്രസ്രോതസ്സുകളെ നേരിട്ടാശ്രയിക്കുകയെന്നതാണ് നവചരിത്രവാദത്തിന്റെ രീതി. ചരിത്രത്തെപ്പറ്റി പഠിക്കുമ്പോൾ സാധാരണഗതിയിൽ തള്ളിക്കളയുന്ന നിസാരമെന്നു തോന്നിയേക്കാവുന്ന വസ്തുതകളിലും പുരാവൃത്തങ്ങളിലും സാന്ദർഭികകാര്യങ്ങളിലും വൈചിത്ര്യങ്ങളിലും നവചരിത്രവാദികൾ കൂടുതൽ ശ്രദ്ധിക്കുന്നു. ചരിത്രം സാമ്പത്തികശക്തികളാൽ നിയന്ത്രിക്കപ്പെടുന്നതായി വീക്ഷിക്കുന്ന മാർക്സിസ്റ്റ് സമീപനത്തിൽനിന്നും നവചരിത്രവാദം വ്യത്യസ്തമാണ്. എന്നാൽ അവഗണിക്കപ്പെടുകയും പാർശ്വവൽകൃതമാകുകയും ചെയ്തവരെ കേന്ദ്രസ്ഥാനത്തേക്കു കൊണ്ടുവരിക എന്നത് മാർക്സിസത്തിന്റെ എന്നതുപോലെ നവചരിത്രവാദത്തിന്റെയും ലക്ഷ്യമാകുന്നു. മറക്കപ്പെടുകയോ വിട്ടുകളയപ്പെടുകയോ ചെയ്തത് മനുഷ്യബോധത്തിലേക്കു തിരിച്ചുകൊണ്ടുവരികയാണ് നവചരിത്രവാദികൾ ചെയ്യുന്നത്.

വ്യക്തിഗതമായ ചരിത്രനിർമിതി എന്ന ആശയത്തെ തകർക്കുന്നതാണ് നവചരിത്രവാദം. അനേകം പാഠങ്ങളുള്ള ഒന്നായി അത് ചരിത്രത്തെ മനസിലാക്കുന്നു. അധികാരത്തിനെതിരായ എതിർപ്പുകളായി അംഗീകരിക്കപ്പെട്ടിരുന്നവ അധികാരവ്യവസ്ഥയുടെ ഭാഗം തന്നെയാണെന്ന് കണ്ടെത്തുന്നു. ഇതിലെല്ലാമുപരി ചരിത്രവിജ്ഞാനത്തിന്റെ സങ്കുചിതമായ അതിർത്തികളെ അതിജീവിക്കാനും നവചരിത്രവാദത്തിനു കഴിയുന്നു.

മനുഷ്യന്റെ എല്ലാ മണ്ഡലങ്ങളെയും ചരിത്രം പ്രതിനിധാനം ചെയ്യുന്നുണ്ട്. മുൻപ് പൊതുവേ രാഷ്ട്രീയ സംഭവവികാസങ്ങളെ മാത്രമേ ചരിത്രമായി പരിഗണിച്ചിരുന്നുള്ളു. മാറിയ സിദ്ധാന്തങ്ങളുടെയും രീതിശാസ്ത്രത്തിന്റെയും വെളിച്ചത്തിൽ മനുഷ്യന്റെ വിവിധ മണ്ഡലങ്ങളെ ചരിത്രം പഠനവിധേയമാക്കുന്നുണ്ട്. ഇപ്രകാരമുള്ള ചരിത്രം, സാമൂഹ്യവിജ്ഞാനീയം, നരവംശശാസ്ത്രം, രാഷ്ട്രവിജ്ഞാനീയം, സാമ്പത്തികശാസ്ത്രം എന്നീ ജ്ഞാനശാസ്ത്ര

ങ്ങളുടെ വേറിട്ടുള്ള നിലനിൽപ്പിനെ നവചരിത്രവാദം ചോദ്യം ചെയ്യുന്നു. എല്ലാ വിജ്ഞാനശാഖകളും ചരിത്രവുമായി ബന്ധപ്പെടുന്നുണ്ടെന്നാണ് നവചരിത്രവാദം സൂചിപ്പിക്കുന്നത്.

ന്യൂക്രിട്ടിസിസത്തിന്റെയും ഘടനാവാദത്തിന്റെയും പശ്ചാത്തലത്തിൽ സാഹിത്യവിമർശനത്തിൽ നിന്ന് അപ്രത്യക്ഷമായ ചരിത്രം സാഹിത്യവിമർശനത്തിലേക്കു പുനരാനയിക്കപ്പെട്ടത് നവചരിത്രവാദത്തിലൂടെയായിരുന്നു. ഒരേ ചരിത്രകാലഘട്ടത്തിലെ സാഹിതീയവും അസാഹിതീയവുമായ പാഠങ്ങളുടെ സമാന്തര വായനയിൽ അധിഷ്ഠിതമായ ഒരു സമീപനമെന്നു നവചരിത്രവാദത്തെ നിർവചിക്കാം. നവചരിത്രവാദമനുസരിച്ച് ചരിത്രവും സാഹിത്യവുമെല്ലാം ഓരോ പാഠങ്ങളാണ്. ഭൂതകാലത്തെക്കുറിച്ച് രേഖപ്പെടുത്തിയ പാഠമാണ് ചരിത്രമെങ്കിൽ സാഹിത്യമെന്നത് ഒരു സാംസ്കാരികപാഠമാണ്. ഇതിൻ പ്രകാരം ഓരോ സാഹിത്യപാഠവും ഓരോ പ്രത്യേക കാലത്തിന്റെയും സമയത്തിന്റെയും സമഗ്രമായ സാംസ്കാരികതയെ ഉൾക്കൊള്ളുന്നു. അതിൽ അതതു കാലത്തെ സ്ഥാപനങ്ങളും, വ്യവഹാരങ്ങളും, സാമൂഹികാചാരങ്ങളും എല്ലാം ഉൾച്ചേരുന്നുണ്ട്. അങ്ങനെ വിവിധ സാംസ്കാരിക ശക്തികളുടെയും ചിഹ്നങ്ങളുടെയും ഉൽപ്പന്നവും ഉൽപ്പാദകനുമായി ഏതൊരു സാഹിത്യരൂപവും മാറുന്നു. സാഹിത്യത്തെ മുന്നരങ്ങിലും ചരിത്രത്തെ പിന്നരങ്ങിലും നിർത്തിക്കൊണ്ടുള്ള പഠനത്തെ നവചരിത്രവാദം നിരാകരിക്കുന്നു. സാഹിതീയവും അസാഹിതീയവുമായ പാഠങ്ങൾക്കു അത് സമപ്രാധാന്യമാണു നൽകുന്നത്. എന്തുകൊണ്ടെന്നാൽ പരസ്പരം ഇടപെടുന്ന പാഠങ്ങളണവ. ചരിത്രത്തിന്റെ നിർണ്ണായകാവസ്ഥയെ തകിടം മറിക്കുകയോ ചോദ്യം ചെയ്യപ്പെടുകയോ തുറക്കപ്പെടുകയോ ചെയ്യാൻ കെൽപ്പുള്ള ഒന്നാണ് സാഹിത്യം എന്നവിശ്വാസമാണ് നവചരിത്രവാദത്തിനുള്ളത്. ഇത്തരത്തിൽ സാഹിത്യവും ചരിത്രവും തമ്മിലുള്ള സങ്കീർണ്ണമായ ബന്ധത്തെ തുറന്നു കാട്ടുകവഴി നവചരിത്രവാദം പരമ്പരാഗത ചരിത്രവിജ്ഞാനീയവും സാഹിത്യവിമർശനവും തമ്മിലുള്ള അതിർവരമ്പ് ഇല്ലാതെയാക്കുന്നു.

**ചരിത്രവാദവും നവചരിത്രവാദവും**

നവചരിത്രവാദം മുൻപ് നിലനിന്ന ചരിത്രവാദത്തിൽ നിന്നും പലതുകൊണ്ടും വ്യത്യസ്തമാണ്. ചരിത്രത്തിൽ മാത്രം ഊന്നി യാന്ത്രികമായി സാഹിത്യപാഠങ്ങളെ വിമർശിച്ചിരുന്നരീതി നവ ചരിത്രവാദത്തിനന്യമാണ്. നവചരിത്രവാദം, നവീനവിമർശന ത്തിലും ഘടനാവാദത്തിലും ഘടനോത്തരവാദത്തിലും ഉൾക്കൊ ണ്ടിരുന്ന പുതിയ സമീപനങ്ങളെ വിവേചനബുദ്ധ്യാ സ്വീകരിക്കു കയും ഒരു സാഹിത്യപാഠത്തെ സാഹിത്യത്തിന്റെ തനതായ നിയ മങ്ങൾക്കൊണ്ടു പരിശോധിക്കുമ്പോൾതന്നെ സ്വാഭാവികമായി ചരിത്രവ്യാഖ്യാനത്തിന്റെ അനിവാര്യത അംഗീകരിക്കുകയായി രുന്നു. അമേരിക്കയിലും ഇംഗ്ലണ്ടിലും റൊമാന്റിക് സാഹിത്യപഠ നത്തിൽ പുതിയ ചരിത്രവാദം വ്യാപകമായി പ്രയോഗിക്കപ്പെട്ടു. പ്രശസ്ത മാർക്സിസ്റ്റ് വിമർശകനായ ഫ്രഡറിക് ജെയിംസൺ ചരിത്രവാദത്തിന്റെ ഒരു പുതിയ മുഖമായി രാഷ്ട്രീയവായനയെ രൂപപ്പെടുത്തി. ബുക്ക് തോമസ് ചരിത്രവാദത്തിന്റെ ആവശ്യകതയെ പറ്റിയും അതിന്റെ എല്ലാ ഗുണദോഷങ്ങളെപ്പറ്റിയും വ്യാപകമായി പഠിച്ചു പ്രചരിപ്പിച്ചതോടുകൂടി ക്രമേണ ശക്തി ക്ഷയിച്ചുപോയ ചരിത്രവാദം സാഹിത്യവിമർശനത്തിൽ പുനഃപ്രതിഷ്ഠിക്കപ്പെട്ടു. നവചരിത്രവാദം നവീനവിമർശനത്തിലും ഘടനാവാദത്തിലും ഘട നോത്തരവാദത്തിലും ഉൾക്കൊണ്ടിരുന്ന പുതിയ സമീപനങ്ങളിൽ തെരഞ്ഞെടുത്തത് മാത്രം സ്വീകരിച്ചു. ഒരു സാഹിത്യപാഠത്തെ സാഹിത്യത്തിന്റെ തനതായ നിയമങ്ങൾക്കൊണ്ടു പരിശോധിക്കു മ്പോൾ സ്വാഭാവികമായും ചരിത്രവ്യാഖ്യാനത്തിന്റെ അനിവാര്യത അംഗീകരിക്കപ്പെട്ടു. ചരിത്രം സാഹിത്യത്തെ സ്വാധീനിക്കുന്നു ണ്ടെന്നും അതുപോലെ സാഹിത്യം ചരിത്രത്തെ സ്വാധീനിക്കുന്നു ണ്ടെന്നും നവചരിത്രവാദികൾ മനസ്സിലാക്കി. പഴയ ചരിത്രവാദി കളികളിൽ നിന്നു വ്യത്യസ്തമായി ചരിത്രപാഠങ്ങളിലെ വസ്തുത കളെയും സംഭവങ്ങളെയും നവചരിത്രവാദികൾ ആശ്രയിച്ചില്ല. ചരിത്രം നേർരേഖയിൽ മാത്രം സഞ്ചരിക്കുന്ന ഒന്നായും നവചരി ത്രവാദികൾ കണക്കാക്കിയില്ല. നവചരിത്രവാദികളുടെ ചരിത്രത്തെ പ്പറ്റിയുള്ള സങ്കല്പം ആധുനികസിദ്ധാന്തങ്ങളിൽ അധിഷ്ഠിത

മാണ്. അതുകൊണ്ടുതന്നെ ഒരു കൃതിയുടെ ചരിത്രപശ്ചാത്തലം ഏകമുഖമായതോ, നേരത്തെ കണ്ടെത്തിയതോ അല്ല. നവചരിത്രമെഴുതുന്നവർക്ക് ചരിത്രം അന്വേഷണത്തിലൂടെ നിരന്തരം കണ്ടെത്തുന്നതാണ്. നവചരിത്രവാദികൾക്ക് ചരിത്രം എന്നത് സാമൂഹ്യചരിത്രമായതിനാൽ അത് ഒരേസമയത്ത് സാമൂഹ്യപഠനവും ചരിത്രപഠനവുമാണ്. ചുരുക്കത്തിൽ സാമൂഹികശാസ്ത്രവും നരവംശശാസ്ത്രവും സാഹിത്യവിമർശനത്തിൽ വലിയ പങ്കാണു വഹിക്കേണ്ടതെന്ന് നവചരിത്രകാരൻമാർ പറയുന്നു. അമേരിക്കൻ നരവംശശാസ്ത്രജ്ഞരുടെ കണ്ടെത്തലുകൾ ചരിത്രവാദികളെ സ്വാധീനിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി ചരിത്രത്തെ സാഹിത്യ പാഠത്തിന്റെ പശ്ചാത്തലഭൂമിയായല്ല; അതിന്റെ ഭാഗംതന്നെയായാണ് നവചരിത്രവാദികൾ കാണുന്നത്.

**പ്രധാനവാദങ്ങൾ**

മുഖ്യമായും നാല് വാദങ്ങളാണ് നവചരിത്രവാദം മുന്നോട്ടുവയ്ക്കുന്നത്. ഒന്ന്, സാമൂഹികവും രാഷ്ട്രീയവുമായ നിർമിതിയായി സാഹിത്യത്തെ മനസ്സിലാക്കാനുള്ള ശരിയായവഴി അത് നിർമ്മിക്കപ്പെട്ട സമൂഹത്തിലൂടെയും സംസ്കാരത്തിലൂടെയുമാണ്. രണ്ട്, സാഹിത്യം മനുഷ്യന്റെ ക്രിയകളിൽ വേറിട്ടുകാണേണ്ട ഒരു സംവർഗമല്ല. ചരിത്രത്തോട് സ്വാംശീകരിക്കപ്പെട്ടതായതുകൊണ്ട് സാഹിത്യത്തിനു സവിശേഷമായ ചരിത്രദർശനമുണ്ടാവും. മൂന്ന്, സാഹിത്യകൃതികളെപ്പോലെ മനുഷ്യനും ഒരു സാമൂഹിക നിർമിതിയാണ്. നാല്, ഇക്കാരണം കൊണ്ടുതന്നെ ചരിത്രകാരൻ/വിമർശകൻ തന്റെ ചരിത്രപരതയിൽനിന്നു മുക്തനല്ല. സ്വന്തം പ്രത്യയശാസ്ത്രശിക്ഷണങ്ങൾക്ക് അതീതനായി നില്ക്കാൻ വ്യക്തികൾക്കാവില്ല. പഴയൊരു കൃതിയെ അതിന്റെ സമകാലികർ മനസ്സിലാക്കിയപോലെ ഇന്നത്തെ വായനക്കാർക്ക് അനുഭവിക്കാനാവില്ല. ഈ യാഥാർഥ്യം മുൻനിർത്തി നോക്കിയാൽ ഒരു പ്രത്യയശാസ്ത്രത്തിന്റെ പുനർനിർമിതിക്കുവേണ്ടി കൃതിയെ ഉപയോഗിക്കാനേ കഴിയു. നവചരിത്രവാദം ചെയ്യുന്നതും അതാണ്. ഒരു സവിശേഷകാലഘട്ടത്തിലെ പ്രത്യയശാസ്ത്രത്തിന്റെ ഒരംശമായി ഇത് കൃതിയെ കാണുന്നു. ഗ്രന്ഥകർത്താവിന്റെ ഉദ്ദേശ്യങ്ങളെ വ്യാഖ്യാനി

ക്കലല്ല, കൃതി ഉണ്ടായ കാലഘട്ടത്തിന്റെ പ്രത്യയ ശാസ്ത്രം വ്യാഖ്യാനിക്കലാണ് നവചരിത്രവാദികളുടെ രീതി.

**നവചരിത്രവാദപഠനങ്ങൾ**

നവോത്ഥാനകാല ഇംഗ്ലീഷ് സാഹിത്യമാണ് നവചരിത്രവാദ വിമർശകർ മുഖ്യമായും പഠനയവിധേയമാക്കിയിട്ടുള്ളത്. ഒരു പ്രത്യേക കാലഘട്ടത്തിലെ സാഹിത്യേതരം എന്നു ഗണിക്കപ്പെടുന്ന രചനകളിൽനിന്ന് സാഹിത്യകൃതികളെ പുനർസ്ഥാനനിർണയനം ചെയ്യാൻ നവചരിത്രവാദം ശ്രമിക്കുന്നു. അക്കാലത്തെ ചരിത്രവസ്തുതകളുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് ഈ പഠനം നടത്തുന്നത്. ഉദാഹരണത്തിന് 19-ാം നൂറ്റാണ്ടിലെ നോവലിലെ കഥാപാത്രങ്ങളുടെ പ്രതിനിധാനവും അക്കാലത്ത് പാർലമെന്റിലെ പ്രതിനിധാനവുമായി ബന്ധപ്പെട്ടുണ്ടായ വിവാദങ്ങളും തമ്മിൽ ബന്ധമുള്ളതായി അവർ തെളിവുസഹിതം വിശദീകരിക്കുന്നു. ഷെയ്ക്സ്പിയറുടെ ഒഥല്ലോയിൽ ഇയാഗോ ഒഥല്ലോയ്ക്കെതിരെ നടത്തുന്ന ഗൂഢാലോചനയെ ഈ വിമർശകർ കോളനിവാഴ്ചയുമായി ബന്ധിപ്പിച്ചുകാണുന്നു. കോളനികളിലെ ജനങ്ങളുടെ അസ്തിത്വം നിഷേധിക്കാനുള്ള എലിസബത്തൻ കാലഘട്ടത്തിന്റെ ശ്രമങ്ങളാണ് വെള്ളക്കാരനായ ഇയാഗോ കറുത്തവർഗക്കാരനായ ഒഥല്ലോയ്ക്കെതിരെ നടത്തുന്ന ദുഷ്പ്രവൃത്തിയിലുള്ളത്. സാഹിത്യകൃതിയെ മുൻനിർത്തി ഒരു സവിശേഷകാലഘട്ടത്തിലെ യഥാർഥ മനുഷ്യബന്ധങ്ങളുടെ പുനഃനിർമ്മാണമാണ് നവചരിത്രവാദികൾ ലക്ഷ്യമിടുന്നത്. അല്ലാതെ കൃതിയിലുള്ള ആ കാലഘട്ടത്തിന്റെ പ്രതിനിധാനമല്ല. അതിനുവേണ്ടി പഠനവിധേയമാക്കുന്ന കൃതിയുടെ അതേകാലത്തെ സാഹിത്യേതരമായ രേഖകളെ അവർ ആശ്രയിക്കുന്നു. ചരിത്രരേഖകളും സാമൂഹികചരിത്രവസ്തുതകളുമെല്ലാം അവർ ഉപയോഗിക്കുന്നു

നവചരിത്രവാദമെന്ന സിദ്ധാന്തത്തിന്റെ ആവിഷ്കർത്താവ് സ്റ്റീഫൻ ഗ്രീൻബ്ലാറ്റാണെന്നു സൂചിപ്പിച്ചുകഴിഞ്ഞു. നവോത്ഥാനകാലസാഹിത്യത്തെ പഠിച്ചുകൊണ്ടാണ് ഗ്രീൻബ്ലാറ്റ് തന്റെ ചരിത്രപഠനം നിർവഹിച്ചത്. കാലത്തിന്റെ വർത്തമാനം എന്ന ആശയ

മായിരുന്നു ഗ്രീൻ ബ്ലാറ്റിന്റെ ചരിത്രപഠനത്തിന്റെ അടിസ്ഥാനം. സാംസ്കാരികമായ എല്ലാത്തിനെയും ഗ്രീൻബ്ലാറ്റ് ചരിത്രപരമായ പഠനത്തിനു വിധേയമാക്കി. സാഹിത്യത്തെ പഠിക്കുമ്പോൾ ഭാഷ പഠിക്കണമെന്നാണു ഗ്രീൻബ്ലാറ്റിന്റെ അഭിപ്രായം. എന്തുകൊ ണ്ടെന്നാൽ ഓരോ കാലഘട്ടത്തിലെയും കഥാപാത്രങ്ങളുടെ ഭാഷ ണരീതിയുടെ പ്രത്യേകതകളിലൂടെ ആ കാലഘട്ടത്തിന്റെ യഥാർത്ഥ ചരിത്രം പഠിക്കാൻ കഴിയും. ഡിക്ഷ്ണറിഭാഷയ്ക്കും വ്യാകരണ ത്തിനും അപ്പുറം കടന്നുചെന്ന് ഭാഷ പഠിക്കുകയാണ് ചെയ്യേണ്ടത്. ഒരു ചരിത്രവസ്തുത പഠിക്കുമ്പോൾ അതിനു പിന്നിൽ അല്ല നാം നിൽക്കേണ്ടത്; ചരിത്രത്തിന്റെ മുന്നിലായിരിക്കണം. ചരിത്ര ത്തിനു മുൻപേ നടക്കണമെന്നാണു ഗ്രീൻബ്ലാറ്റിന്റെ അഭിപ്രായം. ഓക് സ്ഫോർഡ് ചിന്തകനായ ക്ലിഫോർഡ് ഗീർട്സിന്റെ തിക്ക് ഡിസി ക്രിപ്ഷൻ (സാന്ദ്രവിവരണം) എന്ന ആശയം ചരിത്രപഠനത്തി നായി ഗ്രീൻ ബ്ലാറ്റ് ഉപയോഗിക്കുന്നുണ്ട്. രചയിതാവിന്റെ മനസ്സിലോ ഉദ്ദേശ്യത്തിലോ അർത്ഥം തിരയാതെ വിപുലമായ പ്രയോഗ ശൃംഖ ലയിൽപ്പെടുത്തി പാഠത്തെ വായിക്കാൻ ശ്രമിക്കുന്നതാണ് ഗിർട്സി ന്റെരീതി. സാമൂഹികജീവിതത്തിലെ ചില പാരമ്പര്യങ്ങളുടെ ചിഹ്ന ശാസ്ത്രപരമായ സൂക്ഷ്മാംശങ്ങൾ വിശദീകരിച്ചുകൊണ്ടാണ് സാഹിത്യപാഠങ്ങളെ അദ്ദേഹം സമീപിച്ചത്. ഗീർട്സിന്റെ ഈ രീതി ഷേക്സ്പിയർകൃതികൾ പഠിക്കുമ്പോൾ ഗ്രീൻ ബ്ലാറ്റ് ഉപയോ ഗിക്കുന്നു. ഷേക്സ്പിയർ കൃതികളെക്കുറിച്ചു പഠിക്കുമ്പോൾ എഴുത്തുകാരന് അപ്പുറത്തുള്ള ഷേക്സ്പിയറിനെ പഠിക്കാനാണു ഗ്രീൻ ബ്ലാറ്റ് ശ്രമിച്ചത്. അർത്ഥോൽപ്പാദനപരമായ കൈമാറ്റത്തിനു വായനക്കാരനെ പ്രാപ്തരാക്കുകയാണ് ഗ്രീൻബ്ലാറ്റ് ലക്ഷ്യമിടുന്നത്. നവോത്ഥാനകാലത്ത് മനുഷ്യന്റെ സ്വത്വരൂപീകരണം സാഹിത്യ ത്തിലൂടെയാണ് നടന്നതെന്നു ഗ്രീൻ ബ്ലാറ്റ് സ്ഥാപിക്കുന്നു.

സംസ്കാരത്തിന്റെ വളർച്ചയും മനുഷ്യമനസ്സിന്റെ പരിണാ മവും സംബന്ധിച്ച് സാഹിത്യപാഠങ്ങളിലൂടെ ഗ്രീൻ ബ്ലാറ്റ് വിശദമായ ചർച്ച നടത്തുന്നുണ്ട്. സാഹിത്യകൃതികളെ വ്യക്തിവാദത്തിന്റെ ആവിഷ്കാരങ്ങളായി കാണുന്ന പരമ്പരാഗതരീതിയിൽ നിന്നു മാറി സാഹിത്യം വ്യക്തികളെ രൂപപ്പെടുത്തിയതെങ്ങനെയെന്ന് അദ്ദേഹം

കാണിച്ചു തരുന്നു. നിർമമമായ പാഠപാരായണമല്ല ഗ്രീൻ ബ്ലാറ്റ് നടത്തുന്നത്. പാരായണവും പാഠവും എല്ലായ്പ്പോഴും പരസ്പരബദ്ധമാണ്. സിദ്ധാന്തങ്ങൾ രൂപീകൃതമാകുന്നത് പാഠപാരായണങ്ങളിലൂടെയാണ്. സ്വന്തം സിദ്ധാന്തപ്രരൂപങ്ങൾ പാഠങ്ങളിൽ തന്നെ കണ്ടെത്തുകയാണ്; മറിച്ചു പാഠങ്ങൾക്കുമേൽ അടിച്ചേൽപ്പിക്കുകയല്ല, നവചരിത്രവാദത്തിന്റെ രീതി.

ഷേക്സ്പീരിയൻ നെഗോഷേഷ്യൻസ് (Shakesperian Negotiations) എന്ന പഠനത്തിൽ ഗ്രീൻബ്ലാറ്റ് സമർഥിക്കുന്നത് രചനകളാണ് ചരിത്രത്തിനപ്പുറം പോകുന്നത് എന്നാണ്. സമകാലീന യാഥാർഥ്യങ്ങളെ തന്റെ കൃതിയിലൂടെ കടത്തിവിട്ടാണ് ഷേക്സ്പിയർ തന്റെ നാടകങ്ങളെ ഭാവിയിലേക്ക് പരിണയം ചെയ്യിച്ചത്. ചരിത്രത്തെ സാഹിത്യം ആവാഹിക്കുന്നതിന്റെ വ്യക്തമായ സൂചനയാണ് ഷേക്സ്പിയർ കൃതികളുടെ പഠനത്തിലൂടെ ഗ്രീൻബ്ലാറ്റ് നൽകുന്നത്.

**നവചരിത്രവാദം - സവിശേഷതകൾ**

നവചരിത്രവാദത്തിന്റേതായി അഞ്ചു പ്രത്യേകതകൾ ഹാരോൾഡ് വിസർ എടുത്തു പറയുന്നുണ്ട്.

1). കലാവിഷ്കാരങ്ങൾ ഭൗതിക പ്രയോഗങ്ങളിൽ നിബദ്ധമാണ്.

2) എല്ലാ വിമർശനപ്രയോഗങ്ങളും എന്തിനെയാണോ എതിർക്കുന്നത് അതേ പ്രയോഗത്തിന്റെ ഭാഗമായി മാറാനുള്ള സാധ്യതയുണ്ട്.

3) സാഹിത്യ-സാഹിത്യേതര പാഠങ്ങൾ ഒരുമിച്ചാണ് പ്രചരിക്കുകയും വിനിമയവിധേയമാകുകയും ചെയ്യുന്നത്.

4) ഭാവനാത്മകമോ അല്ലാത്തതോ ആയ ഒരു പ്രാമാണിക രേഖയും ശാശ്വതസത്യത്തിലേക്കോ അചഞ്ചലമായ മനുഷ്യപ്രകൃതിയിലേക്കോ വെളിച്ചം വീശുന്നതല്ല.

5) മുതലാളിത്ത സംസ്കാരത്തെ വിശകലനം ചെയ്യുന്ന വിമർശക തന്ത്രങ്ങൾ അതിന്റെ തന്നെ സമ്പദ്ക്രമത്തിന്റെ ഭാഗമാണ്.

**വിമർശനങ്ങൾ**

നവചരിത്രവാദികൾ സാഹിത്യത്തെ ചരിത്രത്തിന്റെ അടിക്കുറിപ്പുമാത്രമായി ചുരുക്കിയെന്ന് ആക്ഷേപമുണ്ട്. കൃതിയുടെ അനന്യമായ സാഹിത്യഗുണങ്ങളെ അവഗണിക്കുന്നു എന്നതാണ് മറ്റൊരു വിമർശനം. മിക്ക നവചരിത്രവിമർശനങ്ങൾക്കും ചരിത്രത്തെക്കുറിച്ചുള്ള സിദ്ധാന്തത്തിന്റെ കുറവുണ്ടെന്ന് ഫ്രെഡറിക് ജെയിംസൺ വിമർശിക്കുന്നു. ഓരോന്നും എന്തുകൊണ്ട് സംഭവിച്ചുവെന്നും അത് ആരെ ബാധിച്ചുവെന്നും നവചരിത്രവാദം വിശദീകരിക്കുന്നില്ല എന്നതാണ് ജെയിംസണിന്റെ വിമർശനം. എന്തായാലും ഭൂതകാലസാഹിത്യത്തെയും അന്നത്തെ സാമൂഹികാവസ്ഥയെയും വിലയിരുത്താനുള്ള വിമർശനോപകരണമായി നവ ചരിത്രവാദം ഇടംനേടിയിട്ടുണ്ട്.

**ഉപസംഹാരം**

സാഹിത്യം എന്ന ഭാവനാലോകത്തെ അറിയാനോ പൂർണമായി ആസ്വദിക്കാനോവേണ്ടി അറിഞ്ഞിരിക്കേണ്ട ഒരു ഉപാദാന സാമഗ്രിയായാണ് ചരിത്രത്തെ പഴയ വിമർശനം കണ്ടിരുന്നതെങ്കിൽ, സാഹിത്യം, ചരിത്രം എന്ന വേർതിരിവ് നവചരിത്രവാദികൾ ഇല്ലാതാക്കുന്നു. സാഹിത്യകൃതികൾ സംസ്കാരത്തിന്റെയും സമൂഹത്തിന്റെയും പ്രതിഫലനപാഠങ്ങൾ എന്നതിലുപരിയായി അവയുടെ നിർമാണപാഠങ്ങളാണെന്നും സാഹിത്യരചന നടക്കുമ്പോൾ യഥാർത്ഥത്തിൽ സാമൂഹ്യപ്രക്രിയകളുടെയും സാംസ്കാരിക മൂല്യങ്ങളുടെയും സ്വത്വബോധങ്ങളുടെയും നിർമാണം നടക്കുകയാണെന്നും നവചരിത്രവാദികൾ പറയുന്നു. സാഹിത്യകൃതികളും ഇതര രചനകളും ഒരേ ചരിത്രമുഹൂർത്തത്തിന്റെ വ്യത്യസ്ത പാഠങ്ങളാണെന്നും അധികാരബന്ധങ്ങളുടെയും സമരങ്ങളുടെയും ആഖ്യാനപരമായ സവിശേഷതകൾ ഇവയിൽ അന്തർലീനമാണെന്നും ചുരുക്കം.

**സഹായകഗ്രന്ഥങ്ങൾ**

1. ദിലീപ് രാജ്, നവചരിത്രവാദം, ഡി. സി ബുക്സ്, കോട്ടയം, 2000.

2. പ്രമോദ് കെ. എസ്, നോവലിലെ ചരിത്രവും ദേശവും: തിയ്യൂർ രേഖകൾ, മരക്കാപ്പിലെ തെയ്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയ പഠനം, സ്കൂൾ ഓഫ് ലെറ്റേഴ്സ്, എം. ജി യൂണിവേഴ്സിറ്റി, കോട്ടയം, 2017.

■■■

# ജോർജ്ജ് മാത്തന്റെ വ്യാകരണരചനാസിദ്ധാന്തം

**ജാസ്മി ടി.പി.**

ഗവേഷക, കേരളസർവ്വകലാശാല

**സംഗ്രഹം**

ഒരു മലയാളി പൂർണ്ണമായും മലയാളത്തിൽ രചിച്ച ആദ്യ മലയാള വ്യാകരണഗ്രന്ഥം എന്ന നിലയിൽ പ്രശസ്തമാണ് ജോർജ്ജ് മാത്തന്റെ 'മലയാഴ്മയുടെ വ്യാകരണം'. മലയാളഭാഷാ വ്യാകരണത്തിനും കേരളപാണിനീയത്തിനും വ്യാകരണമിത്രത്തിനും കിട്ടിയ പരിഗണന ഇപ്പോഴും മലയാഴ്മയുടെ വ്യാകരണത്തിന് ലഭിക്കുന്നില്ല. രചനാസവിശേഷതകൾ കൊണ്ട് മറ്റുള്ളവയിൽ നിന്നും വേറിട്ടുനിൽക്കുന്ന ഈ ഗ്രന്ഥം സമകാലിക മാനകഭാഷയിൽ നിന്നും അകലം പാലിക്കുന്നുണ്ട്. പരമ്പരാഗത വൈയാകരണന്മാരിൽനിന്നും വ്യത്യസ്തത പുലർത്തുന്ന ജോർജ്ജ് മാത്തന്റെ വ്യാകരണരചനാശൈലി 'മലയാഴ്മയുടെ വ്യാകരണ'ത്തെ മുൻനിർത്തി പഠനവിധേയമാക്കുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

**താക്കോൽവാക്കുകൾ**

വ്യവഹാരഭാഷ, വാക്യഘടന, ഭാഷാപ്രയോഗശേഷി, സമകാലിക ഭാഷ, പ്രചാരലുപ്തം, വിവരണാത്മകവ്യാകരണം

രചന പൂർത്തിയാക്കിയെങ്കിലും പതിറ്റാണ്ടിനുശേഷം മാത്രം പ്രസിദ്ധീകരിക്കാൻ സാധിച്ച വ്യാകരണഗ്രന്ഥമാണ് റവ. ജോർജ്ജ് മാത്തന്റെ 'മലയാഴ്മയുടെ വ്യാകരണം'. 1850 – ന് മുമ്പുതന്നെ

എഴുതിത്തീർത്ത് മുദ്രണത്തിനേൽപ്പിച്ചെങ്കിലും 1863–ൽ മാത്രമാണ് ഈ കൃതി പ്രസിദ്ധീകരിച്ചത്. മലയാളഭാഷയെക്കുറിച്ച് പൂർണ്ണമായും മലയാളത്തിൽ ഒരു മലയാളി രചിച്ച വ്യാകരണം എന്ന ഖ്യാതിയും ഈ കൃതിക്കുണ്ട്. 'കേരളപാണിനീയ'ത്തിന്റെ ആധിപത്യത്തിൽ വേണ്ടത്ര പരിഗണന ലഭിക്കാതെപോയ ഒരു വ്യാകരണഗ്രന്ഥം കൂടിയാണിത്.

ഭാഷയെ നിലനിർത്തുന്നത് വാക്യങ്ങളാണ്. കാലികമായി ഉണ്ടാകുന്ന നിരന്തരപരിണാമങ്ങൾ ഭാഷയെ സ്വാധീനിക്കുന്നു. ഇത്തരം മാറ്റങ്ങൾ വാക്യഘടനയിലും പ്രതിഫലിക്കും. വാക്യഘടനയെക്കുറിച്ചുള്ള പഠനങ്ങൾ ഭാഷാശാസ്ത്രമേഖലയിൽ നവതരംഗങ്ങൾ സൃഷ്ടിച്ചു. 'ഭാഷയുടെ നിയമാവലി' എന്ന പദവി നാം നൽകുന്ന വ്യാകരണഗ്രന്ഥങ്ങൾ വാക്യഘടന എങ്ങനെ കൈകാര്യം ചെയ്തു എന്നത് ചിന്തിക്കേണ്ട വിഷയമാണ്.

"വ്യാകരണത്തിന്റെ മുഖ്യമായ ലക്ഷ്യങ്ങളിലൊന്ന് ഭാഷയിലെ എണ്ണമറ്റ വാക്യങ്ങളിലോരോന്നിന്റെയും ഘടന വിവരിക്കുകയാണ്" എന്ന ഇ.വി.എൻ. നമ്പൂതിരിയുടെ അഭിപ്രായം സാധൂകരിക്കുന്ന വ്യാകരണരചനകൾ നമുക്ക് ഏറെയില്ല. കേരളപാണിനീയത്തിന്റെ ആധികാരികതയും പ്രാമാണ്യവും മൂലം അവഗണിക്കപ്പെട്ട 'മലയാഴ്മയുടെ വ്യാകരണം' എന്ന ഗ്രന്ഥത്തിന്റെ രചനാസവിശേഷതകളാണ് ഇവിടെ പഠനവിധേയമാക്കുന്നത്.

'മലയാഴ്മയുടെ വ്യാകരണ'ത്തിന്റെ രചനയിൽ പാശ്ചാത്യ മാതൃക അവലംബിക്കുന്നുണ്ടെങ്കിലും ദ്രാവിഡഭാഷകളുമായി മലയാളത്തിനുള്ള അടുപ്പം വ്യക്തമാക്കാൻ ജോർജ്ജ് മാത്തൻ ശ്രമിച്ചിട്ടുണ്ട്. ഭാഷാശാസ്ത്രത്തോടു ചേർന്നുനിന്നുള്ള ഒരു രചനാരീതിയാണ് ഈ കൃതിയിലുള്ളത്. അന്നത്തെ സവർണ്ണഭാഷയ്ക്ക് പ്രാധാന്യം നൽകി ഏ.ആർ. 'കേരളപാണിനീയം' രചിച്ചപ്പോൾ ജോർജ്ജ് മാത്തൻ വ്യവഹാരഭാഷയ്ക്കാണ് ഊന്നൽ നൽകിയത്.

ഒരു സാഹിത്യരൂപത്തിന്റെ മട്ടിൽ വ്യാകരണകാര്യങ്ങൾ പറഞ്ഞുപോകാനുള്ള ശ്രമം ഈ കൃതിയിൽക്കാണാം. മിഷണറിയായതിനാലാവാം ബൈബിളിന്റെ ആദ്യകാല വിവർത്തനങ്ങളിലെ

വാക്യശൈലിയുടെ സ്വാധീനത കൃതിയിലുടനീളമുണ്ട്. സാധാരണക്കാർക്കുപോലും വായിച്ചു മനസ്സിലാക്കാൻ കഴിയുന്ന തരത്തിലാണ് ഗ്രന്ഥരചന നിർവ്വഹിച്ചിട്ടുള്ളത്. മതപരിവർത്തനം എന്ന ലക്ഷ്യത്തെക്കാൾ ഭാഷയോട് അദ്ദേഹത്തിനുള്ള അമിത താല്പര്യമാണ് ഇവിടെ പ്രകടമാകുന്നത്. മാനകഭാഷയ്ക്കും വ്യവഹാരഭാഷയ്ക്കും ഇടയിലുള്ള ഒരു ഭാഷാശൈലിയാണ് ജോർജ്ജ് മാത്തൻ സ്വീകരിച്ചിരിക്കുന്നത്. അക്കാലത്ത് വ്യാകരണത്തെ ജനകീയമാക്കാൻ പോന്ന ഒരു ശൈലിയാണ് ഇതെന്നതിൽ സംശയമില്ല.

ജോർജ്ജ് മാത്തന്റെ വ്യാകരണരചനാസിദ്ധാന്തങ്ങൾ 'മലയാഴ്മയുടെ വ്യാകരണം' എന്ന ഗ്രന്ഥത്തെ മുൻനിർത്തി പഠിക്കുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. വ്യാകരണരചനാസവിശേഷതകൾ അപഗ്രഥിക്കുക വഴി അന്നത്തെ ഭാഷയും സമകാലികഭാഷയും തമ്മിലുള്ള അന്തരം മനസ്സിലാക്കാവുന്നതേയുള്ളൂ. ഭാഷയിൽ അന്നു നിലവിലുണ്ടായിരുന്ന വ്യത്യസ്തതകളെ സൂക്ഷ്മതയോടെ കണ്ടെടുത്ത് അവതരിപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. സംവൃതോകാര വിവൃതോകാരങ്ങളുടെ പ്രയോഗവൈവിധ്യത്തിലൂടെ വേറിട്ടൊരു ഗദ്യശൈലി ജോർജ്ജ് മാത്തൻ മുന്നോട്ടുവയ്ക്കുന്നു.

**അർദ്ധാച്ചിന്റെ പ്രയോഗസവിശേഷതകൾ**

- **വാക്യാന്ത്യത്തിലെ വിവൃതോകാരപ്രയോഗം**

വാക്യങ്ങളിൽ സംവൃതോകാരം വരേണ്ടയിടത്ത് വിവൃതോകാരം പ്രയോഗിച്ചുകാണുന്നു.

ഉദാ: 1. "പൊരുൾ തിരിക്കപ്പെട്ടിട്ടില്ലാത്ത ഭാഷകൾ ഇനിയും വളരെയുണ്ടു." (പുറം 2)

2. "ആകയാൽ അത്രേ മലയാഴ്മയിൽ നല്ല വാചകങ്ങൾ ചുരുക്കമായിരി ക്കുന്നതു" (പുറം 3)

മേല്പറഞ്ഞ പ്രയോഗരീതി ഇന്ന് പ്രചാരത്തിലില്ല. വിവൃതോകാരത്തിന്റെ സ്ഥാനത്ത് സംവൃതോകാരമാണ് വാക്യങ്ങളുടെ ഒടുവിൽ ചേർക്കുന്നത്.

- **ചിലയിടങ്ങളിൽ സംവൃതോകാരം മാത്രം പ്രയോഗിച്ചുകാണാം.**

ഉദാ: 1. അതിൽ സംജ്ഞ എന്നും സന്ധി എന്നും രണ്ട് അദ്ധ്യായങ്ങളും ഉണ്ട്. (പുറം 3)

2. സന്ധിയിൽ നാലു പടുതികൾ ഉണ്ട്. (പുറം 22)

- **സംവൃതോകാര-വിവൃതോകാരങ്ങൾ ഒഴിവാക്കിയുള്ള പ്രയോഗങ്ങൾ**

ഉദാ: കൂടിച്ചേരുന്നതുമായിട്ട, സന്ധി ഒപ്പിച്ച (പുറം 22)

ഇവയിൽ സംവൃതോകാരത്തിൽ വാക്യം അവസാനിപ്പിക്കുന്ന രീതിയാണ് ഇന്ന് പ്രചാരത്തിലുള്ളത്. മറ്റ് രണ്ട് പ്രയോഗങ്ങളും പ്രചാരലുപ്തമായിരിക്കുന്നു.

മധ്യകേരളത്തിലെ വ്യവഹാരഭാഷയുടെ ശക്തിയും ഊർജ്ജവും കൃതിയിലുടനീളം കാണപ്പെടുന്നു. അന്നത്തെ വ്യവഹാര ഭാഷയിലുണ്ടായിരുന്ന സാമുദായിക പ്രാദേശികഭേദങ്ങൾ 'മലയാഴ്മയുടെ വ്യാകരണ'ത്തിൽ പലയിടത്തും കാണാൻ സാധിക്കും. നാടൻ പദപ്രയോഗശൈലിയും മറ്റൊരു സവിശേഷതയാണ്.

**നാടൻപദപ്രയോഗങ്ങൾ**

ഉദാ: 1. എന്നാൽ ഇതു എത്രയും ശമ്മലയാകയാൽ ബഹുസംഖ്യ ആവശ്യമാകുന്നു എന്നു കാണാം. (പുറം 45)

പ്രയാസം, ബുദ്ധിമുട്ട്, എന്നൊക്കെയുള്ള അർത്ഥത്തിൽ 'ശമ്മല' എന്നു പ്രയോഗിച്ചിരിക്കുന്നു. കൊല്ലം ജില്ലയിലെ ചില ഉൾപ്രദേശങ്ങളിൽ ഇതേ വാക്ക് 'ചമ്മല' എന്ന് മുതിർന്നവർ പ്രയോഗിച്ചു കേട്ടിട്ടുണ്ട്.

2. ആ ചപ്പുകളെകൊണ്ടു ഒരുപകാരവുമില്ല (പുറം 49)

നല്ലതല്ലാത്തത്, വൃത്തികെട്ടത് എന്നീയർത്ഥത്തിൽ 'ചപ്പ്' എന്ന പദം നാട്ടിൻപുറങ്ങളിലെ വ്യവഹാരഭാഷയിൽ ഇപ്പോഴും ഉപയോഗിക്കാറുണ്ട്.

3. എന്നു തന്റെ പാങ്ങുകെടു കൊണ്ടു വരാതിരിക്കുന്നതിനെ കുറിച്ചെ പറയാവു.

പാങ്ങുകേട് എന്ന പദം തന്നെയാണിത്. എനിക്കതിനുള്ള ശേഷിയില്ല/പ്രാപ്തിയില്ല എന്നൊക്കെ പറയുന്നതിനു പകരം എനിക്കതിനുള്ള പാങ്ങില്ല എന്നു പറയുന്നത് നാടൻശൈലിയാണ്. ചിലയിടങ്ങളിൽ അപൂർവ്വമായി വകാരം ചേർത്ത് 'വാങ്ങ്' എന്നും പ്രയോഗിച്ചുകാണാറുണ്ട്. ഈ ഗ്രന്ഥത്തിൽ പ്രയോഗിച്ചിട്ടുള്ള നാടൻപദശൈലികൾ അതുപോലെയോ ചെറിയ രൂപമാറ്റത്തോടെയോ ഇന്നും നാട്ടുഭാഷയിൽ ഉണ്ടെന്ന് മനസ്സിലാക്കാം.

### ♦♦ പടുക ധാതുവിന്റെ അമിതപ്രയോഗം

പടുക ധാതുവിന്റെ അമിതപ്രയോഗം വാക്യഘടനയിൽ മുഴച്ചുനിൽക്കുന്നു.

ഉദാ: പ്രയോഗിക്കപ്പെടുന്ന, പ്രയോഗിക്കപ്പെടുകയുണ്ടു, പറയപ്പെടുംപോൾ (പുറം 44)

ഇവ യഥാക്രമം പ്രയോഗിക്കുന്ന, പ്രയോഗിക്കാറുണ്ട്, പറയുമ്പോൾ എന്നിങ്ങനെയാണ് ഇപ്പോൾ പ്രചരിക്കുന്നത്.

വിവരപ്പെടുത്തുന്നു, കേൾക്കപ്പെടുന്നു, എണ്ണപ്പെടുന്നില്ല, വിചാരിക്കപ്പെടുന്നുള്ളൂ തുടങ്ങി കർമ്മണി പ്രയോഗത്തിൽ ഇന്നുപയോഗിക്കുന്ന 'പെടുക' ധാതുവിനു പകരം പടുക ചേർത്തുള്ള പ്രയോഗങ്ങൾ നിരവധിയാണ്. ഇത് അക്കാലത്തെ വ്യവഹാരഭാഷയുടെ സവിശേഷത തന്നെയാണ്.

### ഹ്രസ്വ എകാരത്തിനുപകരം 'ഏ'കാര പ്രയോഗം

♦ ലക്ഷണങ്ങളേ, വ്യാകരണത്തിലേ, തന്നേ, പിന്നാലേ, ഭാഷയേ എന്നിങ്ങനെ ഹ്രസ്വ എകാരത്തിനു പകരം 'ഏ'കാരം ചേർത്ത പ്രയോഗങ്ങൾ മലയാഴ്മയുടെ വ്യാകരണത്തിൽ ധാരാളമുണ്ട്. സമകാലിക ഭാഷയിൽ എകാരപ്രയോഗം മാത്രമേ കാണാറുള്ളൂ.

### ♦ മകാരത്തിനു പകരം വകാര പ്രയോഗം

ഉദാ: ഒന്നാവതു, രണ്ടാവതു (പുറം 51)

അക്കാലത്തെ സംഭാഷണഭാഷയുടെ പ്രത്യേകതയാവാം ഈ വകാരപ്രയോഗം. സംഭാഷണഭാഷയുടെ ഇത്തരം സവിശേഷതളെല്ലാം തന്റെ കൃതിയിൽ അതേപടി പകർത്തുക വഴി വ്യാകരണ

ഗ്രന്ഥങ്ങൾ സാധാരണക്കാരനു കൂടി പ്രാപ്യമാകുന്ന തലത്തിലേക്ക് എത്തിക്കാൻ ജോർജ്ജ് മാത്തനു കഴിഞ്ഞു.

- **ഓ എന്ന വികല്പത്തിനു പകരം എങ്കിലും ചേർക്കുന്നു.**

ഉദാ: 1. മലയാഴ്മയിലെ മൂലനാമങ്ങൾ ഒക്കയും തമിഴ്ഭാഷയിൽ ഉൾപ്പെട്ടിരിക്കുന്നവ എങ്കിലും സംസ്കൃതത്തിൽനിന്നു എടുക്കപ്പെട്ടവ എങ്കിലും ആകുന്നു. (പുറം 66)

മലയാഴ്മയിലെ മൂലനാമങ്ങളൊക്കെയും തമിഴു ഭാഷയിൽ ഉൾപ്പെട്ടിരിക്കുന്നവയോ സംസ്കൃതത്തിൽനിന്ന് എടുത്തവയോ ആകുന്നു എന്നാണ് ഇന്ന് ഈ വാക്യം പ്രയോഗിക്കുന്നത്.

- **ഉച്ചാരണത്തോടു വിശ്വാസ്യത പുലർത്തുന്ന ലിപികളുടെ ഉപയോഗം**

ഉദാ: എന്നവ, നില്പാൻ, അവെക്കു, മുറെക്കു, ഉൾപട്ടിരിക്കുന്ന, വിചാരിക്കപ്പട്ടിരിക്കുന്ന, ഒക്കയും, ഔചത്യം, അവെ, ഇവെ, അടിയെൻ, ഇനിക്ക്

ഇവിടെ വാക്കുകൾ ഉച്ചരിക്കുന്നതുപോലെതന്നെ ലിപി പ്രയോഗിച്ചിരിക്കുന്നു. ഇങ്ങനെ വാമൊഴിയോടു ചേർന്നു പോകുന്ന വരമൊഴിയിലൂടെ വ്യാകരണകാര്യങ്ങൾ ലളിതമായി പകർന്നു നൽകാൻ അദ്ദേഹം ശ്രമിച്ചു. സാധാരണക്കാരന്റെ സംഭാഷണഭാഷയോടടുത്തുനിൽക്കുന്ന രചനാരീതി സാമൂഹികഭാഷാശാസ്ത്രത്തോടുള്ള ചായ്‌വ് വ്യക്തമാക്കുന്നു.

- **ദീർഘവാക്യങ്ങൾ**

ദീർഘവാക്യങ്ങളാണ് കൃതിയിൽ കൂടുതലും ഉള്ളത്. ഇതും അന്നത്തെ ഭാഷാസവിശേഷതയായി കണക്കാക്കാം. വ്യാകരണത്തിന്റെ ആധികാരികഗ്രന്ഥമെന്ന് നാം വിശേഷിപ്പിക്കുന്ന കേരളപാണിനീയത്തിലും വാക്യങ്ങളുടെ ദൈർഘ്യത്തിന് കുറവൊന്നുമില്ല.

- **എന്നവ മുതലായ്‌വ**

എന്നിവ, മുതലായവ എന്നയർത്ഥത്തിലുള്ള ഈ പദങ്ങൾ ഒന്നിച്ചു പ്രയോഗിച്ചു കാണുന്നു. ഇതും അന്ന് ജനങ്ങളുടെ സംഭാഷണഭാഷയിൽ പ്രചരിച്ചിരുന്ന പ്രത്യേകതയാവാം.

വാക്യഘടനയിലെ ഇത്തരം വിശിഷ്ട പ്രയോഗങ്ങളും നന്തം, ലന്തം, മൌണ്യം, അർദ്ധാച്ച് തുടങ്ങി സ്വന്തമായി സൃഷ്ടിച്ച പുതിയ പദങ്ങളും സമകാലിക മലയാളത്തിൽനിന്നും മലയാഴ്മയുടെ വ്യാകരണത്തെ അകറ്റിനിർത്തുന്നു. എന്നാൽ അക്കാലത്തെ പരിമിതമായ സൗകര്യങ്ങൾക്കിടയിൽ നിന്നുകൊണ്ട് ഇത്രയും വ്യക്തതയോടെ ഒരു വ്യാകരണരചന നിർവ്വഹിച്ച ജോർജ്ജ് മാത്തന്റെ പരിശ്രമം അഭിനന്ദനാർഹമാണ്.

"കവിതക്കാരു വരുത്തുന്ന മാറ്റങ്ങൾ എല്ലാന്തന്നേ പ്രമാണിക്കെണമെന്നല്ല പറയുന്നതു. അവർ ഭാഷയുടെ സ്വഭാവത്തിന്നു വിരോധമായിട്ടും ശബ്ദരാഗത്തിന്നു ആവശ്യമില്ലാതെയും ഉള്ള പല മാറ്റങ്ങളെയും വരുത്തുന്നുണ്ട്. മറ്റെല്ലാ കാര്യങ്ങളിൽ എന്ന പോലെ ഇതിലും ഒരു നടുവഴിയുണ്ടു. സംസാരഭാഷയിൽ വരുത്തുന്ന മാറ്റങ്ങളിൽ കൌശലമുണ്ടെന്നു എങ്കിലും ആയതിൽനിന്ന തെളിവു കേടുവരുമെന്നു എങ്കിലും സംശയിക്കുന്നതിന്നു ഇടയില്ലാത്തതാകയാൽ അങ്ങനെയുള്ളവയെ കൈക്കൊള്ളുവാനുള്ളതാകുന്നു" (പുറം 21) എന്ന ജോർജ്ജ് മാത്തന്റെ അഭിപ്രായം കുറച്ചുകൂടി നമുക്ക് വ്യക്തമാക്കിത്തരാൻ ഡോ.വി.ആർ.പ്രബോധചന്ദ്രൻ അടിക്കുറിപ്പിലൂടെ ശ്രമിക്കുന്നു.

"പലതരം സംസ്കരണങ്ങൾ വരുത്തിയതിനാൽ കൃത്രിമത്വം കൂടിയ കാവ്യഭാഷയ്ക്കും തോന്നലുളവാക്കാനാവുന്ന സാധാരണ വ്യവഹാരഭാഷയ്ക്കും ഇടയ്ക്കുള്ള സൗവർണമാർഗം – അതാണ് റവറെന്റിനു പഥ്യം. അതിനാണദ്ദേഹം വ്യാകരണം ചമയ്ക്കാൻ തുനിഞ്ഞത്." (ഡോ. വി. ആർ. പ്രബോധചന്ദ്രൻ, അടിക്കുറിപ്പ് 50, മലയാഴ്മയുടെ വ്യാകരണം, പുറം 21)

"മലയാഴ്മയുടെ വ്യാകരണത്തിന് അർഹിക്കുന്ന പ്രചാരം കിട്ടാതെ പോയതിനു പ്രധാനകാരണം റവ. മാത്തൻ ഉപയോഗിച്ച സാങ്കേതികപദങ്ങളാണ്" എന്ന് ഡോ.നടുവട്ടം ഗോപാലകൃഷ്ണൻ പറയുന്നുണ്ട്. അതിനുദാഹരണമായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നത് വചനം, മൌണ്യം, അർദ്ധാച്ച് എന്നീ സംജ്ഞകളാണ്. തനിക്കു മുമ്പുള്ള വൈയാകരണന്മാർ ഇംഗ്ലീഷും മലയാളവും സമ്മിശ്രമായി ഉപയോഗിച്ചപ്പോൾ ജോർജ്ജ് മാത്തൻ വ്യവഹാരഭാഷയോടടുത്തു

നിൽക്കുന്ന പദങ്ങൾ കണ്ടെത്താൻ ശ്രമിച്ചതിന്റെ ഫലമാണിത്. കാലികമായ പരിണാമത്തിലൂടെ ഭാഷ കടന്നുപോയപ്പോൾ ഇന്ന ത്തെ മാനകഭാഷയോടടുത്തു നിൽക്കുന്ന ഭാഷയോ പ്രയോഗങ്ങ ളോ അല്ല ഗ്രന്ഥത്തിലുള്ളത് എന്നത് വാസ്തവം തന്നെ. എന്നാൽ ഘടനാവാദത്തോടും ചോംസ്കിയൻ സങ്കല്പങ്ങളോടും ചേർത്തു നിർത്തി ജോർജ്ജ് മാത്തന്റെ ഭാഷാ സങ്കല്പങ്ങൾ ചർച്ചചെയ്യുന്ന ലേഖനങ്ങൾ പുതിയ കാഴ്ചപ്പാട് മുന്നോട്ടുവയ്ക്കുന്നു.

അന്നത്തെ വ്യവഹാരഭാഷയ്ക്കും മാനകഭാഷയ്ക്കും ഇടയിൽ നിന്നുകൊണ്ട് ശാസ്ത്രീയമായ ഉൾക്കാഴ്ചയോടെയുള്ള ഒരു വ്യാക രണനിർമ്മിതിയാണ് ജോർജ്ജ് മാത്തൻ നടത്തിയത്. ഭാഷാശാ സ്ത്രചിന്തകൾ മലയാളത്തിൽ കടന്നുവരുന്നതിനുമുമ്പുതന്നെ ഇത്ത രമൊരു ഉദ്യമം നടത്തിയ വൈയാകരണൻ ജോർജ്ജ് മാത്തൻ ആണെന്ന് പറയാതെ വയ്യ. വ്യവഹാരഭാഷയെ മാനകീകരിക്കു മ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അഞ്ചാംസർഗ്ഗത്തിൽ അദ്ദേഹം വിശദമാക്കിയിടത്ത് ഒരു ഭാഷാശാസ്ത്രചിന്തകന്റെ കാഴ്ചപ്പാട് വ്യക്തമാകുന്നുണ്ട്. അതുപോലെ നാമത്തിന്റെ ലിംഗമറിയുന്നത് അർത്ഥം നോക്കിയല്ല പ്രയോഗം നോക്കിയാണെന്നു സ്ഥാപിക്കു ന്നിടത്തും, പരമ്പരാഗത വൈയാകരണന്മാരിൽനിന്നും അദ്ദേഹം വ്യത്യസ്തനാകുന്നു. ആധുനിക ഭാഷാശാസ്ത്രചിന്തകൾ അടിസ്ഥാ നമാക്കി തയ്യാറാക്കിയ അടിക്കുറിപ്പുകളിലൂടെ ഡോ.വി.ആർ.പ്ര ബോധചന്ദ്രനും ഇതുതന്നെയാണ് സ്ഥാപിക്കുന്നത്. ഭാഷയുടെ എല്ലാ പ്രയോഗമാതൃകകളെയും പരിഗണിക്കുന്ന വിവരണാത്മക വ്യാകരണരചനാശൈലിയാണ് ജോർജ്ജ് മാത്തൻ സ്വീകരിച്ചതെന്ന് മനസ്സിലാക്കാം. ഭാഷയുടെ പ്രയോഗശേഷിയെക്കുറിച്ച് അദ്ദേഹത്തി നുണ്ടായിരുന്ന മതിപ്പും വിശ്വാസവും ഇവിടെ തെളിഞ്ഞു കാണാം.

ഒന്നര നൂറ്റാണ്ടിനു മുൻപ് ഭാഷാശാസ്ത്രദൃഷ്ട്യാ വ്യാകരണ നിർമ്മിതി നടത്തിയ ഈ വൈയാകരണനും അദ്ദേഹത്തിന്റെ വ്യാക രണകൃതിക്കുംവേണ്ട പരിഗണന നാം നൽകുന്നുണ്ടോ എന്നത് സംശയമാണ്. ഭാഷാചരിത്രത്തിൽ പരാമർശിച്ചുപോകുന്നതിനപ്പുറം 'മലയാഴ്മയുടെ വ്യാകരണം' എന്ന ഗ്രന്ഥത്തെക്കുറിച്ച് ആധികാരി കമായ പഠനഗവേഷണങ്ങൾ ഇനിയും നടക്കേണ്ടതുണ്ട്.

**സഹായകഗ്രന്ഥങ്ങൾ**

1. നടുവട്ടം ഗോപാലകൃഷ്ണൻ ഡോ., ഭാഷാ പ്രണയികൾ, മാളുബെൻ പബ്ലിക്കേഷൻസ്, 2021.
2. ജോർജ്ജ് മാത്തൻ റവ., മലയാഴ്മയുടെ വ്യാകരണം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000.

**പ്രബന്ധങ്ങൾ**

1. സോമനാഥൻ പി., ലീലാതിലകകാരന്റെയും ജോർജ്ജ് മാത്തന്റെയും ഭാഷാസങ്കല്പങ്ങൾ

   ജോസഫ് സ്കറിയ ഡോ. ഭാഷയുടെ വർത്തമാനം (സമാഹരണം), സാഹിത്യപ്രവർത്തക സഹകരണസംഘം, 2016
2. ഡോ.സ്കറിയ സക്കറിയ, മിഷണറി ഗദ്യം

   ഡോ.എസ്.വി.വേണുഗോപൻനായർ (എഡി.), മലയാളഭാഷാ ചരിത്രം, മാളുബെൻ പബ്ലിക്കേഷൻസ്, 2010.
3. ഇ.വി.എൻ.നമ്പൂതിരി, മലയാളത്തിലെ ദ്വയാർഥോദ്ദീപകവാക്യഘടന

   ഡോ.കെ.എം.പ്രഭാകരവാര്യർ, ഡോ.പി.എൻ. രവീന്ദ്രൻ (സമ്പാദകൻ), മലയാളഭാഷാപഠനങ്ങൾ

■■■

# ഭാഷാസാഹിതി

## തപാലിൽ ലഭിക്കാൻ

ഭാഷാസാഹിതി തപാലിൽ ലഭിക്കാൻ വാർഷിക വരിസംഖ്യയായ **400** രൂപയ്ക്കൊപ്പം 4 പ്രവാശ്യത്തെ തപാൽ ചാർജ്ജായ **200** രൂപകൂടി ഉൾപ്പെടുത്തി **600** രൂപ (ഒറ്റക്കോപ്പിയാണെങ്കിൽ **100** രൂപയും തപാൽ ചാർജ്ജും ഉൾപ്പെടെ **150** രൂപ) HoD, Malayalam Department എന്നപേരിൽ PD അക്കൗണ്ടിലേക്ക് (Account No. 57007266575 IFSCode: SBIN 0070043) അയയ്ക്കുകയും അതിന്റെ രേഖ malkvtm@gmail.com എന്ന മെയിൽ ഐഡിയിലേക്ക് അയക്കുകയും ചെയ്താൽമതി. മലയാളവിഭാഗത്തിൽനിന്നും പാളയത്തെ സെയിൽസ് എമ്പോറിയത്തിൽനിന്നും കോപ്പികൾ നേരിട്ടു വാങ്ങാവുന്നതാണ്. നേരിട്ടു വാങ്ങുകയാണെങ്കിൽ ഒറ്റപ്രതിക്ക് **100** രൂപ, വാർഷികവരിസംഖ്യ **400** രൂപ.

**BHAASHAASAAHITHI**
Peer Reviewed Journal of Research and
Literary Studies in Malayalam

**Vol. 46, No. 1 (185)**
**2023 January - March**

Published four times a year
Annual Subscription Rupees 400/-
Single copy Rupees 100/-

Edited printed and published by
Prof. (Dr.) Seema Jerome
Head of the Department of Malayalam
University of Kerala at the
Kerala University Press,
Palayam, Thiruvananthapuram

Editorial and business communications
should be address to the

**Professor and Head**
Department of Malayalam
University of Kerala, Kariavattom
Thiruvananthapuram - 695581

Design: Godfrey Das